# ഇടുക്കിയുടെ ഹരിതയാത്ര

## പരിസ്ഥിതി പുനസ്ഥാപനത്തിന്റെ പത്തുവർഷം

**ഇടുക്കി ജില്ല**

ചീഫ് എഡിറ്റർ
**ഡോ. ടി.എൻ. സീമ**
കോർഡിനേറ്റർ,നവകേരളം കർമപദ്ധതി-2
വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

എഡിറ്റർ
**അജയ് പി കൃഷ്ണ**
ജില്ലാ കോർഡിനേറ്റർ

സമാഹരണം, ഏകോപനം
**ഹരിതകേരളം മിഷൻ ടീം**

പ്രസിദ്ധീകരണം
**ഹരിതകേരളം മിഷൻ**
ഫെബ്രുവരി 2026

ഹരിത കേരളം മിഷൻ
മൂന്നാം നില, ബി.എസ്.എൻ.എൽ. ഭവൻ
ഉപ്പളം റോഡ്, സ്റ്റാച്യു, തിരുവനന്തപുരം-695001
ഫോൺ : 0471-2449939
Email: navakeralamgok@gmail.com
www.haritham.kerala.gov.in



കേരള സർക്കാർ

**പിണറായി വിജയൻ**

മുഖ്യമന്ത്രി

# സന്ദേശം

കേരളത്തിന്റെ വികസന ചരിത്രത്തിൽ പരിസ്ഥിതി സൗഹൃദമായ ഒരു നവകേരള നിർമ്മിതിക്ക് അടിത്തറയിട്ട ദൗത്യമാണ് ഹരിതകേരളം മിഷൻ. ശുചിത്വവും ജലസമൃദ്ധിയും സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉൽപാദനവും ലക്ഷ്യമിട്ടുള്ള ഹരിതകേരളം മിഷൻ, ഒരു സർക്കാർ ദൗത്യം എന്നതിലുപരി ഒരു ജനകീയ സംസ്കാരമായി മാറിയിരിക്കുന്നു. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഗോള വെല്ലുവിളികളെ നേരിടാൻ ഹരിതകേരളം മിഷൻ നടത്തുന്ന പ്രാദേശിക ഇടപെടലുകൾ നാടിന്റെ പാരിസ്ഥിതിക സുസ്ഥിതി ഉറപ്പാക്കുന്നതിൽ മുഖ്യ പങ്കുവഹിക്കുക യാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെയും ഏജൻസികളെയും ഏകോപിപ്പിച്ചുകൊണ്ട് നടത്തിയ ഈ പ്രവർത്തനങ്ങൾ രാജ്യത്തിനുതന്നെ മാതൃകയാണ്. ജില്ലയുടെ സവിശേഷ പാരിസ്ഥിതിക സാഹചര്യവും മിഷന്റെ നേതൃത്വത്തിൽ നടന്ന ഒരു ദശാബ്ദക്കാലത്തെ പ്രവർത്തനങ്ങളും നേട്ടങ്ങളും ഭാവിയിലേ ക്കുള്ള ദിശാ സൂചനകളും ഉൾക്കൊള്ളുന്ന ഈ പുസ്തകം പരിസ്ഥിതി പ്രവർത്തകർക്കും ജനപ്രതിനിധികൾക്കും പൊതുജനങ്ങൾക്കും ഒരു പോലെ ഉപകാരപ്പെടുമെന്ന് പ്രത്യാശിക്കുന്നു. എല്ലാവിധ ആശംസകളും നേരുന്നു.

പിണറായി വിജയൻ



# അവതാരിക

സംസ്ഥാനത്തിന്റെ പാരിസ്ഥിതിക വീണ്ടെടുപ്പിന് പുത്തൻ ദിശാബോധമാണ് ഹരിതകേരളം മിഷൻ നൽകിയത്. കേവലം ഒരു സർക്കാർ ദൗത്യം എന്നതിലുപരി തദ്ദേശഭരണ സ്ഥാപനങ്ങളുടെ മുൻകൈയിൽ ജനകീയ പങ്കാളിത്തത്തോടെയുള്ള പ്രായോഗിക പ്രവർത്തനങ്ങളിലൂടെ പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളിൽ നേതൃപരമായ പങ്കുവഹിക്കാൻ ഹരിതകേരളം മിഷന് കഴിഞ്ഞിട്ടുണ്ട്. കേരളം നേരിട്ടുകൊണ്ടിരിക്കുന്ന രൂക്ഷമായ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് ശാസ്ത്രീയ പരിഹാര മാർഗ്ഗങ്ങളാണ് ഹരിതകേരളം മിഷൻ ആവിഷ്കരിച്ചതും നടപ്പാക്കിയതും. ഏകോപനവും സംയോജനവും ഉറപ്പാക്കിക്കൊണ്ടുള്ള ആസൂത്രണത്തിലും പദ്ധതികൾ ജനകീയ പങ്കാളിത്തത്തോടെ കർമപഥത്തിലെത്തിച്ചതിലും കാട്ടിയ മികവ് ഈ മിഷനെ ദേശീയ ശ്രദ്ധയാകർഷിച്ച ഒരു ബദൽ വികസന മാതൃകയാക്കിമാറ്റി.

കേരളം പ്രകൃതി സൗന്ദര്യത്തിലും ജൈവവൈവിധ്യത്തിലും സമ്പന്നമായ നാടാണ്. പച്ചപ്പിന്റെ പാരമ്പര്യവും ജലസമ്പത്തിന്റെ സമൃദ്ധിയും ഗ്രാമീണ കാർഷിക സംസ്കാരവും ചേർന്നതാണ് കേരളത്തിന്റെ സത്ത. എന്നാൽ കാലാവസ്ഥാ മാറ്റം, അതിവേഗത്തിലുള്ള നഗരവൽക്കരണം, മാലിന്യപ്രശ്നങ്ങൾ, ജലസ്രോതസ്സുകളുടെ ക്ഷയം, കൃഷിഭൂമികൾ തരിശാവുന്നത് തുടങ്ങിയ വെല്ലുവിളികൾ പരിസ്ഥിതി സന്തുലിതാവസ്ഥയെ ബാധിച്ചു. ഈ പശ്ചാത്തലത്തിലാണ് 2016ൽ ഹരിതകേരളം മിഷൻ രൂപീകൃതമാവുന്നത്. ഒരു ദശാബ്ദക്കാലത്തെ പ്രവർത്തനം കൊണ്ട് പരിസ്ഥിതി മേഖലയിൽ ശ്രദ്ധേയങ്ങളായ മാറ്റങ്ങൾ കൊണ്ടുവരാൻ ഹരിതകേരളം മിഷന് കഴിഞ്ഞിട്ടുണ്ട്. സുസ്ഥിര വികസനമെന്നത് കേവലം വാക്കുകളല്ല മറിച്ച് പ്രായോഗികമായ പ്രവർത്തനങ്ങളാണെന്ന് ഈ മിഷൻ തെളിയിച്ചു. പദ്ധതി പ്രവർത്തനങ്ങളിലെ ജനപങ്കാളിത്തം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നേതൃത്വം, മറ്റ് വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും ഏജൻസികളുടെയും സന്നദ്ധസംഘടനകളുടെയും സഹകരണം തുടങ്ങിയവ മിഷൻ പ്രവർത്തനങ്ങൾക്ക് ഊർജമായി.

സംസ്ഥാനമൊട്ടാകെ നടപ്പാക്കിയവയാണ് മിക്ക പദ്ധതികളും ക്യാമ്പയിനുകളും. അതോടൊപ്പം ജില്ലകളുടെ സവിശേഷ ഇടപെടലുകളുടെ ഭാഗമായുള്ള പ്രവർത്തനങ്ങളും നടന്നു. ശുചിത്വവും മാലിന്യസംസ്കരണവും, ജലസംരക്ഷണവും ജലസ്രോതസ്സുകളുടെ പുനരുജ്ജീവനവും, കൃഷി വ്യാപനവും ജൈവവൈവിധ്യ സംരക്ഷണവും തുടങ്ങി വിവിധ മേഖലകൾ കേന്ദ്രീകരിച്ച് നടപ്പാക്കിയ പദ്ധതികളും ക്യാമ്പയിനുകളും വിജയം കണ്ടു. ബോധവൽക്കരണ പ്രവർത്തനങ്ങളെല്ലാം ശക്തമായ ജനകീയ വിദ്യാഭ്യാസമായി മാറി. സംസ്ഥാനമൊട്ടാകെ നടന്ന പ്രവർത്തനങ്ങൾ ജില്ലാടിസ്ഥാനത്തിൽ വിലയിരുത്തുകയാണ് ഈ പുസ്തകത്തിലൂടെ. ഇടുക്കി ജില്ലയുടെ പ്രവർത്തനങ്ങളാണ് ഈ റിപ്പോർട്ടിലുള്ളത്.

കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭീഷണി നേരിടുന്ന കേരളത്തിന്റെ പരിസ്ഥിതി നിലനില്പിന് ഈ പ്രവർത്തനങ്ങളുടെ തുടർച്ച അനിവാര്യമാണ്. പ്രകൃതിയോട് ചേർന്നുള്ള വികസനം സാധ്യമാക്കി, പരിസ്ഥിതി സംരക്ഷണത്തെ ജീവിത ശൈലിയായി മാറ്റി ഹരിതസമൃദ്ധ നവകേരളം യാഥാർത്ഥ്യമാക്കാനാവും.

**ഡോ. ടി.എൻ. സീമ**

കോർഡിനേറ്റർ, നവകേരളം കർമപദ്ധതി-2

വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

# ഉള്ളടക്കം

ഇടുക്കിയുടെ പാരിസ്ഥിതിക സവിശേഷതകളും വെല്ലുവിളികളും ....9
പരിസ്ഥിതി പ്രശ്നങ്ങളിലെ ഇടപെടൽ സാധ്യതകൾ....37
ഹരിതകേരളം മിഷൻ നടത്തിയ ഇടപെടലുകളും നേട്ടങ്ങളും....47
ജില്ലയിലെ മാതൃകാ പ്രവർത്തനങ്ങൾ....87
മിഷൻ നേട്ടങ്ങളുടെ പ്രവർത്തന വഴികൾ ....108
ഹരിതകേരളം മിഷനിലൂടെ സാധ്യമായ
തദ്ദേശ സ്വയംഭരണ സ്ഥാപന ശാക്തീകരണം ....151
സുസ്ഥിര പരിസ്ഥിതിക്കായുള്ള ഭാവി പ്രവർത്തനങ്ങൾ....165

# ആമുഖം

വികസനമോ? പരിസ്ഥിതിയോ? വളരെ പഴയ ചോദ്യമാണിതെങ്കിലും ഏകാഭിപ്രായ സ്വഭാവമുള്ള ഉത്തരം ഇപ്പോഴുമില്ല. ഭരണഘടനയുടെ ആർട്ടിക്കിൾ 21 പ്രകാരം ശുദ്ധമായ പരിസ്ഥിതി, ശുചിത്വം, മലിനീകരണ രഹിത വായു, വെള്ളം എന്നിവയ്ക്കുള്ള അവകാശം മൗലികാവകാശങ്ങളാണെന്ന് സുപ്രീം കോടതി പലതവണ അംഗീകരിച്ചിട്ടുണ്ട്.

ചരിത്ര പ്രസിദ്ധമായ ഡൂൺവാലി കേസിൽ നാൽപ്പത് വർഷങ്ങൾക്കു മുമ്പ് ബഹു.സുപ്രീം കോടതി ആർട്ടിക്കിൾ 21 നെ വ്യാഖ്യാനിച്ചതിൽ തുടങ്ങി സുപ്രധാനമായ വിധികൾ ഈ മേഖലയിലുണ്ടായിട്ടുണ്ടെങ്കിലും മികച്ച പരിസ്ഥിതിയിൽ ജീവിക്കാനുള്ള പൗരന്മാരുടെ അവകാശം ഭരണ സംവിധാനങ്ങളുടെ പരിഗണനയിൽ മുഖ്യ പ്രാധാന്യത്തോടെ ഇന്നും കടന്നു വന്നിട്ടില്ല എന്നതാണ് പൊതു സ്ഥിതി.

ഇൻഡോറിലേതുപോലെ നഗര കേന്ദ്രീകൃതമായ ചില മാലിന്യ സംസ്കരണ സംവിധാനങ്ങൾ, തെലുങ്കാനയിലെ ഹരിതഹാരം പോലെ ചില വൃക്ഷവത്ക്കരണ പ്രവർത്തനങ്ങൾ, രാലിഗാൻ സിദ്ദി ഗ്രാമത്തിലേതുപോലെ ചില ജലസംരക്ഷണ ഇടപെടലുകൾ എന്നിങ്ങനെ പ്രാദേശികമായി നടപ്പാക്കിയ കുറേ മാതൃകകൾക്കപ്പുറം സംസ്ഥാനാടിസ്ഥാനത്തിൽ നടപ്പാക്കപ്പെട്ട പരിസ്ഥിതി ഇടപെടലുകൾ രാജ്യത്തെവിടെയും ഇല്ല എന്നതായിരുന്നു സ്ഥിതി.

2016 ൽ കേരളത്തിൽ അധികാരത്തിൽ വന്ന സർക്കാർ ആർട്ടിക്കിൾ 21 അതിന്റെ വിപുലമായ അർത്ഥത്തിൽ നടപ്പാക്കാനായി പുതിയൊരു കർമപദ്ധതിക്ക് തുടക്കം കുറിച്ചത് രാജ്യത്തു തന്നെ സമാനതകൾ ചൂണ്ടിക്കാണിക്കാനില്ലാത്ത ലക്ഷ്യങ്ങളോടെയായിരുന്നു. ജീവിക്കാനുള്ള അവകാശത്തിന്റെ വിപുലമായ വ്യാഖ്യാനം വിദ്യാഭ്യാസം, ഉപജീവനമാർഗ്ഗം, പാർപ്പിടം, ആരോഗ്യം പരിസ്ഥിതി എന്നിവയിലെല്ലാമൂന്നുന്ന ഒരു പുതിയ സാമൂഹിക-സാമ്പത്തിക വ്യവസ്ഥിതിയെ അനിവാര്യമാക്കുന്നു എന്ന് തിരിച്ചറിഞ്ഞാണ് ഇവയുമായി ബന്ധപ്പെട്ട 4 മിഷനുകളുമായി നവകേരളം കർമ്മ പദ്ധതിക്ക് 2016 ൽ തുടക്കം കുറിച്ചത്.

നവകേരളം കർമ്മപദ്ധതിയുടേയും അതിലുൾച്ചേർന്ന മിഷനുകളുടേയും പ്രവർത്തന പരിധിയായി ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയോ പ്രദേശങ്ങളേയോ നിശ്ചയിക്കുകയല്ല ചെയ്തത് എന്നതാണ് ഈ പ്രവർത്തനത്തെ അതുല്യമാക്കി മാറ്റിയത്. സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തും ഗ്രാമ - നഗര വ്യത്യാസമില്ലാതെ നടപ്പാക്കാനായാണ് ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിതകേരളം എന്നീ നാലു മിഷനുകളും വിഭാവനം ചെയ്യപ്പെട്ടത്.

തുടക്കത്തിൽ ഉന്നയിച്ച ചോദ്യത്തിന് ഒരു സംസ്ഥാന സർക്കാർ മുന്നോട്ടു വച്ച ഏറ്റവും ശക്തമായ മറുപടിയായിരുന്നു ഹരിതകേരളം മിഷൻ. 'വികസനമോ പരിസ്ഥിതിയോ' എന്ന ചോദ്യത്തിന് 'വികസനവും പരിസ്ഥിതിയും' എന്ന ആ മറുപടി അത്ര ലളിതമായി നടപ്പാക്കാൻ സാധിക്കുന്നതായിരുന്നില്ല. ഉയർന്ന പർവ്വതപ്രദേശങ്ങളും, കായലും കടലുമെല്ലാം ചേർന്ന തീര പ്രദേശവും, ആയിരക്കണക്കിന് ചെറുനീർച്ചാലുകളുടെ സാന്നിദ്ധ്യവും, ഉയർന്ന ജനസാന്ദ്രതയുമെല്ലാം ചേർന്ന കേരളത്തിന്റെ സവിശേഷ സ്ഥിതി, പരിസ്ഥിതി സംബന്ധമായ ഏത് ഇടപെടലിനേയും സങ്കീർണമാക്കുന്നതായിരുന്നു. ഗോത്രവർഗ ഗ്രാമങ്ങൾ മുതൽ മെട്രോ നഗരങ്ങൾ വരെയുള്ള വൈജാത്യവും വെല്ലുവിളിയായി നിന്നിരുന്നു. ഈ സങ്കീർണതകൾക്കിടയിലും സംസ്ഥാനത്തെ

മുഴുവൻ പ്രദേശങ്ങളിലും പരിസ്ഥിതി പുനസ്ഥാപനത്തിന്റെ പുതിയ അദ്ധ്യായം കുറിച്ചു എന്നതാണ് ഹരിതകേരളം മിഷനെ രാജ്യത്തിന്റെ തന്നെ ശ്രദ്ധയിലേയ്ക്കുയർത്തുന്നത്.

"വെള്ളം, വൃത്തി, വിളവ് " എന്ന പരിസ്ഥിതി മുദ്രാവാക്യം ഹരിതകേരളം മിഷൻ കേരളീയ ജനമനസുകളിലേയ്ക്ക് കടത്തിവിട്ടു. പ്രാദേശിക സർക്കാരുകളും ജനങ്ങളും അതേറ്റെടുത്തപ്പോൾ മാലിന്യക്കൂനകൾ മാഞ്ഞു , മാലിന്യ ശേഖരണസംസ്കരണ സംവിധാനങ്ങൾ ഉണ്ടായി വന്നു, നീർച്ചാലുകൾ വീണ്ടെടുക്കപ്പെട്ടു, തരിശു നിലങ്ങളിൽ കൃഷി തിരിച്ചെത്തി, ഹരിത പെരുമാറ്റച്ചട്ടവും ഹരിത ടൂറിസവും ഹരിതവിദ്യാലയവും ഹരിത കലാലയവുമെല്ലാം ചേരുന്ന ഹരിത ജീവിത രീതിയുടെ മാതൃകയായി കേരളം മാറാൻ തുടങ്ങി.

ജലസംരക്ഷണം, മാലിന്യ സംസ്കരണം, കൃഷി - പരിസ്ഥിതി പുനസ്ഥാപനം എന്നീ സുപ്രധാനമായ മൂന്ന് പരിസ്ഥിതി മേഖലകളിലെയും പ്രശ്നങ്ങൾക്ക് ശാസ്ത്രീയവും സുസ്ഥിരവുമായ പരിഹാരമാർഗങ്ങളാണ് ഹരിതകേരളം മിഷൻ മുന്നോട്ടു വച്ചത്. അവ നടപ്പാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതായിരുന്നു മിഷന്റെ പ്രവർത്തന സമീപനം. പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ജനങ്ങളുടെ ശീലവത്ക്കരണം സുപ്രധാന ഘടകമായതിനാൽ ജനകീയതയെയാണ് ഈ പ്രവർത്തനങ്ങളിലെ മുഖ്യ മൂലധനമായി പ്രയോജനപ്പെടുത്തിയത്. നേട്ടങ്ങളിലെ സുസ്ഥിരത ഉറപ്പുവരുത്താനും ജനകീയതയുടെ പിൻബലമാണ് പ്രയോജനപ്പെടുത്തിയത്. ഈ ജനകീയതയിലും പ്രാദേശിക സർക്കാരുകളുടെ ശാക്തീകരണത്തിലും കഴിഞ്ഞ പത്തു വർഷക്കാലം നടന്ന ക്യാമ്പയിനുകളും അവയിലൂടെ സൃഷ്ടിച്ച മാറ്റങ്ങളും വരും തലമുറകൾക്ക് പ്രചോദനമായും പഠനവിഷയമായും മാറാനായി രേഖപ്പെടുത്തി വയ്ക്കേണ്ടതുണ്ടെന്ന ചിന്തയിലാണ് ഈ പുസ്തകം തയ്യാറാക്കിയിരിക്കുന്നത്.

ഇടുക്കി ജില്ലയിൽ കഴിഞ്ഞ പത്ത് വർഷക്കാലം ഹരിതകേരളം മിഷന്റെ നേരിട്ടും അല്ലാതെയുമുള്ള ഇടപെടലിൽ നടന്ന പരിസ്ഥിതി സംരക്ഷണ-പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ മുഴുവൻ ഈ പുസ്തകത്തിൽ സംഗ്രഹിക്കുക സുസാധ്യമല്ല. അതിനാൽ ഏറ്റവും മാതൃകാപരമായവയ്ക്ക് മുൻഗണന നൽകുക എന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

ഇടുക്കി ജില്ലയുടെ ഈ ഹരിതപുസ്തകം കൂടുതൽ പാരിസ്ഥിതിക സുസ്ഥിരതയുള്ള നവകേരളത്തിലേയ്ക്ക് വഴിതെളിക്കുമെന്ന് പ്രത്യാശിക്കുന്നു.

# ഇടുക്കിയുടെ പാരിസ്ഥിതിക സവിശേഷതകളും വെല്ലുവിളികളും

## ഇടുക്കിയുടെ ഹരിത പൈതൃകം

പശ്ചിമഘട്ട മലനിരകളിൽ സ്ഥിതിചെയ്യുന്ന കേരളത്തിലെ ഏറ്റവും വലിയ ജില്ലയായ ഇടുക്കി, സമാനതകളില്ലാത്ത പ്രകൃതിസമ്പത്തിന്റെ കലവറയാണ്. നിബിഡമായ മഴക്കാടുകൾ, ഉയരം കൂടിയ മലനിരകൾ, സവിശേഷമായ പുൽമേടുകൾ, ഷോല വനങ്ങൾ എന്നിവ ഇടുക്കിയുടെ ജൈവവൈവിധ്യത്തെ സമ്പന്നമാക്കുന്നു. 4,612 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള ജില്ലയുടെ 50 ശതമാനത്തിലധികവും സംരക്ഷിത വനഭൂമിയാണ്. 'സുഗന്ധവ്യഞ്ജനങ്ങളുടെ ഉദ്യാനം' എന്നറിയപ്പെടുന്ന ഇടുക്കിയിലാണ് കേരളത്തിൽ ഏറ്റവും കൂടുതൽ ഏലം കൃഷി ചെയ്യുന്നത്. കേരളത്തിന് ആവശ്യമായ വൈദ്യുതിയുടെ 60 ശതമാനവും ഉല്പാദിപ്പിക്കുന്ന ഏഷ്യയിലെ ഏറ്റവും വലിയ ആർച്ച് ഡാം സ്ഥിതിചെയ്യുന്നത് ഇടുക്കി ജില്ലയിലാണ്. ഇത്തരം സവിശേഷമായ അണക്കെട്ടുകൾ, സംരക്ഷിത വനമേഖലകൾ, ജൈവവൈവിധ്യ സമ്പത്ത്, തണുപ്പേറിയ കാലാവസ്ഥ, മനോഹരമായ തേയില തോട്ടങ്ങൾ തുടങ്ങിയ പാരിസ്ഥിതിക പ്രത്യേകതകൾ ഇടുക്കി ജില്ലയെ ലോകത്തിലെ തന്നെ മികച്ച വിനോദസഞ്ചാര കേന്ദ്രങ്ങളിലൊന്നായി മാറ്റുന്നു. ജില്ലയുടെ






ഭൗമഘടന പരിശോധിച്ചാൽ 97 ശതമാനവും ഇടതൂർന്ന വനങ്ങളും ഉയർന്ന ചരിവുകളുള്ള മലകളും താഴ്‌വാരങ്ങളും നിറഞ്ഞ മലനാട് ഭൂപ്രകൃതിയാണ്. ചന്ദനക്കാടുകൾക്ക് ലോകപ്രശസ്തമായ മറയൂർ ഈ മേഖലയുടെ ഭാഗമാണ്. സമുദ്രനിരപ്പിൽ നിന്നും 2,000 മീറ്ററിൽ അധികം ഉയരമുള്ള 14 കൊടുമുടികളെ ഉൾക്കൊള്ളുന്ന ഇടുക്കിയിലാണ്, പശ്ചിമഘട്ടത്തിലെ ഏറ്റവും വലിയ കൊടുമുടിയായ ആനമുടിയും രണ്ടാമത്തെ വലിയ കൊടുമുടിയായ മീശപ്പുലിമലയും സ്ഥിതിചെയ്യുന്നത്. നിബിഡവും കുത്തനെയുള്ളതുമായ ഈ ഭൂപ്രകൃതി മറ്റ് ജില്ലകളിലെ പരമ്പരാഗത കാർഷിക വിളകൾക്കോ കൃഷിരീതികൾക്കോ അത്ര അനുയോജ്യമല്ലെങ്കിലും സുഗന്ധവ്യഞ്ജന കൃഷിക്ക് ഏറ്റവും ഉത്തമമാണ്. ജില്ലയുടെ 3 ശതമാനം വരുന്ന ഇടനാട് ഭൂപ്രദേശത്തിൽ തൊടുപുഴയും ഇളംദേശം ബ്ലോക്കിന്റെ ചില ഭാഗങ്ങളും മാത്ര മാണ് ഉൾപ്പെടുന്നത്.

കേരളത്തിന്റെ കാർഷിക ഭൂപടത്തിലെ ഏറ്റവും സജീവവും വൈവിധ്യപൂർണ്ണവുമായ പ്രദേശമാണ് ഇടുക്കി ജില്ല. ഭൂപ്രകൃതിയുടെ സവിശേഷതയും തണുപ്പേറിയ കാലാവസ്ഥയും ഇടുക്കിയെ സുഗന്ധവ്യഞ്ജനങ്ങളുടെയും തോട്ടവിളകളുടെയും വിളഭൂമിയാക്കി മാറ്റുന്നു. ഇന്ത്യയിലെ ഏലം ഉൽപ്പാദനത്തിന്റെ സിംഹഭാഗവും ഇടുക്കിയിൽ നിന്നാണ് വരുന്നത്. കുരുമുളക് ഉൽപ്പാദനത്തിലും ഇടുക്കി മുൻപന്തിയിൽ നിൽക്കുന്നു. മൂന്നാർ ഉൾപ്പെടെയുള്ള ഉയർന്ന മലനിരകളിലെ തേയില തോട്ടങ്ങൾ ബ്രിട്ടീഷ് ഭരണകാലത്ത് ആരംഭിച്ചതും ഇന്നും ജില്ലയുടെ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലായി തുടരുന്നതുമാണ്. ഇവയ്ക്ക് പുറമെ കാപ്പി, ജാതി, കൊക്കോ, തെങ്ങ്, കമുക്, റബ്ബർ, കശുവണ്ടി എന്നിവയും ഇവിടെ വ്യാപകമായി കൃഷി ചെയ്യപ്പെടുന്നു. കേരളത്തിൽ വ്യാപകമായി ശീതകാല പച്ചക്കറികൾ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന പ്രദേശമാണ് ഇടുക്കിയിലെ വട്ടവടയും കാന്തല്ലൂരും. ക്യാരറ്റ്, കാബേജ്, ഉരുളക്കിഴങ്ങ്, വെളുത്തുള്ളി എന്നിവയ്ക്കൊപ്പം സ്ട്രോബെറി പോലുള്ള പഴവർഗ്ഗങ്ങളും ഇവിടെ സമൃദ്ധമായി വളരുന്നു. കേരളത്തിലെ ഏക സമ്പൂർണ്ണ ആദിവാസി ഗ്രാമപഞ്ചായത്തായ ഇടമലക്കുടി സ്ഥിതിചെയ്യുന്നതും ഇടുക്കിയിലാണ്. ഇത്തരത്തിൽ ആദിവാസി വിഭാഗങ്ങൾ കൂടുതലായി താമസിക്കുന്ന ഉയർന്ന ചരിവുകളുള്ള പ്രദേശങ്ങളിൽ റാഗി, ചാമ പോലുള്ള ചെറുധാന്യങ്ങളും കൃഷി ചെയ്തുവരുന്നു.

ജില്ലയിൽ പൊതുവെ ഈർപ്പം നിറഞ്ഞ ഉഷ്ണമേഖലാ (Humid Tropical) കാലാവസ്ഥയാണ് അനുഭവപ്പെടുന്നത്. മാർച്ച് മുതൽ മെയ് വരെ കൂടിയ ചൂടും ഡിസംബർ മുതൽ ഫെബ്രുവരി വരെ കഠിനമായ തണുപ്പും അനുഭവപ്പെടുന്നു. ശരാശരി കുറഞ്ഞ താപനില 13.7°C മുതൽ 19.7°C വരെയും കൂടിയ താപനില 24.8°C മുതൽ 30.9°C വരെയുമാണ്. ജില്ലയുടെ കിഴക്കും പടിഞ്ഞാറും ഭാഗങ്ങൾ തമ്മിൽ കാലാവസ്ഥയിൽ വലിയ വ്യത്യാസങ്ങളുണ്ട്; ഉയർന്ന പ്രദേശങ്ങളിൽ തണുപ്പ്

വർദ്ധിക്കുകയും താഴ്ന്ന ഇടങ്ങളിൽ ചൂട് കൂടുകയും ചെയ്യുന്നു. മൂന്നാർ, ദേവികുളം എന്നിവിടങ്ങളിൽ ശരാശരി കൂടിയ താപനില 22°C മുതൽ 26°C വരെയാണെങ്കിൽ തൊടുപുഴ ഉൾപ്പെടെയുള്ള താഴ്ന്ന പ്രദേശങ്ങളിൽ ഇത് 32°C മുതൽ 38°C വരെയാണ്. കട്ടപ്പന, ഇടുക്കി ഭാഗങ്ങളിൽ 28°C മുതൽ 32°C വരെയും വട്ടവട, കാന്തല്ലൂർ മേഖലകളിൽ 20°C മുതൽ 24°C വരെയും ചൂട് രേഖപ്പെടുത്താറുണ്ട്. കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ തൊടുപുഴ പോലുള്ള താഴ്ന്ന പ്രദേശങ്ങളിൽ താപനിലയിൽ 1°C മുതൽ 2°C വരെ വർദ്ധനവുമുണ്ടായി. 2016, 2019, 2023 വർഷങ്ങളിലാണ് ചൂട് ഏറ്റവും കൂടുതലായി അനുഭവപ്പെട്ടത്. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ മൂന്നാർ മേഖലയിലെ കുറഞ്ഞ താപനില -2°C വരെ താഴുകയുമുണ്ടായി.

ജൂൺ മുതൽ സെപ്തംബർ വരെ തെക്കുപടിഞ്ഞാറൻ മൺസൂണും (കാലവർഷം), ഒക്ടോബർ മുതൽ ഡിസംബർ വരെ വടക്കുകിഴക്കൻ മൺസൂണും (തുലാവർഷം) ജില്ലയിൽ ലഭിക്കുന്നു. ജില്ലയുടെ ശരാശരി വാർഷിക മഴ ലഭ്യത 3769 മി.മീറ്റർ ആണെങ്കിലും മഴയുടെ വിതരണത്തിൽ വലിയ ഏറ്റക്കുറച്ചിലുകളുണ്ട്. പീരുമേട്ടിലും നേര്യമംഗലത്തോട് ചേർന്നുകിടക്കുന്ന ഭാഗങ്ങളിലും വർഷത്തിൽ 5000 മി.മീറ്ററിൽ കൂടുതൽ മഴ ലഭിക്കുമ്പോൾ, 'മഴ നിഴൽ' പ്രദേശങ്ങളായ മറയൂർ, കാന്തല്ലൂർ, ചിന്നാർ, വട്ടവട മേഖലകളിൽ ഇത് 1000 മി.മീറ്ററിലും താഴെയാണ്. ഇത്തരം പ്രദേശങ്ങളിൽ മഴ കുറവായതിനാൽ വേനൽക്കാലത്ത് രൂക്ഷമായ വരൾച്ച അനുഭവപ്പെടുന്നു. നിലവിൽ കനാലുകളെയാണ് ഈ പ്രദേശങ്ങൾ ജലസേചനത്തിനായി പ്രധാനമായും ആശ്രയിക്കുന്നത്. എന്നാൽ കഴിഞ്ഞ കുറച്ചു വർഷങ്ങളായി വേനലിന്റെ കാഠിന്യം വർദ്ധിച്ചതോടെ നിലവിലെ ജലസേചന സംവിധാനങ്ങൾ അപര്യാപ്തമാകുകയും ഇത് കൃഷിയെ സാരമായി ബാധിക്കുകയും ചെയ്യുന്നുണ്ട്. പ്രത്യേകിച്ച് മറയൂർ മേഖലയിൽ ഭൗമസൂചിക പദവി ലഭിച്ച 'മറയൂർ ശർക്കര'യുടെ ഉറവിടമായ കരിമ്പ് കൃഷിയെ വരൾച്ച ഗുരുതരമായി ബാധിച്ചു. അഞ്ച് വർഷം മുമ്പ് 2000 ഹെക്ടറിൽ അധികമുണ്ടായിരുന്ന കരിമ്പ് കൃഷി ഇപ്പോൾ 250 ഹെക്ടറിൽ താഴെയായി ചുരുങ്ങി. കൃഷിഭൂമിയുടെ വിസ്തൃതി ഇത്രയധികം കുറഞ്ഞിട്ടും ലഭ്യമായ ജലസേചന സൗകര്യങ്ങൾ വേനൽക്കാലത്തെ അതിജീവിക്കാൻ പര്യാപ്തമല്ലാത്ത അവസ്ഥയാണിന്നുള്ളത്. അതേസമയം വണ്ണപ്പുറം, ചില്ലിത്തോട്, അടിമാലി, കഞ്ഞിക്കുഴി, മാങ്കുളം എന്നീ പ്രദേശങ്ങൾ ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന ഇടങ്ങളായി തുടരുന്നു.

## ഇടുക്കിയുടെ ജലസമ്പത്ത്

കേരളത്തിന്റെ 'ജലസംഭരണി' എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഇടുക്കി ജില്ലയുടെ ജനജീവിതവും പാരിസ്ഥിതിക വ്യവസ്ഥയും പൂർണ്ണമായും അവിടുത്തെ ജലസ്രോതസ്സുകളുമായി ബന്ധപ്പെട്ടാണ് നിലനിൽക്കുന്നത്. പെരിയാർ, പമ്പ, മണിമലയാർ, മീനച്ചിലാർ, പാമ്പാർ, മൂവാറ്റുപുഴയാറ് എന്നീ പ്രധാന നദികളും അവയുടെ അസംഖ്യം കൈവഴികളുമാണ് ജില്ലയുടെ ജലസമ്പത്തിന്റെ ആധാരശിലകൾ. കേരളത്തിലെ ഏറ്റവും വലിയ നദിയായ പെരിയാർ ഉത്ഭവിക്കുന്നത് ഇടുക്കിയിലെ പശ്ചിമഘട്ട മേഖലയിലുള്ള ശിവഗിരി മലനിരകളിൽ നിന്നാണ്. അവിടെനിന്നും വണ്ടിപ്പെരിയാർ, പീരുമേട്, ഏലപ്പാറ, അയ്യപ്പന്കോവില്, കാഞ്ചിയാർ വഴി ഒഴുകുന്ന നദി ഇടുക്കി ജലാശയത്തിന്റെ ഭാഗമായി മാറുന്നു. പെരിയാറിന് കുറുകെ വൈദ്യുതോൽപ്പാദനത്തിനും കൃഷിക്കുമായി മുല്ലപ്പെരിയാർ അണക്കെട്ട്, ഇടുക്കി അണക്കെട്ട്, ലോവർ പെരിയാർ അണക്കെട്ട്, ഭൂതത്താൻകെട്ട് അണക്കെട്ട് തുടങ്ങി നിരവധി സുപ്രധാന ജലസംഭരണികൾ നിർമ്മിച്ചിട്ടുണ്ട്. ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ ഭാഗമായ ഇടമലയാർ ഡാം, ലോവർ പെരിയാർ പദ്ധതി എന്നിവിടങ്ങളിലൂടെ ഒഴുകുന്ന നദി നേര്യമംഗലത്തുവെച്ച് എറണാകുളം ജില്ലയിലേക്ക് പ്രവേശിക്കുന്നു. പെരിയാറിന്റെ കൈവഴികളിലായി കുണ്ടള ഡാം, മാട്ടുപ്പെട്ടി ഡാം, മൂന്നാർ ഹെഡ് വർക്ക്സ് ഡാം, പൊൻമുടി ഡാം, കല്ലാർകുട്ടി ഡാം എന്നിവ സ്ഥിതിചെയ്യുന്നു.

ജില്ലയുടെ ജലസമ്പത്തിൽ പ്രകൃതിദത്തമായ തടാകങ്ങൾക്കും ഡാം ജലാശയങ്ങൾക്കും വലിയ സ്ഥാനമുണ്ട്. ഇരവികുളം നാഷണൽ പാർക്കിനുള്ളിലെ പ്രകൃതിദത്ത ശുദ്ധജല തടാകമായ ഇരവികുളം തടാകം ഇതിനൊരു ഉത്തമ ഉദാഹരണമാണ്. കൂടാതെ ദേവികുളം സീതാലക്ഷ്മി തടാകം, ആനയിറങ്കല് ഡാം, മാട്ടുപ്പെട്ടി തടാകം എന്നിവയും ജില്ലയിലെ പ്രധാന ശുദ്ധജല സ്രോതസ്സുകളാണ്.



ജില്ലയുടെ പടിഞ്ഞാറൻ ഭാഗമായ തൊടുപുഴ താലൂക്കിലെ ഇലപ്പള്ളിയില് നിന്നും ഉത്ഭവിക്കുന്ന തൊടുപുഴയാറും വേളൂർ വനമേഖലയിൽ നിന്നും ആരംഭിക്കുന്ന കാളിയാറും മൂവാറ്റുപുഴയാറിന്റെ പ്രധാന പോഷകനദികളാണ്. പെരിയാറിന്റെ മറ്റൊരു പ്രധാന പോഷകനദിയായ മുതിരപ്പുഴയാര് ആനമുടി മലനിരകളില് നിന്നാരംഭിച്ച് മൂന്നാര് ടൗണിലൂടെ ഒഴുകി പള്ളിവാസല്, ചിത്തിരപുരം, വെള്ളത്തൂവല് വഴി പെരിയാറിലേയ്ക്ക് ചേരുന്നു. കേരളത്തിലെ ആദ്യത്തെ ജലവൈദ്യുത പദ്ധതിയായ പള്ളിവാസല് പദ്ധതി ഈ നദിക്ക് കുറുകെയാണ് നിർമ്മിച്ചിട്ടുള്ളത്. പീരുമേട് താലൂക്കിലെ പുലച്ചി മലയില് നിന്നും ആരംഭിച്ച് വണ്ടിപ്പെരിയാർ, പീരുമേട് വഴി ഒഴുകി സീതത്തോടുവെച്ച് പത്തനംതിട്ട ജില്ലയിലേക്ക് പ്രവേശിക്കുന്ന പമ്പാനദിയും ജില്ലയിലെ നദികളിൽ മുൻപന്തിയിലുണ്ട്. മറയൂർ മേഖലയിലൂടെ ഒഴുകുന്ന പാമ്പാർ നദിയുടെ ഭാഗമായ ചിന്നാര് നദി, ചിന്നാര് വന്യജീവി സങ്കേതത്തിലൂടെയും മറയൂർ കൂട്ടാർ വഴിയും ഒഴുകി തമിഴ്നാട്ടിലേക്ക് പ്രവേശിക്കുന്നു.

ഇടുക്കിയുടെ കാർഷിക, കുടിവെള്ള, സാമ്പത്തിക മേഖലകളുടെ നട്ടെല്ലാണ് ഈ ജലസ്രോതസ്സുകൾ. ജില്ലയുടെ പ്രധാന ഉപജീവനമാർഗ്ഗമായ കൃഷി ഈ നദീതടങ്ങളെയും സ്രോതസ്സുകളെയും ആശ്രയിച്ചാണ് നിലനിൽക്കുന്നത്. മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ (MVIP) ഭാഗമായി തൊടുപുഴയാറിൽ നിർമ്മിച്ച മലങ്കര ഡാമിലെ ജലം ഉപയോഗിച്ച് ആയിരക്കണക്കിന് ഏക്കർ കൃഷിഭൂമിയിലേക്ക് വെള്ളമെത്തിക്കുന്നു. ഹൈറേഞ്ച് മേഖലയിലെ ഏലം, കുരുമുളക് തോട്ടങ്ങൾ എന്നിവ വേനൽക്കാലത്ത് പെരിയാറിന്റെ കൈവഴികളെയും ചെറിയ അരുവികളെയും ആശ്രയിക്കുമ്പോൾ, മറയൂർ-കാന്തല്ലൂർ മേഖലയിലെ പച്ചക്കറി കൃഷിയിടങ്ങളിലേക്ക് ജലമെത്തുന്നത് പാമ്പാർ നദിയിൽ നിന്നാണ്. നദികളും ഡാമുകളും കേന്ദ്രീകരിച്ചുള്ള വൻകിട കുടിവെള്ള പദ്ധതികൾ ജില്ലയിലെ ലക്ഷക്കണക്കിന് ആളുകളുടെ ദാഹമകറ്റുന്നു. പെരിയാറിലെയും മലങ്കര, മാട്ടുപ്പെട്ടി തുടങ്ങിയ ഡാമുകളിലെയും വെള്ളം ശുദ്ധീകരിച്ച് നഗരങ്ങളിലും ഗ്രാമങ്ങളിലും കുടിവെള്ളമായി വിതരണം ചെയ്യുന്നു. കൂടാതെ, മലയോര മേഖലകളിൽ അരുവികളിൽ നിന്നുള്ള 'ഗ്രാവിറ്റി സ്കീമുകൾ' വഴി ജലം നേരിട്ട് വീടുകളിലെത്തിക്കുന്നുമുണ്ട്. ചുരുക്കത്തിൽ, ഇടുക്കിയുടെ കാർഷിക അഭിവൃദ്ധിയും ജനങ്ങളുടെ മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങളും ഈ ജലസ്രോതസ്സുകളുടെ സ്വാധീനത്താൽ സുസ്ഥിരമായി നിലനിൽക്കുന്നു.

## മണ്ണിന്റെ ഘടന

ഇടുക്കി ജില്ലയുടെ കാർഷിക സമൃദ്ധിയുടെ അടിസ്ഥാനശില അവിടുത്തെ മണ്ണിന്റെ അസാധാരണമായ വൈവിധ്യമാണ്. സമുദ്രനിരപ്പിൽ നിന്നുള്ള ഉയരത്തിന്റെയും ഭൂപ്രകൃതിയുടെയും അടിസ്ഥാനത്തിൽ ജില്ലയിലെ മണ്ണിനെ പ്രധാനമായും ആറ് ശ്രേണികളിലായി 78 ഇനങ്ങളായി തരംതിരിച്ചിരിക്കുന്നു. സമുദ്രനിരപ്പിൽ നിന്ന് 20 മുതൽ 100 മീറ്റർ വരെ ഉയരത്തിലുള്ള പ്രദേശങ്ങളിൽ മണക്കാട് ശ്രേണിയിലുള്ള മണ്ണാണ് കാണപ്പെടുന്നത്. ഇവിടുത്തെ മേൽമണ്ണ് മണലും കളിമണ്ണും അടങ്ങിയ പശിമരാശിയുള്ളതും, അടിമണ്ണ് കടുംചുവപ്പ് കലർന്ന തവിട്ടുനിറം മുതൽ മഞ്ഞ കലർന്ന ചുവപ്പ് നിറം വരെയുള്ളതുമാണ്. തെങ്ങ്, വാഴ, പച്ചക്കറി തുടങ്ങിയ കൃഷികൾക്ക് ഏറ്റവും അനുയോജ്യമായ മണ്ണാണിത്. സമുദ്രനിരപ്പിൽ നിന്ന് 300 മുതൽ 600 മീറ്റർ വരെ ഉയരത്തിൽ കാണപ്പെടുന്ന തൊമ്മൻകുത്ത് ശ്രേണിയിൽ, കടുംചുവപ്പ് കലർന്ന തവിട്ടുനിറത്തിലുള്ള മേൽമണ്ണാണ് ഉള്ളത്. ഇവിടുത്തെ ചരൽ കലർന്ന പശിമരാശിയുള്ള അടിമണ്ണ് വാഴ, കപ്പ, റബർ തുടങ്ങിയ കാർഷിക വിളകൾക്കും വനമേഖലയ്ക്കും ഒരേപോലെ അനുയോജ്യമാണ്.

ജില്ലയുടെ കിഴക്കൻ ചെരിവുകളിലെ മഴനിഴൽ പ്രദേശങ്ങളുമായി ബന്ധപ്പെട്ടതാണ് ചിന്നാർ ശ്രേണി. സമുദ്രനിരപ്പിൽ നിന്ന് 400 മുതൽ 900 മീറ്റർ വരെ ഉയരത്തിലുള്ള ഈ മേഖലയിലെ മേൽമണ്ണിന് തവിട്ടുനിറമാണ്. മണലും കളിമണ്ണും കലർന്ന പശിമരാശിയുള്ള ഇവിടുത്തെ അടിമണ്ണ് ശീതകാല പച്ചക്കറി കൃഷിക്ക് മികച്ച ഫലം നൽകുന്നു. സമുദ്രനിരപ്പിൽ നിന്ന് 600 മുതൽ 900 മീറ്റർ വരെ ഉയരത്തിൽ സ്ഥിതിചെയ്യുന്ന വെണ്മണി ശ്രേണിയിൽ ചുവപ്പ് കലർന്ന തവിട്ടുനിറമുള്ള മേൽമണ്ണാണുള്ളത്. എന്നാൽ അമ്ലത (Acidity) കൂടിയ അടിമണ്ണായതിനാലും കുത്തനെയുള്ള ചരിവ് ഉള്ളതിനാലും ഈ പ്രദേശം ലാഭകരമായ ഏകവിള കൃഷിക്ക് അനുയോജ്യമല്ല; എങ്കിലും സമ്മിശ്ര കൃഷി രീതികൾ ഇവിടെ താരതമ്യേന ലാഭകരമാണ്.




സമുദ്രനിരപ്പിൽ നിന്ന് 600 മുതൽ 1200 മീറ്റർ വരെ ഉയരത്തിലുള്ള കുന്നിൻ ചെരിവുകളിലാണ് പാമ്പാടുംപാറ ശ്രേണിയില് കാണപ്പെടുന്നത്. തവിട്ടുനിറമോ കടുംചുവപ്പ് കലർന്ന തവിട്ടുനിറമോ ഉള്ള അടിമണ്ണോട് കൂടിയ ഈ ശ്രേണി കളിമണ്ണിന്റെ സാന്നിധ്യത്താൽ സവിശേഷമാണ്. ഹൈറേഞ്ചിലെ പ്രധാന വിളകളായ ഏലം, കുരുമുളക്, കാപ്പി എന്നിവയുടെ കൃഷിക്ക് ഏറ്റവും അനുയോജ്യമായ മേഖലയാണിത്. ജില്ലയിലെ ഏറ്റവും ഉയർന്ന പ്രദേശങ്ങളായ, സമുദ്രനിരപ്പിൽ നിന്ന് 1200 മീറ്ററിൽ കൂടുതൽ ഉയരമുള്ള കുത്തനെയുള്ള കുന്നിൻചെരിവുകളിലാണ് ആനമുടി ശ്രേണി ഉൾപ്പെടുന്നത്. കടുംചുവപ്പ് കലർന്ന തവിട്ടുനിറം

മുതൽ കടും തവിട്ടുനിറം വരെയുള്ള മേൽമണ്ണും തരിമണൽ കലർന്ന പശിമരാശിയുള്ള അടിമണ്ണും ചേർന്ന ഈ പ്രദേശം ശീതകാല പച്ചക്കറികളുടെ ഉൽപ്പാദനത്തിന് വളരെ ഉത്തമമാണ്. ഇത്തരത്തിൽ ഓരോ മേഖലയിലെയും മണ്ണിന്റെ സവിശേഷതകളാണ് ഇടുക്കിയെ വൈവിധ്യമാർന്ന വിളകളുടെ വിളഭൂമിയാക്കി മാറ്റുന്നത്.

## ജൈവ വൈവിധ്യത്തിന്റെ ടൂറിസം ഭൂപടം

ഇടുക്കി ജില്ലയിലെ പശ്ചിമഘട്ട മേഖലയുടെ സവിശേഷമായ പാരിസ്ഥിതിക പ്രത്യേകതകളാണ് ആഗോളതലത്തിൽ സഞ്ചാരികളെ ഇങ്ങോട്ട് ആകർഷിക്കുന്ന പ്രധാന ഘടകം. ദക്ഷിണേന്ത്യയിലെ ഏറ്റവും ഉയർന്ന കൊടുമുടിയായ ആനമുടി ഉൾപ്പെടുന്ന ഈ പ്രദേശം, യുനെസ്കോ പൈതൃക പട്ടികയിൽ ഇടംപിടിച്ച ജൈവവൈവിധ്യ ഹോട്ട്സ്പോട്ടുകളിൽ (Biodiversity Hotspots) ഒന്നാണ്. സമുദ്രനിരപ്പിൽ നിന്നും 1600 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന മൂന്നാർ, പശ്ചിമഘട്ടത്തിലെ തന്നെ ഏറ്റവും വലിയ വിനോദസഞ്ചാര കേന്ദ്രമായി അറിയപ്പെടുന്നു. മൊട്ടക്കുന്നുകളാലും പൈൻ വനങ്ങളാലും സമ്പുഷ്ടമായ വാഗമൺ, ലോകപ്രശസ്തമായ തേക്കടിയിലെ പെരിയാർ കടുവ സങ്കേതം, വംശനാശഭീഷണി നേരിടുന്ന വരയാടുകളുടെ സ്വാഭാവിക ആവാസകേന്ദ്രമായ ഇരവികുളം ദേശീയോദ്യാനം എന്നിവ ജില്ലയുടെ ടൂറിസം ഭൂപടത്തിലെ തിളങ്ങുന്ന അടയാളങ്ങളാണ്. ഇതിനു പുറമെ പാമ്പാടുംഷോല, മതികെട്ടാൻഷോല, ആനമുടിഷോല തുടങ്ങിയ ദേശീയോദ്യാനങ്ങൾ ജില്ലയുടെ പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തുന്നതിനൊപ്പം വിനോദസഞ്ചാര മേഖലയിൽ നിർണ്ണായക പങ്ക് വഹിക്കുകയും ചെയ്യുന്നു.

വന്യജീവി സങ്കേതങ്ങൾക്കൊപ്പം തന്നെ പന്ത്രണ്ട് വർഷത്തിലൊരിക്കൽ പൂക്കുന്ന നീലക്കുറിഞ്ഞിയും ഇടുക്കിയെ പ്രകൃതിസ്നേഹികളുടെയും വിനോദസഞ്ചാരികളുടെയും പറുദീസയാക്കി മാറ്റുന്നു. പ്രകൃതിദത്തമായ ചന്ദനക്കാടുകളാൽ സമ്പന്നമായ മറയൂരും, തട്ടുതട്ടായുള്ള ശീതകാല പച്ചക്കറി കൃഷിയിടങ്ങളാൽ വിസ്മയിപ്പിക്കുന്ന വട്ടവടയും ഇടുക്കിക്ക് മാത്രം അവകാശപ്പെടാവുന്ന സവിശേഷതകളാണ്. മൂന്നാറിലെ കണ്ണെത്താദൂരത്തോളം വ്യാപിച്ചുകിടക്കുന്ന മനോഹരമായ തേയിലത്തോട്ടങ്ങളും ഹൈറേഞ്ച്



മേഖലയിലെ സുഗന്ധം പരത്തുന്ന ഏലം തോട്ടങ്ങളും സഞ്ചാരികൾക്ക് സവിശേഷമായ അനുഭവമാണ് പകരുന്നത്. ജില്ലയിലുടനീളമുള്ള ചീയപ്പാറ, വളഞ്ഞങ്ങാനം തുടങ്ങിയ മനോഹരമായ നിരവധി വെള്ളച്ചാട്ടങ്ങൾ ഇടുക്കിയുടെ പ്രകൃതിഭംഗിക്ക് മാറ്റുകൂട്ടുന്നു. കേവലം കാഴ്ചകൾക്കപ്പുറം കാർഷിക ടൂറിസം, ഇക്കോ ടൂറിസം, ഉത്തരവാദിത്ത ടൂറിസം എന്നിവയ്ക്ക് ജില്ലയിൽ ഇന്ന് വലിയ പ്രചാരം ലഭിക്കുന്നുണ്ട്. വനസംരക്ഷണവും പ്രാദേശിക ജനവിഭാഗങ്ങളുടെ പങ്കാളിത്തവും ഉറപ്പാക്കുന്ന ഇത്തരം പ്രവർത്തനങ്ങൾ ഇടുക്കിയുടെ സുസ്ഥിര വികസനത്തിന് മുതൽക്കൂട്ടാണ്.

## ജില്ലയിലെ പാരിസ്ഥിതിക പ്രതിസന്ധികൾ

### ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, പ്രളയം

ഇടുക്കി ജില്ലയുടെ ഭൂപ്രകൃതിയും കുത്തനെയുള്ള ചരിവുകളും കനത്ത മഴ ലഭ്യതയും ജില്ലയെ പ്രകൃതിക്ഷോഭങ്ങൾക്ക് ഏറെ സാധ്യതയുള്ള മേഖലയാക്കി മാറ്റുന്നു. പെരുവന്താനം, കൊക്കയാർ, അറക്കുളം, വെള്ളിയാമറ്റം, വണ്ണപ്പുറം, ഉടുമ്പന്നൂർ, കഞ്ഞിക്കുഴി, കട്ടപ്പന, ഏലപ്പാറ, അടിമാലി, നെടുങ്കണ്ടം, ഉപ്പുതറ, ചക്കുപള്ളം എന്നീ പഞ്ചായത്തുകളിലെ ഉയർന്ന പ്രദേശങ്ങളിൽ വർഷകാലത്ത് നീണ്ടുനിൽക്കുന്ന കനത്ത മഴ ഉരുള്പൊട്ടലിനും മണ്ണിടിച്ചിലിനും കാരണമാകുന്നു. ഇത്തരം പ്രകൃതിക്ഷോഭങ്ങൾ കൃഷിക്കും ഭൂമിക്കും മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കും വലിയ നാശനഷ്ടങ്ങളാണ് വരുത്തുന്നത്. അപ്രതീക്ഷിതമായ അതിതീവ്ര മഴ തുടർച്ചയായി പെയ്യുമ്പോഴാണ് ഇത്തരം സാഹചര്യങ്ങൾ രൂപപ്പെടുന്നത്. 2020-ലെ അതിതീവ്ര മഴയെത്തുടർന്ന് രാജമല പെട്ടിമുടിയിലുണ്ടായ ഉരുള്പൊട്ടലും തുടർന്നുണ്ടായ മിന്നല് പ്രളയവും ജില്ലയുടെ ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ ദുരന്തമായി മാറി. കൂടാതെ, വട്ടവട പഞ്ചായത്തിൽ വർഷകാലത്ത് ചെറുതും വലുതുമായ മണ്ണിടിച്ചിലും ഉരുള്പൊട്ടലും പതിവായി ഉണ്ടാകാറുണ്ട്. 2021-ൽ ഇടുക്കി-കോട്ടയം അതിർത്തി പ്രദേശങ്ങളായ കൊക്കയാർ, കൂട്ടിക്കൽ എന്നിവിടങ്ങളിലുണ്ടായ പ്രകൃതിക്ഷോഭവും ജില്ലയെ ഗുരുതരമായി ബാധിച്ചു.





Palakkad
Thrissur
N
Ernakulam
Munnar
Thodupuzha
Idukki
Kattappana
Tamil Nadu
Kottayam
Kumily
athanamthitta
Legend
Towns
India States
Kerala Districts
Landslide Susceptibility
Very Low
Low
Medium
High
Very High
0 5 10 20 km

## ജില്ലയിലെ ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യത പ്രദേശങ്ങൾ

| താലൂക്ക് | ഗ്രാമം | ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശങ്ങൾ |
|---|---|---|
| തൊടുപുഴ | വണ്ണപ്പുറം | വണ്ണപ്പുറം മല, തൊമ്മൻകുത്ത് |
| | കഞ്ഞിക്കുഴി | ഉയർന്ന പ്രദേശങ്ങളായ തോട്ടക്കണി, കീരിത്തോട്, ചേലച്ചുവട, കഞ്ഞിക്കുഴി, വനം, ചുരുളി വനം |
| | ഉടുമ്പന്നൂർ | ഉയർന്ന പ്രദേശങ്ങളായ ചീനിക്കുഴി, വെണ്ണിയാനിമുടി, മണ്ണുകാട്, പെരിങ്ങാശേരി വനം |
| | പുറപ്പുഴ | താഴ്ന്ന പ്രദേശങ്ങളായ കുറിഞ്ഞി, തൊയിപ്പാറ |
| | കരിംകുന്നം | താഴ്ന്ന പ്രദേശങ്ങളായ നെല്ലാപ്പാറ ഒട്ടല്ലൂർ, ഇളയരിമല |
| | ആലക്കോട് | ഉയർന്ന പ്രദേശങ്ങളായ ഇളംദേശം, കൊണ്ടിലപ്പള്ളി |
| | വെള്ളിയാമറ്റം | പറമ്പുകണ്ടം , മുടിയമല, കുവക്കണ്ടം |
| | അറക്കുളം | മൂലമറ്റം, നാടുകാണി, തുമ്പിച്ചിമല |
| | കുടയത്തൂർ | ഉയർന്ന പ്രദേശങ്ങളായ കുടയത്തൂർ, ആനക്കുന്നുമല |
| | ഇലപ്പള്ളി | എടാട് |
| ഇടുക്കി | ഇടുക്കി | ഉയർന്ന പ്രദേശങ്ങളായ പൈനാവ്, കാരറ, താഴ്ന്ന പ്രദേശങ്ങളായ കുളമാവ്, തടിയമ്പാട് |
| | കഞ്ഞിക്കുഴി | ഉയർന്ന പ്രദേശങ്ങളായ തോട്ടക്കണി, കീരിത്തോട്, ചേലച്ചുവട്, കഞ്ഞിക്കുഴി, ചുരുളി വനം |
| | കൊന്നത്തടി | ഉയർന്ന പ്രദേശങ്ങളായ കമ്പിളികണ്ടം, പിന്നാർ, പണിക്കൻകുടി. താഴ്ന്ന പ്രദേശങ്ങളായ മുള്ളരിക്കുടി, പാറത്തോട്, മുക്കുടം, ഇഞ്ചപതാൽ, പൊന്മുടി |
| | ഉപ്പുതോട് | കരിക്കുംമേട് |
| | മന്നാംകണ്ടം | ആയിരമേക്കർ, താഴ്ന്ന പ്രദേശങ്ങളായ മച്ചിപ്ലാവ്, ദേവിയാർ കോളനി, വനപ്രദേശങ്ങളും |
| ദേവികുളം | മാങ്കുളം | ഉയർന്ന പ്രദേശങ്ങളായ മാങ്കുളവും, വന പ്രദേശങ്ങളും. താഴ്ന്ന പ്രദേശങ്ങളായ ആനകുളം, പെരുമ്പംകുത്ത് |
| | ആനവിരട്ടി | ഉയർന്ന പ്രദേശങ്ങളായ കല്ലുവട്ടയാർ, കല്ലാർ എസ്റ്റേറ്റ്, കൈനകരി എസ്റ്റേറ്റ്, താഴ്ന്ന പ്രദേശങ്ങളായ ഇറ്റലി എസ്റ്റേറ്റ്, പ്ലാമല എസ്റ്റേറ്റ് |
| | വെള്ളത്തൂവൽ | ഉയർന്ന പ്രദേശമായ കല്ലാർകുട്ടി, താഴ്ന്ന പ്രദേശങ്ങളായ വെള്ളത്തൂവൽ, മാങ്കടവ് വന പ്രദേശങ്ങൾ |
| | കുഞ്ഞിത്തണ്ണി | ഉയർന്ന പ്രദേശങ്ങളായ എല്ലക്കല്ല്, കുഞ്ഞിത്താനി തൃക്കുപാറ, താഴ്ന്ന പ്രദേശങ്ങളായ ആനച്ചാൽ ചെങ്ങളം |

| | | |
|---|---|---|
| | പള്ളിവാസൽ | ഉയർന്ന പ്രദേശങ്ങളായ പള്ളിവാസൽ എസ്റ്റേറ്റ്, മിൻകട്ട് കോളനി, താഴ്ന്ന പ്രദേശങ്ങളായ പള്ളിവാസൽ എസ്റ്റേറ്റ്, ചിത്തിരപുരം |
| | കണ്ണൻ ദേവൻ ഹിൽസ് | ഉയർന്ന പ്രദേശങ്ങളായ മൂന്നാർ, ദേവികുളം എസ്റ്റേറ്റ്, കല്ലാർ എസ്റ്റേറ്റ്, മാട്ടുപ്പെട്ടി എസ്റ്റേറ്റ്, വാൽക്കടവ് എസ്റ്റേറ്റ്, കടലാർ എസ്റ്റേറ്റ്. |
| | മറയൂർ | ഉയർന്ന പ്രദേശങ്ങളായ കുക്കാട്, താഴ്ന്ന പ്രദേശങ്ങളായ മറയൂർ, പട്ടിക്കാട്, കരുമുട്ടി |
| | കീഴാന്തൂർ | ഉയർന്ന പ്രദേശങ്ങളായ വനന്തുറ, കൊളത്താമല, ചുണ്ടക്കാട്ടുമല, താഴ്ന്ന പ്രദേശങ്ങളായ കിളണ്ടൂർ, പുംഗൻപള്ളി |
| | കാന്തല്ലൂർ | കോലാച്ചിവയൽ, പുത്തൂർ കാന്തല്ലൂർ |
| | കൊട്ടക്കമ്പൂർ | ഉയർന്ന പ്രദേശങ്ങളായ തട്ടുമ്പറ, കടവരി, കാട്ടാമ്പൂർ |
| | വട്ടവട | ഉയർന്ന പ്രദേശങ്ങളായ കോവിലൂർ, വട്ടവട, പട്ടിത്തലൈചെലിമല |
| | ബൈസൺവാലി | ഉയർന്ന പ്രദേശങ്ങളായ പള്ളിവാസൽ എസ്റ്റേറ്റ്, പെരിയകനാൽ എസ്റ്റേറ്റ്, കൊരങ്ങുപാറ |
| ഉടുമ്പൻചോല | ചിന്നക്കനാൽ | ഉയർന്ന പ്രദേശങ്ങളായ നടുപാറ, പെരിയകനാൽ എസ്റ്റേറ്റ്, നാഗമല എസ്റ്റേറ്റ് |
| | പൂപ്പാറ | പൂപ്പാറ, കോരൻപാറ, പന്നിയാർ എസ്റ്റേറ്റ് |
| | രാജകുമാരി | ഉയർന്ന പ്രദേശങ്ങളായ മഞ്ഞക്കുഴി, മുള്ളൻതണ്ട്, പെരിയകനാൽ എസ്റ്റേറ്റ് |

(സ്രോതസ്സ് : ജില്ലാ ദുരന്ത നിവാരണ അതോറിറ്റി)

## വെള്ളപ്പൊക്കവും മിന്നൽ പ്രളയവും

ആഗോളതാപനത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും ഭാഗമായി ഇടുക്കി ജില്ലയിൽ 'മിന്നൽ പ്രളയങ്ങൾ' (Flash Floods) വർദ്ധിച്ചുവരുന്നു. 2018 മുതൽ 2025 വരെയുള്ള കാലയളവിൽ പെട്ടിമുടി മുതൽ നെടുങ്കണ്ടം വരെയുള്ള പ്രദേശങ്ങളിൽ ഇത്തരം പ്രതിഭാസങ്ങൾ ജീവനും സ്വത്തിനും ഭീഷണിയായിട്ടുണ്ട്.


76°45'E
77°0'E
77°15'E
N
10°15'N
10°0'N
9°45'N
9°30'N
9°15'N
Devikulam
Udumbanchola
Thodupuzha
Idukki
Peermade
Flood Prone Zones
High to Very High
Low to moderate
Moderate to High
Very low to low
0
10
20
40
Km

## വെള്ളപ്പൊക്ക സാധ്യതയുള്ള പ്രദേശങ്ങൾ:

| താലൂക്ക് | ഗ്രാമം | വെള്ളപ്പൊക്ക സാധ്യതയുള്ള പ്രദേശം |
|---|---|---|
| തൊടുപുഴ | കുമാരമംഗലം | പരന്ന അടിത്തട്ടിലെ വിശാലമായ താഴ്വരകൾ (നെൽവയലുകൾ) ഏഴല്ലൂർ, പെരുമ്പിള്ളിച്ചിറ |
| | കോടികുളം | കാളിയാർ പുഴയുടെ തീരം, കരിമണ്ണൂർ തോട് |
| | വണ്ണപ്പുറം | കാളിയാർ പുഴയുടെ തീരം |
| | ഉടുമ്പന്നൂർ | കാളിയാർ പുഴയുടെ തീരങ്ങളും പരന്ന അടിത്തട്ടിലെ വിശാലമായ താഴ്വരകളും (നെൽവയലുകൾ) കൊല്ലപ്പുഴ, തട്ടക്കുഴ, ഇടമറുക്, ഉടുമ്പന്നൂർ, ചിനിക്കുഴി, പണിയാരം, അമയപ്ര |
| | നെയ്യശ്ശേരി | (നെൽവയലുകൾ) നെയ്യശ്ശേരി,മുളപ്പുറം |
| | കാരിക്കോട് | കരിമണ്ണൂർ തോട് |
| | തൊടുപുഴ | തൊടുപുഴയാർ ആലക്കോട് തോട് കരകൾ |
| | മണക്കാട് | തൊടുപുഴയാർ താഴത്തെ താഴ്വരകളുടെ തീരങ്ങൾ (നെൽപ്പാടങ്ങൾ) മുതലക്കോട, കോലാനി |
| | പുറ പ്പുഴ | തൊടുപുഴ പരന്ന അടി താഴ്വരകളുടെ തീരങ്ങൾ (നെൽവയലുകൾ) പെരിയമ്പ്ര, പുതുപരിയാരം |
| | കരിംകുന്നം | പരന്ന അടിത്തട്ടിലെ വിശാലമായ താഴ്വരകൾ (നെൽവയലുകൾ) വെങ്ങല്ലൂർ,<br>വഴിത്തല, പുറപ്പുഴ |
| | വെള്ളിയാമറ്റം | പരന്ന അടിത്തട്ടിലെ വിശാലമായ താഴ്വരകൾ (നെൽവയലുകൾ) തുടങ്ങനാട് |
| | ഇടുക്കി | പരന്ന അടിത്തട്ടിലെ വിശാലമായ താഴ്വരകൾ (നെൽവയലുകൾ) അരഞ്ഞേരി, കുറിച്ചി |
| | ചിന്നക്കനാൽ | പന്നിയാറിന്റെ കരകൾ |
| | പൂപ്പാറ | പന്നിയാറിന്റെ തീരങ്ങളും പരന്ന അടിത്തട്ടിലുള്ള താഴ്വരകളും (നെൽവയലുകൾ), രാജകുമാരി |
| | രാജകുമാരി | പരന്ന അടിത്തട്ടിലെ വിശാലമായ താഴ്വരകളും (നെൽവയലുകൾ) രാജാക്കാട് |
| ഉടുമ്പൻചോല | രാജാക്കാട് | മുല്ലക്കാനം |
| | കൊന്നത്തടി | പരന്ന അടിഭാഗത്തെ വിശാലമായ താഴ്വരകൾ (നെൽവയലുകൾ) |
| | കത്തിപ്പാറ | ചെമ്മണ്ണാറിന്റെ കരകൾ |

| | | |
|---|---|---|
| | ചതുരംഗപ്പാറ | പന്നിയാറിന്റെ കരകൾ |
| | പാറത്തോട് | പെരിയാറിന്റെ കരകൾ |
| | ഉപ്പുതോട് | ഇരട്ടയാർ തീരങ്ങൾ |
| | കമ്പിളികണ്ടം | പരന്ന അടിഭാഗത്തെ വിശാലമായ താഴ്വരകൾ (നെൽവയലുകൾ) പടമുഖം |
| | അണക്കര | വെള്ളയാംകുടി |
| | വാഗമൺ | പരന്ന അടിത്തട്ടിലെ വിശാലമായ താഴ്വരകൾ (നെൽവയലുകൾ) കൊച്ചറ |
| **പീരുമേട്** | ഉപ്പുതറ | പരന്ന അടിത്തട്ടിലെ വിശാലമായ താഴ്വരകൾ (നെൽവയലുകൾ) ചക്കുപള്ളം |
| | ഏലപ്പാറ | വിശാലമായ പരന്ന അടി താഴ്വരകൾ (നെൽവയലുകൾ) കാഞ്ചിയാർ |

സ്രോതസ്സ്: സംസ്ഥാനദുരന്ത നിവാരണ അതോറിറ്റി

### പ്രധാന പ്രകൃതി ദുരന്തങ്ങൾ (2015-ന് ശേഷം)

2015-ന് ശേഷം ജില്ല സമാനതകളില്ലാത്ത ദുരന്തങ്ങൾക്കാണ് സാക്ഷ്യം വഹിച്ചത്. ദുരന്ത നിവാരണ അതോറിറ്റിയുടെ കണക്കുകൾ പ്രകാരം ജീവൻ നഷ്ടപ്പെട്ടവരുടെ വിവരങ്ങൾ താഴെ നൽകുന്നു:

| ക്രമ നം. | തദ്ദേശഭരണസ്ഥാപനം | വർഷം/മാസം | ജീവൻനഷ്ടപ്പെട്ടവരുടെഎണ്ണം | | | |
|---|---|---|---|---|---|---|
| | | | പുരുഷൻ | സ്ത്രീ | കുട്ടികൾ | ആകെ |
| 1 | ജില്ല മുഴുവൻ (പ്രളയം) | 2018 ഓഗസ്റ്റ് | | | | 55 |
| 2 | ജില്ല മുഴുവൻ (പ്രളയം) | 2019 ഓഗസ്റ്റ് | 5 | 2 | 1 | 8 |
| 3 | പെട്ടിമുടി മൂന്നാർ ഉരുൾപൊട്ടൽ | 2020 ഓഗസ്റ്റ് | 30 | 36 | | 66 |
| 4 | കൊക്കയാർ, ഉരുൾപൊട്ടൽ | 2021 ഒക്ടോബർ | 4 | 3 | 7 | 5 |
| | കുടയത്തൂർ ഉരുൾപൊട്ടൽ | 2022 ഓഗസ്റ്റ് | 1 | 3 | 1 | 5 |

(സ്രോതസ്സ് : ജില്ല ദുരന്ത നിവാരണ അതോറിറ്റി)

## 2015-ന് ശേഷം ജില്ലയിൽ സംഭവിച്ച പ്രധാന പ്രകൃതി ദുരന്തങ്ങൾ

ഇടുക്കി ജില്ലയുടെ ചരിത്രത്തിൽ പാരിസ്ഥിതികമായി ഏറ്റവും വലിയ വെല്ലുവിളികൾ നേരിട്ട കാലഘട്ടമായിരുന്നു 2015-ന് ശേഷമുള്ള വർഷങ്ങൾ. ഇതിൽ 2018-ലെ മഹാപ്രളയം ജില്ലയുടെ സാമൂഹിക-സാമ്പത്തിക വ്യവസ്ഥയെയും ഭൂപ്രകൃതിയെയും അടിമുടി ഉലച്ച ദുരന്തമായിരുന്നു. 2018 ഓഗസ്റ്റ് മാസത്തിൽ കേരളത്തിലുടനീളം, പ്രത്യേകിച്ച് ഇടുക്കി പോലുള്ള മലയോര ജില്ലകളിൽ അനുഭവപ്പെട്ടത് അസാധാരണമാംവിധം അതിശക്തമായ മഴയായിരുന്നു. ജൂൺ 1 മുതൽ ഓഗസ്റ്റ് 19 വരെയുള്ള കാലയളവിൽ ഇടുക്കി ജില്ലയിൽ മാത്രം സാധാരണ ലഭിക്കേണ്ട മഴയെക്കാൾ 92 ശതമാനം അധികം മഴയാണ് രേഖപ്പെടുത്തിയത്. ഇതിൽ ഓഗസ്റ്റ് 8, 9 തീയതികളിലും തുടർന്ന് 14 മുതൽ 19 വരെയുള്ള ദിവസങ്ങളിലും പെയ്ത അതിതീവ്ര മഴ ജില്ലയെ പ്രളയക്കെടുതിയിലാഴ്ത്തി.

ആഴ്ചകളോളം നീണ്ടുനിന്ന ഈ അസാധാരണ മഴയുടെ ഫലമായി ജില്ലയിലെ നദികളിലും പുഴകളിലും ജലനിരപ്പ് ക്രമാതീതമായി ഉയർന്നു. ജില്ലയിലെ പ്രധാന നീർച്ചാലുകളെല്ലാം കരകവിഞ്ഞൊഴുകി ഇടുക്കി റിസർവോയറിലേക്ക് വൻതോതിൽ ജലം ഒഴുകിയെത്തുന്ന സാഹചര്യമുണ്ടായി. ഇതോടെ അണക്കെട്ടിലെ ജലനിരപ്പ് അതിന്റെ പരമാവധി സംഭരണശേഷിയായ 2403 അടിയിലേക്ക്



എത്തിച്ചേർന്നു. ഡാമിന്റെ സുരക്ഷയും ജനങ്ങളുടെ ജീവനും സ്വത്തും അപകടത്തിലാവുമെന്ന ഗൗരവതരമായ സാഹചര്യം മുൻനിർത്തി അണക്കെട്ടിന്റെ ഷട്ടറുകൾ തുറക്കുവാൻ അധികൃതർ തീരുമാനിച്ചു. ഇതേത്തുടർന്ന്, 26 വർഷത്തെ നീണ്ട ഇടവേളയ്ക്ക് ശേഷം ഇടുക്കി അണക്കെട്ടിന്റെ ഷട്ടറുകൾ തുറക്കുകയും, അതിശക്തമായ മഴ തുടർന്നതിനാൽ 32 ദിവസത്തോളം അവ തുടർച്ചയായി തുറന്നുവയ്ക്കേണ്ട അത്യപൂർവ്വ സാഹചര്യവുമുണ്ടാവുകയും ചെയ്തു.

## പ്രകൃതിക്ഷോഭങ്ങളും ജില്ല നേരിട്ട നാശനഷ്ടങ്ങളും

2015-ന് ശേഷം ഇടുക്കി ജില്ല നേരിട്ട തുടർച്ചയായ പ്രകൃതിദുരന്തങ്ങൾ സമാനതകളില്ലാത്ത നാശനഷ്ടങ്ങളാണ് ജില്ലയുടെ സാമൂഹിക-സാമ്പത്തിക മേഖലകളിൽ വരുത്തിവെച്ചത്. 2018-ലെ മഹാപ്രളയത്തിൽ മാത്രം ജില്ലയിൽ ഏകദേശം 55 പേർക്ക് ജീവൻ നഷ്ടമായി. ഇതിനു പുറമെ 7 പേരെ കാണാതാവുകയും 78 പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. അടിമാലി പാതയിലെ വലിയ തോതിലുള്ള മണ്ണിടിച്ചിലും നെടുങ്കണ്ടത്ത് ഒരു കുടുംബത്തിലെ മൂന്ന് പേർ ഉരുൾപൊട്ടലിൽ മരിച്ചതും ഈ ദുരന്തത്തിന്റെ ആഴം വർദ്ധിപ്പിച്ചു. പാർപ്പിട മേഖലയെ സംബന്ധിച്ചിടത്തോളം 5,802 വീടുകൾ പൂർണ്ണമായും തകരുകയും പതിനായിരക്കണക്കിന് വീടുകൾക്ക് ഭാഗികമായി കേടുപാടുകൾ സംഭവിക്കുകയും ചെയ്തു. ജില്ലയുടെ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലായ കാർഷിക മേഖലയിൽ 11,530 ഹെക്ടർ കൃഷിഭൂമി പ്രളയക്കെടുതിയിൽ നശിച്ചു. ഗതാഗത സംവിധാനങ്ങളെ സംബന്ധിച്ചിടത്തോളം 2,162 കിലോമീറ്റർ റോഡുകൾക്ക് കേടുപാടുകൾ സംഭവിക്കുകയും നിരവധി പാലങ്ങൾ തകരുകയും ചെയ്തത് ജനജീവിതത്തെ സ്തംഭിപ്പിച്ചു. വൈദ്യുതി വിതരണവും ശുദ്ധജല ലഭ്യതയും ആഴ്ചകളോളം തടസ്സപ്പെട്ടത് ജില്ലയിലുടനീളം നൂറുകണക്കിന് ദുരിതാശ്വാസ ക്യാമ്പുകൾ തുറക്കാൻ കാരണമായി.

മഹാപ്രളയത്തിന്റെ ആഘാതത്തിൽ നിന്ന് കരകയറുന്നതിനിടയിൽ, ഒരു വർഷത്തിനുള്ളിൽ തന്നെ 2019 ഓഗസ്റ്റ് 8 മുതൽ 11 വരെ പെയ്ത അതിതീവ്ര മഴ ജില്ലയെ വീണ്ടും തകർത്തു. മുണ്ടക്കയം-കട്ടപ്പന-കുമളി റോഡുകളിലും ചെറുതോണി-അടിമാലി, പൈനാവ്-ചെറുതോണി പാതകളിലും ഉണ്ടായ



മണ്ണിടിച്ചിൽ ഗതാഗതം പൂർണ്ണമായും സ്തംഭിപ്പിച്ചു. മാങ്കുളം മേഖലയിലെ റോഡുകൾ വ്യാപകമായി ഇടിഞ്ഞുതാഴ്ന്നത് പൊതുഗതാഗതത്തെ താറുമാറാക്കി. മലങ്കര, കല്ലാർകുട്ടി തുടങ്ങിയ ഡാമുകളുടെ എല്ലാ ഷട്ടറുകളും തുറന്നതും ശക്തമായ മഴ തുടർന്നതും സമാനതകളില്ലാത്ത ജലപ്രവാഹത്തിന് കാരണമായി. ആഗസ്റ്റ് 8-ന് ഒരു കുഞ്ഞ് ഉൾപ്പെടെ മൂന്ന് പേർക്ക് ജീവൻ നഷ്ടമാവുകയും നിരവധി വീടുകൾ തകരുകയും ചെയ്തു. വിനോദസഞ്ചാര കേന്ദ്രമായ മൂന്നാറിലേക്കുള്ള പ്രധാന പാതകളെല്ലാം വെള്ളപ്പൊക്കത്തിൽ മുങ്ങി. പീരുമേട്, ദേവികുളം താലൂക്കുകളിലും കനത്ത നാശനഷ്ടങ്ങളുണ്ടായി. കുന്തളംപാറ, ചെമ്പകപ്പാറ, മുരിക്കാശ്ശേരി എന്നിവിടങ്ങളിൽ നിരവധി വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചു. മാങ്കുളം പഞ്ചായത്തിലെ പെരുമ്പൻകുത്ത്-കുവൈറ്റ്സിറ്റി പാലം, ആറാംമൈൽ തൂക്കുപാലം, ആനക്കുളത്തേക്കുള്ള പഴയ പാലം എന്നിവ കുത്തിയൊലിച്ചുപോയത് ജനജീവിതത്തെയും ഉപജീവന മാർഗ്ഗങ്ങളെയും സാരമായി ബാധിച്ചു. തോട്ടം മേഖലയിലെ തേയില, ഏലം, കുരുമുളക്, കിഴങ്ങ് വർഗ്ഗങ്ങൾ തുടങ്ങിയവ നശിച്ചതോടെ കർഷകർ വലിയ പ്രതിസന്ധിയിലായി.

ഇടുക്കിയെ നടുക്കിയ മറ്റൊരു ഭീകര ദുരന്തമായിരുന്നു 2020 ഓഗസ്റ്റ് 6-ന് രാത്രിയിലുണ്ടായ പെട്ടിമുടി ഉരുൾപൊട്ടൽ. രാജമലയ്ക്ക് സമീപമുള്ള പെട്ടിമുടിയിൽ അതിതീവ്ര മഴയെത്തുടർന്ന് വനമേഖലയിലുണ്ടായ ഉരുൾപൊട്ടൽ ടൺ കണക്കിന് മണ്ണും വലിയ പാറക്കല്ലുകളുമായി കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻ (KDHP) ലയങ്ങൾക്ക് മുകളിലേക്ക് പതിക്കുകയായിരുന്നു. മൂന്നാർ ടൗണിൽ നിന്ന് ഏകദേശം 30 കിലോമീറ്റർ അകലെയുള്ള ഈ ലയങ്ങൾക്കുമേൽ മണ്ണടിഞ്ഞതോടെ ഒരു പ്രദേശം തന്നെ ഇല്ലാതായി. ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ ഔദ്യോഗിക കണക്കുകൾ പ്രകാരം 66 പേർ ഈ ദുരന്തത്തിൽ മരണപ്പെട്ടു. കേരളം കണ്ട ഏറ്റവും വലിയ ഉരുൾപൊട്ടൽ ദുരന്തങ്ങളിലൊന്നായി പെട്ടിമുടി ഇന്നും അവശേഷിക്കുന്നു.

## ഖനനപ്രവർത്തനങ്ങളും പാരിസ്ഥിതിക പ്രത്യാഘാതങ്ങളും

ഇടുക്കി ജില്ലയുടെ സവിശേഷമായ മലയോര ഭൂപ്രകൃതിയിൽ അശാസ്ത്രീയവും നിയന്ത്രണാതീതവുമായ പാറ, മണ്ണ് ഖനനങ്ങൾ ഗുരുതരമായ പ്രത്യാഘാതങ്ങളാണ് സൃഷ്ടിക്കുന്നത്. ഇത്തരം ഖനനപ്രവർത്തനങ്ങൾ

ഒട്ടേറെ പാരിസ്ഥിതിക-സാമൂഹ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്നതിനോടൊപ്പം പ്രകൃതിയുടെ സന്തുലിതാവസ്ഥയെത്തന്നെ സാരമായി ബാധിക്കുന്നുമുണ്ട്. ജില്ലയിലെ ഹൈറേഞ്ച് മേഖലയിലുൾപ്പെടുന്ന കുമളി, കൊക്കയാർ, കട്ടപ്പന, നെടുംകണ്ടം, അയ്യപ്പന്കോവില് പ്രദേശങ്ങളിലും ലോറേഞ്ച് മേഖലയിലെ ആലക്കോട്, ഇടവെട്ടി, കരിങ്കുന്നം, കരിമണ്ണൂർ, പുറപ്പുഴ എന്നിവിടങ്ങളിലും വ്യാപകമായി പാറഖനനം നടക്കുന്നുണ്ട്. തൊടുപുഴ ബ്ലോക്കിലെ മണക്കാട്, തൊടുപുഴ നഗരപരിധി എന്നിവടങ്ങളിലും ഖനനം സജീവമാണ്.

അശാസ്ത്രീയമായ രീതിയിലുള്ള ഈ പാറഖനനം ഭൂമിയുടെ ഘടനയിൽ മാറ്റം വരുത്തുന്നുവെന്ന് റവന്യൂ വകുപ്പ് സാക്ഷ്യപ്പെടുത്തുന്നു. ഇത് പാരിസ്ഥിതിക ആഘാതങ്ങൾക്കൊപ്പം ഭൂഗർഭ ജലസ്രോതസ്സുകളെയും പ്രതികൂലമായി ബാധിക്കുന്നുണ്ട്. പാറ ഖനനം ചെയ്യുന്നതോടെ താഴ്ന്ന പ്രദേശങ്ങളിലെ ജലാശയങ്ങളിലേക്കുള്ള പുനർസംഭരണം കുറയുകയും ഭൂജല പ്രവാഹത്തിൽ തടസ്സങ്ങൾ അനുഭവപ്പെടുകയും ചെയ്യുന്നു. ഇത് പ്രാദേശികമായി കിണറുകളിലെയും മറ്റ് ജലസ്രോതസ്സുകളിലെയും ജലലഭ്യത കുറയുന്നതിനും രൂക്ഷമായ ജലക്ഷാമത്തിലേക്കും നയിക്കുന്നു.

### കാർഷിക മേഖലയിലെ പ്രതിസന്ധികളും കാലാവസ്ഥാ പ്രത്യാഘാതങ്ങളും

ഇടുക്കി ജില്ലയുടെ സാമ്പത്തിക അടിത്തറ പ്രധാനമായും കൃഷിയെ ആശ്രയിച്ചാണെങ്കിലും, ജില്ലയുടെ സവിശേഷമായ ഭൂപ്രകൃതിയും മാറുന്ന കാലാവസ്ഥയും ഈ മേഖലയിൽ ഗുരുതരമായ വെല്ലുവിളികൾ ഉയർത്തുന്നു. മൺസൂൺ കാലത്തെ കനത്ത മഴയും ഭൂമിയുടെ കുത്തനെയുള്ള ചരിവും കാരണം ഇതര ജില്ലകളെ അപേക്ഷിച്ച് ഇടുക്കിയിൽ മണ്ണൊലിപ്പ് അതീവ രൂക്ഷമാണ്. ശാസ്ത്രീയമായ മണ്ണുസംരക്ഷണ പ്രവർത്തനങ്ങളുടെ അഭാവം മൂലം ഫലഭൂയിഷ്ഠമായ മേൽമണ്ണ് വലിയതോതിൽ ഒലിച്ചുപോകുന്നത് മണ്ണിന്റെ ഉൽപ്പാദനക്ഷമതയെ സാരമായി ബാധിക്കുന്നു. ജില്ലയുടെ ചരിവ് കൂടിയ ഭൂപ്രകൃതി കാരണം ലഭിക്കുന്ന മഴവെള്ളത്തിന്റെ 60 ശതമാനത്തിലധികവും ഉപരിതലത്തിലൂടെ അതിവേഗം ഒഴുകി നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. ഇത് ഭൂമിയിലേക്ക് വെള്ളം കിനിഞ്ഞിറങ്ങുന്ന പ്രക്രിയയെ (Soil Infiltration) തടസ്സപ്പെടുത്തുകയും ഭൂഗർഭജല പോഷണത്തെ (Groundwater Recharge) ഇല്ലാതാക്കുകയും ചെയ്യുന്നു. തൽഫലമായി ഭൂഗർഭജല വിതാനത്തിൽ ഗണ്യമായ കുറവുണ്ടാകുന്നതായി ഭൂഗർഭജല വകുപ്പ് ചൂണ്ടിക്കാട്ടുന്നു. മണ്ണൊലിപ്പിലൂടെ മൂലകങ്ങളും



സൂക്ഷ്മ പോഷകങ്ങളും (Micronutrients) നഷ്ടപ്പെടുന്നത് കൃഷിച്ചെലവ് വർദ്ധിപ്പിക്കാനും കർഷകർ കൃഷി ഉപേക്ഷിക്കാനും കാരണമാകുന്നു.

കഴിഞ്ഞ ഏതാനും വർഷങ്ങളായി മഴക്കാലത്തിന്റെ ദൈർഘ്യം കുറയുന്നതും വേനലിന്റെ കാഠിന്യം കൂടുന്നതും ജില്ലയിലെ കാർഷിക രംഗത്തെ തകിടം മറിച്ചിട്ടുണ്ട്. തോടുകളുടെയും അരുവികളുടെയും നീർവാർച്ച കുറയുന്നത് കുളങ്ങളുടെയും കിണറുകളുടെയും ജലനിരപ്പ് താഴ്ത്തുന്നു. ഇത് ഏലം, കുരുമുളക്, കാപ്പി, തേയില തുടങ്ങിയ ജലലഭ്യത ഏറെ ആവശ്യമുള്ള വിളകളെ പ്രതികൂലമായി ബാധിക്കുന്നു. 2024-ൽ ജില്ല നേരിട്ട കടുത്ത വരൾച്ച ഇതിനൊരുദാഹരണമാണ്. ജില്ലയിലെ പ്രധാന നാണ്യവിളയായ ഏലത്തെയാണ് ഇത് ഏറ്റവും കൂടുതൽ ബാധിച്ചത്. 2022-23 കാലഘട്ടത്തിൽ ഏകദേശം 50,000 ഹെക്ടറിൽ ഏലം കൃഷി ചെയ്തിരുന്ന സ്ഥാനത്ത്, കടുത്ത വരൾച്ചയും ജലസ്രോതസ്സുകളുടെ അഭാവവും മൂലം 30 ശതമാനത്തോളം ചെടികൾ കരിഞ്ഞുണങ്ങി. തൽഫലമായി ഏലത്തിന്റെ ഉൽപ്പാദനത്തിൽ 60 ശതമാനം വരെ കുറവുണ്ടായതായി ഇടുക്കി ജില്ലാ പദ്ധതി രേഖ (District Planning Report) വ്യക്തമാക്കുന്നു. വെള്ളക്കെട്ടും അതിനുപിന്നാലെ വരുന്ന കടുത്ത വരൾച്ചയും വിളകളുടെ വളർച്ചാചക്രത്തെ തകർക്കുകയും ഉൽപ്പാദനക്ഷമത ഇല്ലാതാക്കുകയും ചെയ്യുന്നു. 2024-ലെ വരൾച്ചയിൽ മാത്രം ജില്ലയിൽ 33,000 ഹെക്ടറിലധികം കൃഷിയിടങ്ങളിലെ വിളകൾ നശിച്ചുവെന്നും ഏകദേശം 175 കോടി രൂപയുടെ നഷ്ടമുണ്ടായെന്നും ജില്ലാ പ്ലാനിംഗ് ഓഫീസ് റിപ്പോർട്ട് ചെയ്യുന്നു. ആവർത്തിച്ചുള്ള ഇത്തരം പ്രകൃതിദുരന്തങ്ങൾ കർഷകരെ കൃഷിയിൽ നിന്ന് പിന്തിരിപ്പിക്കുകയും ഭൂമി തരിശിടാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. കുരുമുളക്, കാപ്പി, ജാതി, കൊക്കോ തുടങ്ങിയ വാണിജ്യ വിളകളുടെ കൃഷി ഇതിനകം തന്നെ ഗണ്യമായി കുറഞ്ഞു. ആഗോളതാപനം മൂലമുള്ള പ്രകൃതിവിഭവങ്ങളുടെ തകർച്ചയും ഉയർന്ന കൃഷി ചെലവുകളും കർഷകരെ വലിയ കടക്കെണിയിലേക്കാണ് നയിക്കുന്നത്. ഭാവിയിലെ കാലാവസ്ഥാ വ്യതിയാനങ്ങളെ മുൻകൂട്ടി കണ്ടുകൊണ്ടുള്ള പശ്ചാത്തല സൗകര്യ വികസനത്തിന്റെ അഭാവം ഈ പ്രതിസന്ധിയെ കൂടുതൽ സങ്കീർണ്ണമാക്കുന്നു.

### കൃഷിനാശം സംബന്ധിച്ച കണക്കുകൾ

ഇടുക്കി ജില്ലയിൽ വരൾച്ച മൂലവും കാലവർഷകെടുതികൊണ്ടും കൃഷിനാശം സംഭവിച്ച കണക്കു വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വരൾച്ച | | കാലവർഷം | |
|---|---|---|---|---|
| | തുക | കർഷകരുടെ എണ്ണം | തുക | കർഷകരുടെ എണ്ണം |
| 2014-15 | 12270124 | 6921 | 5021155 | 897 |
| 2015-16 | 0 | 0 | 0 | 0 |
| 2016-17 | 5400 | 1 | 38962070 | 16667 |
| 2017-18 | 1475284 | 518 | 3497556 | 2262 |
| 2018-19 | 0 | 0 | 486732372 | 38470 |
| 2019-20 | 0 | 0 | 17000692 | 2923 |
| 2020-21 | 0 | 0 | 41519433 | 8151 |
| 2021-22 | 0 | 0 | 21185051 | 3954 |
| 2022-23 | 0 | 0 | 8090506 | 2264 |
| 2023-24 | 0 | 0 | 9648332 | 1168 |
| 2024-25 | 107289237 | 13857 | 19782730 | 3998 |

(സ്രോതസ്സ് : കൃഷിവകുപ്പ്)

ഇടുക്കി ജില്ലയിലെ കർഷകർ കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായുള്ള വരൾച്ചയും കാലവർഷക്കെടുതിയും മൂലം വലിയ തോതിലുള്ള സാമ്പത്തിക നഷ്ടമാണ് നേരിടുന്നത്. കഴിഞ്ഞ പത്ത് വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ, 2018-19 കാലഘട്ടത്തിലെ മഹാപ്രളയമാണ് കാർഷിക മേഖലയ്ക്ക് ഏറ്റവും വലിയ ആഘാതം സൃഷ്ടിച്ചത്. ആ വർഷം മാത്രം 38,470 കർഷകർക്കായി 48.67 കോടിയിലധികം രൂപയുടെ നാശനഷ്ടങ്ങൾ കാലവർഷക്കെടുതി മൂലം സംഭവിച്ചു. 2016-17 കാലയളവിൽ 16,667 കർഷകർക്കായി 3.89 കോടി രൂപയുടെയും, 2020-21-ൽ 8,151 കർഷകർക്കായി 4.15 കോടി രൂപയുടെയും കൃഷിനാശം രേഖപ്പെടുത്തിയിട്ടുണ്ട്.

വരൾച്ച മൂലമുള്ള കൃഷിനാശം 2024-25 കാലയളവിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് അതീവ ഗുരുതരമായി മാറിയിരിക്കുകയാണ്. 2014-15-ൽ 6,921 കർഷകരെ വരൾച്ച ബാധിച്ചപ്പോൾ, 2024-25-ൽ അത് 13,857 കർഷകരിലേക്ക് വർദ്ധിച്ചു. ഈ വർഷം മാത്രം 10.72 കോടിയിലധികം രൂപയുടെ നാശനഷ്ടമാണ് വരൾച്ച മൂലം സംഭവിച്ചത്. 2014 മുതൽ 2024 വരെയുള്ള കാലയളവിൽ കാലവർഷക്കെടുതിയും വരൾച്ചയും ഒരേപോലെ ജില്ലയിലെ കർഷകരുടെ ഉപജീവനത്തെ തകർക്കുന്ന അവസ്ഥയാണ് നിലനിൽക്കുന്നത്.

## ഭൂവിനിയോഗ രീതിയിലുള്ള മാറ്റങ്ങൾ

കൃഷി വകുപ്പിന്റെ കണക്കുകൾ പ്രകാരം കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ ജില്ലയിലെ ഭൂവിനിയോഗ രീതിയിൽ കാര്യമായ മാറ്റങ്ങൾ പ്രകടമാണ്. ജില്ലയുടെ ആകെ ഭൂവിസ്തൃതിയായ 4,36,328 ഹെക്ടറിൽ 1,98,413 ഹെക്ടറും വനഭൂമിയായി തന്നെ നിലനിൽക്കുന്നു. എന്നാൽ കാർഷികേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഭൂമിയുടെ അളവിൽ വലിയ വർദ്ധനവുണ്ടായിട്ടുണ്ട്. 2013-14 കാലയളവിൽ 12,700 ഹെക്ടർ ഭൂമിയാണ് ഇത്തരത്തിൽ ഉപയോഗിച്ചിരുന്നതെങ്കിൽ 2023-24-ൽ അത് 16,987.17 ഹെക്ടറായി വർദ്ധിച്ചു. ഇത് ജില്ലയിലെ വർദ്ധിച്ചുവരുന്ന നിർമ്മാണ പ്രവർത്തനങ്ങളെയും നഗരവൽക്കരണത്തെയുമാണ് സൂചിപ്പിക്കുന്നത്.

ഏറ്റവും ആശങ്കാജനകമായ വസ്തുത യഥാർത്ഥത്തിൽ കൃഷി ചെയ്യുന്ന ഭൂമിയുടെ അളവിൽ സംഭവിച്ച കുറവാണ്. 2013-14-ൽ 2,06,110 ഹെക്ടറിൽ കൃഷി നടന്നിരുന്ന സ്ഥാനത്ത് ഇന്ന് അത് 2,03,039.25 ഹെക്ടറായി കുറഞ്ഞു. ഒന്നിൽ കൂടുതൽ തവണ കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതിയിലും വലിയ ഇടിവുണ്ടായിട്ടുണ്ട്; പത്ത് വർഷം മുൻപ് 57,061 ഹെക്ടറായിരുന്നത് ഇപ്പോൾ 44,491.74 ഹെക്ടറായി ചുരുങ്ങി. തൽഫലമായി ജില്ലയിൽ മൊത്തത്തിൽ കൃഷി ചെയ്യുന്ന ഭൂമി 2,63,171 ഹെക്ടറിൽ നിന്നും 2,47,530.99 ഹെക്ടറായി കുറഞ്ഞു. കാലാവസ്ഥാ വ്യതിയാനവും കൃഷിയിലെ ലാഭക്കുറവും കാരണം കർഷകർ ഈ മേഖലയിൽ നിന്നും പിന്തിരിയുന്നതിന്റെ വ്യക്തമായ സൂചനയാണിത്.

ഭൂവിനിയോഗ പട്ടിക ചുവടെ നൽകുന്നു

| ഭൂമിയുടെ ഇനം | മൊത്തം ഭൂവ്യസ്തതി | |
|---|---|---|
| | 2023-24 | 2013-14 |
| മൊത്തം ഭൂവിസ്തൃതി | 436328 | 436328 |
| വനം | 198413 | 198413 |
| കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് | 16987.17 | 12700 |
| കൃഷിക്ക് ഉപയോഗിക്കാൻ ആവാത്തതും സ്ഥിരം തരിശുമായ ഭൂമി | 1403.49 | 1833 |
| സുസ്ഥിരമായ മേച്ചിൽസ്ഥലങ്ങളും പുൽമേടുകളും | 0 | 0 |
| കൃഷിയിടത്തിൽ ഉൾപ്പെടാത്ത മറ്റ് വൃക്ഷവിളകൾ | 145.86 | 248 |

| | | |
|---|---|---|
| കൃഷിക്ക് യോഗ്യമായ തരിശു ഭൂമി | 1614.07 | 2321 |
| ഇപ്പോഴുള്ള തരിശുഭൂമിയിൽ ഉൾപ്പെടാത്ത തരിശുഭൂമി | 1357 | 1220 |
| ഇപ്പോൾ തരിശായി കിടക്കുന്ന ഭൂമി | 1588.47 | 1647 |
| യഥാർഥത്തിൽ കൃഷി ചെയ്യുന്ന സ്ഥലം | 203039.25 | 206110 |
| ഒന്നിൽ കൂടുതൽ തവണ കൃഷി ചെയ്യുന്ന സ്ഥലം | 44491.74 | 57061 |
| മൊത്തത്തിൽ കൃഷി ചെയ്ത സ്ഥലം | 247530.99 | 263171 |

(സ്രോതസ്സ് : കൃഷിവകുപ്പ്)

## കൃഷിയിടങ്ങൾ തരിശിടുന്നതും നികത്തുന്നതും മൂലമുള്ള പ്രത്യാഘാതങ്ങൾ

ഇടുക്കി ജില്ലയുടെ ഭക്ഷ്യസുരക്ഷയിലും ജലസംരക്ഷണത്തിലും നിർണ്ണായക പങ്ക് വഹിച്ചിരുന്ന പാടശേഖരങ്ങളും തണ്ണീർത്തടങ്ങളും ഇന്ന് വലിയ വെല്ലുവിളികൾ നേരിടുകയാണ്. ജില്ലയിലെ അടിമാലി, ദേവികുളം, കട്ടപ്പന, തൊടുപുഴ, ഇളംദേശം എന്നീ ബ്ലോക്ക് പഞ്ചായത്തുകളിലാണ് നിലവിൽ പാടശേഖരങ്ങൾ ഉള്ളത്. എന്നാൽ, അനധികൃതമായ കയ്യേറ്റങ്ങൾ, പ്രകൃതിസൗഹൃദമല്ലാത്ത ടൂറിസം പദ്ധതികൾ, ചട്ടങ്ങൾ ലംഘിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ ജില്ലയിൽ വ്യാപകമായ വയൽ നികത്തലിന് കാരണമാകുന്നു. കഴിഞ്ഞ ഏതാനും വർഷങ്ങളായി കൃഷിയിടങ്ങൾ തരിശിടുന്ന പ്രവണതയും പാടശേഖര നികത്തലും വർദ്ധിച്ചുവരികയാണ്.

**കൃഷി ഉപേക്ഷിക്കാൻ കർഷകരെ പ്രേരിപ്പിക്കുന്ന ഘടകങ്ങൾ നിരവധിയാണ്:**

- സാമ്പത്തിക പ്രതിസന്ധി: വർദ്ധിച്ചുവരുന്ന കൂലിച്ചെലവും കൃഷിയിൽ നിന്നുള്ള വരുമാനക്കുറവും.
- കാലാവസ്ഥാ വ്യതിയാനം: അതിതീവ്ര മഴയും കടുത്ത വരൾച്ചയും മൂലം വിളകൾ തുടർച്ചയായി നശിക്കുന്നത്.
- മറ്റ് വെല്ലുവിളികൾ: തൊഴിലാളി ക്ഷാമം, വന്യമൃഗ ശല്യം എന്നിവ കർഷകരെ കൃഷിയിൽ നിന്ന് പിന്തിരിപ്പിക്കുന്നു.

പാടശേഖരങ്ങളും താഴ്ന്ന പ്രദേശങ്ങളും വീടുകൾ, വ്യാപാരശാലകൾ, ടൂറിസം കേന്ദ്രങ്ങൾ എന്നിവയ്ക്കായി നികത്തുന്ന പ്രവണത ജില്ലയിൽ ശക്തമാണ്. നിയമപരമായ നിയന്ത്രണങ്ങളുണ്ടെങ്കിലും, വിവിധ ഭേദഗതികളും ക്രമപ്പെടുത്തൽ നടപടികളും കൃഷിയിടങ്ങൾ മറ്റ് നിർമ്മിതികൾക്കായി മാറ്റാൻ കാരണമാകുന്നു. ഇതിന്റെ ഫലമായി കൃഷിയിട വിസ്തീർണ്ണം കുറയുകയും അരി, പച്ചക്കറി തുടങ്ങിയ ഭക്ഷ്യവിളകളിൽ ജില്ലയുടെ സ്വയംപര്യാപ്തത നഷ്ടപ്പെടുകയും ചെയ്യുന്നു. ഇത് ജലസുരക്ഷയെ ദുർബലമാക്കുന്നതിനൊപ്പം വെള്ളപ്പൊക്കം, മണ്ണൊലിപ്പ് എന്നിവയുടെ സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

നെടുങ്കണ്ടം, രാജാക്കാട്, കുമളി തുടങ്ങിയ ഉയർന്ന പ്രദേശങ്ങളിലെ പ്രധാന നാണ്യവിളയായ ഏലം കൃഷിയിൽ അമിതമായ അളവിൽ രാസവളങ്ങളും കീടനാശിനികളും ഉപയോഗിക്കുന്നത് മറ്റൊരു ഗുരുതരമായ പ്രശ്നമാണ്. ഇത് ജലസ്രോതസ്സുകളെയും മണ്ണിനെയും മലിനീകരിക്കുക മാത്രമല്ല, മണ്ണിന്റെ സ്വാഭാവിക പോഷണങ്ങളെ നശിപ്പിക്കുകയും വിളകളുടെ പ്രതിരോധശേഷി ഇല്ലാതാക്കി കൃഷി നശിപ്പിക്കുകയും ചെയ്യുന്നു.

**ജില്ലയിലെ തരിശുനിലം സംബന്ധിച്ച വിശദാംശങ്ങൾ (2018-2023)**

ജില്ലയിലെ തരിശുഭൂമിയുടെയും കൃഷിയോഗ്യമായ തരിശുഭൂമിയുടെയും കണക്കുകൾ താഴെ പട്ടികപ്പെടുത്തുന്നു:

| ക്രമ നം | ബ്ലോക്കിന്റെ /പഞ്ചായത്തിന്റെ പേര് | തരിശ് ഭൂമി (ഹെക്ടറിൽ) | | കൃഷിയോഗ്യമായ തരിശ് ഭൂമി (ഹെക്ടറിൽ) | |
|---|---|---|---|---|---|
| | | 2018-19 | 2022-23 | 2018-19 | 2022-23 |
| 1 | തൊടുപുഴ | 296 | 274 | 123 | 98 |
| 2 | ഇളംദേശം | 319 | 302 | 188 | 146 |
| 3 | ഇടുക്കി | 405 | 383 | 256 | 219 |
| 4 | കട്ടപ്പന | 386 | 377 | 213 | 170 |
| 5 | നെടുങ്കണ്ടം | 465 | 450 | 276 | 202 |
| 6 | പീരുമേട് | 327 | 314 | 265 | 216 |
| 7 | അടിമാലി | 412 | 389 | 254 | 207 |
| 8 | ദേവികുളം | 461 | 449 | 246 | 255 |
| | ആകെ | 3071 | 2398 | 1921 | 1513 |

(സ്രോതസ്സ് : കൃഷിവകുപ്പ്)

## തണ്ണീർത്തടങ്ങളുടെ ശോഷണം

പതിറ്റാണ്ടുകൾക്ക് മുമ്പ് വ്യാപകമായി നെൽകൃഷി ചെയ്തിരുന്ന തണ്ണീർത്തടങ്ങൾ ഇടുക്കിയുടെ ജലസ്രോതസ്സുകളുടെ പുനർസംഭരണത്തിന് (Recharge) സഹായിച്ചിരുന്നു. എന്നാൽ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണത്തിനും നാണ്യവിളകളുടെ കൃഷി വർദ്ധിപ്പിക്കുന്നതിനുമുള്ള ഇടപെടലുകൾ മിക്ക തണ്ണീർത്തടങ്ങളെയും ദോഷകരമായി ബാധിച്ചു. സ്വാഭാവിക ജലനിർഗ്ഗമന മാർഗ്ഗങ്ങൾ തടസ്സപ്പെട്ടതോടെ വെള്ളക്കെട്ടും ജലദൗർലഭ്യവും ഒരേപോലെ അനുഭവപ്പെടാൻ തുടങ്ങി. ഇതോടെ കർഷകർ നെൽകൃഷി ഉപേക്ഷിക്കാൻ നിർബന്ധിതരായി. തൊടുപുഴ, കട്ടപ്പന, അടിമാലി ബ്ലോക്കുകളിലെ പഴയ പാടശേഖരങ്ങളിൽ പലതും ഇന്ന് വ്യവസായ സ്ഥാപനങ്ങളും ഷോപ്പുകളും ചെറിയ ടൗൺഷിപ്പുകളുമായി പരിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു.

## അധിനിവേശ സസ്യങ്ങളുടെ വ്യാപനവും പാരിസ്ഥിതിക ഭീഷണിയും

ഇടുക്കി ജില്ലയുടെ തനതായ ജൈവവൈവിധ്യത്തിന് വലിയ ഭീഷണിയുയർത്തുന്ന ഒന്നാണ് അധിനിവേശ സസ്യങ്ങളുടെ (Invasive Species) അതിവേഗത്തിലുള്ള വ്യാപനം. ജില്ലയിലെ വിവിധ ഫോറസ്റ്റ്



ഡിവിഷനുകളിൽ ഇവയുടെ സാന്നിധ്യം വ്യാപകമാണ്. ഭൂപ്രകൃതിയുടെയും കാലാവസ്ഥയുടെയും പ്രത്യേകതകൾക്കനുസരിച്ച് വിവിധ ഇനത്തിലുള്ള അധിനിവേശ സസ്യങ്ങളാണ് ജില്ലയിലുടനീളം കണ്ടുവരുന്നത്. കേരള ഫോറസ്റ്റ് ഗവേഷണ സ്ഥാപനത്തിന്റെ (KFRI) പഠനമനുസരിച്ച്, ഈ സസ്യങ്ങൾ പ്രാദേശിക സസ്യജാലങ്ങളെ നശിപ്പിക്കുക മാത്രമല്ല, വന്യജീവികളുടെ ആവാസവ്യവസ്ഥയെപ്പോലും പ്രതികൂലമായി ബാധിക്കുന്നുമുണ്ട്.

### മേഖല തിരിച്ചുള്ള അധിനിവേശ സസ്യങ്ങളുടെ വ്യാപനം:

- മൂന്നാർ മേഖല: മൂന്നാർ വനം വന്യജീവി സങ്കേതത്തിന് കീഴിലുള്ള പ്രദേശങ്ങളിൽ പ്രധാനമായും വാറ്റിൽ (Wattle), യൂക്കാലിപ്സ് (Eucalyptus), പൈൻ (Pine) തുടങ്ങിയ വിദേശ മരങ്ങളാണ് ഭീഷണി ഉയർത്തുന്നത്. ഇരവികുളം നാഷണൽ പാർക്ക് ഉൾപ്പെടെയുള്ള ഉയർന്ന പുൽമേടുകളിൽ ഇവ പടരുന്നത് വംശനാശഭീഷണി നേരിടുന്ന വരയാടുകളുടെ ആവാസവ്യവസ്ഥയെ സാരമായി ബാധിക്കുന്നു. സ്വാഭാവിക പുല്ലുകൾക്ക് പകരം ഇത്തരം മരങ്ങൾ വളരുന്നത് വന്യജീവികളുടെ ഭക്ഷണലഭ്യത കുറയ്ക്കുന്നു.
- പെരിയാർ കടുവ സങ്കേതം: ഈ മേഖലയിൽ സെന്ന സ്പെക്ടാബിലിസ് (Senna spectabilis), ലന്റാന (Lantana camara), മൈക്കേനിയ (Mikania micrantha) തുടങ്ങിയവയാണ് പ്രധാന അധിനിവേശ സസ്യങ്ങൾ. ഇവ കാടിനുള്ളിലെ സ്വാഭാവിക വളർച്ചയെ തടസ്സപ്പെടുത്തുന്നു.
- ഇടുക്കി വന്യജീവി സങ്കേതം: ഇടുക്കി അണക്കെട്ടിനോട് ചേർന്നുള്ള പ്രദേശങ്ങളിൽ അമേരിക്കൻ വള്ളി, കമ്മ്യൂണിസ്റ്റ് പച്ച തുടങ്ങിയ അധിനിവേശ സസ്യങ്ങൾ വ്യാപകമായി കണ്ടുവരുന്നു. ഇവ മറ്റു സസ്യങ്ങളെ മൂടുകയും അവയുടെ വളർച്ചയെ മുരടിപ്പിക്കുകയും ചെയ്യുന്നു.
- മറയൂർ ചന്ദനവനം: ലോകപ്രശസ്തമായ മറയൂർ ചന്ദനമരങ്ങളുടെ വളർച്ചയ്ക്ക് ലന്താന, ഒപ്പൺഷ്യ (Opuntia) തുടങ്ങിയവ വലിയ ഭീഷണിയാണ്. ഇവ ചന്ദനമരങ്ങളുടെ സ്വാഭാവിക പുനരുൽപ്പാദനത്തെ തടസ്സപ്പെടുത്തുന്നതായി കെ.എഫ്.ആർ.ഐ റിപ്പോർട്ട് ചെയ്യുന്നു.

അധിനിവേശ സസ്യങ്ങൾ സൃഷ്ടിക്കുന്ന മറ്റൊരു പ്രധാന പ്രശ്നം കാട്ടുതീയുടെ വ്യാപനമാണ്. വേനൽക്കാലത്ത് ഇവ ഉണങ്ങി തിങ്ങിനിറഞ്ഞ അടിക്കാടുകളായി മാറുന്നു. ഇത് വളരെ വേഗത്തിൽ തീ പടരാൻ സഹായിക്കുകയും വനത്തിന്റെ വലിയൊരു ഭാഗം നശിക്കുന്നതിന് കാരണമാവുകയും ചെയ്യുന്നു. പ്രകൃതിദത്തമായ കാടുകളേക്കാൾ വേഗത്തിൽ തീ പിടിക്കാനുള്ള സാഹചര്യം ഇത്തരം സസ്യങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്ന് ഗവേഷണ പഠനങ്ങൾ വ്യക്തമാക്കുന്നു.

### മനുഷ്യ-വന്യജീവി സംഘർഷം: കാരണങ്ങളും പ്രത്യാഘാതങ്ങളും

ഇടുക്കി ജില്ലയിൽ സമീപകാലത്ത് വർദ്ധിച്ചുവരുന്ന വന്യജീവി ആക്രമണങ്ങൾ മനുഷ്യജീവിതത്തിനും കൃഷിക്കും വലിയ ഭീഷണിയാണ് ഉയർത്തുന്നത്. പ്രധാനമായും വനമേഖലയോട് ചേർന്നുള്ള ദേവികുളം, ഉടുമ്പൻചോല, പീരുമേട് താലൂക്കുകളിലെ ജനവാസ കേന്ദ്രങ്ങളിൽ മനുഷ്യ-വന്യജീവി സംഘർഷം (Human-Wildlife Conflict) ഒരു നിത്യസംഭവമായി മാറിയിരിക്കുന്നു. വനമേഖലയിലെ ചട്ടവിരുദ്ധമായ നിർമ്മാണ പ്രവർത്തനങ്ങൾ, അനധികൃത കയ്യേറ്റങ്ങൾ, പ്രകൃതിസൗഹൃദമല്ലാത്ത വികസന പദ്ധതികൾ എന്നിവ വന്യജീവികളുടെ സ്വാഭാവിക ആവാസവ്യവസ്ഥയെയും കാലങ്ങളായുള്ള ആനത്താരകളെയും (Elephant Corridors) തകർത്തിരിക്കുന്നു. പ്രധാനമായും മൂന്നാർ, വട്ടവട, മാട്ടുപ്പെട്ടി, കുണ്ടള, പീരുമേട്, വാഗമൺ, മറയൂർ എന്നിവിടങ്ങളിൽ കാണപ്പെടുന്ന യൂക്കാലിപ്റ്റസ്, അക്കേഷ്യ തുടങ്ങിയ ഒറ്റവിള തോട്ടങ്ങൾ വനത്തിലെ ജൈവവൈവിധ്യം കുറയ്ക്കുന്നതിനൊപ്പം വന്യജീവികളുടെ ഭക്ഷണശൃംഖലയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. ഇത് മൃഗങ്ങളെ ഭക്ഷണത്തിനായി കാടിന് പുറത്തിറങ്ങാൻ നിർബന്ധിതരാക്കുന്നു.

വർദ്ധിച്ചുവരുന്ന ആഗോള താപനിലയും കടുത്ത വരൾച്ചയും തേക്കടി, ചിന്നാർ മേഖലയിലെ വനത്തിനുള്ളിലെ ജലസ്രോതസ്സുകൾ വറ്റിപ്പോകുന്നതിനും ഭക്ഷണലഭ്യത കുറയുന്നതിനും കാരണമാകുന്നു. വെള്ളത്തിനും ഭക്ഷണത്തിനുമായി മൃഗങ്ങൾ കാടിറങ്ങുന്നത് മനുഷ്യരുമായുള്ള ഏറ്റുമുട്ടലുകൾക്ക് വഴിയൊരുക്കുന്നു. വനാതിർത്തികളിൽ കൃഷിഭൂമി തരിശിടുന്നതും, ഫലപ്രദമായ വൈദ്യുതവേലികളോ മറ്റ് സുരക്ഷാ സംവിധാനങ്ങളോ ഇല്ലാതെ വാഴ, മരച്ചീനി, നെല്ല് തുടങ്ങിയ വിളകൾ കൃഷി ചെയ്യുന്നതും മൃഗങ്ങളെ കാടിന് പുറത്തേക്ക് ആകർഷിക്കുന്നു. കാട്ടാനയും കാട്ടുപന്നിയും ഉൾപ്പെടെയുള്ള മൃഗങ്ങൾ ഈ വിളകൾക്കായി ജനവാസ കേന്ദ്രങ്ങളിലെത്തുന്നത് പതിവാകുന്നു.

മൂന്നാർ, വട്ടവട, മറയൂർ പ്രദേശങ്ങളിലെ ടൂറിസം മേഖലയുടെ അനിയന്ത്രിതമായ വ്യാപനം വന്യജീവികളുടെ സ്വൈര്യജീവിതത്തെ ബാധിക്കുന്നുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിന്നുള്ള ഭക്ഷണാവശിഷ്ടങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്നത് മൃഗങ്ങളെ മനുഷ്യവാസ കേന്ദ്രങ്ങളിലേക്ക് ആകർഷിക്കുന്ന മറ്റൊരു പ്രധാന ഘടകമാണ്. വനത്തോടു ചേർന്നുള്ള കന്നുകാലി മേച്ചിൽ മൃഗങ്ങൾക്കിടയിൽ രോഗങ്ങൾ പടരുന്നതിനും സ്വാഭാവിക പുൽമേടുകളുടെ നാശത്തിനും കാരണമാകുന്നു.

വനപ്രദേശങ്ങളോട് ചേർന്നുള്ള പ്രദേശങ്ങളിലെ ഉയർന്ന ജനസാന്ദ്രതയും ആദിവാസി സമൂഹങ്ങൾ മുൻകാലങ്ങളിൽ പിന്തുടർന്നിരുന്ന വനവുമായുള്ള പരമ്പരാഗതമായ സഹവർത്തിത്വ രീതികളുടെ കുറവും സംഘർഷങ്ങൾ വർദ്ധിപ്പിക്കുന്നതിന് കാരണമാകുന്നു.

### മാലിന്യ സംസ്കരണം: വെല്ലുവിളികളും നിലവിലെ അവസ്ഥയും

ഇടുക്കിയുടെ മണ്ണും ജലവും അന്തരീക്ഷവും എല്ലാ ജീവജാലങ്ങൾക്കും ആരോഗ്യത്തോടെ ജീവിക്കാൻ പാകത്തിൽ സംരക്ഷിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. മറ്റു ജില്ലകളെ അപേക്ഷിച്ച് മലിനീകരണ പ്രശ്നം താരതമ്യേന കുറവാണെങ്കിലും, വിനോദസഞ്ചാര മേഖലയുടെ വളർച്ച ജില്ലയുടെ പരിസ്ഥിതിക്ക് പുതിയ വെല്ലുവിളികൾ ഉയർത്തുന്നു.

1. ടൂറിസവും മാലിന്യ നിക്ഷേപവും: ഹോംസ്റ്റേകൾ, ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവയുമായി ബന്ധപ്പെട്ട ബിസിനസ്സുകളിൽ നിന്നും വിനോദസഞ്ചാരികളിൽ നിന്നും ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ ജില്ലയുടെ പാരിസ്ഥിതിക സന്തുലിതാവസ്ഥയെ ബാധിക്കുന്നു. ഡിസ്പോസിബിൾ വസ്തുക്കളുടെ അനിയന്ത്രിതമായ ഉപയോഗവും അശാസ്ത്രീയമായ സംസ്കരണ രീതികളും ഇതിന് ആക്കം കൂട്ടുന്നു. വിരലിലെണ്ണാവുന്ന സ്ഥാപനങ്ങളിൽ മാത്രമാണ് നിലവിൽ ശാസ്ത്രീയമായ സംസ്കരണ സംവിധാനങ്ങൾ നിലവിലുള്ളത്.

2. പ്രധാന മാലിന്യ നിക്ഷേപ കേന്ദ്രങ്ങൾ (Vulnerability Points): ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും ഉയർന്ന ജനസാന്ദ്രതയും വിനോദസഞ്ചാര കേന്ദ്രങ്ങളുടെ സാന്നിധ്യവും മാലിന്യ സംസ്കരണത്തെ കഠിനമാക്കുന്നു. പ്രധാനമായും താഴെ പറയുന്ന പാതയോരങ്ങളിൽ വലിയ തോതിലുള്ള മാലിന്യ നിക്ഷേപം കണ്ടുവരുന്നു:

- തൊടുപുഴ - പുളിയൻമല റോഡ്.
- കൊല്ലം - തേനി ദേശീയ പാത.
- മൂന്നാർ, വട്ടവട, ചിന്നക്കനാൽ മേഖലകൾ.
- കട്ടപ്പന മുനിസിപ്പാലിറ്റിയിലെ പുളിയൻമല - നെടുങ്കണ്ടം റോഡ്, കട്ടപ്പന - പുളിയൻമല റോഡ്.
- കട്ടപ്പന നഗരമധ്യത്തിലെ വെള്ളയാംകുടി പ്രദേശം.
- തൊടുപുഴ നഗരസഭയിലെ എം.വി.ഐ.പി (MVIP) കനാൽ കടന്നുപോകുന്ന ഇടവെട്ടി, മണക്കാട്, കുടയത്തൂർ, മുട്ടം, കുമാരമംഗലം എന്നീ പഞ്ചായത്തുകളുടെ അതിർത്തികൾ.

3. തോട്ടം മേഖലയിലെ പ്രതിസന്ധികൾ: ജില്ലയിലെ തോട്ടം മേഖല കേന്ദ്രീകരിച്ചുള്ള മാലിന്യസംസ്കരണം വലിയ പരാജയമാണ്. ലയങ്ങളിൽ താമസിക്കുന്ന തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന മാലിന്യങ്ങൾ

പലപ്പോഴും അശാസ്ത്രീയമായി കത്തിക്കുകയോ കുഴിച്ചുമൂടുകയോ ചെയ്യുന്നു. സർക്കാരിന്റെ മാലിന്യസംസ്കരണ പദ്ധതികളോട് പലപ്പോഴും എസ്റ്റേറ്റ് മാനേജ്മെന്റുകൾ പുലർത്തുന്ന വിമുഖതയും കൃത്യമായ മാർഗ്ഗരേഖയുടെ അഭാവവും ഈ മേഖലയെ പിന്നോട്ടടിക്കുന്നു.

4. മൂന്നാർ കല്ലാർ പ്ലാന്റിലെ തടസ്സങ്ങൾ: കേരളത്തിൽ ഏറ്റവും കൂടുതൽ സഞ്ചാരികൾ എത്തുന്ന മൂന്നാർ ഗ്രാമപഞ്ചായത്തിലെ ശാസ്ത്രീയ മാലിന്യ സംസ്കരണത്തിനായി സ്ഥാപിച്ച കല്ലാർ പ്ലാന്റ് ഇന്ന് വലിയ പ്രതിസന്ധിയിലാണ്. മാലിന്യ സംസ്കരണത്തിനായി വിപുലമായ സംവിധാനങ്ങളും സൗകര്യങ്ങളും ഇവിടെ ലഭ്യമാണെങ്കിലും, സമയബന്ധിതമായ പരിപാലനവും തൊഴിലാളികളുടെ സഹകരണവും ഇല്ലാത്തത് പ്ലാന്റിന്റെ പ്രവർത്തനം താറുമാറാക്കി. വേർതിരിക്കാത്ത മാലിന്യങ്ങൾ അശാസ്ത്രീയമായി കൂട്ടിയിടുന്നത് വന്യമൃഗങ്ങളെ പ്ലാന്റിലേക്ക് ആകർഷിക്കുന്നു. ഇത് മനുഷ്യ-വന്യജീവി സംഘർഷത്തിന് വഴിവെക്കുന്നു. കൂടാതെ, പ്ലാന്റിൽ നിന്നുള്ള മലിനജലം (Leachate) സമീപത്തെ തോട്ടിലേക്ക് ഒഴുകുന്നത് ദൂരവ്യാപകമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകും.

5. ഭൂമിശാസ്ത്രപരമായ തടസ്സങ്ങളും സാനിറ്ററി മാലിന്യങ്ങളും: ചിന്നക്കനാൽ, വട്ടവട, ദേവികുളം തുടങ്ങിയ പഞ്ചായത്തുകളിൽ റവന്യൂ ഭൂമി സംബന്ധിച്ച തർക്കങ്ങൾ നിലനിൽക്കുന്നത്, മാലിന്യസംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് തടസ്സമാകുന്നു. സാനിറ്ററി നാപ്കിൻ ഡിസ്ട്രോയറുകൾ, ചിക്കൻ റെൻഡറിംഗ് പ്ലാന്റുകൾ എന്നിവയുടെ അഭാവം ജില്ലയിലെ മാലിന്യപ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിൽ വലിയ പ്രതിസന്ധിയുണ്ടാക്കുന്നു.

6. ശബരിമല മണ്ഡലകാലത്തെ മലിനീകരണം: ശബരിമല മണ്ഡലകാലത്ത് കുമളി, വണ്ടിപ്പെരിയാർ, പീരുമേട് എന്നീ പഞ്ചായത്തുകളിലൂടെ ലക്ഷക്കണക്കിന് തീർത്ഥാടകർ കടന്നുപോകുന്നു. ഈ സമയത്ത് അലക്ഷ്യമായി വലിച്ചെറിയപ്പെടുന്ന മാലിന്യങ്ങളും തുറസ്സായ സ്ഥലത്തെ മലമൂത്രവിസർജ്ജനവും വലിയ പാരിസ്ഥിതിക ആഘാതമാണ് സൃഷ്ടിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും തീർത്ഥാടകർക്കിടയിലെ അവബോധമില്ലായ്മയും ഈ കാലയളവിലെ ശുചിത്വ പ്രവർത്തനങ്ങളെ പ്രതിസന്ധിയിലാക്കുന്നു.

മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കാൻ ബഹുമുഖ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിലും, ജനങ്ങളുടെ ജീവിതശൈലിയിലും മനോഭാവത്തിലും മാറ്റം വരികയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും നിലവിലെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുകയും കൃത്യത ഉറപ്പുവരുത്തുകയും ചെയ്താൽ മാത്രമേ ഇടുക്കിയെ പൂർണ്ണമായും മാലിന്യമുക്തമാക്കാൻ സാധിക്കൂ.

## ജലമലിനീകരണം: ദ്രവമാലിന്യ സംസ്കരണത്തിലെ വെല്ലുവിളികൾ

ഇടുക്കി ജില്ലയിലെ ജലസ്രോതസ്സുകൾ നേരിടുന്ന ഏറ്റവും വലിയ ഭീഷണി ശാസ്ത്രീയമായ ദ്രവമാലിന്യ സംസ്കരണ സംവിധാനങ്ങളുടെ (Liquid Waste Management) അപര്യാപ്തതയാണ്. അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനുള്ള ഉയർന്ന സാമ്പത്തിക ചെലവ് കാരണം നഗരപ്രദേശങ്ങളിലും ടൂറിസം കേന്ദ്രങ്ങളിലും ജലമലിനീകരണം രൂക്ഷമായിക്കൊണ്ടിരിക്കുന്നു.

### 1. നഗരപ്രദേശങ്ങളിലെയും ടൂറിസം കേന്ദ്രങ്ങളിലെയും പ്രതിസന്ധി

- മൂന്നാർ ടൂറിസം മേഖല: വിനോദസഞ്ചാര സീസണിൽ സഞ്ചാരികളുടെ എണ്ണം വർദ്ധിക്കുന്നതോടെ റിസോർട്ടുകൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ എന്നിവിടങ്ങളിൽ നിന്നുള്ള ദ്രവമാലിന്യം കൈകാര്യം ചെയ്യാൻ കഴിയാതെ വരുന്നു. മിക്ക സ്ഥാപനങ്ങളിലും സ്വന്തമായി സംസ്കരണ സംവിധാനമില്ലാത്തതിനാൽ മലിനജലം നേരിട്ട് തുറന്നുവിടുന്നത് കിണറുകളിലെ വെള്ളം മലിനമാകാനും പ്രദേശം ദുർഗന്ധപൂരിതമാകാനും കാരണമാകുന്നു.
- അടിമാലി: പ്രധാന കച്ചവട കേന്ദ്രമായ അടിമാലിയിലെ മാർക്കറ്റുകൾ, ഹോട്ടലുകൾ എന്നിവയിൽ നിന്നുള്ള 'ഗാർഹിക മലിനജലം' (Gray water) ശാസ്ത്രീയമായി സംസ്കരിക്കാതെ ഓടകൾ വഴി

പുഴയിലേക്ക് ഒഴുക്കുന്നു. ഈ ചാലുകൾ ഒടുവിൽ പെരിയാറിന്റെ പോഷകനദികളിൽ ചേരുന്നത് പെരിയാർ നദീതടത്തെ മൊത്തത്തിൽ ദോഷകരമായി ബാധിക്കുന്നു.

- കട്ടപ്പന: നഗരത്തിന്റെ ഹൃദയഭാഗത്തുകൂടി ഒഴുകുന്ന കട്ടപ്പനയാർ ഇന്ന് അതീവ മലിനമാണ്. മൂന്ന് കൈവഴികളിലായി നഗരത്തിലെ മാർക്കറ്റ് മാലിന്യങ്ങളും സെപ്റ്റേജ് മാലിന്യങ്ങളും ആറ്റിലെത്തുന്നു. ഇത് കാഞ്ചിയാർ പഞ്ചായത്ത് വഴി അഞ്ചുരുളിയിൽ എത്തി ഇടുക്കി ജലാശയത്തിന്റെ ഭാഗമായി മാറുന്നു.
- തൊടുപുഴ: ജില്ലയിലെ പ്രധാന നഗരമായ തൊടുപുഴയിൽ ദ്രവമാലിന്യ സംസ്കരണ സംവിധാനം കാലോചിതമായി നവീകരിക്കാൻ സാധിക്കാത്തത് വലിയ വെല്ലുവിളിയാണ്. വിവിധ വകുപ്പുകളുടെ ഏകോപനമില്ലായ്മയും എതിർപ്പും കാരണം തൊടുപുഴയാർ മലിനമാകുന്നു.

**2. ഇടുക്കി ജലാശയവും തടയണകളും നേരിടുന്ന ഭീഷണി**

ജലാശയങ്ങളുടെ വൃഷ്ടിപ്രദേശങ്ങളിൽ വിനോദസഞ്ചാരികൾ ഉപേക്ഷിക്കുന്ന പ്ലാസ്റ്റിക് കുപ്പികൾ, തെർമോകോൾ, സാനിറ്ററി പാഡുകൾ, ക്യാനുകൾ എന്നിവ വർഷകാലത്തെ മലവെള്ളപ്പാച്ചിലിൽ ഇടുക്കി ജലാശയത്തിലേക്ക് കുതിച്ചെത്തുന്നു. നെടുംകണ്ടം ടൗണിലൂടെ ഒഴുകുന്ന തോട് ഇന്ന് വ്യാപാര സ്ഥാപനങ്ങളിലെ ദ്രവമാലിന്യം വഹിക്കുന്ന ചാലായി മാറി. ഈ മാലിന്യങ്ങൾ കല്ലാർ പുഴ വഴി ഇരട്ടയാർ ഡാമിലും അവിടെനിന്ന് ഇടുക്കി ജലാശയത്തിലും എത്തിച്ചേരുന്നു.

**3. സെപ്റ്റേജ് മാലിന്യങ്ങളുടെ അനധികൃത നിക്ഷേപം**

രാത്രിയുടെ മറവിൽ കക്കൂസ് മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിലും ജലാശയങ്ങളിലും ഒഴുക്കുന്നത് ജില്ലയിൽ വർദ്ധിച്ചുവരികയാണ്. ജില്ലയ്ക്ക് പുറത്തുനിന്നുള്ള മാലിന്യങ്ങൾ ഇരട്ടയാർ, മുട്ടം പഞ്ചായത്തുകളിലും ഇരട്ടയാർ ഡാമിലും നിക്ഷേപിക്കുന്നത് പ്രശ്നത്തിന്റെ ഗുരുതരാവസ്ഥ ചൂണ്ടിക്കാണിക്കുന്നു. മലങ്കര എസ്റ്റേറ്റ്, മലങ്കര ജലാശയം എന്നിവിടങ്ങളിൽ സെപ്റ്റേജ് മാലിന്യം ഒഴുക്കുന്നത് ജലമലിനീകരണ തോത് വർദ്ധിപ്പിക്കുന്നു.

മൂന്നാറിലെ നല്ലതണ്ണി തോട് വ്യാപാര സ്ഥാപനങ്ങളിൽ നിന്നുള്ള ദ്രവമാലിന്യങ്ങളാൽ മലീമസമാണ്. ഏലപ്പാറ, വണ്ടിപ്പെരിയാർ തുടങ്ങിയ പ്രദേശങ്ങളും ദ്രവമാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ ഏറെ പിന്നിലാണ്.

ഇതിനുപുറമെ, കാർഷിക മേഖലയിൽ ഉപയോഗിക്കുന്ന രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിത ഉപയോഗം മഴവെള്ളത്തിലൂടെ ജലാശയങ്ങളിലെത്തുന്നു. ഇത് ജലാശയങ്ങളുടെ സ്വാഭാവികത നഷ്ടപ്പെടുത്തുകയും അവിടുത്തെ ജല ആവാസവ്യവസ്ഥയെ തകർക്കുകയും ചെയ്യുന്നു.

## ഇടുക്കിയും ജലക്ഷാമവും

കേരളത്തിന്റെ 'ജലസംഭരണി' എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഇടുക്കി ജില്ലയിൽ, വർഷകാലം കഴിഞ്ഞാൽ അനുഭവപ്പെടുന്ന രൂക്ഷമായ ജലദൗർലഭ്യം വലിയൊരു വെല്ലുവിളിയാണ്. സമൃദ്ധമായ മഴ ലഭിക്കുന്നുണ്ടെങ്കിലും ജില്ലയുടെ സവിശേഷമായ ഭൂപ്രകൃതി ജലസംരക്ഷണത്തിന് തടസ്സമാകുന്നു. മലകളാലും കുത്തനെയുള്ള ചരിവുകളാലും ചുറ്റപ്പെട്ട പ്രദേശമായതിനാൽ മഴവെള്ളം മണ്ണിലേക്കിറങ്ങുന്നതിന് (Soil Infiltration) മുൻപ് തന്നെ ഉപരിതലത്തിലൂടെ അതിവേഗം ഒഴുകിപ്പോകുന്നു. ഇത് ഭൂഗർഭജലത്തിന്റെ അളവ് കുറയുന്നതിനും നീർവാർച്ചാ സംവിധാനങ്ങൾ വറ്റിവരളുന്നതിനും കാരണമാകുന്നു.

**പ്രാദേശികമായ ജലപ്രതിസന്ധികൾ**

ജില്ലയുടെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്തമായ കാരണങ്ങളാലാണ് ജലക്ഷാമം അനുഭവപ്പെടുന്നത്:

- സെമി ക്രിട്ടിക്കൽ മേഖലകൾ: കട്ടപ്പന, നെടുങ്കണ്ടം ബ്ലോക്കുകൾ സെമി ക്രിട്ടിക്കൽ മേഖലകളായാണ് കണക്കാക്കപ്പെടുന്നത്. വേനൽക്കാലത്ത് അതിരൂക്ഷമായ ജലക്ഷാമം

അനുഭവപ്പെടുന്ന ഇവിടെ, ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ കുഴൽക്കിണറുകൾ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. ഭൂഗർഭജലത്തിന്റെ കുറവ് മൂലം വളരെ ആഴത്തിൽ കുഴൽക്കിണറുകൾ നിർമ്മിക്കേണ്ടിവരുന്നത് ഈ മേഖലയിലെ സാധാരണ കാഴ്ചയാണ്.

- മഴനിഴൽ പ്രദേശങ്ങൾ: ദേവികുളം താലൂക്കിലെ വട്ടവട, കാന്തല്ലൂർ, മറയൂർ, ചിന്നാർ മേഖലകൾ മഴനിഴൽ പ്രദേശങ്ങളിലാണ് ഉൾപ്പെടുന്നത്. ഇവിടെ ലഭിക്കുന്ന മഴയുടെ അളവ് വളരെ പരിമിതമായതിനാൽ ജലക്ഷാമം വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പ്രതിസന്ധിയാണ്.
- പീരുമേടും മൂന്നാറും: ജില്ലയിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന പീരുമേട്ടിലും മഞ്ഞുപുതച്ച മൂന്നാറിലും തേക്കടിയിലും ഇന്ന് ശുദ്ധജലക്ഷാമം രൂക്ഷമാണ്. ജലസ്രോതസ്സുകൾ വറ്റുന്നതും നിലവിലുള്ള ജലവിതരണ പദ്ധതികളുടെ കാര്യക്ഷമതയില്ലായ്മയും ഈ ടൂറിസം മേഖലകളെ പ്രതിസന്ധിയിലാക്കുന്നു.

### മഴ ലഭ്യതയിലെ വ്യതിയാനങ്ങൾ (2013 - 2022)

ജില്ലയിലെ വിവിധ സ്റ്റേഷനുകളിൽ ലഭിച്ച മഴയുടെ അളവ് (മില്ലിമീറ്ററിൽ) താഴെ നൽകുന്നു. ഇത് പരിശോധിക്കുമ്പോൾ മറയൂർ പോലുള്ള പ്രദേശങ്ങളിലെ മഴയുടെ കുറവും മറ്റ് പ്രദേശങ്ങളിലെ വ്യതിയാനവും വ്യക്തമാകും.

| സ്റ്റേഷൻ | 2013 | 2014 | 2015 | 2016 | 2017 | 2018 | 2019 | 2020 | 2021 | 2022 |
|---|---|---|---|---|---|---|---|---|---|---|
| പൈനാവ് | 3800.5 | 2030.5 | 4845.9 | 2906.8 | 2131.0 | 1589.0 | 5394.2 | 2495.1 | 3880.5 | 1236.9 |
| കുമളി | 1866.6 | 2146.6 | 1542.7 | 1884.2 | 5098.5 | 1948.2 | 4275.5 | 1285.7 | – | – |
| ബോയ്സ് എസ്റ്റേറ്റ് | 4571.88 | 4547.4 | 3075.9 | 2264.0 | 3687.8 | 3761.1 | 3360.0 | 4159.7 | 5097.0 | 3609.5 |
| വണ്ണപ്പുറം | 5646.4 | 5277.13 | 2829.7 | 2581.7 | 4135.0 | 5282.6 | 4165.0 | 4481.9 | 4391.9 | 3542.0 |
| അടിമാലി | 3036.4 | 4706.1 | 3078.2 | 2577.3 | 4023.8 | 5399.2 | 2495.1 | 4052.7 | 5899.1 | 5201.3 |
| കട്ടപ്പന മുൻസിപ്പാലിറ്റി | 2335.5 | 1789.8 | 1687.0 | 1302.0 | 2331.3 | 2559.7 | 1741.1 | 2145.83 | 2372.4 | 2245.0 |
| നെടുംങ്കണ്ടം | 1976.5 | 2126.0 | 1531.5 | 1166.7 | 1828.2 | 2654.8 | 1455.0 | 2182.1 | 2100.8 | 2010.4 |
| മറയൂർ | 659.1 | 1536.7 | 981.7 | 623.6 | 910.4 | 1193.0 | 975.5 | 1759.3 | 1426.7 | 1247.2 |
| ശരാശരി | 3007.10 | 3370.00 | 2209.98 | 1793.81 | 2850.91 | 3548.90 | 2278.69 | 3068.28 | 3541.83 | 2927.08 |

## ജലക്ഷാമവും കുടിവെള്ള വിതരണവും

ജലക്ഷാമം പരിഹരിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ടാങ്കർ ലോറികളിൽ കുടിവെള്ളം എത്തിക്കാൻ വലിയ തുക ചിലവഴിക്കുന്നുണ്ട്. ഈ തുക ഓരോ വർഷത്തെയും കാലാവസ്ഥാ വ്യതിയാനത്തിന് അനുസരിച്ച് മാറിക്കൊണ്ടിരിക്കുന്നു.



**ടാങ്കർ ലോറി കുടിവെള്ള വിതരണത്തിന് ചിലവാക്കിയ തുക (രൂപയിൽ):**

| ക്രമ നമ്പർ | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് | കഴിഞ്ഞ 10 വർഷ കാലയളവിൽ ഓരോ വർഷവും ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനം ചിലവഴിച്ച തുക (രൂപയിൽ) | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | 2015 | 2016 | 2017 | 2018 | 2019 | 2020 | 2021 | 2022 | 2023 | 2024 | 2025 |
| 1 | കൊന്നത്തടി | 0 | 734180 | 837671 | 0 | 0 | 480000 | 0 | 0 | 0 | 545800 | 0 |
| 2 | പാമ്പാടുംപാറ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 621658 |
| 3 | വെള്ളിയാമറ്റം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 487188 | 0 |
| 4 | ഇടുക്കി-കഞ്ഞിക്കുഴി | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 0 |
| 5 | കാമാക്ഷി | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1684100 | 0 |
| 6 | വണ്ടൻമേട് | 0 | 0 | 720000 | 0 | 0 | 0 | 0 | 920751 | 2616000 | 1752200 | 0 |
| 7 | ഇരട്ടയാർ | 0 | 0 | 0 | 0 | 0 | 0 | 986000 | 0 | 0 | 0 | 0 |
| 8 | ചക്കുപള്ളം | 0 | 0 | 0 | 0 | 0 | 0 | 315316 | 0 | 0 | 861300 | 0 |
| ആകെ | | 734180 | 1557671 | | | 480000 | 1301316 | 920751 | 2716000 | 5330588 | 621658 | |

2024-ൽ മാത്രം ചിലവാക്കിയ 53 ലക്ഷത്തിലധികം രൂപ ജില്ലയിലെ ജലക്ഷാമത്തിന്റെ ആഴം വെളിപ്പെടുത്തുന്നു. ജില്ലയിലെ ജല ഉപയോഗം പൂർണ്ണമായും കാലാവസ്ഥയെ ആശ്രയിച്ചിരിക്കുന്നു. സ്ഥിരമായ ഒരു ആനുപാതികത്തിലല്ല തദ്ദേശ സ്ഥാപനങ്ങൾ പദ്ധതി വിഹിതം നീക്കിവെക്കുന്നത് എന്നത് ജലസംരക്ഷണ പ്രവർത്തനങ്ങളിൽ ശാശ്വത പരിഹാരങ്ങൾ ആവശ്യമാണെന്നതിലേക്ക് വിരൽ ചൂണ്ടുന്നു. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് 23 നിരീക്ഷണ കുഴൽക്കിണറുകളിലൂടെയും മറ്റ് സ്രോതസ്സുകളിലൂടെയും ജലവിതാനം നിരീക്ഷിക്കുന്നുണ്ടെങ്കിലും പ്രതിസന്ധി തുടരുകയാണ്.

## ഭൂഗർഭ ജലവിതാനം: സീസണൽ വ്യതിയാനങ്ങളും പത്തുവർഷത്തെ പ്രവണതയും

ഇടുക്കി ജില്ലയിലെ ഭൂഗർഭ ജലത്തിന്റെ അളവ് നിരീക്ഷിക്കുന്നതിനായി ഭൂജല വകുപ്പ് നടത്തുന്ന പഠനങ്ങൾ ജില്ലയുടെ ജലസുരക്ഷയെക്കുറിച്ചുള്ള വ്യക്തമായ സൂചനകൾ നൽകുന്നു. 2024-ലെ പോസ്റ്റ് മൺസൂൺ (മഴയ്ക്ക് ശേഷമുള്ള) കാലയളവും 2025-ലെ പ്രീ മൺസൂൺ (മഴയ്ക്ക് മുൻപുള്ള) കാലയളവും തമ്മിലുള്ള താരതമ്യപഠനം താഴെ വിവരിക്കുന്നു.

### 1. സീസണൽ ജലവിതാന താരതമ്യം (2024 - 2025)

2024 പോസ്റ്റ് മൺസൂൺ കാലത്തെ ജലവിതാനവും 2025 പ്രീ മൺസൂൺ കാലത്തെ ജലവിതാനവും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ സമ്മിശ്രമായ ഫലമാണ് കാണുന്നത്. ജില്ലയിലെ ഏകദേശം 90% നിരീക്ഷണ കിണറുകളിലും ജലവിതാനം ഉയർന്നുനിൽക്കുന്നതായി കാണപ്പെടുന്നു. ഇത് കഴിഞ്ഞ വർഷത്തെ മഴലഭ്യത ഭൂഗർഭ ജലസ്രോതസ്സുകളെ പരിപോഷിപ്പിച്ചതിന്റെ സൂചനയാണ്. എന്നാൽ 10% കിണറുകളിൽ ജലവിതാനം താഴ്ന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്.

**ബ്ലോക്ക് അടിസ്ഥാനത്തിലുള്ള വിശകലനം:**

ബ്ലോക്ക് അടിസ്ഥാനത്തിൽ 2024 പോസ്റ്റ് മൺസൂൺ ജല വിതാനവും
2025 പ്രീ മൺസൂൺ ജല വിതാനവും

| ബ്ലോക്ക് | പ്രീ മൺസൂൺ 2025 | | | പോസ്റ്റ് മൺസൂൺ 2024 | | | ഉയർന്നത് | | | | താഴ്ന്നത് | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | Min | Max | Avg | Min | Max | Avg | Nos | Min | Max | Avg | Nos | Min | Max | Avg |
| അടിമാലി | 2.14 | 2.27 | 2.21 | 1.84 | 2.07 | 1.96 | 7 | 0.23 | 1.65 | 0.75 | | | | |
| അഴുത | 37.39 | 38.60 | 37.96 | 34.98 | 35.57 | 35.24 | 10 | 0.03 | 3.44 | 1.10 | 2 | 0.15 | 0.37 | 0.26 |
| ദേവികുളം | 3.24 | 3.31 | 3.28 | 2.77 | 3.02 | 2.91 | 14 | 0.19 | 11.02 | 1.62 | 2 | 0.67 | 1.51 | 1.09 |
| ഇളംദേശം | 3.16 | 3.43 | 3.30 | 3.01 | 3.87 | 3.30 | 9 | 0.53 | 1.63 | 1.04 | 3 | 0.01 | 0.78 | 0.51 |
| ഇടുക്കി | 15.82 | 17.03 | 16.29 | 13.86 | 15.97 | 15.26 | 9 | 0.21 | 4.42 | 1.40 | | | | |
| കട്ടപ്പന | 9.20 | 10.20 | 9.54 | 7.87 | 8.55 | 8.11 | 10 | 0.20 | 20.24 | 3.03 | | | | |
| നെടുംങ്കണ്ടം | 32.70 | 36.66 | 34.68 | 31.40 | 32.23 | 31.76 | 7 | 0.03 | 2.92 | 0.95 | 1 | 0.09 | 0.09 | 0.09 |
| തൊടുപുഴ | 3.39 | 4.31 | 3.90 | 3.20 | 3.51 | 3.33 | 8 | 0.34 | 1.52 | 0.69 | | | | |

മുകളിൽ തന്നിരിക്കുന്ന ടേബിളിൽ ബ്ലോക്ക് തലത്തിലുള്ള സീസണൽ വ്യതിയാനം രേഖപ്പെടുത്തിയിരിക്കുന്നു. അഴുത, ഇളംദേശം, ദേവികുളം, നെടുങ്കണ്ടം എന്നീ ബ്ലോക്കുകളിലെ ചില കിണറുകളിൽ ഒഴികെ മറ്റെല്ലാ കിണറുകളിലും ജലവിതാനം ഉയരുന്നതായി കാണുന്നു.

കട്ടപ്പന ബ്ലോക്കിലാണ് ജലവിതാനത്തിൽ ഏറ്റവും വലിയ ഉയർച്ച (3.03 മീറ്റർ) രേഖപ്പെടുത്തിയിരിക്കുന്നത്. അഴുത, ഇളംദേശം, ദേവികുളം, നെടുങ്കണ്ടം എന്നീ ബ്ലോക്കുകളിലെ ചുരുക്കം ചില കിണറുകളിൽ ഒഴികെ മറ്റെല്ലായിടത്തും ജലവിതാനം ആശാവഹമായ രീതിയിൽ ഉയർന്നു നിൽക്കുന്നു.

## 2. പത്തുവർഷത്തെ ഭൂജല പ്രവണത (2014-2024 Trend Analysis)

കഴിഞ്ഞ പത്ത് വർഷത്തെ (2014-2024) കണക്കുകൾ പരിശോധിക്കുമ്പോൾ ജില്ലയിലെ ഭൂഗർഭ ജലവിതാനത്തിൽ വലിയ തോതിലുള്ള കുറവ് അനുഭവപ്പെടുന്നില്ല എന്നത് ആശ്വാസകരമാണ്. ഭൂരിഭാഗം നിരീക്ഷണ കേന്ദ്രങ്ങളിലും നേരിയ തോതിലുള്ള ഉയർച്ചയോ അല്ലെങ്കിൽ സ്ഥിരതയോ രേഖപ്പെടുത്തിയിട്ടുണ്ട്.



| ബ്ലോക്ക് | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ | വില്ലേജ് | കിണർ നമ്പർ | ഉയർച്ച | താഴ്ച്ച |
|---|---|---|---|---|---|
| അഴുത | ഏലപ്പാറ | ഏലപ്പാറ 1 | IDK09 | 0.01 | |
| അഴുത | കുമിളി | കുമളി | 69 | | 0.02 |
| അഴുത | അഴുത | പീരുമേട് 1 | 68 | 0.05 | |
| അഴുത | പെരുവന്താനം | പെരുവന്താനം | IDK10 | 0.00 | |
| അഴുത | വണ്ടിപ്പെരിയാർ | പെരിയാർ 3 | IDK11 | 0.12 | |
| ദേവികുളം | അടിമാലി | അടിമാലി | 76 | 0.02 | |
| ദേവികുളം | മറയൂർ | മറയൂർ | 75 | 0.09 | |
| ദേവികുളം | മൂന്നാർ | മൂന്നാർ | 74 | 0.10 | |
| ദേവികുളം | മൂന്നാർ | മൂന്നാർ | 77 | 0.04 | |
| ദേവികുളം | ശാന്തൻപാറ | ശാന്തൻപാറ | 73 | 0.02 | |
| ഇളംദേശം | കരിമണ്ണൂർ | കരിമണ്ണൂർ 1 | IDK06 | 0.02 | |
| ഇളംദേശം | വണ്ണപ്പുറം | വണ്ണപ്പുറം | IDK05 | 0.00 | |
| ഇടുക്കി | അറക്കുളം | അറക്കുളം | IDK04 | 0.10 | |
| ഇടുക്കി | വാഴത്തോപ്പ് | ഇടുക്കി 1 | IDK07 | 0.04 | |
| കട്ടപ്പന | കട്ടപ്പന മുൻസിപ്പാലിറ്റി | അയ്യപ്പൻകോവിൽ | 71 | 0.04 | |
| കട്ടപ്പന | കട്ടപ്പന മുൻസിപ്പാലിറ്റി | കട്ടപ്പന | IDK08 | 0.01 | |
| കട്ടപ്പന | വണ്ടൻമേട് | ചക്കുപള്ളം 2 | 70 | 0.00 | |
| തൊടുപുഴ | നെടുങ്കണ്ടം | കൽകൂന്തൽ 2 | 72 | 0.03 | |
| തൊടുപുഴ | കരിങ്കുന്നം | കരിങ്കുന്നം | IDK02 | 0.01 | |
| തൊടുപുഴ | മുട്ടം | മുട്ടം 2 | IDK03 | | 0.05 |
| തൊടുപുഴ | തൊടുപുഴ മുൻസിപ്പാലിറ്റി | തൊടുപുഴ | IDK01 | 0.07 | |

(ഭൂജല വകുപ്പ്, ഇടുക്കി)

അടിമാലി (0.02), മറയൂർ (0.09), മൂന്നാർ (0.10), അറക്കുളം (0.10) തുടങ്ങിയ പ്രദേശങ്ങളിൽ പത്ത് വർഷത്തെ കാലയളവിൽ ജലവിതാനത്തിൽ നേരിയ ഉയർച്ച കാണപ്പെടുന്നു. കുമളി (0.02), മുട്ടം (0.05) എന്നീ പ്രദേശങ്ങളിൽ പത്ത് വർഷത്തിനിടയിൽ ജലവിതാനം നേരിയ തോതിൽ താഴുന്ന പ്രവണതയും (Falling Trend) കാണിക്കുന്നുണ്ട്. പെരുവന്താനം, വണ്ണപ്പുറം, വണ്ടൻമേട് തുടങ്ങിയ സ്ഥലങ്ങളിൽ ജലവിതാനം കാര്യമായ മാറ്റമില്ലാതെ (0.00 വ്യതിയാനം) തുടരുന്നു.

2024-25 കാലയളവിലെ കണക്കുകൾ പ്രകാരം 90% കിണറുകളിലും ജലനിരപ്പ് ഉയർന്നത് ജില്ലയിൽ ലഭിച്ച മഴവെള്ളം ഭൂമിയിലേക്ക് ഇറങ്ങുന്ന പ്രക്രിയ മെച്ചപ്പെട്ടതിനെ സൂചിപ്പിക്കുന്നു. ഹരിതകേരളം മിഷൻ പോലുള്ള പദ്ധതികളിലൂടെ നടപ്പിലാക്കിയ മഴക്കുഴികളും തടയണകളും ഇതിന് സഹായിച്ചിട്ടുണ്ടാകാം. പത്തുവർഷത്തെ കണക്കുകൾ പ്രകാരം കുമളി, മുട്ടം തുടങ്ങിയ സ്ഥലങ്ങളിൽ ജലനിരപ്പ് താഴുന്നത് ശ്രദ്ധിക്കേണ്ടതാണ്. ഈ പ്രദേശങ്ങളിൽ ഭൂഗർഭ ജലത്തിന്റെ അമിതമായ ഉപയോഗം നടക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതുണ്ട്. നെടുങ്കണ്ടം, കട്ടപ്പന പോലുള്ള സെമി ക്രിട്ടിക്കൽ മേഖലകളിൽ നിലവിൽ ജലനിരപ്പ് ഉയർന്നു നിൽക്കുന്നുണ്ടെങ്കിലും പത്തുവർഷത്തെ ട്രെൻഡ് വളരെ കുറഞ്ഞ ഉയർച്ച (0.01 - 0.04) മാത്രമാണ് കാണിക്കുന്നത്. അതിനാൽ ഈ മേഖലകളിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കേണ്ടതുണ്ട്.

# പരിസ്ഥിതി പ്രശ്നങ്ങളിലെ ഇടപെടൽ സാധ്യതകൾ

പ്രകൃതിക്കുമേലുള്ള അനിയന്ത്രിതമായ മനുഷ്യ ഇടപെടലുകളും വിഭവങ്ങളുടെ അശാസ്ത്രീയമായ ചൂഷണവുമാണ് കാലാവസ്ഥാ വ്യതിയാനത്തിനും പ്രകൃതി സമ്പത്തിന്റെ നാശത്തിനും പ്രധാന കാരണമാകുന്നത്. ജലാശയങ്ങളുടെയും നീർച്ചാലുകളുടെയും സ്വാഭാവികത നഷ്ടപ്പെട്ട് അവ ഇടുങ്ങിയ സാഹചര്യമാണ് ഇന്നുള്ളത്. ഇത് വെള്ളപ്പൊക്കത്തിനും തീരശോഷണത്തിനും കാരണമാകുന്നു. ആവർത്തിക്കുന്ന വരൾച്ചയും പ്രളയവും കർഷകരെ ഈ മേഖലയിൽ നിന്ന് പിന്തിരിപ്പിക്കുന്നു. എന്നാൽ, ബോധപൂർവ്വമായ ഇടപെടലുകളിലൂടെയും ശാസ്ത്രീയമായ ആസൂത്രണത്തിലൂടെയും ഈ പ്രശ്നങ്ങളുടെ തീവ്രത കുറയ്ക്കാനും അവ പരിഹരിക്കാനും സാധ്യമാണ്. ഇത്തരത്തിൽ ജില്ലയിൽ നിലനിൽക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളിൽ പ്രദേശത്തിന്റെ സാഹചര്യങ്ങൾക്കനുസൃതമായി കൈകാര്യം ചെയ്യാൻ കഴിയുന്നവയാണ് ഈ ഭാഗത്തിലുൾപ്പെടുത്തിയിട്ടുള്ളത്.

## മാലിന്യസംസ്ക്കരണം: ഇടപെടൽ സാധ്യതകൾ

ഇടുക്കി ജില്ലയിലെ പരിഹരിക്കാവുന്ന മാലിന്യ പ്രശ്നങ്ങളും അതിനായി സ്വീകരിക്കാവുന്ന മാർഗ്ഗങ്ങളും മാതൃകകളും ആണ് ഇവിടെ ചർച്ച ചെയ്യുന്നത്.

### അജൈവ മാലിന്യസംസ്കരണം: അടിസ്ഥാന സൗകര്യങ്ങളുടെ വികസനം

ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിലവിൽ നേരിടുന്ന മാലിന്യ സംസ്കരണ അപാകതകൾ പരിഹരിക്കാൻ പൊതു ബിന്നുകൾ, മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ, മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ, റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ തുടങ്ങിയ മാലിന്യസംസ്കരണ അടിസ്ഥാന സൗകര്യങ്ങൾ വ്യാപിപ്പിക്കാവുന്നതാണ്. സംവിധാനങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഉറപ്പാക്കുന്നതിന് പുറമേ ഹരിത കർമ്മസേനയെ ശക്തിപ്പെടുത്തുന്നതും അവരുടെ സേവനങ്ങളുടെ വ്യാപനം ഉറപ്പാക്കുന്നതും ഈ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ സഹായിക്കും. ഹരിത കർമ്മ സേനയ്ക്ക് കൃത്യമായ പരിശീലനം, സുരക്ഷാ ഉപകരണങ്ങൾ, വാഹന സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കുന്നതിനൊപ്പം ജനങ്ങൾ നൽകുന്ന 'യൂസർ ഫീ' കൃത്യമായി ശേഖരിക്കുന്നതിനുള്ള നടപടികളും ശക്തിപ്പെടുത്താവുന്നതാണ്.



## ജൈവ മാലിന്യസംസ്ക്കരണം: അടിസ്ഥാന സൗകര്യങ്ങളുടെ വികസനം

ഇടുക്കി ജില്ല നേരിടുന്ന പ്രധാന പാരിസ്ഥിതിക വെല്ലുവിളിയായ മാലിന്യ പ്രശ്നങ്ങൾ ഹരിത കർമ്മ സേനകളെ ശാക്തീകരിക്കുന്നതിലൂടെയും 'ഉറവിട മാലിന്യ സംസ്കരണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിലൂടെയും പരിഹരിക്കാൻ സാധിക്കുന്നതാണ്. വീടുകളിൽ കമ്പോസ്റ്റ് കുഴികൾ, പൈപ്പ് കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ വഴി ജൈവമാലിന്യങ്ങൾ മൂല്യവത്തായ ജൈവവളമാക്കി മാറ്റാവുന്നതാണ്. ഇത്തരത്തിൽ ഉൽപ്പാദിപ്പിക്കുന്ന വളം കാർഷിക മേഖലയിൽ പ്രയോജനപ്പെടുത്തുന്നത് വഴി രാസവളങ്ങളുടെ ഉപയോഗം കുറയ്ക്കാനും മണ്ണിന്റെ ആരോഗ്യം വീണ്ടെടുക്കാനും സാധിക്കും. ഇടുക്കി ജില്ലയുടെ പ്രത്യേക സാഹചര്യം പരിഗണിച്ച് ചിക്കൻ റെൻഡറിംഗ് പ്ലാന്റുകൾ, ഏകീകൃത സാനിറ്ററി നാപ്കിൻ ഇൻസിനറേറ്ററുകൾ, മുടി മാലിന്യ സംസ്കരണ സംവിധാനങ്ങൾ എന്നിവ ശാസ്ത്രീയമായ രീതിയിൽ നിർമ്മിക്കാവുന്നതാണ്. ഇത്തരം നൂതന സംവിധാനങ്ങൾ പ്രാദേശിക തലത്തിൽ നടപ്പിലാക്കുന്നതിലൂടെ ഖരമാലിന്യ സംസ്കരണത്തിലെ വെല്ലുവിളി നിറഞ്ഞ മേഖലകൾ പരിഹരിക്കുന്നതിനും പരിസ്ഥിതി ആഘാതം കുറയ്ക്കാനും സാധിക്കും.

## മാലിന്യനിക്ഷേപകേന്ദ്രങ്ങളുടെ വീണ്ടെടുപ്പ്

ഇടുക്കി ജില്ലയിലെ മലയോര മേഖലയിലെ പ്രത്യേകിച്ച് ടൂറിസം മേഖലകളിലെ മാലിന്യ കൂനകൾ ശാസ്ത്രീയമായ രീതികളിലൂടെ നീക്കം ചെയ്യാവുന്നതാണ്. വർഷങ്ങളായി കുന്നുകൂടിക്കിടക്കുന്ന മാലിന്യമലകൾ നീക്കം ചെയ്യാൻ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ ബയോമൈനിംഗ് (Bio-mining) രീതി അനുകരണനീയമാണ്. മൂന്നാർ കല്ലാറിലെ ദശകങ്ങൾ പഴക്കമുള്ള മാലിന്യക്കൂമ്പാരം ഈ രീതിയിലൂടെ വിജയകരമായി നീക്കം ചെയ്ത് പ്രദേശം വീണ്ടെടുത്തത് ജില്ലയിലെ മറ്റ് കേന്ദ്രങ്ങളിലും മാതൃകയാക്കാവുന്നതാണ്.

## മാലിന്യം കത്തിക്കൽ: ഇടപെടൽ സധ്യതകൾ

മാലിന്യം അലക്ഷ്യമായി കത്തിക്കുന്നത് ഗുരുതരമായ വായു മലിനീകരണത്തിനും ആരോഗ്യപ്രശ്നങ്ങൾക്കും കാരണമാകുന്നുണ്ടെങ്കിലും, ഹരിതകേരളം മിഷന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഏകോപിതമായ പ്രവർത്തനങ്ങളിലൂടെ ഇപ്പോൾതന്നെ ഈ പ്രവണതയ്ക്ക് വലിയ കുറവുണ്ടായിട്ടുണ്ട്.

എന്നിരുന്നാലും ചില മേഖലകളിൽ നിലനിൽക്കുന്ന ഈ പ്രശ്നം കൂടുതൽ ശക്തമായ ഇടപെടലിലൂടെ ലഘൂകരിക്കാൻ സാധിക്കുന്നതാണ്. ഹരിത കർമ്മസേന വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും കൃത്യമായി അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിലൂടെ മാലിന്യം കത്തിക്കുന്ന സാഹചര്യം ഒഴിവാക്കാൻ സാധിക്കും. മാലിന്യം കത്തിക്കൽ കൂടുതലുള്ള എസ്റ്റേറ്റ് ലയങ്ങളിൽ മുൻഗണന നൽകി കൂടുതൽ കാമ്പയിനുകൾ ആസൂത്രം ചെയ്യാവുന്നതാണ്. ജില്ലയിൽ രൂപീകരിച്ചിട്ടുള്ള പ്രത്യേക എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ വഴി അശാസ്ത്രീയമായി മാലിന്യം കത്തിക്കുന്നവർക്കെതിരെയും തള്ളുന്നവർക്കെതിരെയും പിഴയടക്കമുള്ള കർശന നിയമനടപടികൾ സ്വീകരിക്കുന്നതും, നിരന്തരമായ ബോധവൽക്കരണ പരിപാടികൾക്കൊപ്പം സ്കൂൾ തലത്തിൽ കുട്ടികളെ പങ്കാളികളാക്കി നടത്തുന്ന മെഗാ ക്ലീനിംഗ് ക്യാമ്പയിനുകളും ശാസ്ത്രീയ മാലിന്യ പരിപാലന പരിശീലനങ്ങളും സംഘടിപ്പിക്കുന്നതും അടക്കമുള്ള നടപടികൾ ശക്തിപ്പെടുത്താവുന്നതാണ്. ഇത് മികച്ച ശുചിത്വ സംസ്കാരം വളർത്തിയെടുക്കാൻ സഹായിക്കും.

## ഇലക്ട്രോണിക് മാലിന്യങ്ങൾ: ഇടപെടൽ സധ്യതകൾ

ആധുനിക കാലഘട്ടത്തിൽ അതിവേഗം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഇലക്ട്രോണിക് മാലിന്യങ്ങൾ (E-waste) ശാസ്ത്രീയമായി സംസ്കരിക്കാത്തത് മണ്ണിലും ജലത്തിലും മാരകമായ രാസവസ്തുക്കൾ കലരാൻ കാരണമാകുന്നു. ഇടുക്കി ജില്ലയിലെ സ്ഥാപനങ്ങളിൽ കുന്നുകൂടുന്ന ഇ-മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിലെ പ്രതിസന്ധി പരിഹരിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സമയബന്ധിതമായ ശേഖരണവും സുരക്ഷിതമായ സംസ്കരണവും ഉറപ്പാക്കാം. ഇലക്ട്രോണിക് മാലിന്യങ്ങൾ ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്ന സ്ഥാപങ്ങൾ ജില്ലയിൽ തന്നെയുള്ളത് പ്രയോജനകരമാണ്. ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഇത്തരം പ്രാദേശിക സംരംഭങ്ങളുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്. ഇതിലൂടെ ഇ-മാലിന്യങ്ങളിലെ ഈയം, മെർക്കുറി തുടങ്ങിയ വിഷാംശങ്ങൾ സൃഷ്ടിക്കാൻ സാധ്യതയുള്ള പ്രശ്നങ്ങൾ മുൻകൂട്ടി തടയാൻ സാധിക്കും. ഇ-മാലിന്യങ്ങൾ ഉറവിടത്തിൽ നിന്ന് തന്നെ ശേഖരിച്ച് പുനരുപയോഗിക്കുകയോ ശാസ്ത്രീയമായി സംസ്കരിക്കുകയോ ചെയ്യുന്നത് ഭാവിയിലെ വലിയൊരു പാരിസ്ഥിതിക ദുരന്തം ഒഴിവാക്കാൻ ഇടുക്കിയെ സഹായിക്കും.

## ടൂറിസം മേഖല: ഇടപെടൽ സാധ്യതകൾ



ഇടുക്കിയുടെ സാമ്പത്തിക അടിത്തറയായ ടൂറിസം മേഖല നേരിടുന്ന പ്രധാന വെല്ലുവിളിയായ പൊതുസ്ഥലങ്ങളിലെ മലിനീകരണം തടയാൻ ശാസ്ത്രീയവും ഭൂമിശാസ്ത്ര പ്രത്യേകതകൾക്ക് അനുസൃതമായതുമായ രീതികൾ വികസിപ്പിച്ചെടുക്കാവുന്നതാണ്. വിനോദസഞ്ചാര കേന്ദ്രങ്ങൾക്ക് ഉൾക്കൊള്ളാവുന്ന ശേഷിയിലും അധികം സഞ്ചാരികൾ എത്തുന്ന സാഹചര്യത്തിൽ, പ്രധാന കവാടങ്ങളിൽ ഹരിത ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ച് പ്ലാസ്റ്റിക് പരിശോധനയും ബോധവൽക്കരണവും കർശനമാക്കാവുന്നതാണ്. ഓരോ വിനോദസഞ്ചാര കേന്ദ്രത്തിന്റെയും സവിശേഷതകൾക്കനുസരിച്ച് മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കുന്നതിനൊപ്പം തദ്ദേശവാസികളെയും വ്യാപാരികളെയും ഉൾപ്പെടുത്തി ജനകീയ ശുചീകരണ പ്രവർത്തനങ്ങൾ നിരന്തരം സംഘടിപ്പിക്കാം. ജില്ലയിൽ വിവിധ ക്യാമ്പയിനുകളിലൂടെയും ജനകീയ പങ്കാളിത്തത്തിലൂടെയും ധാരാളം പൊതു ഇടങ്ങളുടെ ശുചീകരണ പ്രവർത്തനങ്ങൾ വിജയകരമായി നടത്തിയിട്ടുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുന്നത് ജില്ലയുടെ പച്ചപ്പും ശുദ്ധവായുവും സംരക്ഷിക്കുന്നതിനൊപ്പം ടൂറിസം മേഖലയുടെ സുസ്ഥിരമായ വളർച്ചയ്ക്കും സഹായിക്കും.

ഇടുക്കിയിലെ മൂന്നാർ പോലുള്ള ടൂറിസം മേഖലകളിലെ അനിയന്ത്രിതമായ സന്ദർശക ബാഹുല്യം **(Floating Population)** സൃഷ്ടിക്കുന്ന ടൺകണക്കിന് മാലിന്യങ്ങളെ ശാസ്ത്രീയമായി കൈകാര്യം ചെയ്യാൻ നിലവിലുള്ള സംവിധാനങ്ങൾ അപര്യാപ്തമാണ്. ഈ വെല്ലുവിളി നേരിടാൻ മൂന്നാറിലെ കല്ലാർ പ്ലാന്റിന്റെ സംസ്കരണ ശേഷി വർദ്ധിപ്പിക്കുന്നതും നിലവിലെ സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതും അടക്കമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ആവശ്യത്തിന് ബോട്ടിൽ ബൂത്തുകളും മിനി എം.സി.എഫുകളും സ്ഥാപിക്കുന്നതിനൊപ്പം, ഹരിത ചെക്ക് പോസ്റ്റുകളിലെ നിരീക്ഷണം ശക്തമാക്കി പ്ലാസ്റ്റിക് മാലിന്യങ്ങൾ നിയന്ത്രിക്കണം. സാനിറ്ററി മാലിന്യ സംസ്കരണത്തിനായി ഹോട്ടലുകളിലും പൊതുയിടങ്ങളിലും 'ഡബിൾ ചേമ്പർ ഇൻസിനറേറ്ററുകൾ' നിയമപരമായി നിർബന്ധമാക്കുകയും, പൊതുസ്ഥലങ്ങളെ 'വലിച്ചെറിയൽ മുക്ത' പ്രദേശങ്ങളായി പ്രഖ്യാപിച്ച് നിരീക്ഷണ ക്യാമറകളും ബോധവൽക്കരണ ബോർഡുകളും സ്ഥാപിക്കുകയും അടക്കമുള്ള പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകാവുന്നതാണ്. ഇത്തരം അടിയന്തര നടപടികളിലൂടെ നിലവിലെ പോരായ്മകൾ പരിഹരിച്ച് മൂന്നാറിന്റെ പാരിസ്ഥിതിക വിശുദ്ധി വരുംതലമുറകൾക്കായി സംരക്ഷിക്കാൻ സാധിക്കും. ഇതിന് സമാനമായ ഇടപെടലുകൾ ജില്ലയിലെ പല ഭാഗങ്ങളിലും നടപ്പിലാക്കിയിട്ടുണ്ട്.

വിനോദസഞ്ചാര-കാർഷിക പ്രാധാന്യമുള്ള വട്ടവട, ചിന്നക്കനാൽ, ദേവികുളം ഗ്രാമപഞ്ചായത്തുകൾ നേരിടുന്ന മാലിന്യ പ്രതിസന്ധി പരിഹരിക്കാൻ ആവശ്യമായ മാലിന്യ സംസ്കരണ സംവിധാനങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിലൂടെ സാധിക്കും. അടിസ്ഥാന സൗകര്യങ്ങൾ



വികസിപ്പിക്കുന്നതിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിലെ തടസ്സങ്ങൾ സർക്കാർതലത്തിൽ വേഗത്തിൽ പരിഹരിക്കാവുന്നതാണ്. അതോടൊപ്പം, ഈ പഞ്ചായത്തുകളിൽ നിലവിൽ അശാസ്ത്രീയമായി കുന്നുകൂടിയിരിക്കുന്ന മാലിന്യങ്ങൾ മൂന്നാർ കല്ലാർ മാതൃകയിൽ ബയോമൈനിംഗ് സാങ്കേതിക വിദ്യ ഉപയോഗിച്ച് യുദ്ധകാലാടിസ്ഥാനത്തിൽ നീക്കം ചെയ്യാവുന്നതുമാണ്. ആളുകൾ കൂടുതലായി എത്തുന്ന ടൂറിസം മേഖലകളിലെ പഞ്ചായത്തുകൾക്ക് ആവശ്യമായ മാലിന്യ സംസ്കരണ സൗകര്യങ്ങളും സംവിധാനങ്ങളും ഇല്ലാത്തത് ഗുരുതരമായ പ്രതിസന്ധിയാണ്.

### ശബരിമല തീർത്ഥാടനം : വെല്ലുവിളികളും ഇടപെടൽ സാധ്യതകളും

ശബരിമല തീർത്ഥാടന കാലഘട്ടത്തിൽ കുമളി, വണ്ടിപ്പെരിയാർ, പീരുമേട്, ഏലപ്പാറ എന്നീ പഞ്ചായത്തുകളിൽ അനുഭവപ്പെടുന്ന വലിയ ഭക്തജന തിരക്കും അതോടൊപ്പമുണ്ടാകുന്ന മാലിന്യബാഹുല്യവും ശാസ്ത്രീയമായി കൈകാര്യം ചെയ്യേണ്ടത് ഇടുക്കിയുടെ പാരിസ്ഥിതിക സുരക്ഷയ്ക്ക് അത്യന്താപേക്ഷിതമാണ്. തീർത്ഥാടകർക്കായി മതിയായ ശുചിമുറി സംവിധാനങ്ങളും വിശ്രമ കേന്ദ്രങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ ഒരുക്കുന്നതിനൊപ്പം, തീർത്ഥാടന പാതകളിൽ ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾക്ക് പൂർണ്ണ നിരോധനം ഏർപ്പെടുത്തുകയും ചെയ്യുന്ന നടപടികൾക്ക് മുൻഗണന നൽകാവുന്നതാണ്. ഭക്തർക്ക് മാലിന്യങ്ങൾ നിക്ഷേപിക്കാൻ സൗകര്യപ്രദമായ രീതിയിൽ മിനി എം.സി.എഫുകളും ബോട്ടിൽ ബൂത്തുകളും പ്രധാന കേന്ദ്രങ്ങളിൽ സ്ഥാപിക്കാം. ഓരോ ദിവസവും ശേഖരിക്കപ്പെടുന്ന മാലിന്യങ്ങൾ അതാത് ദിവസം തന്നെ സംസ്കരണ പ്ലാന്റുകളിലേക്ക് മാറ്റുന്നുവെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉറപ്പാക്കാവുന്നതാണ്. ഹരിത കർമ്മസേനയുടെയും സന്നദ്ധ സംഘടനകളുടെയും സേവനം ഏകോപിപ്പിക്കുന്നതിലൂടെ തീർത്ഥാടന പാതകളെ പൂർണ്ണമായും മാലിന്യമുക്തമായി നിലനിർത്താൻ സാധിക്കും.

### ബൾക്ക് വേസ്റ്റ് ജനറേറ്റേഴ്സ്: ഇടപെടൽ സധ്യതകൾ

മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റുള്ള ശാസ്ത്രീയമായ മാലിന്യ നിർമ്മാർജ്ജന ഉപാധികൾ വ്യാപകമാക്കുന്നതിലൂടെ ബൾക്ക് വേസ്റ്റ് ജനറേറ്റേഴ്സ് (Bulk Waste Generators) നേരിടുന്ന പ്രതിസന്ധികൾക്ക് ശാശ്വത പരിഹാരം കാണാൻ സാധിക്കും. നിശ്ചിത അളവിൽ കൂടുതൽ മാലിന്യം ഉൽപ്പാദിപ്പിക്കുന്ന സ്ഥാപനങ്ങളെ അവ സ്വന്തം നിലയിൽ ബയോഗ്യാസ് പ്ലാന്റുകൾ, എയറോബിക് ബിന്നുകൾ തുടങ്ങിയ അനുയോജ്യമായ സംസ്കരണ മാതൃകകൾ സ്ഥാപിക്കാൻ നിർബന്ധിക്കാവുന്നതാണ്. സ്വന്തമായി സംസ്കരണ സൗകര്യമില്ലാത്തവർ ഹരിത കർമ്മസേനയുമായോ അംഗീകൃത ഏജൻസികളുമായോ സഹകരിച്ച് കൃത്യമായ യൂസർ ഫീ നൽകി മാലിന്യം നീക്കം ചെയ്യുന്നുവെന്ന് ഉറപ്പാക്കാവുന്നതാണ്. ഹോട്ടലുകൾ, റിസോർട്ടുകൾ, ആശുപത്രികൾ, കാറ്ററിംഗ് യൂണിറ്റുകൾ തുടങ്ങിയ വലിയ തോതിൽ മാലിന്യം ഉൽപ്പാദിപ്പിക്കുന്ന സ്ഥാപനങ്ങളെ ഇത്തരം ശാസ്ത്രീയമായ മാലിന്യ പരിപാലന ശീലത്തിന്റെ ഭാഗമാക്കുന്നതിലൂടെ വലിയതോതിലുള്ള മാലിന്യം കൈകാര്യം ചെയ്യുന്നതിലെ വെല്ലുവിളികൾ ലഘൂകരിക്കാം. മാലിന്യ ഉൽപ്പാദനം കുറയ്ക്കുന്നതിനും (Waste Reduction) പുനരുപയോഗത്തിനുമുള്ള (Reuse) ബോധവൽക്കരണം ഇവർക്കിടയിൽ നടപ്പിലാക്കുന്നത് വഴി പൊതുസംവിധാനങ്ങളുടെ മേലുള്ള അമിതഭാരം കുറയ്ക്കാനും വികേന്ദ്രീകൃതമായ രീതിയിൽ പ്രകൃതിസൗഹൃദ സംസ്കരണം ഉറപ്പാക്കാനും സാധിക്കും. ഇത്തരം ഉത്തരവാദിത്തപരമായ ഇടപെടലുകൾ ടൂറിസം കേന്ദ്രങ്ങളിലെയും നഗരങ്ങളിലെയും മാലിന്യഭാരം കുറയ്ക്കാനും തദ്ദേശ സ്ഥാപനങ്ങളുടെ ശുചിത്വ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാനും സഹായിക്കും.

### ജലസംരക്ഷണ മേഖല: അതിജീവനം, സുസ്ഥിരത, ഭാവി

ഇടുക്കി ജില്ലയുടെ സവിശേഷമായ ഭൂപ്രകൃതിയും കാലാവസ്ഥയും നേരിടുന്ന വെല്ലുവിളികളെ ശാസ്ത്രീയമായി പ്രതിരോധിച്ചുകൊണ്ട് ജലസമൃദ്ധി ഉറപ്പാക്കാനുള്ള വിവിധ പ്രവർത്തനങ്ങൾ നടത്താൻ കഴിയും. കുത്തനെയുള്ള മലനിരകളിൽ മണ്ണൊലിപ്പും തീരശോഷണവും തടയുന്നതിനുള്ള നീർത്തട സംരക്ഷണ രീതികൾ, വേനൽക്കാലത്തെ വരൾച്ച നേരിടാൻ സഹായിക്കുന്ന കിണർ റീച്ചാർജിംഗ്,

ചെലവ് കുറഞ്ഞ ജലസംഭരണികൾ തുടങ്ങിയവ ഇത്തരത്തിൽ ചെയ്യാവുന്നവയാണ്. കൂടാതെ, ജനകീയ പങ്കാളിത്തത്തോടെയുള്ള ജലമലിനീകരണ നിയന്ത്രണം, കീടനാശിനികൾ ഉണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങളെ ജൈവകൃഷിയിലൂടെയും ഗുണനിലവാര പരിശോധനയിലൂടെയും മറികടക്കൽ, ആധുനിക സാങ്കേതികവിദ്യ (IDRIS) ഉപയോഗിച്ചുള്ള പ്രകൃതി ദുരന്ത നിവാരണം എന്നിവയും നടപ്പാക്കാം. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജില്ലയിൽ നടപ്പിലാക്കിയ മാതൃകാപരമായ പദ്ധതികളെ മുൻനിർത്തിക്കൊണ്ട് ജലസംരക്ഷണത്തിനായുള്ള ഇത്തരം പ്രവർത്തനങ്ങളുടെ സാധ്യതയാണ് ചുവടെ ചേർക്കുന്നത്.

## മണ്ണൊലിപ്പ്, തീര ശോഷണം, ജലസംരക്ഷണം

ഇടുക്കി ജില്ലയിലെ ഉന്നത മലനിരകളിൽ നിന്ന് ഉത്ഭവിക്കുന്ന നീർച്ചാലുകളിലെ ശക്തമായ നീരൊഴുക്ക്, കുത്തനെയുള്ള ഭൂപ്രകൃതി കാരണം മണ്ണിലിറങ്ങാതെ അതിവേഗം ഒഴുകിപ്പോകുന്നത് മണ്ണൊലിപ്പിനും തീരശോഷണത്തിനും കാരണമാകുന്നു. ഈ പ്രതിസന്ധി പരിഹരിക്കാൻ ശാസ്ത്രീയമായ നീർത്തട സംരക്ഷണ രീതികളിലൂടെ വെള്ളത്തിന്റെ വേഗത കുറയ്ക്കുകയും ഭൂഗർഭ ജലനിരപ്പ് ഉയർത്തുകയും ചെയ്യേണ്ടത് അനിവാര്യമാണ്. ഇതിനായി ചെരിവ് കുറഞ്ഞ പ്രദേശങ്ങളിൽ തടയണകൾ നിർമ്മിച്ചും, ഉരുൾപൊട്ടൽ ഭീഷണിയുള്ള ഇടങ്ങളിൽ വെള്ളം സുരക്ഷിതമായി ഒഴുക്കിവിടാൻ 'ഗ്രേഡഡ് ബണ്ടുകൾ' ഒരുക്കിയും മണ്ണൊലിപ്പ് തടയാവുന്നതാണ്. കൂടാതെ, കയർ ഭൂവസ്ത്രം, തീറ്റപ്പുൽ കൃഷി, മുള-തഴ വൽക്കരണത്തിലൂടെ നീർച്ചാലുകളുടെ വശങ്ങൾ ബലപ്പെടുത്തുന്നതും വെള്ളപ്പൊക്ക ഭീഷണി കുറയ്ക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പുഴകളുടെ അവസ്ഥാ വിശകലനം നടത്തുന്നതും ഗുണകരമാകും. പീരുമേട് താലൂക്കിലെ പെരുവന്താനം - കൊക്കയാർ പുഴ പുനരുജ്ജീവന പദ്ധതി ഇതിനൊരു മികച്ച മാതൃകയാണ്. ഇവിടെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ താൽക്കാലിക തടയണകളും ബണ്ടുകളും നിർമ്മിച്ചതിലൂടെ അഴുതയാറിലും കൈവഴികളിലും സ്വാഭാവിക നീരൊഴുക്ക് നിലനിർത്താനും, മണ്ണൊലിപ്പ് കുറയ്ക്കാനും, കിണറുകളിലെ ജലവിതാനം ഉയർത്തി കുടിവെള്ള ക്ഷാമം പരിഹരിക്കാനും സാധിച്ചിരുന്നു.

## വരൾച്ച

ഇടുക്കി ജില്ലയുടെ സവിശേഷമായ ഭൂപ്രകൃതിയും കാലാവസ്ഥയും കാരണം വേനൽക്കാലത്ത് പല ഇടങ്ങളിലും വരൾച്ച ഒരു പ്രധാന പ്രതിസന്ധിയാണ്. കഴിഞ്ഞ 10 വർഷത്തിനിടെ വരൾച്ചാ സമയത്തുണ്ടാകുന്ന കൃഷിനാശം അതീവ ഗുരുതരമാണ്; പ്രത്യേകിച്ചും കുന്നിൻ ചെരിവുകളിൽ മണ്ണിലെ ഈർപ്പം വേഗത്തിൽ നഷ്ടപ്പെടുന്നത് ഏലം, കുരുമുളക് തുടങ്ങിയ നാണ്യവിളകളെ സാരമായി ബാധിക്കുന്നു. ഇത് സംബന്ധിച്ച് വിശദമായി ഒന്നാമത്തെ അധ്യായത്തിൽ പരാമർശിച്ചിട്ടുണ്ട്. ഈ പ്രതിസന്ധി മറികടക്കാൻ ഭൂഗർഭജലത്തെ മാത്രം ആശ്രയിക്കാതെ, മഴവെള്ളം തടഞ്ഞുനിർത്താൻ നീർച്ചാലുകളും താൽക്കാലിക തടയണകളും നിർമ്മിക്കുകയും അനിയന്ത്രിതമായ കുഴൽക്കിണർ നിർമ്മാണം ഒഴിവാക്കി 'റീച്ചാർജിംഗ്' രീതിയിലൂടെ കിണറുകൾ പുനഃപോഷിപ്പിക്കുകയും ചെയ്യാവുന്നതാണ്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ കരുണാപുരം ഗ്രാമപഞ്ചായത്തിൽ 300ല് അധികം കിണറുകൾ റീച്ചാർജ് ചെയ്തത് വഴി ഭൂഗർഭ ജലവിതാനം ഉയർത്താൻ സാധിച്ചത് ഇതിനൊരു മികച്ച മാതൃകയാണ്. കൂടാതെ, രാജകുമാരിയിൽ നടപ്പിലാക്കിയ ചണച്ചാക്ക് വാട്ടർ ടാങ്കുകൾ ജലസംഭരണ രംഗത്തെ ചെലവ് കുറഞ്ഞതും ഫലപ്രദവുമായ മറ്റൊരു സാധ്യതയാണ്. കേവലം 16,350 രൂപ ചെലവിൽ 20,000 ലിറ്റർ വെള്ളം സംഭരിക്കാൻ കഴിയുന്ന ഈ ടാങ്കുകൾ പച്ചക്കറി-മത്സ്യ കൃഷികൾക്കും ജലസേചനത്തിനും ഒരുപോലെ അനുയോജ്യവും കർഷകർക്ക് തന്നെ എളുപ്പത്തിൽ പരിപാലിക്കാവുന്നതുമാണ്.

## ജലമലിനീകരണം

ഇടുക്കി ജില്ലയിലെ പ്രധാന പട്ടണങ്ങളോട് ചേർന്നു കിടക്കുന്ന ജലാശയങ്ങൾ നേരിടുന്ന ഖര-ദ്രവ മാലിന്യപ്രശ്നങ്ങൾ പരിഹരിക്കാൻ ജനകീയ പങ്കാളിത്തത്തോടെയുള്ള ശുചീകരണ പ്രവർത്തനങ്ങളും

കർശനമായ നിയമപാലനവും അനുവർത്തിക്കാവുന്നതാണ്. പുഴകളിലേക്ക് മാലിന്യം തള്ളുന്നത് തടയാൻ ജലാശയങ്ങളുടെ വശങ്ങൾ പൂന്തോട്ടങ്ങൾ നിർമ്മിച്ച് സൗന്ദര്യവൽക്കരിക്കുകയും, നിരീക്ഷണ സംവിധാനങ്ങൾ കർശനമാക്കുകയും, മലിനജലം നേരിട്ട് പുഴയിൽ കലരാതിരിക്കാൻ പ്രത്യേക ശുദ്ധീകരണ സംവിധാനങ്ങളും ഹരിത ശൗചാലയങ്ങളും ഏർപ്പെടുത്തുകയുമാവാം. ഇതുമായി ബന്ധപ്പെട്ട ധാരാളം പ്രവർത്തനങ്ങൾ ഹരിത കേരളം മിഷൻ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ മൂന്നാറിലെ നല്ലതണ്ണി തോട് പുനരുദ്ധാരണ യജ്ഞം മികച്ച മാതൃകയാണ്; ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഓരോ പ്രദേശത്തെയും ക്ലസ്റ്ററുകളായി തിരിച്ച് 1000 ല് അധികം പ്രദേശവാസികളുടെ സഹായത്തോടെ ടണ് കണക്കിന് മാലിന്യങ്ങൾ നീക്കം ചെയ്യുകയും, തീരങ്ങൾ പൂന്തോട്ടങ്ങളാക്കി മാറ്റുകയും ചെയ്തു. കൃത്യമായ ആസൂത്രണത്തോടെ ബഹുജന പങ്കാളിത്തം ഉറപ്പാക്കി നടത്തിയ ഇത്തരം മാതൃകകൾ ഈ പ്രശ്നപരിഹാരങ്ങൾക്ക് അനുകരണീയമാണ്. കൂടാതെ, മൂന്നാറിന്റെ ഹൃദയഭാഗത്ത് സ്ഥാപിച്ച ഹരിത ശൗചാലയം കക്കൂസ് മാലിന്യങ്ങൾ പുഴയിലേക്ക് എത്തുന്നത് തടയുന്നതിന് അനുകരണീയമായ മാതൃകയാണ്. വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ജലമലിനീകരണം നിയന്ത്രിക്കാൻ അവലംബിക്കാവുന്ന മികച്ച ദ്രവ മാലിന്യ സംസ്കരണ മാതൃകയായിരുന്നു ഹരിത ശൗചാലയം. ഇത് സംബന്ധിച്ച് വിശദമായ വിവരങ്ങൾ അധ്യായം മൂന്നിൽ പരാമർശിച്ചിട്ടുണ്ട്.

### രാസകീടനാശിനികളുടെ അമിത ഉപയോഗവും ജല ഗുണനിലവാരവും

ഇടുക്കി ജില്ലയിലെ ജലസ്രോതസ്സുകളുടെ സ്വാഭാവികത സംരക്ഷിക്കുന്നതിനൊപ്പം ജനാരോഗ്യം മുൻനിർത്തി കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കേണ്ടത് അതീവ പ്രാധാന്യമുള്ള കാര്യമാണ്. ഇതിനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജില്ലയിലെ വിവിധ ഹയർ സെക്കണ്ടറി സ്കൂളുകളിൽ സ്ഥാപിച്ചിട്ടുള്ള ജലഗുണതാ പരിശോധന ലാബുകൾ പ്രയോജനപ്പെടുത്തി കുടിവെള്ളത്തിലെ മാലിന്യത്തിന്റെ അളവ് കണ്ടെത്താനും കൃത്യമായ പരിഹാരങ്ങൾ നിർദ്ദേശിക്കാനും സാധിക്കും. തോട്ടവിളകളിൽ അമിതമായി ഉപയോഗിക്കുന്ന കീടനാശിനികൾ മഴക്കാലത്ത് നീർച്ചാലുകളെ വിഷമയമാക്കുന്നത് ഗൗരവമേറിയ വിഷയമാണ്. പുതുമഴ ലഭിക്കുമ്പോൾ അഞ്ചുരുളി പ്രദേശത്ത് മത്സ്യങ്ങൾ കൂട്ടമായി ചത്തുപൊങ്ങുന്നതിൽ നിന്ന് ഈ പ്രശ്നത്തിന്റെ തീവ്രത മനസ്സിലാക്കാവുന്നതാണ്. ഇതിന് ശാശ്വത പരിഹാരമെന്നോണം കൃഷി, മണ്ണ് സംരക്ഷണ വകുപ്പുകളുടെ ഏകോപനത്തോടെ കർഷകർക്കിടയിൽ ജൈവകൃഷി പ്രചരിപ്പിക്കാവുന്നതുമാണ്. ഇത്തരത്തിലുള്ള ശാസ്ത്രീയവും കൂട്ടായതുമായ ഇടപെടലുകളിലൂടെ ജില്ലയിലെ ജലാശയങ്ങൾ വിഷമുക്തമാക്കി പൊതുജനാരോഗ്യവും ആവാസവ്യവസ്ഥയുടെ ആരോഗ്യവും സംരക്ഷിക്കാൻ സാധിക്കും.

### പ്രകൃതി ദുരന്തങ്ങൾ

പ്രകൃതി ദുരന്തങ്ങളെ പൂർണ്ണമായും ഒഴിവാക്കുക അസാധ്യമാണെങ്കിലും, ശാസ്ത്രീയമായ പദ്ധതികളിലൂടെയും ജനപങ്കാളിത്തത്തിലൂടെയും അവയുടെ ആഘാതം ഗണ്യമായി കുറയ്ക്കാൻ സാധിക്കും. ഇതിനായി കമ്പ്യൂട്ടർ അധിഷ്ഠിത ജി.ഐ.എസ് (GIS) മാപ്പിംഗിലൂടെ ഹസാഡ് സോണുകൾ തിരിച്ചറിയുന്നതും, അശാസ്ത്രീയമായ ഭൂവിനിയോഗവും പാറഖനനവും കർശനമായി നിയന്ത്രിക്കുന്നതും അടക്കമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. ഇടുക്കി ജില്ലയെ രാജ്യത്തെ ആദ്യത്തെ 'ദുരന്തങ്ങളെ അതിജീവിക്കാൻ ശേഷിയുള്ള മലയോര ജില്ല' യാക്കി മാറ്റുന്നതിനായി ആവിഷ്കരിച്ച ഐഡ്രിസ് (IDRIS - Idukki Disaster Resilience and Information System) പദ്ധതി ഈ രംഗത്തെ വിപ്ലവകരമായ മാതൃകയാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) ഉപയോഗിച്ച് ഉരുൾപൊട്ടലും പ്രളയവും മുൻകൂട്ടി പ്രവചിക്കുന്നതിനൊപ്പം, മണ്ണിലെ ചലനങ്ങളും ഈർപ്പവും തത്സമയം നിരീക്ഷിക്കുന്ന മണ്ണ് സെൻസറുകളും, നദികളിലെ ജലനിരപ്പ് അളക്കുന്ന റിവർ ഗേജുകളും ഈ സംവിധാനത്തിന്റെ കരുത്ത് വർദ്ധിപ്പിക്കുന്നു. ആധുനിക സാങ്കേതികവിദ്യയും പ്രാദേശിക ജാഗ്രതയും ഒത്തുചേരുന്ന ഇത്തരം മുന്നറിയിപ്പ് സംവിധാനങ്ങൾ ജനവാസ മേഖലകളുടെ സുരക്ഷ ഉറപ്പാക്കുന്നതിൽ നിർണ്ണായക പങ്കുവഹിക്കും. ഹരിതകേരളം മിഷൻ നടപ്പിലാക്കുന്ന ഉരുൾപൊട്ടൽ

സാധ്യതയുള്ള പശ്ചിമഘട്ട മേഖലകളിലെ നീർച്ചാലുകൾ മാപ്പ് ചെയ്യുന്ന മാപ്പത്തോണും ഇത്തരത്തിൽ ഉരുൾപൊട്ടൽ സാധ്യതകളെ കുറക്കുന്നതിന് അനുകരിക്കാവുന്ന മാതൃകയാണ്.

### കൃഷി പരിസ്ഥിതി പുനസ്ഥാപനം

ഇടുക്കി ജില്ലയുടെ കാർഷിക സമൃദ്ധിയും പാരിസ്ഥിതിക സന്തുലിതാവസ്ഥയും വീണ്ടെടുക്കുന്നതിനായുള്ള സമഗ്രമായ ഇടപെടൽ സാധ്യതകളാണ് ഇവിടെ പരിശോധിക്കുന്നത്. മണ്ണൊലിപ്പ്, മണ്ണിടിച്ചിൽ, മണ്ണിന്റെ ഗുണനിലവാര തകർച്ച, കാലാവസ്ഥാ വ്യതിയാനം, വന്യജീവി സംഘർഷം, തരിശുഭൂമികളുടെ വ്യാപനം എന്നിവയാണ് ജില്ലയിലെ കർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ. ഇത്തരം പ്രതിസന്ധികളെ മറികടക്കാൻ ആധുനിക സാങ്കേതികവിദ്യയും പരമ്പരാഗത അറിവുകളും എങ്ങനെ പ്രയോജനപ്പെടുത്താൻ കഴിയും.

### മണ്ണ് സംരക്ഷണം

ജില്ലയിലെ കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പലപ്പോഴും പരിസ്ഥിതിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്നു. അടിക്കടി ഉണ്ടാകുന്ന മണ്ണിടിച്ചിലും, മണ്ണൊലിപ്പുമാണ് ജില്ലയിലെ കാർഷിക മേഖലയിലെ ഏറ്റവും വലിയ പ്രശ്നം. ഇതിനെതിരെ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ മണ്ണൊലിപ്പിനെതിരെയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതായിട്ടുണ്ട്. മണ്ണിടിച്ചിൽ സാധ്യതയുള്ള സ്ഥലങ്ങളിൽ മണ്ണിനെ പിടിച്ചുനിർത്തുന്ന തരത്തിലുള്ള തീറ്റപ്പുൽ കൃഷി, മുള വത്ക്കരണം, രാമച്ചം പോലുള്ള കാർഷിക രീതികൾ പ്രോത്സാഹിപ്പിക്കാവുന്നതാണ്. ഇടമലക്കുടി, പുറപ്പുഴ, കഞ്ഞിക്കുഴി, ഇടവെട്ടി എന്നിവയൊഴികെ 48 പഞ്ചായത്തുകളും ഇടുക്കിയുടെ തനത് പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളോട് കൈകോർത്ത് ജില്ലാ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ പച്ചപ്പ് മണ്ണിനും മനുഷ്യനും പദ്ധതി മാതൃകാ പരമാണ്. പദ്ധതിയിലൂടെ 161.75 ഏക്കറിൽ പച്ചപ്പുല്ലുകൾ നട്ടുപിടിപ്പിച്ചത് മലയിടിച്ചിലും, മണ്ണൊലിപ്പും തടയുന്നതിനും പുഴയോരങ്ങൾ സംരക്ഷിച്ച് കൃഷിയോഗ്യമായ സ്ഥല ലഭ്യത ഉറപ്പാക്കുന്നതിനും സാധിച്ചു.

### മണ്ണ് ഗുണനിലവാരം

കാർഷിക ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി മണ്ണിന്റെ സ്വാഭാവിക ഘടനയും ജൈവവൈവിധ്യവും സംരക്ഷിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. രാസവളങ്ങളുടെ അമിത ഉപയോഗം സൃഷ്ടിക്കുന്ന പാരിസ്ഥിതിക ആഘാതം കുറയ്ക്കാൻ കൃത്യമായ ഇടവേളകളിലുള്ള മണ്ണ് പരിശോധനയും ജൈവ കൃഷിരീതികളും പ്രോത്സാഹിപ്പിക്കാവുന്നതാണ്. പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ പോഷകങ്ങൾ മാത്രം നൽകുന്നതിനൊപ്പം കമ്പോസ്റ്റ്, പച്ചിലവളങ്ങൾ തുടങ്ങിയ ജൈവവളങ്ങൾ പ്രയോഗിക്കുന്നത് മണ്ണിന്റെ ഘടന മെച്ചപ്പെടുത്താനും ഉപകാരികളായ സൂക്ഷ്മജീവികളുടെയും മണ്ണിരകളുടെയും ആവാസവ്യവസ്ഥ പുനഃസ്ഥാപിക്കാനും സഹായിക്കും. ഡ്രോൺ ഉപയോഗിച്ചുള്ള വളപ്രയോഗം, സെൻസർ അധിഷ്ഠിത ജലസേചനം തുടങ്ങിയ ആധുനിക സാങ്കേതികവിദ്യകൾ കൃഷി ലാഭകരമാക്കുന്നതിനൊപ്പം പരിസ്ഥിതി ആഘാതം കുറയ്ക്കാനും സഹായിക്കും. ശാസ്ത്രീയ മണ്ണ് പരിപാലന രീതികളിലൂടെ മണ്ണിലെ ഫലഭൂയിഷ്ഠി വീണ്ടെടുക്കാനും നാണ്യവിളകളുടെയും പച്ചക്കറികളുടെയും ഗുണനിലവാരവും ഉൽപ്പാദനവും വർദ്ധിപ്പിച്ച് കൃഷിയെ കൂടുതൽ വരുമാനദായകമാക്കാനും ഇടുക്കിയിലെ കർഷകർക്ക് സാധിക്കും.

### കാലാവസ്ഥാ അതിജീവനവും വിത്തു വൈവിധ്യവൽക്കരണവും

കാലാവസ്ഥാ വ്യതിയാനം കടുത്ത വെല്ലുവിളി ഉയർത്തുന്ന ഇടുക്കിയിലെ കാർഷിക മേഖലയിൽ, ശാസ്ത്രീയമായ മുൻകരുതലുകളിലൂടെയും കാലാവസ്ഥ വ്യതിയാനം അതിജീവിക്കാൻ ശേഷിയുള്ള വിത്തു തിരഞ്ഞെടുപ്പിലൂടെയും കൃഷിനാശം ഗണ്യമായി ലഘൂകരിക്കാൻ സാധിക്കും. പ്രാദേശിക തലങ്ങളിൽ കൃത്യമായ കാലാവസ്ഥാ പ്രവചനങ്ങളും മുൻകൂർ മുന്നറിയിപ്പുകളും കർഷകരിലേക്ക് എത്തിക്കുന്നതിനൊപ്പം, ഒരേ ഇനം വിളകൾക്ക് പകരം വ്യത്യസ്ത ഇനങ്ങൾ കൃഷി ചെയ്യുന്ന

സംയോജിത കൃഷിയും വിള വൈവിധ്യവൽക്കരണവും പ്രോത്സാഹിപ്പിക്കാവുന്നതാണ്. ഓരോ പ്രദേശത്തിന്റെയും സവിശേഷതകൾക്കനുസരിച്ച് കാലാവസ്ഥയെ അതിജീവിക്കാൻ ശേഷിയും ഉയർന്ന ഉൽപ്പാദനക്ഷമതയുമുള്ള വിത്തിനങ്ങളുടെ പ്രചാരണവും കൃഷി രീതികളുടെ പ്രചാരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാൻ സഹായിക്കും. പരമ്പരാഗത അറിവുകളെ ആധുനിക സാങ്കേതികവിദ്യയുമായി സംയോജിപ്പിക്കുന്ന ഇത്തരം സുസ്ഥിര മാതൃകകളിലൂടെ കർഷകരിൽ ആത്മവിശ്വാസം വളർത്താനും ഹരിതകേരളം മിഷൻ ലക്ഷ്യമിടുന്ന കാർഷിക പുനസ്ഥാപനം സാധ്യമാക്കാനും സാധിക്കും.

### ആധുനിക കാർഷിക യന്ത്രവൽക്കരണം

ഇടുക്കി ജില്ലയിലെ കാർഷിക മേഖല നേരിടുന്ന പ്രധാന വെല്ലുവിളികളായ തൊഴിലാളി ക്ഷാമവും വർദ്ധിച്ചുവരുന്ന കൂലി ചെലവും പരിഹരിക്കാൻ പരമ്പരാഗത രീതികളിൽ നിന്ന് മാറി ആധുനിക യന്ത്രവൽക്കരണത്തിലേക്ക് മാറാവുന്നതാണ്. വിതയ്ക്കൽ, വളപ്രയോഗം, വിളവെടുപ്പ് തുടങ്ങിയ ജോലികളിൽ യന്ത്രങ്ങൾ ഉപയോഗിക്കുന്നത് വഴി മനുഷ്യവിഭവശേഷിയുടെ കുറവ് പരിഹരിക്കാനും ഉൽപ്പാദനച്ചെലവ് ഗണ്യമായി കുറച്ച് കൃഷി കൂടുതൽ ലാഭകരമാക്കാനും സാധിക്കും. വിവിധ വകുപ്പുകളെയും കാർഷിക കർമ്മ സേനകളെയും സംയോജിപ്പിച്ചുകൊണ്ട് ജില്ലയുടെ ചെരിഞ്ഞ ഭൂപ്രകൃതിക്ക് അനുയോജ്യമായ ചെറിയ യന്ത്രങ്ങളിൽ കർഷകർക്ക് പരിശീലനം നൽകുന്നത് കൃഷിയെ കൂടുതൽ ആധുനികവും പ്രൊഫഷണലുമാക്കും. ഇത്തരം സാങ്കേതിക ഇടപെടലുകൾ യുവാക്കളെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനൊപ്പം ഇടുക്കിയുടെ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലായ നാണ്യവിളകളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനും സുസ്ഥിരമായ കാർഷിക പുരോഗതി ഉറപ്പാക്കാനും സഹായിക്കും.

### ജലദൗർലഭ്യവും സുസ്ഥിര കാർഷിക വികസനവും

പരമ്പരാഗത കൃഷിരീതികൾ നേരിടുന്ന ജലദൗർലഭ്യം, വർദ്ധിച്ച ഉൽപ്പാദനച്ചെലവ്, കുറഞ്ഞ വിളവ് എന്നീ പ്രതിസന്ധികൾക്ക് ശാസ്ത്രീയമായ പരിഹാരമാണ് 'സുസ്ഥിരവും നൂതനവുമായ കാർഷിക രീതികൾ'. ഇടുക്കിയിലെ ഭൂമിശാസ്ത്രത്തിന് അനുസൃതമായ കൃഷി രീതികൾ സ്വീകരിക്കുന്നത് ഈ പ്രശ്നത്തിന് പരിഹാരമാകും. ഹരിതകേരളം മിഷൻ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നടപ്പിലാക്കിയ UNDP-IHRML പദ്ധതിയിലൂടെ മറയൂരിലെ കരിമ്പ് കർഷകർക്കിടയിൽ നടപ്പിലാക്കിയ സുസ്ഥിര കരിമ്പ് കൃഷി (SSI) ഈ മേഖലയിൽ അനുകരിക്കാവുന്ന മാതൃകയാണ്. നൂതനമായ കൃഷി രീതിയിലൂടെ ജലവിനിയോഗം കുറയ്ക്കാനും, വിത്തുകളുടെയും അവശ്യകാർഷിക വിഭവങ്ങളുടെയും അളവ് കുറച്ച് കൃഷിച്ചെലവ് ലഘൂകരിക്കാനും ഈ രീതിയിലൂടെ സാധിച്ചു. ഉൽപ്പാദനം ഇരട്ടിയായി വർദ്ധിച്ചു എന്നതും ഈ പ്രവർത്തനത്തിന്റെ പരീക്ഷണ ഘട്ടത്തിൽ തന്നെ തെളിയിക്കപ്പെട്ടിരുന്നു. ജില്ലയിലെ മറ്റ് കൃഷി മേഖലയിലേക്ക് ഇത്തരം അനുയോജ്യമായ നൂതന സുസ്ഥിര കൃഷി രീതികൾ വ്യാപിപ്പിക്കാവുന്നതാണ്. പ്രാദേശിക പാരിസ്ഥിതിക സവിശേഷതകൾക്ക് അനുസൃതമായ ഇത്തരം ഇടപെടലുകൾ ഇടുക്കിയിലെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനും മണ്ണ്, ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും ഭക്ഷ്യസുരക്ഷയ്ക്കും ഒരുപോലെ സഹായകമാകും.

### ഭൂഗർഭജല പുനപോഷണവും സുസ്ഥിര കാർഷിക രീതികളും

ഇടുക്കി ജില്ലയിലെ കാർഷിക മേഖല നേരിടുന്ന ജലലഭ്യതയുടെ കുറവ് പരിഹരിക്കുന്നതിനായി, മണ്ണിന്റെ ജലസംഭരണ ശേഷി വർദ്ധിപ്പിക്കുകയും ഭൂഗർഭജല ശോഷണം തടയുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്. ജൈവകൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നത് വഴി മണ്ണിന്റെ സ്വാഭാവിക ഘടന വീണ്ടെടുക്കാനും ജല ആഗിരണ ശേഷി (Water holding capacity) കൂട്ടാനും സാധിക്കും. അശാസ്ത്രീയമായ രാസവള ഉപയോഗം നിയന്ത്രിക്കുന്നത് മണ്ണിന്റെ ഫലഭൂയിഷ്ഠി നിലനിർത്താൻ സഹായിക്കുമ്പോൾ, മഴവെള്ള സംഭരണികൾ, പടുതാക്കുളങ്ങൾ, താൽക്കാലിക തടയണകൾ എന്നിവയിലൂടെ ഉപരിതല ജലം ഫലപ്രദമായി ശേഖരിക്കാൻ സാധിക്കും. കൂടാതെ, മഴവെള്ളം ശുദ്ധീകരിച്ച് കിണറുകളിലേക്കും കുഴൽക്കിണറുകളിലേക്കും തിരിച്ചുവിടുന്ന 'റീച്ചാർജിംഗ്'

രീതിയിലൂടെ ഭൂഗർഭ ജലത്തിന്റെ അളവ് ഗണ്യമായി വർദ്ധിപ്പിക്കാനും സാധിക്കും. ഇത്തരം ശാസ്ത്രീയ ഇടപെടലുകൾ മണ്ണിന്റെ ഈർപ്പം നിലനിർത്തുന്നതിലൂടെ വരൾച്ചാ കാലത്തും കൃഷി തുടരാൻ കർഷകരെ പ്രാപ്തരാക്കുകയും, കാർഷിക മേഖലയിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് തടഞ്ഞ് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുകയും ചെയ്യാൻ സഹായിക്കും.

### തരിശുഭൂമികളെ വീണ്ടെടുക്കൽ

ഇടുക്കി ജില്ലയിൽ കൃഷി ഉപേക്ഷിക്കപ്പെട്ട തരിശുഭൂമികളെ വീണ്ടെടുക്കുന്നത് കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിനും പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും അനിവാര്യമാണ്. ഭൂമികൾ തരിശിടുന്നതിന്റെ പ്രാദേശികമായ കാരണങ്ങൾ കണ്ടെത്തി വിവിധ വകുപ്പുകളുടെയും സന്നദ്ധ സംഘടനകളുടെയും മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും സഹകരണത്തോടെ തരിശുഭൂമികൾ ക്രിയാത്മകമായി വീണ്ടെടുക്കാവുന്നതാണ്. വൈവിധ്യമാർന്ന സേവനങ്ങളുടെയും സാമ്പത്തിക സഹായങ്ങളുടെയും സംയോജനത്തിലൂടെ പ്രാദേശികമായ ജനപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണ് അഭികാമ്യം. ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ പ്രാദേശിക ജനതയുടെ പങ്കാളിത്തത്തോടെ വലിയ സംയോജന പ്രവർത്തനങ്ങളുടെ ഭാഗമായി ഇടുക്കി ജില്ലയിലെ തന്നെ അടിമാലി ഗ്രാമപഞ്ചായത്തിൽ കട്ടമുടി ഗോത്ര മേഖലയിൽ 25 ഏക്കറിലധികം തരിശുഭൂമി കൃഷിയോഗ്യമാക്കിയ പ്രവർത്തനങ്ങൾ ഈ മേഖലയിൽ അനുകരണീയമായ മാതൃകയാണ്.

### മനുഷ്യ വന്യജീവി സംഘർഷങ്ങൾ

ഇടുക്കിയിലെ വനമേഖലയോട് ചേർന്നുള്ള കൃഷിയിടങ്ങളിൽ വർദ്ധിച്ചുവരുന്ന മനുഷ്യ-വന്യജീവി സംഘർഷം നേരിടാൻ മൃഗങ്ങളുടെ സ്വഭാവം തിരിച്ചറിഞ്ഞുകൊണ്ടുള്ള ശാസ്ത്രീയമായ പ്രതിരോധ സംവിധാനങ്ങൾ ഏകോപിക്കാവുന്നതാണ്. വന്യമൃഗങ്ങളെ അകറ്റിനിർത്താൻ അവയ്ക്ക് താൽപ്പര്യമില്ലാത്ത വിളകൾ അതിർത്തികളിൽ നട്ടുപിടിപ്പിക്കുന്ന ജൈവവേലികളും, ആനകളെ പ്രതിരോധിക്കാൻ തേനീച്ചപ്പെട്ടികൾ സ്ഥാപിക്കുന്ന 'ബീ-ഫെൻസിങ്' രീതിയും, ചലിക്കുന്ന റിബണുകളും ശബ്ദമുണ്ടാക്കുന്ന പാട്ടകളും ഉപയോഗിച്ചുള്ള സ്വാഭാവിക വിരട്ടൽ രീതികളും അവലംബിക്കാവുന്നതാണ്. കൂടാതെ, സോളാർ ഇലക്ട്രിക് വേലികൾ, സെൻസർ ഫ്ലാഷ് ലൈറ്റുകൾ, അലാറം സംവിധാനങ്ങൾ എന്നിവ ഉപയോഗിക്കുന്നത് പെട്ടെന്നുള്ള കടന്നുകയറ്റം തടയാൻ സഹായിക്കും. മൃഗങ്ങൾ കാടിന് പുറത്തേക്ക് വരുന്നത് ഒഴിവാക്കാൻ വനത്തിനുള്ളിൽ തന്നെ ജലലഭ്യതയും ഫലവൃക്ഷങ്ങളും ഉറപ്പാക്കുന്നതിനൊപ്പം, റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ (RRT) കാര്യക്ഷമമായ സേവനവും ആധുനിക മുൻകൂർ അറിയിപ്പ് സംവിധാനങ്ങളും ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. പരിസ്ഥിതി സൗഹൃദപരമായ ഇത്തരം ഇടപെടലുകളിലൂടെ കർഷകരുടെ സുരക്ഷയും വന്യജീവികളുടെ സംരക്ഷണവും ഒരേപോലെ ഉറപ്പാക്കി കൃഷിയെ സംരക്ഷിക്കാൻ സാധിക്കും.

### അധിനിവേശ സസ്യങ്ങളുടെ നിയന്ത്രണം

പശ്ചിമഘട്ട വനമേഖല നേരിടുന്ന ആവാസവ്യവസ്ഥാ ശോഷണം പരിഹരിക്കുന്നതിന്, വനത്തിലെ ജൈവവൈവിധ്യത്തെ നശിപ്പിക്കുന്ന അധിനിവേശ സസ്യങ്ങളുടെ വ്യാപനം തടയുകയും സ്വാഭാവിക വനവൽക്കരണം പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്. മണ്ണിലെ ഈർപ്പം നശിപ്പിക്കുന്ന യൂക്കാലിപ്റ്റസ്, പൈൻ, അക്കേഷ്യ, മാഞ്ചിയം തുടങ്ങിയ വാണിജ്യ പ്ലാന്റേഷനുകൾ ഘട്ടംഘട്ടമായി നീക്കം ചെയ്ത് പ്രാദേശിക സസ്യങ്ങൾ നട്ടുപിടിപ്പിക്കുന്നത് വഴി വനത്തിന്റെ പഴയ പ്രതാപം വീണ്ടെടുക്കാം. ലന്റാന, മഞ്ഞക്കൊന്ന തുടങ്ങിയ അധിനിവേശ സസ്യങ്ങളെ ജനകീയ ക്യാമ്പയിനുകളിലൂടെ വേരോടെ പറിച്ചുമാറ്റുന്നതും വനനശീകരണം തടയാൻ ഫയർലൈനുകൾ കൃത്യമായി പരിപാലിക്കുന്നതും സ്വാഭാവിക പുനരുജ്ജീവനത്തിന് വഴിയൊരുക്കും. ഹരിതകേരളം മിഷൻ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നടപ്പിലാക്കിയ UNDP-IHRML പദ്ധതിയിലൂടെ മൂന്നാർ വനമേഖലയ്ക്ക് അകത്തെ അധിനിവേശ സസ്യങ്ങൾ നീക്കം ചെയ്ത് സ്വാഭാവിക പുൽമേടുകൾ പുനഃസൃഷ്ടിച്ചത് ഈ മേഖലയിൽ അനുവർത്തികമായ മാതൃകയാണ്.

# ഹരിതകേരളം മിഷൻ നടത്തിയ ഇടപെടലുകളും നേട്ടങ്ങളും

ഇടുക്കി ജില്ല നേരിടുന്ന സങ്കീർണ്ണമായ പരിസ്ഥിതി പ്രശ്നങ്ങളിൽ കഴിഞ്ഞ പത്തു വർഷക്കാലമായി ഹരിതകേരളം മിഷൻ നടത്തിവരുന്ന ഇടപെടലുകൾ വിപ്ലവകരമായ മാറ്റങ്ങൾക്കാണ് വഴിതെളിച്ചത്. ജില്ലയുടെ സവിശേഷമായ ഭൂപ്രകൃതിയും വിനോദസഞ്ചാര സാധ്യതകളും പരിഗണിച്ച്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കിയ പദ്ധതികൾ പല പാരിസ്ഥിതിക വെല്ലുവിളികൾക്കും ശാശ്വത പരിഹാരം കാണാൻ സഹായിച്ചു. ഇത്തരത്തിൽ ഇടുക്കിയുടെ മണ്ണിലും ജലത്തിലും കൃഷിയിലും മിഷൻ നടത്തിയ പ്രധാന ഇടപെടലുകളെയും അവയിലൂടെ കൈവരിച്ച നേട്ടങ്ങളെയുമാണ് ഈ അധ്യായത്തിൽ വിശദീകരിക്കുന്നത്.

### മാലിന്യ സംസ്കരണം: ഹരിതകർമ്മ സേനയുടെ മുന്നേറ്റങ്ങൾ

ഇടുക്കിയുടെ സവിശേഷമായ ഭൂപ്രകൃതിയിൽ, പ്രത്യേകിച്ച് വിനോദസഞ്ചാര മേഖലകളിൽ, മാലിന്യ സംസ്കരണം വലിയൊരു വെല്ലുവിളിയായിരുന്നു. എന്നാൽ കഴിഞ്ഞ കുറച്ച് കാലയളവിനുള്ളിൽ മാലിന്യ പരിപാലനത്തിന്റെ അനിവാര്യത പൊതുജനങ്ങളെ ബോധ്യപ്പെടുത്താനും അശാസ്ത്രീയമായ രീതികൾ തിരുത്തിക്കാനും സാധിച്ചത് വലിയൊരു മാറ്റത്തിന് വഴിതെളിച്ചു. ഉറവിട മാലിന്യ സംസ്കരണ സംസ്കാരം പ്രോത്സാഹിപ്പിച്ചതും ഹരിതകർമ്മ സേനയുടെ പ്രവർത്തനം ശാക്തീകരിച്ചതും ഈ പ്രതിസന്ധിക്ക് ശാശ്വത പരിഹാരമായി. ഇത് സംബന്ധിച്ച പ്രധാന നേട്ടങ്ങൾ ചുവടെ നൽകുന്നു.

- കൺസോർഷ്യം രൂപീകരണം: കുടുംബശ്രീ അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് മാലിന്യ സംസ്കരണ രംഗത്ത് ഹരിത കർമ്മസേന കൺസോർഷ്യം രൂപീകരിക്കുകയും തദ്ദേശസ്ഥാപനങ്ങൾക്ക് ആവശ്യമായ ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കി നൽകുകയും ചെയ്തു.

- തൊഴിലവസരങ്ങളും സ്ഥിരം സംവിധാനവും: ജില്ലയിലെ 54 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 1550 ഹരിതകർമ്മ സേനാംഗങ്ങൾ ഇന്ന് സേവനമനുഷ്ഠിക്കുന്നു. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മാസത്തിലൊരിക്കൽ നിശ്ചിത യൂസർ ഫീ ഈടാക്കി അജൈവ



മാലിന്യങ്ങൾ ശേഖരിക്കുന്ന ഒരു സ്ഥിരം സംവിധാനം ജില്ലയിൽ നിലവിൽ വന്നു. ഇത് സ്ത്രീകൾക്ക് വലിയ തോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സഹായിച്ചു.

- മാലിന്യം കത്തിക്കുന്ന/വലിച്ചെറിയുന്ന രീതിക്ക് മാറ്റം: ഹരിതകർമ്മ സേനയുടെ കൃത്യമായ ഇടവേളകളിലുള്ള സന്ദർശനം മൂലം മാലിന്യങ്ങൾ അലക്ഷ്യമായി കത്തിക്കുന്ന രീതിയും വലിച്ചെറിയുന്ന രീതിയും ഗണ്യമായി കുറയ്ക്കാൻ സാധിച്ചു.
- പൊതുജന അവബോധം: ജൈവ, അജൈവ, ദ്രവ മാലിന്യങ്ങൾ എങ്ങനെ ശാസ്ത്രീയമായി കൈകാര്യം ചെയ്യണമെന്നും ഓരോ പൗരന്റെയും ഉത്തരവാദിത്വം എന്താണെന്നും ജനങ്ങൾക്കിടയിൽ മികച്ച രീതിയിലുള്ള അവബോധം സൃഷ്ടിക്കാൻ സാധിച്ചു.

## അജൈവമാലിന്യ സംസ്കരണം: ശാസ്ത്രീയമായ ചുവടുവെപ്പുകൾ

ഇടുക്കി ജില്ലയിലെ അജൈവമാലിന്യ സംസ്കരണ സംവിധാനം ഇന്ന് ഏറെ വിപുലവും ശാസ്ത്രീയവുമാണ്. ഹരിതകർമ്മ സേനയുടെ നേതൃത്വത്തിൽ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ വിവിധ ഘട്ടങ്ങളിലൂടെ കടന്നുപോയാണ് സുരക്ഷിതമായി സംസ്കരിക്കപ്പെടുന്നത്. മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയത് ഈ രംഗത്തെ മാറ്റങ്ങൾക്ക് വലിയ പിന്തുണയായി. ജില്ലയിൽ അജൈവമാലിന്യ സംസ്കരണ രംഗത്ത് ഒരുക്കിയ പ്രധാന അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ നൽകുന്നു.

- മിനി എം.സി.എഫ് (Mini MCF): വാർഡ് തലത്തിൽ മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി 854 മിനി എം.സി.എഫുകൾ ജില്ലയിലുടനീളം പ്രവർത്തിക്കുന്നു.
- മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF): തദ്ദേശസ്ഥാപന തലത്തിൽ ശേഖരിക്കുന്ന മാലിന്യങ്ങൾ വേർതിരിക്കുന്നതിനായി 69 എം.സി.എഫുകളും, ആർ.ആർ.എഫുമായി ചേർന്ന് പ്രവർത്തിക്കുന്ന 5 എം.സി.എഫുകളും സജ്ജമാണ്.
- റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF): ജില്ലയിലെ 9 ആർ.ആർ.എഫുകൾ വഴി പുനരുപയോഗിക്കാൻ സാധിക്കുന്നവ വേർതിരിക്കുകയും ബാക്കിയുള്ളവ പുനചംക്രമണത്തിനായി (Recycling) കൈമാറുകയും ചെയ്യുന്നു.

ഇത്തരത്തിൽ വിപുലമായ ശൃംഖലകൾ വഴി നടപ്പിലാക്കുന്ന മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ജില്ലയുടെ ശുചിത്വ പദവിയിൽ വിപ്ലവകരമായ മാറ്റങ്ങളാണ് വരുത്തിയത്. ശേഖരണത്തിലെ




കൃത്യതയും സംസ്കരണത്തിലെ സുതാര്യതയും ഉറപ്പാക്കുന്നതിലൂടെ കൈവരിച്ച പ്രധാന നേട്ടങ്ങൾ താഴെ പറയുന്നവയാണ്:

- പൂർണ്ണമായ ശേഖരണം: ജില്ലയിലെ 3,33,176 വീടുകളിൽ നിന്നും ഹരിതകർമ്മ സേന പ്രതിമാസം അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നു. 100 ശതമാനം വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ശേഖരിക്കുക എന്ന ലക്ഷ്യത്തിലേക്ക് ജില്ല വേഗത്തിൽ നടന്നടുക്കുന്നു.
- സംസ്കരണ കണക്കുകൾ: കഴിഞ്ഞ 5 വർഷത്തിനിടയിൽ ഏകദേശം 8700 ടൺ അജൈവ മാലിന്യങ്ങൾ ഹരിതകർമ്മ സേന ശേഖരിച്ചു. കഴിഞ്ഞ 2024-25 കാലയളവിൽ മാത്രം 1740 ടൺ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരണത്തിന് വിധേയമാക്കി.
- ഏകോപനം: ക്ലീൻ കേരള കമ്പനി, മറ്റ് അംഗീകൃത സ്വകാര്യ ഏജൻസികൾ എന്നിവയുമായി സഹകരിച്ചാണ് മാലിന്യങ്ങളുടെ അന്തിമ സംസ്കരണം ഉറപ്പാക്കുന്നത്.

## ജൈവമാലിന്യ സംസ്കരണം: മാലിന്യത്തിൽ നിന്നും മണ്ണിലേക്ക്

ഇടുക്കി ജില്ലയിലെ ജൈവമാലിന്യ സംസ്കരണ രംഗം ഇന്ന് ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിരിക്കുകയാണ്. 'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം' എന്ന സന്ദേശം ജനങ്ങളിലേക്ക് എത്തിക്കുന്നതിനും ശാസ്ത്രീയമായ സംസ്കരണ രീതികൾ നടപ്പിലാക്കുന്നതിനും ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങളിലൂടെ സാധിച്ചു. ജൈവമാലിന്യങ്ങൾ അവ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഉറവിടത്തിൽ തന്നെ സംസ്കരിക്കുക എന്ന ലക്ഷ്യത്തോടെ വിപുലമായ പദ്ധതികളാണ് ജില്ലയിൽ ആവിഷ്കരിച്ചിട്ടുള്ളത്.

ഇതിന്റെ ഭാഗമായി ജില്ലയിലുടനീളം 41,497 വീടുകളിൽ കിച്ചൺ ബിന്നുകൾ, റിംഗ് കമ്പോസ്റ്റ് തുടങ്ങിയ സംവിധാനങ്ങൾ വിജയകരമായി സ്ഥാപിച്ചു. ഇത് വീടുകളിൽ തന്നെ മാലിന്യം സംസ്കരിക്കുന്ന ശീലം വളർത്തുന്നതിനൊപ്പം, വിഷരഹിത ആഹാരമുൽപ്പാദിപ്പിക്കുന്ന അടുക്കളത്തോട്ടങ്ങളുടെ വ്യാപനത്തിനും വലിയ തോതിൽ കാരണമായിട്ടുണ്ട്. വ്യക്തിഗത തലത്തിന് പുറമെ, സ്ഥാപനങ്ങളിലും കമ്മ്യൂണിറ്റി തലത്തിലും രൂപപ്പെടുന്ന ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി 52 തുമ്പൂർമുഴി യൂണിറ്റുകൾ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ സജ്ജമാണ്. വികേന്ദ്രീകൃതമായ ഈ സംസ്കരണ രീതിയിലൂടെ ജില്ലയിലെ പ്രധാന നഗരങ്ങളിലും ഗ്രാമപഞ്ചായത്തുകളിലും നിലവിലുള്ള വിജയകരമായ മാതൃകകൾ താഴെ പറയുന്നവയാണ്:



- കുമളി: പ്രതിമാസം 120 ടൺ ജൈവമാലിന്യമാണ് ഇവിടെ സംസ്കരിക്കുന്നത്. ഇതിലൂടെ 40 ടണ്ണോളം ജൈവവളം ഉൽപ്പാദിപ്പിക്കുന്നു.
- ഇരട്ടയാർ: തുമ്പൂർമുഴി, വിൻഡ്രോ കമ്പോസ്റ്റിംഗ് (Windrow Composting) യൂണിറ്റുകൾ വഴി പ്രതിമാസം 15 ടൺ ജൈവവസ്തുക്കൾ സംസ്കരിച്ച് വളമാക്കി മിതമായ വിലയ്ക്ക് വിറ്റഴിക്കുന്നു.
- മൂന്നാർ (കല്ലാർ പ്ലാന്റ്): പ്രതിദിനം 0.8 ടൺ ജൈവമാലിന്യങ്ങൾ വിൻഡ്രോ കമ്പോസ്റ്റിംഗ് വഴി സംസ്കരിക്കുകയും പ്രതിമാസം 1500 കിലോയിലധികം ജൈവവളം നിർമ്മിക്കുകയും ചെയ്യുന്നു.
- നെടുങ്കണ്ടം: 10 വെർമി കമ്പോസ്റ്റ് യൂണിറ്റുകളും ബയോഗ്യാസ് പ്ലാന്റുകളും വഴി പ്രതിമാസം 2250 കിലോ മാലിന്യം സംസ്കരിച്ച് ജൈവവളം കർഷകർക്ക് നൽകുന്നു.
- തൊടുപുഴ മുനിസിപ്പാലിറ്റി: 2 തുമ്പൂർമുഴി യൂണിറ്റുകളും 6 ക്രഡായി (CREDAI) ബിന്നുകളും വഴി ദിവസം 500 കിലോ ജൈവമാലിന്യം കൈകാര്യം ചെയ്യുന്നു.

## ഗ്രീൻ പ്രോട്ടോകോൾ: സുസ്ഥിരമായ ശുചിത്വ സംസ്കാരം

മാലിന്യ ഉൽപ്പാദനം ഉറവിടത്തിൽ തന്നെ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ഇടുക്കി ജില്ലയിൽ നടപ്പിലാക്കിയ ഗ്രീൻ പ്രോട്ടോകോൾ വലിയൊരു ജനകീയ മുന്നേറ്റമായി മാറിയിരിക്കുന്നു. ആഘോഷങ്ങളും പൊതുപരിപാടികളും പ്രകൃതി സൗഹൃദമാക്കുന്നതിലൂടെ പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവ് ഗണ്യമായി കുറയ്ക്കാൻ ജില്ലയ്ക്ക് സാധിച്ചു.

ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ രാഷ്ട്രീയ പാർട്ടികൾ, മതവിഭാഗങ്ങൾ, ബാങ്കുകൾ, ടാക്സി-ടൂറിസം സർവീസ് ഉടമകൾ എന്നിവരുടെ സംയുക്ത യോഗം വിളിച്ചുചേർത്താണ് ജില്ലയിൽ ഹരിതചട്ടം കർശനമാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നത്. ഇതിന്റെ ഭാഗമായി നടത്തിയ ഇടപെടലുകളിലൂടെ വിവാഹങ്ങൾ, ഉത്സവങ്ങൾ, പെരുന്നാളുകൾ, രാഷ്ട്രീയ സമ്മേളനങ്ങൾ എന്നിവയിൽ ഡിസ്പോസിബിൾ പാത്രങ്ങൾക്ക് പകരം സ്റ്റീൽ പാത്രങ്ങളും ചില്ല് ഗ്ലാസുകളും ഉപയോഗിക്കുന്നത് ഒരു ശീലമായി മാറി. പല ആരാധനാലയങ്ങളും സ്വന്തമായി സ്റ്റീൽ പാത്രങ്ങൾ വാങ്ങിക്കൊണ്ട് ഈ മാറ്റത്തിൽ പങ്കാളികളായി.

ഇതിന്റെ ഭാഗമായി സർക്കാർ ഓഫീസുകൾ പൊതുജനങ്ങൾക്ക് മാതൃകയാകണം എന്ന ലക്ഷ്യത്തോടെ ജില്ലയിൽ വിപുലമായ 'ഹരിത ഓഡിറ്റിംഗ്' നടത്തി. ഓഫീസുകളിലെ മാലിന്യ

സംസ്കരണം, പുനരുപയോഗം, ശുചിത്വം എന്നിവ വിലയിരുത്തി ഗ്രേഡിംഗ് ഏർപ്പെടുത്തി. 2024ൽ ഗ്രേഡിങ് പൂർത്തിയാക്കിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- എ ഗ്രേഡ്: 118 ഓഫീസുകൾ.
- ബി ഗ്രേഡ്: 71 ഓഫീസുകൾ.
- സി ഗ്രേഡ്: 55 ഓഫീസുകൾ. ആകെ 624 സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളെ 'ഗ്രീൻ സർട്ടിഫിക്കറ്റ്' നൽകി ആദരിച്ചു. ജില്ലയിലെ 51 ഗ്രാമപഞ്ചായത്തുകളിലും വിജയകരമായി ഹരിത ഓഡിറ്റിംഗ് പൂർത്തിയാക്കി.

2020ൽ നടന്ന ഇടുക്കി ജില്ലാ കാർഷിക മേളയിൽ ഹരിത പ്രോട്ടോകോൾ കർശനമായി നടപ്പിലാക്കുന്നതിന്റെ പ്രചരണാർത്ഥം ഹരിതകേരളം മിഷനും ഗാന്ധിജി സ്റ്റഡി സെന്ററും സംയുക്തമായി സംഘടിപ്പിച്ച 'ഹരിത കേരളം മിഷൻ പവലിയൻ' ഏറെ ശ്രദ്ധേയമായിരുന്നു. തുണി കൊണ്ടുള്ള സാനിറ്ററി നാപ്കിനുകൾ, ഇല കൊണ്ടുണ്ടാക്കിയ പാത്രങ്ങൾ, മുള കൊണ്ടുള്ള കപ്പുകൾ, മുറം തുടങ്ങിയ ബദൽ ഉൽപ്പന്നങ്ങളുടെ പ്രദർശനം സന്ദർശകർക്ക് പുതിയൊരു അവബോധം നൽകി. ഐക്യരാഷ്ട്രസഭ ഉദ്യോഗസ്ഥൻ മുരളി തുമ്മാരുകുടി പവലിയൻ സന്ദർശിക്കുകയും ഈ പ്രവർത്തനങ്ങളെ അനുമോദിച്ച് കുറിപ്പെഴുതുകയും ചെയ്തത് ജില്ലയ്ക്ക് വലിയ അംഗീകാരമായി.



മതപരമായ ചടങ്ങുകൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിൽ ഇടുക്കി ജില്ല വലിയ മുന്നേറ്റമാണുണ്ടാക്കിയത്. ഏഴല്ലൂർ ശ്രീ നരസിംഹസ്വാമി ക്ഷേത്രത്തിലെ സപ്താഹം, രാജകുമാരി ദേവമാതാ പള്ളിയിലെ പെരുന്നാൾ, എസ്.എൻ.ഡി.പി മഞ്ഞപ്പെട്ടി ശാഖയിലെ വാർഷികം എന്നിവ പൂർണ്ണമായും ഹരിതചട്ടം പാലിച്ച് നടത്തിക്കൊണ്ട് ഈ മേഖലയിൽ സവിശേഷമായ ശ്രദ്ധ നേടാൻ സാധിച്ചു. വിശ്വാസികളുടെയും വിവിധ കമ്മിറ്റികളുടെയും സജീവമായ പങ്കാളിത്തവും സഹകരണവുമാണ് ഇത്തരം ചടങ്ങുകളെ മാതൃകാപരമായി ഹരിതവൽക്കരിക്കുന്നതിന് പിന്നിലെ പ്രധാന കരുത്ത്.

മാലിന്യ പരിപാലന നിയമങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവാന്മാരാക്കുന്നതിനായി ജില്ലയിൽ 181 വാർഡുകളിലായി 49 ക്ലാസ്സുകൾ സംഘടിപ്പിച്ചു. മൊത്തം 2,818 പേർ പങ്കെടുത്ത ഈ 'നിയമാവലി ക്യാമ്പയിൻ', ഹരിതചട്ടത്തിന്റെ പ്രസക്തി ജനങ്ങളിലേക്ക് എത്തിക്കുന്നതിൽ വലിയ വിജയം കൈവരിച്ചു.

## ഹരിത വിവാഹ മാതൃക:

രണ്ടായിരം പേർ പങ്കെടുത്ത വിവാഹ സദ്യയും ആഘോഷ പരിപാടികളും സമ്പൂർണ്ണ മാലിന്യരഹിതമായി സംഘടിപ്പിച്ചുകൊണ്ട് ഹരിതകേരളം മിഷൻ മുൻ ജില്ലാ കോർഡിനേറ്റർ ഡോ. ജി. എസ്. മധു നവീനമായൊരു മാതൃക കാഴ്ചവെച്ചു. തൊടുപുഴ ജോഷ് പവലിയനിൽ നടന്ന തന്റെ മകൾ ഡോ. മീരയുടെയും ഡോ. അഗ്നിവ്യാസിന്റെയും വിവാഹ ചടങ്ങാണ് ഒരു തരി മാലിന്യം പോലും അവശേഷിപ്പിക്കാത്ത 'സീറോ വേസ്റ്റ്' മാതൃകയിൽ സംഘടിപ്പിച്ചത്. സാധാരണഗതിയിൽ ഇത്തരം വലിയ ആഘോഷങ്ങളിൽ പേപ്പർ പ്ലേറ്റുകളും ഡിസ്പോസിബിൾ ഗ്ലാസുകളും മറ്റുമായി ഏകദേശം രണ്ട് ടണ്ണോളം മാലിന്യം ഉൽപ്പാദിപ്പിക്കപ്പെടാറുണ്ട്. എന്നാൽ ഈ വിവാഹത്തിൽ ഒറ്റത്തവണ ഉപയോഗ വസ്തുക്കളെ പൂർണ്ണമായും ഒഴിവാക്കുകയും, അവശേഷിച്ച ഭക്ഷണാവശിഷ്ടങ്ങൾ അപ്പോൾത്തന്നെ ജൈവവളമാക്കി മാറ്റുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. ദുർഗന്ധമോ



മലിനജലമോ പുറത്തുവിടാത്ത കമ്പോസ്റ്റ് യൂണിറ്റ് സംവിധാനത്തിലൂടെ മാലിന്യങ്ങൾ ഉടൻതന്നെ പുനരുപയോഗയോഗ്യമായ വളമാക്കി മാറ്റി. ടിഷ്യു പേപ്പർ പൂർണ്ണമായും ഒഴിവാക്കി അതിഥികൾക്ക് തുണിത്തുവാലകൾ നൽകുകയും, പാനീയങ്ങൾക്കും പായസത്തിനുമായി ചില്ല് ഗ്ലാസുകളും പാത്രങ്ങളും ഉപയോഗിക്കുകയും ചെയ്തു. ഭക്ഷണം പാഴാകാതിരിക്കാൻ ആവശ്യാനുസരണം മാത്രം വിളമ്പുന്ന രീതിയും ഇവിടെ പിന്തുടർന്നു. ഈ വേറിട്ട പ്രവർത്തനത്തിന് ശുചിത്വ മിഷന്റെയും ഹരിതകേരളം മിഷന്റെയും ഹരിതമാംഗല്യം സർട്ടിഫിക്കറ്റും ലഭിച്ചു.

### മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ: ഇടുക്കിയിലെ ഹരിത മുന്നേറ്റം

ഇടുക്കിയുടെ മാലിന്യ സംസ്കരണ രംഗം മികവുറ്റതാക്കുന്നതിനായി നിരവധി ക്യാമ്പയിനുകൾ ഈ കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടയിൽ സംഘടിപ്പിച്ചിട്ടുണ്ടെങ്കിലും മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങൾക്ക് വലിയ ചലനമുണ്ടാക്കാനായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ ഏജൻസികളുടെയും പൂർണ്ണമായ പിന്തുണയോടെ നടന്ന ഈ ക്യാമ്പയിൻ ഭൂരിഭാഗം പൊതു സ്ഥാപനങ്ങളെയും, പൊതുവിടങ്ങളെയും സമ്പൂർണ്ണ മാലിന്യമുക്തമാക്കാനും പൊതുജനങ്ങളിൽ ശാസ്ത്രീയമായ മാലിന്യ സംസ്കരണം സാധ്യമാക്കിയാൽ ഉണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ച് ആഴത്തിൽ ബോധ്യപ്പെടുത്താനും സാധിച്ചു. റെസിഡന്റ് അസോസിയേഷനുകൾ, ഗ്രന്ഥശാലകൾ, രാഷ്ട്രീയ-സാമൂഹ്യ സംഘടനകൾ എന്നിവയുടെ സജീവ പങ്കാളിത്തം ഈ പ്രവർത്തനങ്ങളെ വലിയ ജനകീയ മുന്നേറ്റമാക്കി മാറ്റി. പൊതുസ്ഥലങ്ങളിൽ ബോട്ടിൽ ബൂത്തുകളും മാലിന്യ നിക്ഷേപത്തിനായി ബിന്നുകളും സ്ഥാപിച്ചതിലൂടെ പൊതുഇടങ്ങളിലെ മാലിന്യം വലിയ അളവിൽ കുറയ്ക്കാൻ സാധിച്ചു. മികച്ച പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾക്കും തദ്ദേശ സ്ഥാപനങ്ങൾക്കും പുരസ്കാരങ്ങളും അംഗീകാരങ്ങളും നൽകിയത് പ്രവർത്തനങ്ങളുടെ തീവ്രത വർദ്ധിപ്പിക്കാൻ സഹായിച്ചു. ഈ ക്യാമ്പയിനിലൂടെ കൈവരിച്ച വിജയങ്ങളെ അടയാളപ്പെടുത്തുന്ന പ്രധാന കണക്കുകൾ താഴെ നൽകുന്നു:

- ഹരിത സ്ഥാപനങ്ങൾ: 3,441
- ഹരിത വിദ്യാലയങ്ങളും കലാലയങ്ങളും: 552 വിദ്യാലയങ്ങളും 58 കലാലയങ്ങളും.
- ഹരിത ടൗണുകളും പൊതുസ്ഥലങ്ങളും: 223 ടൗണുകളും 181 പൊതുസ്ഥലങ്ങളും.
- ഹരിത ടൂറിസം കേന്ദ്രങ്ങൾ: 53 കേന്ദ്രങ്ങൾ.
- ഹരിത അയൽക്കൂട്ടങ്ങൾ: 11,153 അയൽക്കൂട്ടങ്ങൾ.

### ഹരിത കെ.എസ്.ആർ.ടി.സി. ഡിപ്പോകൾ:

പൊതുഗതാഗത മേഖലയിലും ശുചിത്വ സംസ്കാരം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ജില്ലയിലെ കെ.എസ്.ആർ.ടി.സി. ഡിപ്പോകളെ ഹരിത ഡിപ്പോകളാക്കി മാറ്റി. കുമളി, മൂന്നാർ, മൂലമറ്റം, തൊടുപുഴ എന്നീ ഡിപ്പോകൾ ഹരിതചട്ടം പാലിച്ച് മാതൃകാപരമായ പ്രവർത്തനങ്ങളാണ് കാഴ്ചവയ്ക്കുന്നത്.



## മാതൃകാപരമായ ഉടുമ്പന്നൂർ ടൗൺ:

ജില്ലയിലെ ടൗണുകളെ മികച്ച മാലിന്യമുക്ത പൊതു വിടമാക്കി മാറ്റാൻ ഈ ക്യാമ്പയിൻ വലിയ സ്വാധീന ശക്തിയായി. ഇതിൽ ഉടുമ്പന്നൂർ ടൗണിനെ മാറ്റാൻ സാധിച്ചത് ശ്രദ്ധേയമായ നേട്ടമായിരുന്നു. മുൻപ് മാലിന്യക്കൂമ്പാരമായിരുന്ന ഇടങ്ങൾ വൃത്തിയാക്കി സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും, പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തത് ഉടുമ്പന്നൂരിനെ ജില്ലയിലെ തന്നെ മികച്ച ഹരിത ടൗണുകളിൽ ഒന്നാക്കി മാറ്റി.

## മാലിന്യസംസ്കരണത്തിലെ മൂന്നാർ മുന്നേറ്റങ്ങൾ: വിനോദസഞ്ചാര മേഖലയ്ക്കൊരു മാതൃക

ഇടുക്കിയുടെ മലയോര മേഖലകളിൽ, പ്രത്യേകിച്ച് മൂന്നാർ പോലുള്ള രാജ്യാന്തര വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മാലിന്യസംസ്കരണം എന്നും ഒരു വലിയ വെല്ലുവിളിയായിരുന്നു. സഞ്ചാരികളുടെ ബാഹുല്യം മൂലമുണ്ടാകുന്ന 'ഫ്ലോട്ടിങ് പോപ്പുലേഷൻ' സൃഷ്ടിക്കുന്ന മാലിന്യപ്രശ്നങ്ങൾ ജലസ്രോതസ്സുകളുടെ മലിനീകരണത്തിനും പാരിസ്ഥിതിക ആഘാതങ്ങൾക്കും കാരണമായിരുന്നു. ഈ സാഹചര്യത്തിലാണ് 2018-ൽ UNDP-IHRML പദ്ധതിയുടെ സഹായത്തോടെ ഹരിതകേരളം മിഷൻ മൂന്നാറിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് തുടക്കമിട്ടത്.

മൂന്നാറിലെ പ്രധാന മാലിന്യ നിക്ഷേപ കേന്ദ്രമായിരുന്ന കല്ലാറിലെ 'മാലിന്യ മല' നീക്കം ചെയ്യുക എന്നതായിരുന്നു ആദ്യ ദൗത്യം. ശാസ്ത്രീയമായ ബയോമൈനിങ്ങിലൂടെ (Biomining) 18,345 ക്യൂബിക് മീറ്റർ മാലിന്യമാണ് ഇവിടെനിന്ന് പൂർണ്ണമായും നീക്കം ചെയ്തത്. കല്ലാറിൽ അത്യാധുനികമായ റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF) സ്ഥാപിക്കുകയും 2022 ജനുവരിയിൽ പ്രവർത്തനമാരംഭിച്ച പ്ലാന്റിലൂടെ വെറും അഞ്ചുമാസത്തിനുള്ളിൽ 10 ടണ്ണിലധികം പ്ലാസ്റ്റിക് മാലിന്യം തരംതിരിച്ച് വിൽക്കുകയും ചെയ്തു. മൂന്നാറിലെ കുറഞ്ഞ താപനിലയിൽ ജൈവമാലിന്യങ്ങൾ കമ്പോസ്റ്റ് ആകാൻ താമസമെടുക്കും എന്ന പ്രതിസന്ധി പരിഹരിക്കാൻ IRTC (Integrated Rural Technology Centre)-യുമായി ചേർന്ന് പ്രത്യേക 'ഇനോക്കുലം' വികസിപ്പിച്ചു. പ്രതിദിനം 5 ടൺ ജൈവമാലിന്യം സംസ്കരിക്കാൻ ശേഷിയുള്ള പ്ലാന്റ് ഇന്ന് കല്ലാറിൽ സജീവമാണ്.

ഹരിതകേരളം മിഷൻ, മൂന്നാർ ഗ്രാമപഞ്ചായത്ത്, യു.എൻ.ഡി.പി, ഹിൽദാരി എന്നിവർ സംയുക്തമായി മൂന്നാറിനെ ഒരു 'സീറോ വേസ്റ്റ് സോൺ' ആക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച ക്യാമ്പയിനാണ് 'ക്ലീൻ മൂന്നാർ ഗ്രീൻ മൂന്നാർ' ക്യാമ്പയിൻ. അഞ്ച് ജില്ലകളിൽ നിന്നുള്ള ഹരിതകേരളം മിഷൻ പ്രതിനിധികളും ഇന്റേണുകളും വാർഡ് തലങ്ങളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി. ഹരിതകർമ്മ സേനയെ ശക്തിപ്പെടുത്തുകയും വീടുകൾ കയറിയിറങ്ങി മാലിന്യം വേർതിരിക്കേണ്ടതിന്റെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്തുകയും സ്കൂളുകളിൽ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും ചെയ്തു.

മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി മൂന്നാറിലെ പൊതുവിടങ്ങളും ജലാശയങ്ങളും ശുചീകരിക്കുന്നതിനായി വിപുലമായ ജനകീയ പങ്കാളിത്തമുണ്ടായി. മൂന്നാറിനെ 16 ക്ലസ്റ്ററുകളായി തിരിച്ച് സന്നദ്ധ സംഘടനകൾക്ക് ശുചീകരണ ചുമതല നൽകി. 12 ദിവസം നീണ്ടുനിന്ന ഈ ബൃഹത്തായ യജ്ഞത്തിൽ 1000-ത്തിലധികം ആളുകൾ പങ്കാളികളാവുകയും 50 ടൺ അജൈവ മാലിന്യം നീക്കം ചെയ്യുകയും ചെയ്തു. മൂന്നാറിൽ നടപ്പിലാക്കിയ ഈ ശാസ്ത്രീയ മാതൃക പിന്നീട് ചിന്നക്കനാൽ, മറയൂർ, ദേവികുളം, വട്ടവട തുടങ്ങിയ അയൽ ഗ്രാമപഞ്ചായത്തുകൾക്കും വലിയ പ്രചോദനമായി മാറി.

## മൂന്നാർ ഗ്രീൻ കോറിഡോർ

മൂന്നാറിലേക്ക് എത്തുന്ന വിനോദസഞ്ചാരികൾ വഴിയരികിൽ മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയാണ് മൂന്നാർ ഗ്രീൻ കോറിഡോർ. മൂന്നാറിലേയ്ക്കുള്ള

പ്രധാന റോഡുകൾ കേന്ദ്രീകരിച്ച് സഞ്ചാരികള്ക്കുള്ള ഫെസിലിറ്റേഷൻ സെന്ററുകള്, ഗ്രീൻ ചെക്ക് പോസ്റ്റ്, കുറ്റമറ്റ മാലിന്യ സംസ്കരണ സംവിധാനങ്ങള്, ഗ്രീൻ പെട്രോളിങ് എന്നിവ ഉൾപ്പെടുന്ന ഒരു ഗ്രീൻ കോറിഡോർ ഒരുക്കുന്ന പ്രവർത്തനങ്ങള്ക്ക് UNDP- IHRML പദ്ധതിയുടെ ഭാഗമായി തുടക്കം കുറിച്ചിരുന്നു. ഗ്രീന് കോറിഡോർ ഉള്ക്കൊള്ളുന്ന പ്രദേശത്തെ ഗ്രാമപഞ്ചായത്തുകളുടെ ഉൾപ്പെടെ പ്രാതിനിധ്യം ഉറപ്പുവരുത്തിയുള്ള ഒരു സൊസൈറ്റി രൂപീകരിച്ച് പ്രവര്ത്തനങ്ങൾ നടത്താനാണ് ലക്ഷ്യമിട്ടിരുന്നത്. ഇത് സംബന്ധിച്ച ബൈലോ തയ്യാറാക്കുകയും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

## അപ്സൈക്കിൾ പാർക്ക്

യു.എൻ.ഡി.പി - ഐ.എച്ച്.ആർ.എം.എൽ (UNDP-IHRML) പദ്ധതിയുടെ ഭാഗമായി കേരളത്തിലെ ആദ്യത്തെ അപ്സൈക്കിൾ പാർക്ക് മൂന്നാറിൽ സജ്ജമായി. പാഴ്വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിച്ച വൈവിധ്യമാർന്ന ത്രിമാന രൂപങ്ങൾ, നടപ്പാതകൾ, ഇരിപ്പിടങ്ങൾ, അലങ്കാരവസ്തുക്കൾ എന്നിവ ഈ പാർക്കിന്റെ പ്രധാന ആകർഷണങ്ങളാണ്. പൂർണ്ണമായും പാഴ്വസ്തുക്കൾ പുനരുപയോഗിച്ച് നിർമ്മിച്ച ഈ പാർക്ക്, മൂന്നാറിലെത്തുന്ന വിനോദസഞ്ചാരികൾക്ക് മാലിന്യസംസ്കരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അപ്സൈക്ലിംഗിന്റെ അനന്തസാധ്യതകളെക്കുറിച്ചും കൃത്യമായ അവബോധം നൽകുന്നു.

## ഹരിത പദ്ധതികൾക്കായുള്ള രീതിശാസ്ത്രം

യു.എൻ.ഡി.പി - ഐ.എച്ച്.ആർ.എം.എൽ (UNDP-IHRML) പദ്ധതിയിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഹരിത പ്ലാനുകൾ വികസിപ്പിച്ചെടുക്കുന്നതിനും അവ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനും മാർഗ്ഗ നിർദ്ദേശിയാകുന്ന ഹരിത പദ്ധതികൾക്കുള്ള രീതിശാസ്ത്രം വികസിപ്പിച്ചെടുത്തു. പരീക്ഷണാടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ പദ്ധതി പ്രദേശത്ത് ഉൾപ്പെടുന്ന 9 പഞ്ചായത്തുകളുടെ വാർഷിക പ്ലാനുകളിൽ ഹരിത ഘടകങ്ങൾ ഉൾപ്പെടുത്തി. ഹരിത പദ്ധതികൾക്കായുള്ള രീതിശാസ്ത്രം സംബന്ധിച്ച കൈപ്പുസ്തകം മലയാളത്തിലും തമിഴിലും പുറത്തിറക്കിയിരുന്നു. കിലയുടെ ലേണിങ് മാനേജ്മെൻറ് സെൻററിൽ ലഭ്യമായ കമ്മ്യൂണിറ്റി അധിഷ്ഠിത ഓർഗനൈസേഷനുകൾക്കായുള്ള ഗ്രീൻ പ്ലാനുകളെ കുറിച്ചുള്ള ഓൺലൈൻ സർട്ടിഫിക്കറ്റ് പ്രോഗ്രാമും ഇക്കാലയളവിൽ ആരംഭിച്ചു.

## ഉത്തരവാദിത്ത്വ ടൂറിസം പ്രോട്ടോകോൾ

യു.എൻ.ഡി.പി - ഐ.എച്ച്.ആർ.എം.എൽ (UNDP-IHRML) പദ്ധതിയുടെ സഹകരണത്തോടെ ഇടുക്കിയിലെ മലയോര വിനോദസഞ്ചാര മേഖലകളിൽ ഉത്തരവാദിത്ത ടൂറിസം നടപ്പിലാക്കുന്നതിനുള്ള സമഗ്രമായ പ്രോട്ടോക്കോളും പ്രവർത്തന ചട്ടക്കൂടും വികസിപ്പിച്ചു. കേരളത്തിലെ മുഴുവൻ മലയോര വിനോദസഞ്ചാര കേന്ദ്രങ്ങൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന രീതിയിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ടൂർ ഓപ്പറേറ്റർമാർ, താമസസൗകര്യം ഒരുക്കുന്നവർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവർ പാലിക്കേണ്ട കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഈ പ്രോട്ടോക്കോൾ പ്രായോഗികമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പത്ത് മാതൃകാ യൂണിറ്റുകൾ സജ്ജമാക്കുകയും ചെയ്തു. ഇത്തരം പ്രവർത്തനങ്ങളുടെ വിജയകരമായ തുടർച്ചയായാണ് 2023-ലെ മികച്ച ഗ്രാമീണ വിനോദസഞ്ചാര പദ്ധതിക്കുള്ള 'ഗോൾഡ് പുരസ്കാരം' കാന്തല്ലൂർ ഗ്രാമപഞ്ചായത്തിന് ലഭിച്ചത്.

## പൊതുസ്ഥലങ്ങളിലെ മാലിന്യ നിയന്ത്രണം: ബോധവൽക്കരണത്തിലൂടെയുള്ള മാറ്റം

ഇടുക്കി ജില്ലയിലുടനീളം നടപ്പിലാക്കിയ വിവിധങ്ങളായ മാലിന്യസംസ്കരണ സംവിധാനങ്ങളിലൂടെ പൊതുസ്ഥലങ്ങളിലെ മാലിന്യത്തിന്റെ അളവ് ഗണ്യമായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. നിരന്തരമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്ന രീതിക്ക്

വലിയ മാറ്റം വരുത്താൻ ഹരിതകേരളം മിഷന് കഴിഞ്ഞു. പൊതുഇടങ്ങളെ മാലിന്യമുക്തമാക്കാൻ സ്വീകരിച്ച പ്രധാന ഇടപെടലുകൾ ചുവടെ നൽകുന്നു.

- ഉറവിട മാലിന്യസംസ്കരണം: ജൈവ-അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിക്കേണ്ടതിന്റെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്തി. വീടുകളിൽ നിന്ന് തന്നെ ശാസ്ത്രീയമായ മാലിന്യസംസ്കരണ സംവിധാനങ്ങൾ ആരംഭിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വലിയ പ്രോത്സാഹനം നൽകിയത് പൊതുഇടങ്ങളിലെ മലിനീകരണം ഗണ്യമായ തോതിൽ കുറച്ചു.
- ബോട്ടിൽ ബൂത്തുകളും മിനി എം.സി.എഫുകളും: പൊതുസ്ഥലങ്ങളിൽ പ്ലാസ്റ്റിക് കുപ്പികൾ വലിച്ചെറിയുന്നത് തടയാനായി ജില്ലയിലുടനീളം 900 ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചു. കൂടാതെ അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി 700 മിനി എം.സി.എഫുകളും (Mini MCF) സജ്ജമാക്കിയിട്ടുണ്ട്.
- ബിന്നുകളുടെ സ്ഥാപനം: പൊതുസ്ഥലങ്ങളിൽ ജൈവ-അജൈവ മാലിന്യങ്ങൾ തരംതിരിച്ച് നിക്ഷേപിക്കുന്നതിനായി പ്രത്യേക ബിന്നുകൾ സ്ഥാപിച്ചു. ഇത് വഴിയോരങ്ങളിലും പൊതു ഇടങ്ങളിലും മാലിന്യം വലിച്ചെറിയുന്ന ശീലം നിയന്ത്രിക്കാൻ വലിയ തോതിൽ സഹായിച്ചു.









സഞ്ചാരികൾ പൊതുവിടങ്ങളിൽ അലക്ഷ്യമായി മാലിന്യങ്ങൾ വലിച്ചെറിയുന്നത് തടയാനും ടൂറിസം കേന്ദ്രങ്ങളിൽ പ്രത്യേക സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. മാലിന്യ പരിപാലനത്തെക്കുറിച്ച് സഞ്ചാരികളെ ബോധവാന്മാരാക്കാൻ പ്രധാന കേന്ദ്രങ്ങളിൽ ബോർഡുകൾ സ്ഥാപിച്ചു. പ്ലാസ്റ്റിക് കുപ്പികളും മറ്റ് അജൈവ മാലിന്യങ്ങളും നിക്ഷേപിക്കാൻ ശാസ്ത്രീയമായ ബിന്നുകളും ബോട്ടിൽ ബൂത്തുകളും സജ്ജമാക്കി. ഹരിതകർമ്മ സേനയുടെ നേതൃത്വത്തിൽ എല്ലാ ദിവസവും മാലിന്യങ്ങൾ ശേഖരിച്ച് നീക്കം ചെയ്യുന്നതിലൂടെ ടൂറിസം കേന്ദ്രങ്ങളെ മാലിന്യമുക്തമായി നിലനിർത്താൻ സാധിക്കുന്നു.

## മാലിന്യസംസ്കരണം: നിയമനടപടികളും കർശന നിയന്ത്രണങ്ങളും

അശാസ്ത്രീയമായ മാലിന്യസംസ്കരണം തടയുന്നതിനും നിയമലംഘനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനും ഇടുക്കി ജില്ലയിൽ വിപുലമായ സംവിധാനങ്ങളാണ് ഒരുക്കിയത്. സുരക്ഷിതമായ മാലിന്യസംസ്കരണ ശീലങ്ങൾ വളർത്തിയെടുക്കുന്നതിനായി നിയമപരമായ ഇടപെടലുകൾ ശക്തമായി തുടരുന്നു. ജില്ലയിലുടനീളം ഇതുവരെ വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ 2,219 പരിശോധനകൾ നടത്തി. ഇതിൽ നിയമലംഘനം കണ്ടെത്തിയ 899 കേസുകൾ റിപ്പോർട്ട് ചെയ്യുകയും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തു. നിയമലംഘനങ്ങളുമായി







ബന്ധപ്പെട്ട് ഇതുവരെ 2,14,90,000 (രണ്ട് കോടി പതിനാല് ലക്ഷത്തി തൊണ്ണൂറായിരം) രൂപ പിഴ ചുമത്തി. ഇതിൽ 3,56,000 രൂപ ഇതിനോടകം പിഴയൊടുക്കി കഴിഞ്ഞു. പുഴകളിലും മറ്റ് ജലാശയങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നതുമായി ബന്ധപ്പെട്ട് 68 കുറ്റകൃത്യങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിച്ചു. ഇതിൽ 32 കേസുകളിൽ നിന്നായി 3,37,500 രൂപ പിഴ ഈടാക്കി. ബാക്കിയുള്ള 6 പരാതികൾ കോടതിയുടെയും വിവിധ വകുപ്പുകളുടെയും സജീവ പരിഗണനയിലാണ്. പൊതുസ്ഥലങ്ങളിൽ സ്ഥിരമായി മാലിന്യം നിക്ഷേപിക്കുന്ന 208 കേന്ദ്രങ്ങൾ (Black Spots) ജില്ലയിൽ കണ്ടെത്തിയിരുന്നു. ഇതിൽ 198 കേന്ദ്രങ്ങളിലെ മാലിന്യം പൂർണ്ണമായും നീക്കം ചെയ്ത് ആ പ്രദേശങ്ങൾ ശുചിത്വപൂർണ്ണമാക്കി. ബാക്കിയുള്ള 10 സ്ഥലങ്ങളിൽ മാലിന്യ നിക്ഷേപം തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതായും അവിടെ കർശന നിരീക്ഷണം ഏർപ്പെടുത്തുമെന്നും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

### ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം: പന്നിയാർ പുഴയും തൊടുപുഴയാറും

ജില്ലയിലെ നീർച്ചാലുകളും പുഴകളും മാലിന്യമുക്തമാക്കുന്നതിനായി ഹരിതകേരളം മിഷന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ ബൃഹത്തായ പദ്ധതികളാണ് നടപ്പിലാക്കിയത്. വിവിധ ജലസംരക്ഷണ ക്യാമ്പയിനുകളുടെ ഭാഗമായി നടന്ന പുഴ ശുചീകരണ പ്രവർത്തനങ്ങൾ ജില്ലയിലെ നിരവധി ജലസ്രോതസ്സുകളുടെ സ്വാഭാവികത വീണ്ടെടുക്കാൻ സഹായിച്ചു. അതിൽ ഏറ്റവും

പ്രധാനപ്പെട്ടതാണ് പന്നിയാർ പുഴയിലെയും തൊടുപുഴയാറിലെയും മാലിന്യങ്ങൾ നീക്കം ചെയ്ത് സ്വാഭാവിക നീരൊഴുക്ക് പുനസ്ഥാപിച്ചത്. ഇത് സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ നൽകുന്നു.

## പന്നിയാർ പുഴ ശുചീകരണം (ശാന്തൻപാറ)

2025ൽ തുടക്കമിട്ട മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ജില്ലാതല ഉദ്ഘാടനം പൂപ്പാറയിലെ പന്നിയാർ പുഴ ശുചീകരിച്ചുകൊണ്ടാണ് നിർവ്വഹിക്കപ്പെട്ടത്. എം.എൽ.എ, ബ്ലോക്ക്-ഗ്രാമപഞ്ചായത്ത് പ്രതിനിധികൾ, കുടുംബശ്രീ അംഗങ്ങൾ, തൊഴിലുറപ്പ് തൊഴിലാളികൾ, വ്യാപാരികൾ, ചുമട്ടുതൊഴിലാളികൾ തുടങ്ങി സമൂഹത്തിന്റെ നാനാതുറകളിലുള്ളവർ ഈ യജ്ഞത്തിൽ പങ്കാളികളായി. പുഴയിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനൊപ്പം പുഴയോരങ്ങളിൽ സംരക്ഷണ ഭിത്തികൾ നിർമ്മിച്ച് ഒഴുക്ക് സുഗമമാക്കാനുള്ള പ്രവർത്തനങ്ങളും ഇതോടൊപ്പം ആരംഭിച്ചു.



## തൊടുപുഴയാറിന്റെ വീണ്ടെടുപ്പ്

ജില്ലയിലെ പ്രധാന ജലസ്രോതസ്സായ തൊടുപുഴയാർ നേരിട്ടിരുന്ന രൂക്ഷമായ മലിനീകരണത്തിന് ശാശ്വത പരിഹാരം കാണാൻ ഹരിതകേരളം മിഷന്റെ ഇടപെടലുകളിലൂടെ സാധിച്ചു. വ്യാപാര സ്ഥാപനങ്ങളിൽ നിന്നും വീടുകളിൽ നിന്നുമുള്ള മാലിന്യങ്ങൾ നേരിട്ട് പുഴയിലേക്ക് തള്ളുന്നതും, കൈതോടുകൾ വഴി മാലിന്യം ഒഴുക്കിവിടുന്നതും പതിവായിരുന്നു. ഇത് വലിയ തോതിലുള്ള മാധ്യമ ശ്രദ്ധയും പ്രതിഷേധവും ക്ഷണിച്ചുവരുത്തിയിരുന്നു. ഇതിന് പരിഹാരമായി പടിപടിയായി മാലിന്യ നിക്ഷേപ കേന്ദ്രങ്ങൾ ഒഴിവാക്കുകയും ശാസ്ത്രീയ സംസ്കരണ രീതികൾ നടപ്പിലാക്കുകയും ചെയ്തു. പൊതുജന പങ്കാളിത്തത്തോടെ ആറിനെ സംരക്ഷിക്കാനായി പ്രത്യേക നിരീക്ഷണ ഗ്രൂപ്പുകൾ രൂപീകരിച്ചു. ജനകീയമായ ഈ കൂട്ടായ്മയുടെ ഫലമായി ഇന്ന് തൊടുപുഴയാർ മാലിന്യമുക്തമാവുകയും അതിന്റെ സ്വാഭാവിക ഒഴുക്ക് വീണ്ടെടുക്കുകയും ചെയ്തു. ഇത് ഈ മേഖലയിലെ പ്രവർത്തനങ്ങളുടെ മികച്ച ഉദാഹരണമായി നിലകൊള്ളുന്നു.

## പെൻഫ്രണ്ട്സ്: പ്ലാസ്റ്റിക് പേനകൾക്കെതിരെ ഒരു വിദ്യാർത്ഥി മുന്നേറ്റം

പാഴ്വസ്തുക്കൾ തരംതിരിച്ച് ശേഖരിക്കുന്ന ശീലം കുട്ടികളിലൂടെ വളർത്തിയെടുക്കാനും അത് സമൂഹത്തിലേക്ക് എത്തിക്കാനും ഹരിതകേരളം മിഷൻ ആവിഷ്കരിച്ച പ്രതീകാത്മകമായ പ്രചാരണ പരിപാടിയാണ് 'പെൻഫ്രണ്ട്സ്'. ഉപയോഗത്തിന് ശേഷം അലക്ഷ്യമായി വലിച്ചെറിയുന്ന പ്ലാസ്റ്റിക് പേനകൾ പ്രകൃതിക്ക് സൃഷ്ടിക്കുന്ന ആഘാതം കുറയ്ക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ജില്ലയിലെ വിവിധ സ്കൂളുകളിലും കോളേജുകളിലും പ്രകൃതി സൗഹൃദമായ ശേഖരണപ്പെട്ടികൾ

### മാലിന്യമുക്ത കുമളി - ഇടുക്കിക്ക് മാതൃകയായ അതിജീവനം

വർഷങ്ങളായി സ്തംഭിച്ചു കിടന്നിരുന്ന "ക്ലീൻ കുമളി ഗ്രീൻ കുമളി" പദ്ധതിയെ ഹരിതകേരളം മിഷന്റെ ഇടപെടലിലൂടെ പുനരുജ്ജീവിപ്പിച്ച് സംസ്ഥാനത്തിന് തന്നെ മാതൃകയാക്കി മാറ്റിയ കഥയാണിത്. 2018-ലെ പ്രളയകാലത്ത് കുമളിയിലെ മാലിന്യമല ഇടിഞ്ഞുവീണുണ്ടായ പ്രതിസന്ധികൾ പരിഹരിക്കുന്നതിനും ഇത്തരം പ്രശ്നങ്ങൾ ഇനി ആവർത്തിക്കാതെ ശാശ്വതമായി പരിഹരിക്കുന്നതിനും വേണ്ടിയാണ് ഈ ദൗത്യം ആരംഭിച്ചത്. മാലിന്യമല ശാസ്ത്രീയമായി നീക്കം ചെയ്യുന്നതിനായി സർക്കാർ 1.71 കോടി രൂപ അനുവദിച്ചു. അതോടെ ബയോമൈനിങ്ങിലൂടെ മാലിന്യങ്ങൾ നീക്കം ചെയ്യാൻ തുടങ്ങി. ഇനി വീണ്ടും ഇതുപോലുള്ള മാലിന്യമലങ്ങൾ രൂപപ്പെടാതിരിക്കാനുള്ള പ്രവർത്തനങ്ങളും ഇതോടൊപ്പം ആരംഭിച്ചു. ഇതിന്റെ ഭാഗമായി ഹോട്ടലുകൾ, റിസോർട്ടുകൾ, വ്യാപാരികൾ എന്നിവരെ വിവിധ ഗ്രൂപ്പുകളായി തിരിച്ച് വിപുലമായ ബോധവൽക്കരണ പരിപാടികൾ നടത്തി. വിദ്യാലയങ്ങളിൽ 42-ഓളം ക്ലാസ്സുകൾ സംഘടിപ്പിച്ചു. കോഴിക്കോട് കേന്ദ്രമായി പ്രവർത്തിക്കുന്ന 'നിറവ്' എന്ന ഹരിതസഹായ സ്ഥാപനത്തിന്റെ സാങ്കേതിക സഹായവും ഇതിനായി പ്രയോജനപ്പെടുത്തി. വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെയും ഹരിത കർമ്മ സേനയുടെ ശാക്തീകരണത്തിലൂടെയും അജൈവമാലിന്യ ശേഖരണവും സംസ്കരണവും കുറ്റമറ്റതാക്കാൻ സാധിച്ചു. അജൈവ മാലിന്യങ്ങൾ ശേഖരിച്ച് ഷ്രെഡിംഗ് യൂണിറ്റുകളിൽ പൊടിച്ച് റോഡ് ടാറിംഗിനായി ഉപയോഗിക്കുന്നു. 2025 നവംബർ വരെ 3000 കിലോ പ്ലാസ്റ്റിക് പൊടി ടാറിംഗിനായി കൈമാറി.



ഇതിനുപുറമേ മേഖലയിലെ മലിനമായ ജലസ്രോതസ്സുകളും വൃത്തിയാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. കുമളിയിലെ പ്രധാന കുടിവെള്ള സ്രോതസ്സായ അട്ടപ്പള്ളം തോട് സംരക്ഷിക്കുന്നതിനായി 12 കിലോമീറ്റർ ദൈർഘ്യമുള്ള 'പുഴ നടത്തം' സംഘടിപ്പിച്ചു. അതിന്റെ ഫലമായി തേക്കടി പെരിയാർ ടൈഗർ റിസർവിന്റെ സാമ്പത്തിക സഹകരണത്തോടെ കുമളി റോസാപ്പൂക്കണ്ടം ഭാഗത്തെ ഓടകളും തോടുകളും ടാങ്കർ വെള്ളമുപയോഗിച്ച് കഴുകി വൃത്തിയാക്കി.

കുമളി പട്ടണ പ്രദേശത്ത് ജൈവമാലിന്യം വലിയ പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. ഇവിടെ പ്രത്യേക കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുകയും രാഷ്ട്രീയ ജൈവമാലിന്യ സംസ്കരണം സാധ്യമാക്കുകയും ചെയ്തു. ഇവിടെ പ്രതിദിനം ശേഖരിക്കുന്ന 3500 കിലോ ജൈവമാലിന്യം വെർമി കമ്പോസ്റ്റ് (മണ്ണിരവളം) യൂണിറ്റുകളിലൂടെ വളമാക്കി മാറ്റുന്നു. ഇത്തരത്തിൽ പ്രതിമാസം 10000 കിലോ ജൈവവളം ഇവിടെ ഉത്പാദിപ്പിക്കുന്നു. കിലോയ്ക്ക് 12 രൂപ നിരക്കിൽ പ്രദേശത്തെ കർഷകർക്ക് ഈ വളം വില്പന നടത്തുന്നു. ഇത് കമ്പോസ്റ്റിംഗ് യൂണിറ്റുകൾക്ക് നേതൃത്വം നൽകുന്ന ഹരിത കർമ്മ സേനയ്ക്ക് അധിക വരുമാനം ഉറപ്പാക്കി. ഇതോടൊപ്പം വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്ന യൂസർ ഫീ ഇനത്തിൽ പ്രതിമാസം 1,10,000 രൂപ ലഭിക്കുന്നു. ഇത് പദ്ധതിയുടെ സുസ്ഥിരമായ നടത്തിപ്പിന് സഹായിക്കുന്നു. വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങളും, അടിസ്ഥാന സൗകര്യങ്ങളുടെ വിപുലീകരണവും, രാത്രികാല പട്രോളിംഗും നിരന്തര പരിശോധനകളും വഴി പ്രദേശത്തെ പൊതുഇടങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നത് കർശനമായി തടയാനും സാധിച്ചു.




സ്ഥാപിച്ചു. വിദ്യാർത്ഥികൾ തങ്ങൾ ഉപയോഗിച്ച് തീർന്ന പേനകൾ ഈ പെട്ടികളിൽ നിക്ഷേപിച്ചു. ഇത്തരത്തിൽ ജില്ലയിലുടനീളം വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നടത്തിയ വിപുലമായ സമാഹരണത്തിലൂടെ ഒരു ടണ്ണോളം പേനകളാണ് ശേഖരിക്കാൻ സാധിച്ചത്. ശേഖരിച്ച പേനകൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും പുനചംക്രമണം ചെയ്യുന്നതിനുമായി ക്ലീൻ കേരള കമ്പനിക്ക് കൈമാറി. ഈ ക്യാമ്പയിൻ വഴി പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിക്കേണ്ടതിന്റെ പ്രാധാന്യം പുതിയ തലമുറയ്ക്ക് പകർന്നുനൽകാൻ ഹരിതകേരളം മിഷന് കഴിഞ്ഞു.

### ഇ-മാലിന്യ (E-Waste) ശേഖരണം: കളക്ടറേറ്റിലെ ഹരിത മാതൃക

ആധുനിക കാലത്തെ ഏറ്റവും വലിയ പാരിസ്ഥിതിക വെല്ലുവിളികളിലൊന്നായ ഇലക്ട്രോണിക് മാലിന്യങ്ങളെ ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിൽ ഇടുക്കി ജില്ലാ ഭരണകൂടം വലിയൊരു ചുവടുവെപ്പ് നടത്തി. ഹരിതകേരളം മിഷന്റെയും ശുചിത്വ മിഷന്റെയും സംയുക്ത നേതൃത്വത്തിൽ 2020ൽ ഇടുക്കി കളക്ടറേറ്റിൽ സംഘടിപ്പിച്ച ഇലക്ട്രോണിക് മാലിന്യ ശേഖരണ പരിപാടി ഇതിന്റെ

### മംഗളാദേവി ചിത്ര പൗർണ്ണമി ഉത്സവം

കേരളത്തിലെയും തമിഴ്നാട്ടിലെയും പതിനായിരക്കണക്കിന് ഭക്തജനങ്ങൾ ഒത്തുചേരുന്ന മംഗളാദേവി ചിത്രപൗർണ്ണമി ഉത്സവത്തിൽ, മാലിന്യമുക്തമായ തീർത്ഥാടനം ഉറപ്പാക്കാൻ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ വിപുലമായ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയത്. പെരിയാർ വന്യജീവി സങ്കേതത്തിനുള്ളിൽ സ്ഥിതി ചെയ്യുന്ന ക്ഷേത്രമായതിനാൽ, പ്രകൃതിക്കും വന്യജീവികൾക്കും ദോഷകരമാകാത്ത രീതിയിൽ ഉത്സവം സംഘടിപ്പിക്കുക എന്നത് വലിയൊരു വെല്ലുവിളിയായിരുന്നു. ഇത്രയധികം തീർത്ഥാടകരും വിവിധ സർക്കാർ വകുപ്പുകളും പങ്കെടുക്കുന്ന സാഹചര്യത്തിൽ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ വനത്തിനുള്ളിൽ കുമിഞ്ഞുകൂടാനുള്ള സാധ്യത കണക്കിലെടുത്ത്, ജില്ലാ ഭരണകൂടത്തിന്റെയും ശുചിത്വ മിഷന്റെയും സഹകരണത്തോടെ 'ഗ്രീൻ പ്രോട്ടോക്കോൾ' കർശനമായി നടപ്പിലാക്കി. ക്ഷേത്ര പരിസരവും വന്യജീവി സങ്കേതത്തിലൂടെയുള്ള കാനനപാതകളും മാലിന്യരഹിതമായി സൂക്ഷിക്കുന്നതിന് ഈ ഇടപെടൽ വലിയ തോതിൽ സഹായിച്ചു. പ്ലാസ്റ്റിക് നിരോധനവും ബോധവൽക്കരണവും വഴി വനത്തിനുള്ളിലെ ഈ ഉത്സവത്തെ മാതൃകാപരമായ ഒരു ഹരിത തീർത്ഥാടനമാക്കി മാറ്റാൻ ജില്ലയ്ക്ക് സാധിച്ചു.

മികച്ച ഉദാഹരണമാണ്. വർഷങ്ങളായി കളക്ടറേറ്റിലെ വിവിധ വിഭാഗങ്ങളിലായി കെട്ടിക്കിടന്നിരുന്ന പ്രവർത്തനരഹിതമായ കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, മറ്റ് അനുബന്ധ ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവ ഈ ക്യാമ്പയിനിലൂടെ പൂർണ്ണമായും നീക്കം ചെയ്തു. ഓഫീസുകളിലെ സ്ഥലപരിമിതി ഒഴിവാക്കുന്നതിനും ഇലക്ട്രോണിക് ഉപകരണങ്ങളിലെ വിഷാംശങ്ങൾ മണ്ണിലും വെള്ളത്തിലും കലരുന്നത് തടയുന്നതിനും ഈ പ്രവർത്തനം വഴി സാധിച്ചു. കളക്ടറേറ്റിൽ നടപ്പിലാക്കിയ ഈ മാതൃക ജില്ലയിലെ മറ്റ് സർക്കാർ ഓഫീസുകൾക്കും പൊതുസ്ഥാപനങ്ങൾക്കും വലിയ പ്രചോദനമാണ് നൽകിയത്. ശേഖരിച്ച ഇ-മാലിന്യങ്ങൾ ശാസ്ത്രീയമായി പുനചംക്രമണം ചെയ്യുന്നതിനായി അംഗീകൃത ഏജൻസികൾക്ക് കൈമാറുകയും ചെയ്തു. സർക്കാർ ഓഫീസുകൾ ഹരിതചട്ടം പാലിക്കുന്നതിന്റെ ഭാഗമായുള്ള ഏറ്റവും നിർണ്ണായകമായ ഒരു ഇടപെടലായിരുന്നു ഇത്.

## കുട്ടികളുടെ ഹരിതസഭകൾ

പുതുതലമുറയിൽ പരിസ്ഥിതി അവബോധം വളർത്തുക എന്ന ലക്ഷ്യത്തോടെ 2021 ൽ ജില്ലയിലെ 43 തദ്ദേശ സ്ഥാപനങ്ങളിലായി സംഘടിപ്പിച്ച ഹരിതസഭകൾ മികച്ച പ്രതികരണം ഉണ്ടാക്കി. സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് വിഭാഗങ്ങളിലായി 404 സ്കൂളുകളിൽ നിന്നുള്ള 6840 വിദ്യാർത്ഥികളാണ് ഈ സംരംഭത്തിൽ പങ്കെടുത്തത്. ആകെ 10,052 പേർ പങ്കെടുത്ത സഭകളിൽ കുട്ടികൾ അവതരിപ്പിച്ച 521 റിപ്പോർട്ടുകൾ മാലിന്യ സംസ്കരണത്തെക്കുറിച്ചും പ്രകൃതി സംരക്ഷണത്തെക്കുറിച്ചുമുള്ള അവരുടെ കാഴ്ചപ്പാടുകൾ വ്യക്തമാക്കുന്നതായിരുന്നു. മാലിന്യമുക്ത കേരളം എന്ന ലക്ഷ്യത്തിലേക്കുള്ള വലിയൊരു ചുവടുവെപ്പ് ആയിരുന്നു ഇത്. കുട്ടികളിൽ സാമൂഹിക പ്രതിബദ്ധതയും നേതൃത്വഗുണവും വളർത്തുന്നതിനൊപ്പം പരിസ്ഥിതി സൗഹൃദമായ ഒരു സംസ്കാരം സമൂഹത്തിൽ വളർത്തിയെടുക്കാനും ഇത്തരം കൂട്ടായ്മകൾ സഹായിക്കുന്നു.

ഇടുക്കിയുടെ മാലിന്യ സംസ്കരണ മേഖലയുടെ ശാക്തീകരണത്തിൽ ഹരിതകേരളം മിഷൻ നൽകിയ സംഭാവനകൾ നിസ്തുലമാണ്. ശാസ്ത്രീയ മാലിന്യ സംസ്കരണം, ഹരിതചട്ടം, ജനകീയ ക്യാമ്പയിനുകൾ എന്നിവയിലൂടെ ജില്ലയുടെ ശുചിത്വ നിലവാരം വിപ്ലവകരമായി മെച്ചപ്പെട്ടു. തദ്ദേശസ്ഥാപനങ്ങളുടെയും ഹരിതകർമ്മ സേനയുടെയും ഏകോപിത പ്രവർത്തനം ഇടുക്കിയെ സുസ്ഥിരമായ ഒരു ഹരിത വിനോദസഞ്ചാര കേന്ദ്രമാക്കുന്നതിലേക്കുള്ള തുടർച്ചയായ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകർന്നു.



### മണ്ഡലകാലവും ഹരിത ഇടപെടലുകളും

ശബരിമല തീർത്ഥാടകരുടെ പ്രധാന കവാടങ്ങളായ കുമളി, വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ഹരിതകേരളം മിഷൻ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ മണ്ഡലകാലത്തെ മാലിന്യപ്രശ്നങ്ങൾക്ക് വലിയൊരു പരിഹാരമായി. തീർത്ഥാടനം പരിസ്ഥിതി സൗഹൃദമാക്കുക എന്ന ലക്ഷ്യത്തോടെ 'ഗ്രീൻ പ്രോട്ടോക്കോൾ' കർശനമായി നടപ്പിലാക്കാനായി. കുടുംബശ്രീ മിഷനുമായി സഹകരിച്ച് സ്ഥാപിച്ച കൗണ്ടറുകൾ വഴി തുണിസഞ്ചികൾ, സ്റ്റീൽ ബോട്ടിലുകൾ എന്നിവ വിതരണം ചെയ്തു. പ്ലാസ്റ്റിക് കുപ്പികൾക്ക് പകരം പുനരുപയോഗിക്കാവുന്ന പാത്രങ്ങൾ ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത ഭക്തർക്ക് പകർന്നുനൽകാൻ ഇതിലൂടെ സാധിച്ചു. കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (CSR) ഫണ്ടിന്റെ ഭാഗമായി ജില്ലാ സഹകരണ




ബാങ്ക്, യൂണിയൻ ബാങ്ക് എന്നിവയിൽ നിന്ന് ലഭിച്ച 35,000 രൂപ ഉപയോഗിച്ച് തുണിസഞ്ചികൾ നിർമ്മിച്ചു. ഇവ ഫോറസ്റ്റ് ചെക്ക് പോസ്റ്റുകൾ വഴിയും കുടുംബശ്രീ കൗണ്ടറുകൾ വഴിയും തീർത്ഥാടകർക്ക് വിതരണം ചെയ്തു. ശുചിത്വ സന്ദേശങ്ങൾ അടങ്ങിയ ലഘുലേഖകൾ, പോസ്റ്ററുകൾ, സ്റ്റിക്കറുകൾ എന്നിവ തീർത്ഥാടന പാതകളിൽ പ്രദർശിപ്പിച്ചു. അഴുത ബ്ലോക്ക് പഞ്ചായത്തുമായി സഹകരിച്ച് തുണി ബാനറുകൾ സ്ഥാപിക്കുകയും ചെയ്തു. ഭക്തിയും പരിസ്ഥിതി സംരക്ഷണവും കൈകോർത്ത ഈ പ്രവർത്തനം ശബരിമല മണ്ഡലകാലത്തെ വഴിയരികുകളിൽ അലക്ഷ്യമായി മാലിന്യങ്ങൾ വലിച്ചെറിയുന്നത് അടക്കമുള്ള സങ്കീർണമായ മാലിന്യ പ്രശ്നങ്ങൾ ഇല്ലാതാക്കാൻ സഹായിച്ചു.

### ജലസംരക്ഷണം: ഇടുക്കിയുടെ അതിജീവന പാത

പശ്ചിമഘട്ടത്തിന്റെ ജലസംഭരണി എന്ന് വിശേഷിപ്പിക്കാവുന്ന ഇടുക്കി ജില്ല, കഴിഞ്ഞ കുറച്ചുകാലങ്ങളായി കാലാവസ്ഥാ വ്യതിയാനത്തിന്റെയും പ്രകൃതിദുരന്തങ്ങളുടെയും വലിയ വെല്ലുവിളികൾ നേരിടുകയാണ്. എന്നാൽ ഈ പ്രതിസന്ധികളെ അതിജീവിക്കാൻ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടന്ന ജലസംരക്ഷണ പ്രവർത്തനങ്ങൾ ജില്ലയ്ക്ക് വലിയൊരാശ്വാസമായിട്ടുണ്ട്. മണ്ണും ജലവും സംരക്ഷിച്ചുകൊണ്ട് പരിസ്ഥിതിയെ തിരിച്ചുപിടിക്കാനുള്ള ഈ ജനകീയ യജ്ഞം കഴിഞ്ഞ പത്ത് വർഷത്തിനിടെ ഇടുക്കിയിൽ സൃഷ്ടിച്ചത് അത്ഭുതകരമായ മാറ്റങ്ങളാണ്. നീർച്ചാലുകളുടെ വീണ്ടെടുപ്പ് മുതൽ ശാസ്ത്രീയമായ ജലബജറ്റിംഗ് വരെ നീളുന്ന ഈ പ്രവർത്തനങ്ങൾ ഇടുക്കിയുടെ പാരിസ്ഥിതിക ചരിത്രത്തിൽ തങ്കലിപികളാൽ എഴുതപ്പെടേണ്ടതാണ്.

## ജനകീയ ക്യാമ്പയിനുകളിലൂടെ നീർച്ചാൽ വീണ്ടെടുപ്പ്

ഇടുക്കിയിലെ പാരിസ്ഥിതിക പ്രശ്നങ്ങളെ ലഘൂകരിക്കുന്നതിൽ പുഴകളുടെ ജനകീയ വീണ്ടെടുപ്പിനായി ഹരിത കേരളം മിഷൻ രൂപം കൊടുത്ത 'ഇനി ഞാൻ ഒഴുകട്ടെ' ക്യാമ്പയിൻ, സമഗ്ര നീർത്തട പരിപാലനം ലക്ഷ്യമിട്ട് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും ഹരിത കേരളം മിഷനും സംയുക്തമായി നടപ്പിലാക്കിയ 'നീരുറവ്' എന്നീ ക്യാമ്പയിനുകൾ വഹിച്ച പങ്ക് ചെറുതല്ല. ഈ ക്യാമ്പയിനുകളുടെ ഭാഗമായി ജില്ലയിലെ ചെറുതും വലുതുമായ 1617 നീർച്ചാലുകളുടെ സ്വാഭാവിക നീരൊഴുക്ക് വീണ്ടെടുക്കാൻ സാധിച്ചു എന്നത് ഒരു വലിയ നേട്ടമാണ്. വെറും ശുചീകരണ പ്രവർത്തനങ്ങൾ എന്നതിലുപരി, പൊതുജനങ്ങൾക്ക് പുഴകളുടെ പരിപാലനത്തെക്കുറിച്ചും ആവശ്യകതയെക്കുറിച്ചും വലിയൊരു അവബോധം സൃഷ്ടിക്കാൻ ഇതിലൂടെ സാധിച്ചു.



ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, തൊഴിലുറപ്പ് പദ്ധതി, ജലസേചന വകുപ്പ്, കൃഷിവകുപ്പ് എന്നിവയുടെ ഏകോപനത്തിലൂടെ ജലസംരക്ഷണത്തിന്റെ പ്രാധാന്യം സമൂഹത്തിന്റെ നാനാമേഖലകളിലും എത്തിച്ചു. ജനപ്രതിനിധികളുടെയും പരിസ്ഥിതി പ്രവർത്തകരുടെയും നേതൃത്വത്തിൽ താഴെത്തട്ടിൽ ക്ലസ്റ്ററുകൾ രൂപീകരിച്ച് നടത്തിയ 'പുഴനടത്തം' പുഴകളുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കാൻ സഹായിച്ചു. റെസിഡൻസ് അസോസിയേഷനുകൾ, എൻ.എസ്.എസ്, എൻ.സി.സി, നേച്ചർ ക്ലബ്ബുകൾ തുടങ്ങിയവരെയും ഇതിന്റെ ഭാഗമാക്കിയതോടെ ഇതൊരു വലിയ ജനകീയ പ്രസ്ഥാനമായി മാറി. പുഴകളുടെ സ്വാഭാവിക നീരൊഴുക്ക് തടസ്സപ്പെടാതെ നിലനിർത്താൻ രൂപീകരിച്ച സംഘങ്ങളുടെ പ്രവർത്തനം ശ്ലാഘനീയമാണ്.

## ഇനി ഞാനൊഴുകട്ടെ

ഇനി ഞാനൊഴുകട്ടെ ജനകീയ ക്യാമ്പയിന്റെ ഭാഗമായി ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നീർച്ചാലുകളുടെയും മറ്റ് ജലസ്രോതസ്സുകളുടെയും പുനരുദ്ധാരണ പ്രവർത്തനങ്ങൾ വിജയകരമായി നടപ്പിലാക്കി. മൂന്ന് ഘട്ടങ്ങളിലായി നടപ്പിലാക്കിയ ഈ ക്യാമ്പയിന്റെ ഒന്നാം ഘട്ടത്തിന്റെ ഭാഗമായി ജില്ലയിലാകെ 38 നീർച്ചാലുകളാണ് ജനകീയ പങ്കാളിത്തത്തോടെ ശുചീകരിച്ചത്. ആകെ 117.5 കിലോമീറ്റർ നീളത്തിൽ നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ച ഒന്നാം ഘട്ടത്തിൽ 6039 പേരുടെ സന്നദ്ധ സേവനം ഇതിനായി ലഭ്യമായി. രണ്ടാം ഘട്ടത്തിൽ ഏകദേശം 478.87 കിലോമീറ്റർ



ദൈർഘ്യമുള്ള 346 നീർച്ചാലുകളും വീണ്ടെടുക്കാനായി. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി 2024 ഡിസംബർ മുതൽ മാർച്ച് മാസം വരെ നടത്തിയ ഇനി ഞാനൊഴുകട്ടെ മൂന്നാം ഘട്ടത്തിന്റെ ഭാഗമായി 330 നീർച്ചാലുകളിലായി 220.9 കിലോമീറ്റർ നീർച്ചാലുകളും വീണ്ടെടുക്കാനായി. ജലസ്രോതസ്സുകളെ മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിൽ ഈ ജനകീയ ക്യാമ്പയിൻ വലിയ പങ്കുവഹിച്ചു.. ജലസ്രോതസ്സുകളുടെ വീണ്ടെടുപ്പിൽ പ്രത്യേകം എടുത്തു പറയേണ്ട പ്രവർത്തനങ്ങളാണ് തൊടുപുഴയാർ, നല്ലതണ്ണി പുഴ, ദേവിയാർ എന്നിവയുടെ വീണ്ടെടുപ്പ്. ഇത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ താഴെ പരിചയപ്പെടാം.

### തൊടുപുഴയാറിന്റെ പുനർജനി

ഒരുകാലത്ത് മാലിന്യക്കൂമ്പാരമായി വാർത്തകളിൽ നിറഞ്ഞുനിന്നിരുന്ന തൊടുപുഴയാറിന്റെ ഇന്നത്തെ അവസ്ഥ ഹരിതകേരളം മിഷന്റെ ഇച്ഛാശക്തിയുടെ തെളിവാണ്. തൊടുപുഴ നഗരത്തിലെ മാലിന്യപ്രശ്നങ്ങളും വർഷകാലത്ത് കരകവിഞ്ഞൊഴുകുന്ന പുഴയും നിത്യസംഭവമായിരുന്നു. എന്നാൽ കഴിഞ്ഞ പത്ത് വർഷത്തിനിടെ തൊടുപുഴയാറിന്റെ മുഖച്ഛായ തന്നെ മാറി. ഹരിതകേരളം മിഷന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ നടത്തിയ പുനരുദ്ധാരണ പ്രവർത്തനങ്ങളിലൂടെ മാലിന്യ നിക്ഷേപ കേന്ദ്രങ്ങൾ കണ്ടെത്തി നീക്കം ചെയ്തു. ഇന്ന് തൊടുപുഴയാറിന്റെ സ്വാഭാവികത വീണ്ടെടുത്തതും തെളിഞ്ഞൊഴുകുന്ന ജലവും പരിസരവാസികളും പൊതുജനങ്ങളും സാക്ഷ്യപ്പെടുത്തുന്ന നേട്ടമാണ്.

### നല്ലതണ്ണി പുഴയുടെ പുനരുജ്ജീവനം

മധ്യകേരളത്തിലെ പ്രധാന ജലസ്രോതസ്സായ പെരിയാറിന്റെ പോഷകനദിയായ മുതിരപ്പുഴയാറിലേക്കാണ് മൂന്നാറിലെ നല്ലതണ്ണി, കല്ലാർ, കന്നിയാർ എന്നീ മൂന്ന് പ്രധാന നദികൾ സംഗമിക്കുന്നത്. ഇതിൽ ആനമുടി മലനിരകളിൽ നിന്ന് ഉത്ഭവിച്ച് മൂന്നാറിലൂടെ 12 കിലോമീറ്റർ ഒഴുകുന്ന നല്ലതണ്ണി പുഴ, ടൗണിലെ വ്യാപാരസ്ഥാപനങ്ങളിൽ നിന്നും റിസോർട്ടുകളിൽ നിന്നുമുള്ള മാലിന്യങ്ങൾ മൂലം കടുത്ത മലിനീകരണ ഭീഷണിയിലായിരുന്നു. ഈ സാഹചര്യം കണക്കിലെടുത്ത്, UNDP-IHRML പദ്ധതിയുടെ ഭാഗമായി നദിയുടെ പുനരുജ്ജീവനത്തിനായി സമഗ്രമായ ഒരു രൂപരേഖ തയ്യാറാക്കി. ഇതിന്റെ തുടർച്ചയായി 2022 മാർച്ച് 22-ലെ ലോക ജലദിനത്തോടനുബന്ധിച്ച് 'വീണ്ടും നല്ലതണ്ണി'

എന്ന പേരിൽ ബൃഹത്തായ ജനകീയ ശുചീകരണയജ്ഞം സംഘടിപ്പിച്ചു. 32-ലധികം സന്നദ്ധ സംഘടനകളുടെ പങ്കാളിത്തത്തോടെ നദിയുടെ 2.2 കിലോമീറ്റർ ദൂരം ശുചീകരിക്കുകയും പുഴയോരങ്ങൾ സൗന്ദര്യവൽക്കരിക്കുകയും ചെയ്തു.

നദിയിലേക്ക് നേരിട്ട് മാലിന്യം കലരുന്നത് തടയുന്നതിനായി ശാസ്ത്രീയമായ പരിഹാരമാർഗ്ഗങ്ങളും പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി. മൂന്നാറിലെ വ്യാപാരസ്ഥാപനങ്ങൾ മലിനജലം നേരിട്ട് നദിയിലേക്ക് ഒഴുക്കുന്നത് തടയുന്നതിനായുള്ള ഒരു മാതൃകാ പ്രവർത്തനമെന്ന നിലയിൽ, ഗ്രീൻ കംഫർട്ട് സ്റ്റേഷൻ ആധുനിക നിലവാരത്തിൽ നവീകരിച്ചു. നിലവിലുണ്ടായിരുന്ന സെപ്റ്റിക് ടാങ്ക് സംവിധാനത്തിന് പകരം DEWATS (Decentralized Wastewater Treatment System) അടിസ്ഥാനമാക്കിയുള്ള പ്രകൃതി സൗഹൃദ മാലിന്യജല ശുദ്ധീകരണ സംവിധാനം (Nature-based Wastewater Treatment System) ഇവിടെ ഒരുക്കി. ടോയ്ലറ്റുകളിൽ നിന്നുള്ള മലിനജലം ശാസ്ത്രീയമായി ശുദ്ധീകരിച്ച് സുരക്ഷിതമായി മാത്രം നദിയിലേക്ക് വിടുന്ന ഈ സംവിധാനം മൂന്നാറിലെ മാലിന്യപ്രശ്നത്തിന് ശാശ്വതമായ ഒരു പരിഹാര മാതൃകയായി.

## ക്ലീൻ ദേവിയാർ, ക്ലീൻ അടിമാലി

നിരവധി പുഴ വീണ്ടെടുപ്പ് പ്രവർത്തനങ്ങൾ ഇക്കാലയളവിൽ വിജയകരമായി സംഘടിപ്പിച്ചു. ഇതിൽ ഏറ്റവും എടുത്തു പറയേണ്ട ഒന്നാണ് രണ്ടാം വാർഷികത്തോടനുബന്ധിച്ച് അടിമാലി പഞ്ചായത്തിൽ നടത്തിയ 'ക്ലീൻ ദേവിയാർ, ക്ലീൻ അടിമാലി' ക്യാമ്പയിൻ. അടിമാലി മുതൽ വാളറ വരെ 18 കിലോമീറ്റർ ദൂരം ശുചീകരിക്കാൻ 2500-ഓളം സന്നദ്ധ പ്രവർത്തകരാണ് എത്തിയത്. ടൗണിലെ മാലിന്യം പേറി നാശത്തിന്റെ വക്കിലായ പുഴയെയും, അതുമൂലം മലിനമായ കിണറുകളെയും വീണ്ടെടുക്കാൻ ഈ ജനകീയ മുന്നേറ്റത്തിന് സാധിച്ചു. തൊഴിലുറപ്പ് തൊഴിലാളികൾ, ഹരിതകർമ്മസേന, പൊതുപ്രവർത്തകർ എന്നിവരുടെ കൂട്ടായ ശ്രമം പുഴയെ വീണ്ടെടുത്തു

## പ്രകൃതിദുരന്തങ്ങൾ: പ്രതിരോധ പ്രവർത്തനങ്ങൾ

ഇടുക്കിയെ വിറപ്പിച്ച വെള്ളപ്പൊക്കത്തെയും മണ്ണിടിച്ചിലിനെയും ഒരുപരിധിവരെ പ്രതിരോധിക്കാൻ ഹരിതകേരളം മിഷൻ ആവിഷ്കരിച്ച ജൈവമാർഗ്ഗങ്ങൾ ഫലം കണ്ടു. ദേശീയ തൊഴിലുറപ്പ് പദ്ധതിയും കൃഷിവകുപ്പുമായി ചേർന്ന് തോടുകളുടെയും പുഴകളുടെയും ഇരുകരകളിലും തീറ്റപ്പുല്ലും



മുളയും തഴയും നട്ടുപിടിപ്പിച്ചു. ഇത് മണ്ണൊലിപ്പ് തടയുന്നതിനും പുഴയുടെ സ്വാഭാവിക ഒഴുക്ക് വീണ്ടെടുക്കുന്നതിനും സഹായിച്ചു. പെരുവന്താനം ഗ്രാമപഞ്ചായത്തിലെ പാലൂർക്കാവ് തോട്, കൊക്കയാർ ഗ്രാമപഞ്ചായത്തിലെ മേലോരം തോട് എന്നിവ ഇതിന് ഉദാഹരണങ്ങളാണ്. ഒഴുക്ക് തടസ്സപ്പെട്ട മുന്നൂറോളം തോടുകളും മാലിന്യം നിറഞ്ഞ 14 തോടുകളും ഇത്തരത്തിൽ വീണ്ടെടുത്തത് വെള്ളപ്പൊക്കത്തിന്റെ തീവ്രത കുറയ്ക്കാൻ സഹായിച്ചു.

### പ്രളയാനന്തര ജലശുചീകരണം: ആരോഗ്യസുരക്ഷയിലേക്ക്

പ്രകൃതിദുരന്തങ്ങൾക്ക് ശേഷം ജലജന്യ രോഗങ്ങൾ പടരാതിരിക്കാൻ ആരോഗ്യവകുപ്പും ജലവിഭവ വകുപ്പുമായി ചേർന്ന് ഹരിതകേരളം മിഷൻ നടത്തിയ ഇടപെടലുകൾ നിർണ്ണായകമായിരുന്നു.



ജില്ലയിലെ ജലസ്രോതസ്സുകൾ സൂപ്പർ ക്ലോറിനേഷൻ ഉൾപ്പെടെയുള്ള നടപടികൾക്ക് വിധേയമാക്കി. ദുരന്തസമയത്തും ശേഷവും ജലശുദ്ധീകരണത്തിനുള്ള പൊതുജനാരോഗ്യ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി നടപ്പിലാക്കി. ജില്ലയിലാകെ 127 സ്വകാര്യ കിണറുകളിലും 97 സ്ഥാപനതല കുടിവെള്ള സ്രോതസ്സുകളിലും ക്ലോറിനേഷൻ ജോലികൾ പൂർത്തിയാക്കി ജലശുചീകരണം ഉറപ്പാക്കി.

### തീരസംരക്ഷണ പ്രവർത്തനങ്ങൾ

അടിമാലി ഗ്രാമപഞ്ചായത്തിലെ ദേവിയാർ പുഴയുടെ സംരക്ഷണം എടുത്തുപറയേണ്ട ഒന്നാണ്. ഇവിടെ നടപ്പിലാക്കിയ മുളവൽക്കരണ പദ്ധതിയിലൂടെ അടിമാലി ടൗണിലൂടെ ഒഴുകുന്ന പുഴ ഇന്ന് സമൃദ്ധമായി ജലം വഹിച്ചുകൊണ്ട് തടസ്സങ്ങളില്ലാതെ ഒഴുകുന്നു. വെള്ളപ്പൊക്കം മൂലം സാമ്പത്തിക പ്രതിസന്ധിയിലായി കൃഷി ഉപേക്ഷിക്കാൻ നിർബന്ധിതരായ കർഷകർക്ക് ഇതൊരു പുതുജീവനായി. പാടശേഖരങ്ങളെ പൂർണ്ണമായും കൃഷിയിലേക്ക് തിരികെ കൊണ്ടുവരാൻ കർഷകരെ സംഘടിപ്പിച്ച് പ്രത്യേക ഊരുകൂട്ടം ചേർന്നുകൊണ്ട് നടത്തിയ പ്രവർത്തനങ്ങൾ മണ്ണിടിച്ചിലിന് ശാശ്വത പരിഹാരമായി



മാറി. പശ്ചിമഘട്ടത്തിലെ തണ്ണീർത്തട സംരക്ഷണത്തിന് ബഹുതലസ്പർശിയായ ഈ സംയോജന പ്രവർത്തനം ഉത്തമ മാതൃകയാണ്.

മണ്ണൊലിപ്പ് തടയാൻ തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ച് കയർ ഭൂവസ്ത്രം വിരിക്കുന്ന പ്രവർത്തനങ്ങൾ ജില്ലയിലെമ്പാടും നടന്നു. തൊടുപുഴ, ഇളംദേശം, ഇടുക്കി, അഴുത, നെടുങ്കണ്ടം, കട്ടപ്പന തുടങ്ങിയ എല്ലാ ബ്ലോക്കുകളിലും ഈ പ്രവർത്തനം വിജയകരമായി നടന്നു. മാപ്പത്തോൺ പ്രവർത്തനങ്ങളിലൂടെ കണ്ടെത്തിയ ഇരട്ടയാർ ഗ്രാമപഞ്ചായത്തിലെ കൊച്ചുകാമാക്ഷി തോട് ഒന്നര കിലോമീറ്റർ നീളത്തിൽ നവീകരിച്ച് കയർഭൂവസ്ത്രം വിരിച്ചത് അവിടുത്തെ കൃഷി തിരികെ കൊണ്ടുവരാനും വെള്ളപ്പൊക്കം തടയാനും സഹായിച്ചു. കാമാക്ഷി, വാഴത്തോപ്പ്, ഏലപ്പാറ തുടങ്ങി മുപ്പതോളം ഗ്രാമപഞ്ചായത്തുകളിൽ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തി.

ഇടുക്കിയുടെ ഭൂപ്രകൃതിക്ക് അനുയോജ്യമായ രീതിയിൽ മണ്ണൊലിപ്പ് തടയുന്നതിനായുള്ള പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനായി 2019-ൽ ആരംഭിച്ച ക്യാമ്പയിനാണ് 'പച്ചപ്പ് മണ്ണിനും മനുഷ്യനും'. മണ്ണിടിച്ചിൽ സാധ്യതയുള്ള മേഖലകളിലും നദീതീരങ്ങളിലും രാമച്ചം, തീറ്റപുല്ല്, മുള തുടങ്ങിയവ നച്ചുപിടിപ്പിച്ച് മണ്ണിനെ സംരക്ഷിക്കുകയായിരുന്നു ഇതിന്റെ ലക്ഷ്യം. ജില്ലയിലെ 48 പഞ്ചായത്തുകൾ ഈ പദ്ധതിയിൽ പങ്കാളികളായി. ആകെ 161.75 ഏക്കറിലാണ് ഇത്തരത്തിൽ പച്ചപ്പുല്ലുകളും മുളകളും നട്ടുപിടിപ്പിച്ചത്. ഇതിനായി കാർഷിക സർവ്വകലാശാലയിൽ നിന്നും 700 കിലോ തീറ്റപ്പുൽ വിത്തുകൾ ലഭ്യമാക്കി.

### ഹരിതപുരവും ജനകീയ പുഴനടത്തവും

അതിവർഷവും ഉരുൾപൊട്ടലും തകർത്ത മരിയാപുരം ഗ്രാമപഞ്ചായത്തിന്റെ ഉയിർത്തെഴുന്നേൽപ്പായിരുന്നു 2019 ലെ 'ഹരിതപുരം' സമഗ്ര പദ്ധതി. പെരിയാറിന്റെ തീരങ്ങൾ സംരക്ഷിക്കുക പുഴയോരങ്ങളുടെ പുനരുദ്ധാരണം ഉറപ്പാക്കുക എന്നിവയായിരുന്നു ഇതിന്റെ ലക്ഷ്യങ്ങൾ. ഇതിന്റെ ഭാഗമായി ഹരിതകേരളം മിഷന്റെ വാർഷികദിനമായ ഡിസംബർ 8-ന് പെരിയാറിന്റെ തീരത്തുകൂടി നടത്തിയ ജനകീയ പുഴനടത്തം വേറിട്ടൊരു അനുഭവമായി. തടിയംപാട് ചപ്പാത്ത് ഭാഗത്ത് മഠത്തിൽ കടവ് മുതൽ കുതിരക്കല്ല് വരെ നടന്ന യാത്രയിൽ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, കുടുംബശ്രീ അംഗങ്ങൾ തുടങ്ങി 1500-ഓളം പേർ പങ്കെടുത്തു. നോട്ടീസുകൾ അച്ചടിക്കാതെ, നേരിട്ടുള്ള സമ്പർക്കത്തിലൂടെയും മുരുകൻ കാട്ടാക്കടയുടെ കവിതയുമായി നടത്തിയ വ്യത്യസ്തമായ അനൗൺസ്മെന്റിലൂടെയുമാണ്



ഇതിന് പ്രചാരണം നൽകിയത്. അങ്കണവാടി-ആശാ-കുടുംബശ്രീ പ്രവർത്തകർ ഇതിന്റെ പ്രചാരകരായി മാറി. തുടർച്ചയായ പത്രവാർത്തകളും പുഴ നടത്തത്തെ കൂടുതൽ ജനങ്ങളിലെത്തിച്ചു. സാധാരണ വിളംബര ജാഥകൾ എന്ന ആശയം കൈവിട്ട് രണ്ട് ടയൽ പുഴ നടത്തങ്ങളാണ് പരിപാടിയുടെ വിളംബരമായി സംഘടിപ്പിച്ചത്. പുഴയുടെ പാരിസ്ഥിതിക മുൻഗണന ജനങ്ങളിലെത്തിക്കാനും മലിനീകരണം തടയാനും ഈ ക്യാമ്പയിന് സാധിച്ചു.

## ഉറവപ്പാറയിലെ ജലവിസ്മയം

മഴക്കാലത്തിനുശേഷം ജില്ലാ അഭിമുഖീകരിക്കുന്ന രൂക്ഷമായ വരൾച്ചയെ പ്രതിരോധിക്കുന്നതിന് ജില്ലയിൽ നടപ്പിലാക്കിയ അനേകം പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് തൊടുപുഴയിലെ ഉറവപ്പാറയിൽ നടപ്പിലാക്കിയ ജലസംരക്ഷണ മാതൃക. തൊടുപുഴ പട്ടണത്തിന്റെ അതിർത്തിയിയോട് ചേർന്ന് കാണപ്പെടുന്ന, രണ്ടര കിലോമീറ്റർ നീളവും 80 അടി വീതിയും 200 അടി ഉയരവുമുള്ള ഈ ഭീമാകാരമായ പാറക്കെട്ടിലൂടെ ഒഴുകിപ്പോകുന്ന മഴവെള്ളത്തെ ലളിതമായ എൻജിനീയറിംഗ് വിദ്യയിലൂടെ സംഭരിച്ച് കൃഷിക്കും മത്സ്യകൃഷിക്കും ഉപയോഗിക്കാവുന്ന രീതിയിൽ പരിവർത്തനം ചെയ്യുന്നതായിരുന്നു പദ്ധതി. തിരുവനന്തപുരം എയർപോർട്ടിലെ എൻജിനീയറിംഗ് അസിസ്റ്റന്റായ ബിജി ജോസഫ് ആണ് ഹരിതകേരളം മിഷന്റെ സാങ്കേതിക പിന്തുണയോടെ ഈ ആശയം നടപ്പിലാക്കിയത്. ഇടുക്കിയിലെ വരൾച്ച ഏറ്റവും കൂടുതൽ ബാധിക്കുന്ന പാറക്കെട്ടുകളും മലനിരകളും നിറഞ്ഞ പ്രദേശങ്ങൾക്ക് അനുകരിക്കാവുന്ന മാതൃകയായി ഇത് മാറി.



## രാജകുമാരിയിലെ ചണച്ചാക്ക് വാട്ടർടാങ്കുകൾ

ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹൃദവുമായ ജലസംരക്ഷണ രീതി എന്ന നിലയിൽ ചണച്ചാക്കുകൾ ഉപയോഗിച്ചുള്ള വാട്ടർ ടാങ്കുകൾ ഏറെ ശ്രദ്ധേയമാണ്. 20,000 ലിറ്റർ വെള്ളം സംഭരിക്കാൻ ശേഷിയുള്ള ഒരു ടാങ്ക് വെറും 16,350 രൂപയ്ക്ക് നിർമ്മിക്കാം എന്നതാണ് ഇതിന്റെ ഏറ്റവും വലിയ പ്രത്യേകത. ലളിതമായ നിർമ്മാണ രീതിയും കുറഞ്ഞ ചെലവും മുൻനിർത്തി രാജകുമാരി ഗ്രാമപ്പഞ്ചായത്തിലെ 14 വാർഡുകളിലും ഇത്തരം ടാങ്കുകൾ പഞ്ചായത്ത് നിർമ്മിച്ചു നൽകി കഴിഞ്ഞു. ഇതിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് 16 കർഷകർ തങ്ങളുടെ പുരയിടങ്ങളിൽ സ്വന്തം നിലയ്ക്കും ഇത്തരം ടാങ്കുകൾ ഒരുക്കിയിട്ടുണ്ട്.

നാലര മീറ്റർ നീളവും മൂന്ന് മീറ്റർ വീതിയും ഒന്നര മീറ്റർ ആഴവുമുള്ള ഒരു ടാങ്കിന്റെ നിർമ്മാണത്തിന് 90 ചണച്ചാക്കുകൾ, 15 ചാക്ക് സിമന്റ്, പത്ത് കിലോ വൈറ്റ് സിമന്റ് എന്നിവയാണ് പ്രധാനമായും



വേണ്ടത്. ലേബർ ചാർജ് ഇനത്തിൽ 8,400 രൂപയടക്കം ഏകദേശം 16,350 രൂപയാണ് ഇതിന്റെ ആകെ നിർമ്മാണച്ചെലവ്. അറ്റകുറ്റപ്പണികൾ ഗുണഭോക്താക്കൾക്ക് തന്നെ സ്വന്തമായി ചെയ്യാമെന്നത് ഇതിന്റെ മറ്റൊരു മേന്മയാണ്. ലാൻഡ്സ്കേപ്പ്, സേഫ് പോണ്ട്, ഫാം പോണ്ട്, മത്സ്യക്കുളം എന്നിങ്ങനെ നാല് വ്യത്യസ്ത മാതൃകകളിൽ ആവശ്യാനുസരണം ഇത്തരം വാട്ടർ ടാങ്കുകൾ നിർമ്മിക്കാവുന്നതാണ്.

## വെള്ളിയാമറ്റത്തെ പെൺകരുത്ത്: ജലസമൃദ്ധിയിലേക്ക്

തൊഴിലുറപ്പ് പദ്ധതിയിലെ സ്ത്രീശക്തിയും ജലസംരക്ഷണ ലക്ഷ്യവും ഒത്തുചേർന്നപ്പോൾ വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് കൈവരിച്ചത് സമാനതകളില്ലാത്ത ജലസമൃദ്ധിയാണ്. ഹരിതകേരളം മിഷന്റെ സാങ്കേതിക സഹായത്തോടെ 52 കുടിവെള്ള കിണറുകളും എട്ട് തടയണകളും നിർമ്മിച്ചാണ് ഈ ആദിവാസി മേഖല ജില്ലയ്ക്ക് തന്നെ മാതൃകയായത്. മലമുകളിലെ ഉറവകൾ വറ്റിയതോടെ അനുഭവപ്പെട്ട



കടുത്ത ജലക്ഷാമത്തിന് പരിഹാരം കാണാനാണ് പഞ്ചായത്ത് ഈ പദ്ധതി ആവിഷ്കരിച്ചത്. കിണർ നിർമ്മാണത്തിൽ വൈദഗ്ധ്യമുള്ളവരുടെ കുറവ് പരിഹരിക്കാൻ തൊഴിലുറപ്പ് തൊഴിലാളികൾക്ക് പ്രത്യേക പരിശീലനം നൽകുകയും, തുടർന്ന് അവർ ആത്മവിശ്വാസത്തോടെ ഈ ദൗത്യം ഏറ്റെടുക്കുകയുമായിരുന്നു. ഒരു സാമ്പത്തിക വർഷത്തിനുള്ളിൽ 220 വനിതകളും 21 പുരുഷന്മാരും അടങ്ങുന്ന സംഘം 3,380 തൊഴിൽ ദിനങ്ങളിലൂടെയാണ് 52 കിണറുകൾ പൂർത്തിയാക്കിയത്. കല്ലുകെട്ടുന്ന ജോലിക്ക് മാത്രമാണ് ഇവർ പുരുഷന്മാരുടെ സഹായം തേടിയത് എന്നത് ഈ വിജയഗാഥയുടെ തിളക്കം കൂട്ടുന്നു. 19.76 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച ഈ കിണറുകളിലെല്ലാം നിലവിൽ സമൃദ്ധമായി വെള്ളം ലഭ്യമാണ്. ഇതിനുപുറമെ, വടക്കനാറിന് കുറുകെ 4.86 ലക്ഷം രൂപ ചെലവിൽ എട്ട് തടയണകളും ഈ കൂട്ടായ്മ നിർമ്മിച്ചു. ഇതിൽ നാലെണ്ണത്തിന്റെ സംരക്ഷണ ഭിത്തികൾ പരിസ്ഥിതി സൗഹൃദമായ കയർ ഭൂവസ്ത്രം ഉപയോഗിച്ചാണ് നിർമ്മിച്ചിരിക്കുന്നത്. 2,250 മീറ്റർ നീളത്തിൽ കല്ല് കയ്യാലകൾ കൂടി നിർമ്മിച്ചതോടെ പ്രദേശം ജലസമൃദ്ധമായി. കൃത്യമായ ആസൂത്രണത്തിലൂടെയും കഠിനാധ്വാനത്തിലൂടെയും ജലക്ഷാമം പരിഹരിച്ച വെള്ളിയാമറ്റം ഇന്ന് ജല സ്വയംപര്യാപ്തതയുടെ ഉത്തമ ഉദാഹരണമാണ്.

### മാപ്പത്തോൺ: ശാസ്ത്രീയമായ നീർച്ചാൽ നിർണ്ണയം

പ്രാദേശിക സമൂഹങ്ങളെയും സന്നദ്ധപ്രവർത്തകരെയും ആധുനിക സാങ്കേതികവിദ്യയുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്ന വിപ്ലവകരമായ ഒരു ജലസംരക്ഷണ പദ്ധതിയാണ് 'മാപ്പത്തോൺ'. കേരള പുനർനിർമ്മാണത്തിനായി ആവിഷ്കരിച്ച 'റീബിൽഡ് കേരള' പദ്ധതിയുടെ ഭാഗമായി, ഹരിതകേരളം മിഷനും ഐ.ടി മിഷനും സംയുക്തമായി നടപ്പിലാക്കുന്ന 'സുരക്ഷിതമാക്കാം പശ്ചിമഘട്ടം' ക്യാമ്പയിന്റെ കീഴിലാണ് ഇത് പ്രവർത്തിക്കുന്നത്. ജി.ഐ.എസ് (GIS), മൊബൈൽ ആപ്ലിക്കേഷനുകൾ എന്നിവ ഉപയോഗിച്ച് കേരളത്തിലെ അരുവികൾ, നദികൾ തുടങ്ങിയ ജലസ്രോതസ്സുകളെയും പ്രകൃതിവിഭവങ്ങളെയും ഡിജിറ്റൽ മാപ്പിൽ കൃത്യമായി അടയാളപ്പെടുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. നീർച്ചാലുകളുടെ ശാസ്ത്രീയമായ നിർണ്ണയത്തിലൂടെയും അവയുടെ വീണ്ടെടുപ്പിലൂടെയും പരിസ്ഥിതി സന്തുലിതാവസ്ഥ ഉറപ്പാക്കാൻ ഈ പ്രവർത്തനങ്ങൾ സഹായിക്കുന്നു.

ജില്ലയിലെ 39 ഗ്രാമപഞ്ചായത്തുകളിലായി ഏകദേശം 2,150 നീർച്ചാലുകൾ ഇതിനോടകം അടയാളപ്പെടുത്തിക്കഴിഞ്ഞു. ആകെ 3,956.2 കിലോമീറ്റർ ദൈർഘ്യമുള്ള നീർച്ചാലുകളാണ് മാപ്പത്തോണിലൂടെ ശാസ്ത്രീയമായി മാപ്പിൽ രേഖപ്പെടുത്തിയത്. മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ തുടങ്ങിയ






പ്രകൃതിദുരന്തങ്ങളുടെ സാധ്യത കുറയ്ക്കാനും പശ്ചിമഘട്ട മേഖലയിലുള്ളവർക്ക് ഭയരഹിതമായി ജീവിക്കാനുള്ള സാഹചര്യം ഒരുക്കാനും ഈ ഡിജിറ്റൽ മാപ്പിംഗ് അത്യന്താപേക്ഷിതമാണ്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ റിസോഴ്സ് പേഴ്സൺമാർ, ഇന്റേണുകൾ, യംഗ് പ്രൊഫഷണലുകൾ, വിവിധ കോളേജുകളിലെ വിദ്യാർത്ഥികൾ എന്നിവരടങ്ങുന്ന വിപുലമായ ഒരു കൂട്ടായ്മയാണ് ജില്ലയിൽ ഈ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത്.

## ജലബജറ്റ്: കരുതലിന്റെ കണക്ക്

കേരളത്തിലെ ജലസ്രോതസ്സുകളുടെ കാര്യക്ഷമമായ വിനിയോഗത്തിനും സുസ്ഥിരമായ സംരക്ഷണത്തിനുമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന വിപ്ലവകരമായ പദ്ധതിയാണ് 'ജലബജറ്റ്'. ഓരോ പ്രദേശത്തെയും മഴയുടെ ലഭ്യതയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും പരിഗണിച്ചാണ് ജലബജറ്റ് തയ്യാറാക്കുന്നത്. സൂക്ഷ്മ നീർത്തടങ്ങളെ (Micro-watersheds) അടിസ്ഥാന യൂണിറ്റുകളായി എടുത്തുകൊണ്ട്, ജലലഭ്യതയും ആവശ്യകതയും തമ്മിലുള്ള അനുപാതം കണക്കാക്കുകയാണ് ഇതിന്റെ ലക്ഷ്യം. ഇതിലൂടെ ജലദൗർലഭ്യം അനുഭവപ്പെടാൻ സാധ്യതയുള്ള കാലയളവും അധിക ജലലഭ്യതയുള്ള സമയവും മുൻകൂട്ടി തിരിച്ചറിയാൻ സാധിക്കുന്നു.

കോഴിക്കോട് ആസ്ഥാനമായ സി.ഡബ്ല്യു.ആർ.ഡി.എം. (CWRDM)ന്റെ സഹായത്തോടെ തയ്യാറാക്കിയ മാർഗ്ഗരേഖകൾ അനുസരിച്ചാണ് ഇതിനാവശ്യമായ വിവരശേഖരണം നടത്തിയത്. ഇതിനായി ജില്ലാ, ബ്ലോക്ക്, തദ്ദേശസ്വയംഭരണ തലങ്ങളിൽ സാങ്കേതിക സമിതി യോഗങ്ങൾ ചേർന്ന് സമഗ്രമായ പഠനങ്ങൾ പൂർത്തിയാക്കി. ജില്ലയിലെ ഇടുക്കി, അടിമാലി, കട്ടപ്പന, നെടുങ്കണ്ടം, അഴുത എന്നീ ബ്ലോക്കുകളിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിലവിൽ ജലബജറ്റ് തയ്യാറാക്കിക്കഴിഞ്ഞു. ദേവികുളം, തൊടുപുഴ, ഇളംദേശം ബ്ലോക്കുകളിലെ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. ഇടുക്കി, കട്ടപ്പന, നെടുങ്കണ്ടം, അടിമാലി ബ്ലോക്കുകളിൽ ജലബജറ്റിലെ കണ്ടെത്തലുകൾക്ക് അനുസൃതമായ ജലസംരക്ഷണ പദ്ധതികൾ നിലവിൽ വിജയകരമായി നടപ്പിലാക്കി വരുന്നു.

## ജലപരിശോധന ലാബുകൾ: ഗുണനിലവാരം ഉറപ്പാക്കാൻ

പൊതുജന പങ്കാളിത്തത്തോടെ ജലസുരക്ഷ ഉറപ്പാക്കുന്നതിനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ആരംഭിച്ച ജലപരിശോധനാ ലാബുകളുടെ പ്രവർത്തനം ശ്രദ്ധേയമായ നേട്ടങ്ങൾ




കൈവരിച്ചിരിക്കുന്നു. പ്രാദേശിക തലത്തിൽ ജലസാമ്പിളുകൾ ശേഖരിച്ച് അവയുടെ ഗുണനിലവാരം കൃത്യതയോടെയും സമയബന്ധിതമായും ലഭ്യമാക്കുന്നു എന്നതാണ് ഈ ലാബുകളുടെ സവിശേഷത. വിദ്യാർത്ഥികൾ, അധ്യാപകർ, പൊതുജനങ്ങൾ എന്നിവരുടെ സജീവമായ സഹകരണം ഈ പദ്ധതിയെ ഒരു ജനകീയ മുന്നേറ്റമാക്കി മാറ്റി. ജില്ലയിൽ ഇതുവരെ 3,030 ജലസാമ്പിളുകൾ ശാസ്ത്രീയമായി പരിശോധിച്ച് റിപ്പോർട്ടുകൾ നൽകിക്കഴിഞ്ഞു. ഇത് ജില്ലയുടെ വിവിധ ഭാഗങ്ങളിലെ ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഏറെ സഹായകമായി.

ഇടുക്കി ജില്ലാ രൂപീകരണത്തിന്റെ അൻപതാം വാർഷികത്തോടനുബന്ധിച്ച് നടന്ന കാൽവരിമൗണ്ട് ടൂറിസം ഫെസ്റ്റിലും, സർക്കാരിന്റെ മൂന്നാം വാർഷികാഘോഷങ്ങളുടെ ഭാഗമായി വാഴത്തോപ്പ് ഹയർ സെക്കണ്ടറി സ്കൂൾ മൈതാനത്ത് നടത്തിയ പരിപാടിയിൽ ഒരുക്കിയ ഹരിതകേരളം മിഷൻ സ്റ്റാളിലും ഈ ലാബുകളുടെ സേവനം ലഭ്യമാക്കിയിരുന്നു. ഈ പ്രദർശനങ്ങളിലൂടെ ജലപരിശോധനാ സംവിധാനം പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തുകയും 175 സാമ്പിളുകൾ തത്സമയം പരിശോധിച്ച് ഫലം നൽകുകയും ചെയ്തു. കുടിവെള്ള സ്രോതസ്സുകളിലെ വിവിധ ഘടകങ്ങൾ സൂക്ഷ്മമായി വിലയിരുത്തി, ആവശ്യമായ പരിഹാരനിർദ്ദേശങ്ങൾ നൽകുന്നത് ജില്ലയിലെ ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ കരുത്ത് പകരുന്നു.

### ജലമാണ് ജീവൻ: രോഗപ്രതിരോധത്തിന്

അമീബിക് മസ്തിഷ്കജ്വരം പോലുള്ള മാരകമായ പകർച്ചവ്യാധികളെയും ജലജന്യ രോഗങ്ങളെയും പ്രതിരോധിക്കുന്നതിൽ 'ജലമാണ് ജീവൻ' ക്യാമ്പയിൻ ജില്ലയിൽ നിർണ്ണായകമായ പങ്കുവഹിച്ചു. 2025ൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടന്ന ഈ പ്രവർത്തനങ്ങളിലൂടെ പകർച്ചവ്യാധികളുടെ വ്യാപനം ഫലപ്രദമായി തടയാൻ സാധിച്ചു. ക്യാമ്പയിന്റെ ഭാഗമായി ജില്ലയിലാകെ 72,079 സ്വകാര്യ കിണറുകൾ, 1,127 സ്വകാര്യ സ്ഥാപനങ്ങളിലെ കിണറുകൾ, 1,499 പൊതുക്കിണറുകൾ, 22,487 ടാങ്കുകൾ എന്നിവ ശുചീകരിച്ചു. ജലസ്രോതസ്സുകൾ ശുദ്ധമായി സൂക്ഷിക്കേണ്ടതിന്റെ ആവശ്യകത ജനങ്ങളിലെത്തിക്കാൻ ഈ ശുചീകരണ യജ്ഞം സഹായിച്ചു.

ആരോഗ്യവകുപ്പിലെ ഹെൽത്ത് ഇൻസ്പെക്ടർമാരുടെയും അധ്യാപകരുടെയും നേതൃത്വത്തിൽ വിപുലമായ ബോധവൽക്കരണ പരിപാടികളാണ് സംഘടിപ്പിച്ചത്. ജില്ലയിലെ 282 വിദ്യാലയങ്ങളിലായി



71,905 വിദ്യാർത്ഥികൾക്ക് ഈ ക്യാമ്പയിന്റെ സന്ദേശം എത്തിക്കാൻ സാധിച്ചു. വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനത്തോടെ നടന്ന 62 ബോധവൽക്കരണ പരിപാടികളിലായി 871 പേർ നേരിട്ട് പങ്കെടുത്തു. ചുരുങ്ങിയ കാലയളവിനുള്ളിൽ അമീബിക് മസ്തിഷ്കജ്വരം പോലുള്ള രോഗങ്ങളെ പ്രതിരോധിക്കുന്നതിനായി ഹരിതകേരളം മിഷൻ നടത്തിയ ഇടപെടലുകൾ ജില്ലയുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിൽ വലിയൊരു കരുത്തായി മാറി.

ഇടുക്കി ജില്ലയിൽ ഹരിതകേരളം മിഷൻ നടത്തിയ ഈ ബഹുമുഖ പ്രവർത്തനങ്ങൾ ജലസംരക്ഷണത്തിന്റെ പുതിയ പാഠങ്ങളാണ് കേരളത്തിന് നൽകുന്നത്. ജനകീയ പങ്കാളിത്തവും, ശാസ്ത്രീയമായ ആസൂത്രണവും, തദ്ദേശീയമായ അറിവുകളും സമന്വയിപ്പിച്ചപ്പോൾ ഇടുക്കിയിലെ പുഴകളും തോടുകളും വീണ്ടും ജീവൻ വച്ചു. വരുംതലമുറയ്ക്കായി ജലസമൃദ്ധി കാത്തുസൂക്ഷിക്കാൻ ഈ പ്രവർത്തനങ്ങൾ ഊർജ്ജമാകും എന്ന് നിസ്സംശയം പറയാം.

## ഇടുക്കിയുടെ ഹരിതഗാഥ: ഹരിതകേരളം മിഷന്റെ ഒരു പതിറ്റാണ്ടിലെ കാർഷിക-പാരിസ്ഥിതിക ഇടപെടലുകൾ

പശ്ചിമഘട്ടത്തിന്റെ മടിത്തട്ടിൽ സ്ഥിതി ചെയ്യുന്ന ഇടുക്കി ജില്ല, കേരളത്തിന്റെ പാരിസ്ഥിതിക സന്തുലനാവസ്ഥ നിലനിർത്തുന്നതിൽ നിർണ്ണായക പങ്കുവഹിക്കുന്നുണ്ട്. എന്നാൽ കഴിഞ്ഞ കുറെ കാലങ്ങളായി കാലാവസ്ഥാ വ്യതിയാനവും, പ്രകൃതി ദുരന്തങ്ങളും, കാർഷിക മേഖലയിലെ തകർച്ചയും ജില്ലയെ പ്രതികൂലമായി ബാധിച്ചിരുന്നു. ഈ സാഹചര്യത്തിലാണ് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജില്ലയിൽ കൃഷി, പരിസ്ഥിതി പുനസ്ഥാപനം തുടങ്ങിയ മേഖലകളിൽ സമഗ്രമായ ഇടപെടലുകൾ ആരംഭിച്ചത്. കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ ഇടുക്കി ജില്ലയുടെ മണ്ണും മനസ്സും തൊട്ടറിഞ്ഞ് ഹരിതകേരളം മിഷൻ നടത്തിയ പ്രവർത്തനങ്ങൾ ഒരു വലിയ മാറ്റത്തിന് തുടക്കം കുറിച്ചു. തരിശുഭൂമികൾ നെൽപാടങ്ങളായും, ഉപേക്ഷിക്കപ്പെട്ട ഇടങ്ങൾ പച്ചത്തുരുത്തുകളായും

മാറ്റിയതടക്കം നിരവധി നേട്ടങ്ങൾ ഈ കാലയളവിൽ കൈവരിച്ചു. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഇടുക്കിയിൽ നടപ്പിലാക്കിയ സുപ്രധാന പ്രവർത്തനങ്ങളെയും അവയുടെ നേട്ടങ്ങളെയുമാണ് ഈ അദ്ധ്യായം വിശദമായി പരിശോധിക്കുന്നത്

## പരിസ്ഥിതി പുനസ്ഥാപനവും പച്ചത്തുരുത്തുകളും

ജില്ലയിലെ ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളുടെ നട്ടെല്ലായി മാറിയത് ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ 'പച്ചത്തുരുത്ത്' പദ്ധതിയാണ്. വനവിതാനം വർദ്ധിപ്പിക്കുക, പ്രാദേശികമായി പച്ചപ്പ് നിലനിർത്തുക എന്നീ ലക്ഷ്യങ്ങളോടെ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചാണ് ഈ വൃക്ഷവത്ക്കരണ പദ്ധതി നടപ്പിലാക്കിയത്. ഇതിലൂടെ ജില്ലയിലെ നഷ്ടപ്പെട്ടുപോയ പാരിസ്ഥിതിക അവസ്ഥ വീണ്ടെടുക്കുന്ന പ്രവർത്തനങ്ങൾക്ക് കൃത്യമായ ദിശാബോധം നൽകാൻ സാധിച്ചു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെയും സർക്കാർ സ്ഥാപനങ്ങളുടെയും വിവിധ സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ ജില്ലയിലാകെ 45.66 ഏക്കറിലായി 113 പച്ചത്തുരുത്തുകളാണ് സ്ഥാപിച്ചിട്ടുള്ളത്. ജില്ലയിൽ ഉടനീളം സ്ഥാപിച്ച പച്ചത്തുരുത്തുകളുടെ ബ്ലോക്ക് തലത്തിലുള്ള കണക്കുകൾ പരിശോധിച്ചാൽ ഈ പ്രവർത്തനത്തിന്റെ വ്യാപ്തി മനസ്സിലാക്കാം:

- അടിമാലി ബ്ലോക്ക്: 5.58 ഏക്കറിൽ 15 പച്ചത്തുരുത്തുകൾ.
- അഴുത ബ്ലോക്ക്: 2.9 ഏക്കറിൽ 9 പച്ചത്തുരുത്തുകൾ.
- ഇടുക്കി ബ്ലോക്ക്: 16.19 ഏക്കറിൽ 21 പച്ചത്തുരുത്തുകൾ.
- തൊടുപുഴ ബ്ലോക്ക്: 0.93 ഏക്കറിൽ 9 പച്ചത്തുരുത്തുകൾ.
- ഇളംദേശം ബ്ലോക്ക്: 7.715 ഏക്കറിൽ 15 പച്ചത്തുരുത്തുകൾ.
- കട്ടപ്പന ബ്ലോക്ക്: 0.95 ഏക്കറിൽ 7 പച്ചത്തുരുത്തുകൾ.
- നെടുങ്കണ്ടം ബ്ലോക്ക്: 10.1 ഏക്കറിൽ 31 പച്ചത്തുരുത്തുകൾ.
- ദേവികുളം ബ്ലോക്ക്: 1.95 ഏക്കറിൽ 8 പച്ചത്തുരുത്തുകൾ.



തരിശുഭൂമികളും മാലിന്യ നിക്ഷേപ കേന്ദ്രങ്ങൾ ആയിരുന്ന പൊതുഇടങ്ങൾ ശുചീകരിച്ച് ഹൃദ്യമായ ആസൂത്രണത്തോടെയും വലിയ പ്രാദേശിക ജനപങ്കാളിത്തത്തോടെയും സ്ഥാപിച്ച പച്ചത്തുരുത്തുകൾ, ഇന്ന് പക്ഷികളുടെയും, ചിത്ര ശലഭങ്ങളുടെയും, അടക്കം വൈവിധ്യമാർന്ന ജീവികളുടെ ആവാസ വ്യവസ്ഥയായി മാറിയിരിക്കുന്നു. തദ്ദേശീയമായ വൃക്ഷങ്ങളും ചെറിയ ചെടികളും ആണ് പ്രധാനമായും പച്ചത്തുരുത്തുകളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. സംരക്ഷണത്തിനായി വിവിധ ചെടികൾ ഉപയോഗിച്ച് ജൈവവേലിയും സജ്ജീകരിച്ചിട്ടുണ്ട്. ചില പച്ചത്തുരുത്തുകൾ സന്ദർശകരെ ആകർഷിക്കുന്ന ഹാപ്പിനസ് പാർക്കുകളായും മാറി. വിദ്യാലയങ്ങളും ഗവേഷകരും ജൈവവൈവിധ്യ പഠന മേഖലകളായും ഇവയെ പ്രയോജനപ്പെടുത്തുന്നു.

### പപ്പിനിമേട്: ഒരു പാരിസ്ഥിതിക വിജയഗാഥ

പച്ചത്തുരുത്തുകളിൽ ഏറ്റവും മികച്ച മാതൃകയായി എടുത്തു പറയേണ്ടത് നെടുങ്കണ്ടം ബ്ലോക്കിലെ നെടുങ്കണ്ടം പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന 'പപ്പിനിമേട് പച്ചത്തുരുത്ത്' ആണ്. കാടുമൂടി കൃഷിയോഗ്യമല്ലാതെ, കാലാകാലങ്ങളായി ഉപയോഗശൂന്യമായി കിടന്നിരുന്ന ഒന്നരയേക്കർ സ്ഥലമാണ് ഇന്ന് ജൈവവൈവിധ്യത്തിന്റെ കലവറയായി മാറിയിരിക്കുന്നത്. ഇല്ലി, കുടംപുളി, ജാതി, ഞാവൽ തുടങ്ങി 1193 മരങ്ങളാണ് ഇവിടെ നട്ടുപിടിപ്പിച്ചിരിക്കുന്നത്. കൂടാതെ, ജൈവവേലിയായി 1000 ചെമ്പരത്തിയും 550 ശീമകൊന്നയും നട്ട് പരിപാലിക്കുന്നു.

ഇന്ന് പപ്പിനിമേട് വെറുമൊരു മരക്കൂട്ടം മാത്രമല്ല, വിവിധ ഇനം പക്ഷികളുടെ ആവാസ കേന്ദ്രം കൂടിയാണ്. തത്തകൾ, പച്ചില കുടുക്ക, വ്യത്യസ്ത ഇനം കുരുവികൾ, മൈന തുടങ്ങിയ പക്ഷികൾ ഇവിടെ കൂടുകൂട്ടുന്നു. നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് ഈ പച്ചത്തുരുത്തിനെ ഒരു 'ഹാപ്പിനെസ് പാർക്ക്' ആയി ഉയർത്താനുള്ള പദ്ധതിയിലാണ്. പൊതുജനങ്ങൾക്ക് പ്രകൃതിയുടെ ആവാസവ്യവസ്ഥയെക്കുറിച്ച് പഠിക്കാനും, പ്രകൃതിക്ക് കോട്ടം തട്ടാത്ത രീതിയിൽ വിനോദ സഞ്ചാര കേന്ദ്രമായി ഇതിനെ ഉപയോഗിക്കാനും സാധിക്കും വിധമാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

### ഓർമ്മത്തുരുത്തുകൾ: ഭരണസമിതിയുടെ കരുതൽ

പരിസ്ഥിതി സംരക്ഷണത്തോടൊപ്പം, വരുംതലമുറയ്ക്ക് ഒരു ഓർമ്മപ്പെടുത്തൽ എന്ന നിലയിലാണ് 'ഓർമ്മത്തുരുത്തുകൾ' എന്ന ആശയം നടപ്പിലാക്കിയത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണസമിതികളുടെ കാലാവധി പൂർത്തിയാകുമ്പോൾ, തങ്ങളുടെ സേവനകാലയളവിന്റെ സ്മരണയ്ക്കായി പരിസ്ഥിതി പുനസ്ഥാപനത്തിന്റെ സന്ദേശം കൈമാറുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ജില്ലയിൽ മാതൃകാപരമായ 5 ഓർമ്മത്തുരുത്തുകൾ ഇതിനോടകം നിർമ്മിച്ച് പരിപാലിച്ചു വരുന്നു:



- പീരുമേട് ഗ്രാമപഞ്ചായത്തിലെ പള്ളിക്കുന്ന് എൽ.പി.എസ്. ഓർമ്മത്തുരുത്ത്.
- ആലക്കോട് ഗ്രാമപഞ്ചായത്തിലെ ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് ഓർമ്മത്തുരുത്ത്.
- സേനാപതി ഗ്രാമപഞ്ചായത്തിലെ അരുവിളാംചാൽ എൽ.പി.എസ്. ഓർമ്മത്തുരുത്ത്.
- മുട്ടം ഗ്രാമപഞ്ചായത്തിലെ ജില്ലാ കോടതി ഓർമ്മത്തുരുത്ത്.
- അറക്കുളം ഗ്രാമപഞ്ചായത്തിലെ എം.വി.ഐ.പി. ഓർമ്മത്തുരുത്ത്.

### ജനകീയ വൃക്ഷവത്ക്കരണം: ഒരു തൈ നടാം

കാലാവസ്ഥാ വ്യതിയാനത്തെയും മണ്ണൊലിപ്പിനെയും പ്രതിരോധിക്കാൻ 2025ൽ ഹരിതകേരളം മിഷൻ നടപ്പിലാക്കിയ ബൃഹത്തായ ക്യാമ്പയിനാണ് 'ഒരു തൈ നടാം' ജനകീയ വൃക്ഷവത്ക്കരണ ക്യാമ്പയിൻ. 3,40,843 തൈകൾ നടാനാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും, 5,95,655 തൈകൾ നട്ടുപിടിപ്പിച്ച് 167 ശതമാനത്തോളം നേട്ടം കൈവരിക്കാൻ ജില്ലയ്ക്ക് സാധിച്ചു. ദേശീയ തൊഴിലുറപ്പ് പദ്ധതി, കൃഷി വകുപ്പ്, സോഷ്യൽ ഫോറസ്ട്രി എന്നിവയുടെ സഹകരണത്തോടെയാണ് ഈ ലക്ഷ്യം നേടിയത്.



ഇതിന്റെ ഭാഗമായി സ്കൂളുകൾ കേന്ദ്രീകരിച്ച് നടത്തിയ പ്രവർത്തനങ്ങളും ഏറെ ശ്രദ്ധേയമായി. ലോക സൗഹൃദ ദിനത്തിൽ 'ചങ്ങാതിക്കൊരു തൈ' എന്ന പേരിൽ കുട്ടികൾ പരസ്പരം തൈകൾ കൈമാറി. ഈ പരിപാടിയുടെ ഭാഗമായി ജില്ലയിൽ 266 സ്കൂളുകളിലായി 35,446 തൈകൾ പരസ്പരം കൈമാറ്റം ചെയ്യപ്പെട്ടു. കുട്ടികളിൽ പ്രാദേശിക സസ്യങ്ങളെ കുറിച്ച് അവബോധം വർദ്ധിപ്പിക്കുന്നതിനും അവ കൂടുതലായി നട്ടു പിടിപ്പിക്കുന്നതിനായി അവരെ പ്രചോദിപ്പിക്കുന്നതിനും ഈ ക്യാമ്പയിനിലൂടെ സാധിച്ചു. പ്രാദേശികമായി മണ്ണിൽ കാർബൺ സംഭരണം വർദ്ധിപ്പിക്കുന്നതിന് കുട്ടികളെ കാര്യക്ഷമമായി പങ്കാളികളാക്കാൻ ഈ പരിപാടിയിലൂടെ സാധ്യമായത് വലിയ വ്യത്യസ്തമായ നേട്ടമായിരുന്നു.

### വനമേഖലയിലെ സ്വാഭാവിക ആവാസവ്യവസ്ഥാ പുനസ്ഥാപനം

മൂന്നാർ മേഖലയിലെ പരിസ്ഥിതി പുനസ്ഥാപനത്തിനായി യു.എൻ.ഡി.പി - ഐ.എച്ച്.ആർ.എം.എൽ (UNDP-IHRML) പദ്ധതി വഴി നടത്തിയ ഇടപെടലുകൾ എടുത്തു പറയേണ്ടതാണ്. വനത്തിനകത്തും പുറത്തുമായി ഏകദേശം 750 ഹെക്ടർ ഭൂമിയിൽ സ്വാഭാവിക ആവാസവ്യവസ്ഥ തിരിച്ചുപിടിക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ ഈ പദ്ധതിക്ക് സാധിച്ചു. ഇതിൽ 138 ഹെക്ടർ വനഭൂമിയിലെ അധിനിവേശ സസ്യങ്ങളെയും (Invasive species) പ്ലാന്റേഷനുകളെയും നീക്കം ചെയ്ത് സ്വാഭാവിക വനവത്ക്കരണം നടത്തി. ഇതിനായി മൂന്നാർ മലനിരകളിലെ സ്വാഭാവിക ചോല-പുൽമേട് സസ്യങ്ങൾക്കായി ഒരു പ്രത്യേക സെൻട്രൽ നഴ്സറി സ്ഥാപിച്ച് തൈകൾ

വികസിപ്പിച്ചെടുത്തു. ആനമുടി, മൂന്നാർ, മറയൂർ ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസികളുടെയും പ്രാദേശിക ജനവിഭാഗങ്ങളുടെയും സഹകരണത്തോടെ അധിനിവേശ സസ്യങ്ങളെ നിയന്ത്രിതമായി നീക്കം ചെയ്തു. ആനമുടി ചോലയിൽ 'ഹരിതവസന്തം' എന്ന പേരിൽ രൂപീകരിച്ച ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി വഴി 140 ഓളം പ്രദേശവാസികളെ അണിനിരത്തി നടത്തിയ ബൃഹത്തായ പ്രവർത്തനങ്ങൾ ഈ പദ്ധതിയുടെ വിജയത്തിന് അടിത്തറ പാകി.

ഇതിലെ സുപ്രധാന ഇടപെടൽ ആയിരുന്നു ഇരവികുളം നാഷണൽ പാർക്കിനകത്ത് പ്ലാന്റേഷൻ സസ്യങ്ങൾ നീക്കം ചെയ്ത് സ്വാഭാവിക പുൽമേടുകൾ പുനസ്ഥാപിച്ചത്. പുൽമേടുകൾ പുനസ്ഥാപിച്ചതോടെ സ്വാഭാവിക ആവാസ വ്യവസ്ഥ പുനസ്ഥാപിക്കപ്പെടുകയും നീലഗിരി പിപ്പിറ്റ്, ചുറ്റീന്തൽക്കിളി തുടങ്ങിയ പക്ഷികൾക്കും; കാട്ടുപോത്ത്, കലമാൻ, കേഴമാൻ, മ്ലാവ് തുടങ്ങിയ മൃഗങ്ങൾക്കും ആഹാരലഭ്യത ഉറപ്പുവരുത്താനായി. പുനഃസ്ഥാപിക്കപ്പെട്ട പുൽമേടുകളിൽ നിന്ന് പുതിയ നീർച്ചാലുകൾ ഉത്ഭവിച്ചത് വനമേഖലയിലും താഴെയുള്ള ജനവാസ കേന്ദ്രങ്ങളിലും ജലസമൃദ്ധി ഉറപ്പാക്കാൻ സഹായിച്ചു.

### ഇടുക്കിയുടെ കാർഷിക വീണ്ടെടുപ്പ്: ഹരിതകേരളം മിഷന്റെ സമഗ്ര ഇടപെടലുകളും നേട്ടങ്ങളും

ഇടുക്കി ജില്ലയുടെ കാർഷിക മേഖലയിൽ കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ ഹരിതകേരളം മിഷൻ നടത്തിയ ഇടപെടലുകൾ കേവലം പദ്ധതികളുടെ നിർവ്വഹണം മാത്രമല്ല, മറിച്ച് തകർന്നുപോയ ഒരു കാർഷിക സംസ്കൃതിയുടെ വീണ്ടെടുപ്പുകൂടിയാണ്. നെൽപ്പാടങ്ങളുടെ പുനരുജ്ജീവനം മുതൽ



അത്യാധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള കരിമ്പ് കൃഷി വരെ നീളുന്ന ഈ പ്രവർത്തനങ്ങൾ, കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനൊപ്പം പാരിസ്ഥിതിക സന്തുലനം ഉറപ്പാക്കുന്നതിലും വലിയ വിജയം കൈവരിച്ചിട്ടുണ്ട്.

### ഹരിത സമൃദ്ധി വാർഡുകൾ

വിഷരഹിത പച്ചക്കറികൾ പ്രാദേശികമായി ഉൽപ്പാദിപ്പിക്കുകയും അവ ജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുക എന്ന ഉദാത്തമായ ലക്ഷ്യത്തോടെ നടപ്പിലാക്കിയ 'ഹരിതസമൃദ്ധി വാർഡ്' പദ്ധതി ജില്ലയിൽ വലിയ ചലനങ്ങൾ സൃഷ്ടിച്ചു. ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളും ഇരട്ടയാർ ഗ്രാമപഞ്ചായത്തിലെ 6 വാർഡുകളും ഈ പദ്ധതിയിലൂടെ പൂർണ്ണമായും ഹരിതസമൃദ്ധി വാർഡുകളായി




മാറി. ഇവ കൂടാതെ സേനാപതി, പുറപ്പുഴ, മണക്കാട്, കാഞ്ചിയാർ, നെടുങ്കണ്ടം, ശാന്തൻപാറ തുടങ്ങി ജില്ലയിലെ വിവിധ പഞ്ചായത്തുകളിലെ നിരവധി വാർഡുകളും കാർഷിക സ്വയംപര്യാപ്തതയിലൂടെ ഈ അഭിമാനകരമായ നേട്ടം കൈവരിച്ചിട്ടുണ്ട്. പ്രാദേശികമായ കൂട്ടായ്മകളിലൂടെ സുരക്ഷിത ഭക്ഷണം ഉറപ്പാക്കുന്ന ഈ പദ്ധതി ജില്ലയുടെ ആരോഗ്യ-കാർഷിക മേഖലകൾക്ക് വലിയ മുതൽക്കൂട്ടാണ്.

### തരിശുഭൂമിയുടെ കാർഷികപരിവർത്തനം

തരിശുരഹിത ഗ്രാമം എന്ന ലക്ഷ്യത്തോടെ വിവിധ വകുപ്പുകളുടെ സംയോജനത്തിലൂടെ നിലവിലുള്ള പദ്ധതികളെ കൃത്യമായി ഏകോപിപ്പിക്കുന്നതിനുള്ള ഇടപെടലുകൾ ജില്ലയിൽ നടത്തിയിരുന്നു. ഇതിൻറെ ഭാഗമായി നെൽകൃഷിയിൽ മാത്രം കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ 52 ഹെക്ടറിൽ കൃഷി



വ്യാപിപ്പിക്കാൻ ആയി. കൃഷിവകുപ്പിന്റെ കണക്കുകൾ പ്രകാരം കഴിഞ്ഞ 10 വർഷത്തിനിടെ ജില്ലയിൽ പച്ചക്കറി കൃഷിയിൽ 15 ഹെക്ടറും, മറ്റു കൃഷി ഇനങ്ങളിലായി 74 ഹെക്ടറും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ജില്ലയിൽ നടത്തിയ തരിശു രഹിത ഗ്രാമം പ്രവർത്തനങ്ങളുടെ പ്രതിഫലനം ഈ നേട്ടങ്ങളെ സ്വാധീനിച്ചു.

## നെൽകൃഷി പുനഃസ്ഥാപനം: പ്രതിസന്ധികളിൽ നിന്നുള്ള തിരിച്ചുരവ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും സന്നദ്ധ സ്ഥാപനങ്ങളുടെയും കാര്യക്ഷമമായ ഏകോപനത്തിലൂടെ കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ ജില്ലയിൽ 129 ഏക്കർ തരിശുഭൂമിയിലാണ് നെൽകൃഷി പുനസ്ഥാപിച്ചത്. ഇതിൽ മലയോര മേഖലയ്ക്ക് പ്രത്യേക പരിഗണന നൽകി. മലയോര മേഖലയിലെ തണ്ണീർത്തടങ്ങൾ കൃഷിയോഗ്യമാക്കുന്നതിലൂടെ പ്രാദേശിക ജലസംഭരണം വർദ്ധിപ്പിക്കുന്നതിനും മലയടിവാരങ്ങളിലെ ജലസ്രോതസ്സുകൾ പരിപോഷിപ്പിക്കുന്നതിനും സഹായിച്ചു. ജില്ലയിൽ നടപ്പിലാക്കിയ വിവിധ നെൽകൃഷി വീണ്ടെടുപ്പ് പ്രവർത്തനങ്ങളെക്കുറിച്ച് വിശദമായി പരിചയപ്പെടാം.

## പെരിയാമ്പ്ര പാടശേഖരം: തരിശുനിലങ്ങളിൽ വിരിഞ്ഞ നെൽസമൃദ്ധി

ഹരിതകേരളം മിഷന്റെ സജീവമായ ഇടപെടലുകളെത്തുടർന്ന് 2018-19 കാലയളവിൽ ജില്ലയിലെ 30 ഹെക്ടർ തരിശുഭൂമിയിൽ പുതുതായി നെൽക്കൃഷി ആരംഭിച്ചു. ഇതിൽ മണക്കാട് ഗ്രാമപഞ്ചായത്തിലെ പെരിയാമ്പ്ര പാടശേഖരത്തിൽ നടത്തിയ കൃഷി ഏറെ ശ്രദ്ധേയമാണ്. 2018-ലെ മഹാപ്രളയത്തിൽ ഏക്കർ കണക്കിന് നെൽപ്പാടങ്ങൾ വെള്ളത്തിനടിയിലാവുകയും കൃഷി വ്യാപകമായി നശിക്കുകയും ചെയ്തിരുന്നു. പ്രളയാനന്തര സാഹചര്യത്തിൽ പലയിടങ്ങളിലും ഇരുപ്പൂക്കൃഷി ഒരുപ്പൂവായി ചുരുങ്ങിയെങ്കിലും, തരിശുനിലങ്ങൾ വീണ്ടെടുക്കാനുള്ള ഊർജ്ജിത ശ്രമങ്ങൾ ജില്ലയിൽ നടന്നു. ഹരിതകേരളം മിഷനും കൃഷി വകുപ്പും മറ്റ് അനുബന്ധ വകുപ്പുകളും സംയുക്തമായി നടത്തിയ ഏകോപനത്തിലൂടെ മികച്ചയിനം വിത്തുകളും മറ്റ് ഉൽപ്പാദനോപാധികളും കർഷകർക്ക് ലഭ്യമാക്കി. തരിശായി കിടന്ന പാടങ്ങളെ കൃഷിയിലേക്ക് തിരികെക്കൊണ്ടുവന്നതിലൂടെ നെല്ലുൽപ്പാദനത്തിൽ വലിയ മുന്നേറ്റം കൈവരിക്കാൻ ഈ കൂട്ടായ പ്രവർത്തനങ്ങൾക്ക് സാധിച്ചു.





## മലയോര തണ്ണീർത്തടങ്ങളുടെ വീണ്ടെടുപ്പ്

മലയോര മേഖലയിലെ ജലസ്രോതസ്സുകളെ സംരക്ഷിക്കുന്ന തണ്ണീർത്തടങ്ങൾ പലതും നാണ്യവിളകളായും കരഭൂമിയായും മാറുന്ന സാഹചര്യം നിലനിന്നിരുന്നു. ഇത് തടയുന്നതിനായി യു.എൻ.ഡി.പി - ഐ.എച്ച്.ആർ.എം.എൽ (UNDP-IHRML) പദ്ധതിയുമായി സഹകരിച്ച് സലിം അലി ഫൗണ്ടേഷന്റെ സാങ്കേതിക സഹായത്തോടെ അടിമാലി ഗ്രാമപഞ്ചായത്തിൽ ബൃഹത്തായ പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടു.

- വീണ്ടെടുത്ത പാടശേഖരങ്ങൾ: പതിറ്റാണ്ടുകളായി തരിശിട്ടിരുന്ന കൊരങ്ങാട്ടി (28 ഏക്കർ), ഒഴുവത്തടം (6 ഏക്കർ), പെട്ടിമുടി (5 ഏക്കർ), കട്ടമുടി (15 ഏക്കർ) എന്നിങ്ങനെ അടിമാലി പഞ്ചായത്തിൽ മാത്രം 55 ഏക്കർ പാടശേഖരം കൃഷിയോഗ്യമാക്കി.

- തുടർപ്രവർത്തനം: 2022-ൽ പദ്ധതി അവസാനിച്ചപ്പോൾ കൃഷിയിൽ ഉണ്ടായ തിരിച്ചടി പരിഹരിക്കാൻ ഹരിതകേരളം മിഷൻ വീണ്ടും ഇടപെടുകയും, വെറും രണ്ട് വർഷത്തിനുള്ളിൽ 7 ഏക്കറിലേക്ക് ചുരുങ്ങിപ്പോയ കൃഷിയെ തിരികെ 55 ഏക്കറിലേക്ക് എത്തിക്കുകയും ചെയ്തു.

## കൊരങ്ങാട്ടി പാടശേഖരം: സമഗ്ര വികസന മാതൃക

കൊരങ്ങാട്ടി പാടശേഖരത്തിലെ ജല ആഗമന-നിർഗമന പ്രശ്നങ്ങൾക്ക് പരിഹാരമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജലസേചന വകുപ്പ് രണ്ട് കോടി രൂപയുടെ പ്രത്യേക പദ്ധതിയാണ് നടപ്പിലാക്കുന്നത്. ഇതിനു സമാന്തരമായി, ദീർഘകാലമായി തരിശുകിടക്കുന്ന പാടങ്ങൾ ഘട്ടംഘട്ടമായി കൃഷിയോഗ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിലൂടെ ആസൂത്രണം ചെയ്തുവരുന്നു. വന്യമൃഗശല്യം തടയുന്നതിനായി വനംവകുപ്പിന്റെ സൗരോർജ്ജ ഫെൻസിങ് പദ്ധതിയും പണിപ്പുരയിലാണ്. നെൽകൃഷിക്കും വേനൽക്കാല പച്ചക്കറി കൃഷിക്കുമൊപ്പം ബന്തി, സൂര്യകാന്തി, താമര എന്നിവയും മത്സ്യം, താറാവ് വളർത്തൽ എന്നിവയും ഉൾപ്പെടുത്തി ഒരു സംയോജിത കൃഷിരീതിയാണ് (Integrated Farming) ഇവിടെ വിഭാവനം ചെയ്യുന്നത്. വരുമാനം വർദ്ധിപ്പിക്കുന്നതിനായി മലയോര ഫാം ടൂറിസം സാധ്യതകളും പദ്ധതിയുടെ ഭാഗമായി പ്രയോജനപ്പെടുത്തും.

ജലസേചന സൗകര്യങ്ങൾ മെച്ചപ്പെട്ടതോടെ പതിറ്റാണ്ടുകൾക്ക് ശേഷം പാടശേഖരത്തിൽ രണ്ടാംവിള കൃഷി സാധ്യമായെന്നത് വലിയ നേട്ടമാണ്. കഴിഞ്ഞ വർഷം പരീക്ഷണാടിസ്ഥാനത്തിൽ

ഒരു കർഷകൻ രണ്ട് സീസണുകളിൽ നെൽകൃഷി വിജയകരമായി പൂർത്തിയാക്കി. കാലാവസ്ഥാ വ്യതിയാനം മൂലം ഒന്നാം വിളവെടുപ്പ് സമയത്തുണ്ടാകുന്ന അതിശക്തമായ മഴ കർഷകർക്ക് വലിയ നഷ്ടമുണ്ടാക്കിയിരുന്നു. എന്നാൽ രണ്ട് സീസണിലും കൃഷി ഇറക്കാൻ സാധിക്കുന്നതോടെ, കൃഷിസമയം കൃത്യമായി ക്രമീകരിച്ച് കാലാവസ്ഥാ വ്യതിയാന വെല്ലുവിളികളെ ഫലപ്രദമായി നേരിടാൻ സാധിക്കുമെന്ന പ്രതീക്ഷയിലാണ് ഇവിടുത്തെ കർഷകർ.

### കുഞ്ചിപ്പെട്ടിക്കുടി: ഗോത്രമേഖലയിലെ കാർഷിക വിപ്ലവം

അടിമാലിയിലെ മുതുവാൻ ഗോത്രഗ്രാമമായ കട്ടമുടി കുഞ്ചിപ്പെട്ടിക്കുടിയിൽ വനത്താൽ ചുറ്റപ്പെട്ട



20 ഏക്കറോളം വരുന്ന പാടശേഖരത്തിൽ നടന്നത് വലിയൊരു മാറ്റമാണ്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് (Co-financing) 3 കോടിയിലധികം രൂപയുടെ പദ്ധതികളാണ് ഇവിടെ എത്തിച്ചത്.

- യന്ത്രവൽക്കരണവും ലാഭവും: പാടശേഖരത്തിൽ സമ്പൂർണ്ണ ചെറുകിട യന്ത്രവൽക്കരണം നടപ്പിലാക്കി. ഇതിലൂടെ കൃഷിച്ചെലവ് ഏക്കറിന് 50,000 രൂപയിൽ നിന്ന് 5,000 രൂപയായി കുറയ്ക്കാൻ സാധിച്ചു എന്നത് വലിയൊരു നേട്ടമാണ്.



- വിപണനം: ഇവിടെ വിളഞ്ഞ നെല്ല് 'കുഞ്ചിപെട്ടി അരി' എന്ന പേരിൽ ബ്രാൻഡ് ചെയ്ത് വിപണിയിൽ ഇറക്കി. കമ്മ്യൂണിറ്റി ടൂറിസം പദ്ധതികളും ഇതോടൊപ്പം ആസൂത്രണം ചെയ്തു.
- പങ്കാളിത്തം: 2023-ൽ വെറും 5 കർഷകർ കൃഷി ചെയ്തിരുന്നിടത്ത്, 2024-ൽ 17 വ്യക്തിഗത കർഷകരും 3 കുടുംബശ്രീ യൂണിറ്റുകളും ഉൾപ്പെടെ 20 കർഷകർ കൃഷിയിറക്കി. കൃഷിഭൂമി 5 ഏക്കറിൽ നിന്ന് 14.4 ഏക്കറിലേക്കും 2025-ൽ 16 ഏക്കറിലേക്കും വർദ്ധിച്ചു.

കുഞ്ചിപ്പെട്ടിക്കുടിയിലെ വിജയം കണ്ട് തൊട്ടടുത്ത

കട്ടമുടി ട്രൈബൽ സെറ്റിൽമെന്റിൽ 30 വർഷമായി തരിശിട്ടിരുന്ന 15 ഏക്കർ പാടത്ത് 29 കർഷകർ സ്വയം സംഘടിതരായി കൃഷി പുനരാരംഭിച്ചു എന്നത് ഈ പ്രവർത്തനങ്ങളുടെ ഏറ്റവും വലിയ വിജയമാണ്.

### സുസ്ഥിര കരിമ്പ് കൃഷി (SSI): മറയൂരിന്റെ മധുരം കൂട്ടിയ പദ്ധതി

മറയൂർ, കാന്തല്ലൂർ മേഖലകളിലെ കരിമ്പ് കൃഷിയുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉൽപ്പാദനച്ചെലവ് കുറയ്ക്കുന്നതിനുമായി നടപ്പിലാക്കിയ സുസ്ഥിര കരിമ്പ് കൃഷി (Sustainable Sugarcane Initiative - SSI) പദ്ധതി കാർഷിക രംഗത്ത് വലിയൊരു ചുവടുമാറ്റമാണ് സൃഷ്ടിച്ചത്. പരമ്പരാഗത രീതികളിൽ നിന്ന് മാറി ആധുനികവും ശാസ്ത്രീയവുമായ കൃഷിരീതികൾ പരിചയപ്പെടുത്തുന്നതിനായി 11 പരീക്ഷണത്തോട്ടങ്ങളും പ്രത്യേക നഴ്സറികളും പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ചു. അഗ്രോനേച്ചർ, അഗ്രിശ്രീ, കെ.വി.കെ, മണ്ണ് പര്യവേഷണ വകുപ്പ്, അഞ്ചുനാട് കരിമ്പ് ഉൽപ്പാദന വിതരണ സംഘം തുടങ്ങിയ വിവിധ ഏജൻസികളെ ഏകോപിപ്പിച്ചുകൊണ്ടുള്ള വിപുലമായ ഇടപെടലുകളാണ് ഇതിനായി നടത്തിയത്. കൂടാതെ, വ്യാജ മറയൂർ ശർക്കരയുടെ വിപണനം തടയുന്നതിനായി ലീഗൽ സർവീസ് അതോറിറ്റിയുടെ നിയമസഹായം കൂടി ലഭ്യമാക്കിയത് ഈ മേഖലയ്ക്ക് വലിയ സുരക്ഷയേകി. ഈ ഇടപെടലുകളുടെ പ്രധാന നേട്ടങ്ങൾ ചുവടെ നല്കുന്നു.



- കുറഞ്ഞ ചെലവ്: പരമ്പരാഗത രീതിയിൽ 35,000 കരിമ്പിൻ തണ്ടുകൾ വേണ്ടിടത്ത് SSI രീതിയിൽ 6,000 തൈകൾ മതി. ഇത് മനുഷ്യാധ്വാനവും വിത്തിന്റെ ചെലവും ഗണ്യമായി കുറച്ചു.
- കൂടിയ വിളവ്: ഏക്കറിന് 40 ടൺ ലഭിച്ചിരുന്നത് 60 ടൺ വരെയായി വർദ്ധിച്ചു.
- പരിസ്ഥിതി സൗഹൃദം: വെള്ളത്തിന്റെയും വളത്തിന്റെയും ഉപയോഗം കുറഞ്ഞതും ഉണങ്ങിയ ഇലകൾ പുതയായി നൽകുന്നത് വഴി മണ്ണിലെ കാർബൺ സാന്നിധ്യം വർദ്ധിപ്പിക്കാനായതും കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കാനുള്ള മികച്ച രീതിയായി ഇതിനെ മാറ്റുന്നു.

### വൈവിധ്യവൽക്കരണവും മൂല്യവർദ്ധനവും

പരമ്പരാഗത കൃഷിരീതികളിൽ നിന്ന് മാറി, കാർഷിക മേഖലയുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനായി ഇടുക്കി ജില്ലയിൽ നടപ്പിലാക്കിയ വൈവിധ്യമാർന്ന പദ്ധതികൾ കർഷകർക്ക് പുതിയ പ്രതീക്ഷകൾ നൽകുന്നവയാണ്. ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനൊപ്പം തന്നെ വിളകൾക്ക് മികച്ച വിപണന സാധ്യതകൾ ഒരുക്കുന്നതിനായി ഔഷധകൃഷി, ജൈവ സർട്ടിഫിക്കേഷൻ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം തുടങ്ങിയ മേഖലകളിൽ ശ്രദ്ധേയമായ ഇടപെടലുകളാണ് ജില്ലയിൽ നടന്നുവരുന്നത്. ഔദ്യോഗിക സംവിധാനങ്ങളുടെയും കർഷക കൂട്ടായ്മകളുടെയും സംയോജിതമായ പ്രവർത്തനം വഴി കാർഷിക മേഖലയെ ലാഭകരവും പരിസ്ഥിതി സൗഹൃദവുമാക്കാനാണ് ഈ പദ്ധതികൾ ലക്ഷ്യമിട്ടത്. ഇതിന്റെ ഭാഗമായി നടപ്പിലാക്കിയ വിവിധ പദ്ധതികൾ ചുവടെ നൽകുന്നു.

## ഔഷധ ഗ്രാമം പദ്ധതി

ജൈവവൈവിധ്യ സംരക്ഷണത്തിലൂടെ പ്രാദേശിക ജനവിഭാഗങ്ങളുടെ രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടെ മറയൂർ, ദേവികുളം, അടിമാലി ഗ്രാമപഞ്ചായത്തുകളിൽ നാഗാർജുന ആയുർവേദ എന്ന സ്ഥാപനവുമായി സഹകരിച്ചുകൊണ്ട് UNDP - IHRML പ്രൊജക്റ്റിലൂടെ പുരയിട ഔഷധസസ്യകൃഷി പ്രോത്സാഹന പദ്ധതി നടപ്പിലാക്കി. ഇതിന്റെ ഭാഗമായി 2892 കുടുംബങ്ങളെ പുരയിട ഔഷധസസ്യകൃഷിയിലേക്ക് കൊണ്ടുവരാനായി. ഇതിലൂടെ 2021ലെ നാഗാർജുന ആയുർവേദയുടെ സമ്പൂർണ്ണ ഔഷധ ഗ്രാമം അവാർഡ് മറയൂർ ഗ്രാമപഞ്ചായത്തിന് ലഭിക്കുകയും ചെയ്തു. ജൈവവൈവിധ്യ സംരക്ഷണം സാധ്യമാക്കുന്നതിലൂടെ വൈവിധ്യമാർന്ന രീതിയിൽ പ്രാദേശിക ജനവിഭാഗങ്ങൾക്ക് അതിൻറെ ഫലപ്രാപ്തി ലഭ്യമാക്കിയ ഈ പദ്ധതി ജൈവവൈവിധ്യ സംരക്ഷണത്തിന് പുതിയ മാനങ്ങൾ നൽകുകയും ഈ പ്രവർത്തനങ്ങൾക്ക് സുസ്ഥിരമായ മാതൃകയായി നിലകൊള്ളുകയും ചെയ്തു.

## ജൈവ മാങ്കുളം പദ്ധതി

അമിതമായ കീടനാശിനികളുടെയും രാസവളങ്ങളുടെയും ഉപയോഗം മൂലം ഇടുക്കിയിലെ കാർഷിക മേഖലയിൽ ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രതിസന്ധികളെ തരണം ചെയ്യുന്നതിനായി സുസ്ഥിര കാർഷിക രീതികൾ പ്രാവർത്തികമാക്കേണ്ടത് അനിവാര്യമാണ്. ഈ ലക്ഷ്യത്തോടെ ഇടുക്കിയിലെ മാങ്കുളം ഗ്രാമപഞ്ചായത്തിനെ മാതൃക ജൈവ ഗ്രാമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് UNDP-IHRML സാധ്യതയിലൂടെ തുടക്കമിട്ടു. കേരള അഗ്രികൾച്ചർ ഡെവലപ്മെൻറ് സൊസൈറ്റി (KADS) എന്ന പ്രാദേശിക കാർഷിക സംഘത്തിന്റെ സഹായത്തോടെ സാങ്കേതികവും സാമ്പത്തികവുമായ പിന്തുണ നൽകുകയും 1000 കർഷകരെ സുസ്ഥിര കാർഷിക രീതികളിലേക്ക് മാറ്റുന്നതിനുള്ള ഇടപെടലുകൾ നടത്തുകയും ചെയ്തു. ഇതിൽ 318 കർഷകർക്ക് ജൈവ സർട്ടിഫിക്കേഷന് ഉറപ്പാക്കിക്കൊണ്ട് ഇവരെ ജൈവ വിപണിയുമായി ബന്ധിപ്പിച്ചു. അനിയന്ത്രിതമായി കീടനാശിനികളും രാസവളങ്ങളും ഉപയോഗിക്കുന്ന ഏലം കൃഷിക്ക് പ്രത്യേക പരിഗണന നൽകി. 100 ജൈവ കർഷകരെ കണ്ടെത്തുകയും മാതൃക ജൈവ ഏലം തോട്ടങ്ങൾ സ്ഥാപിച്ചുകൊണ്ട് ജൈവ ഏലം ക്യാമ്പയിൻ ആരംഭിച്ചു.

## തെരുവപ്പുൽ കൃഷി

കാന്തല്ലൂർ, മറയൂർ, അടിമാലി ഗ്രാമപഞ്ചായത്തുകളിലായി വന്യമൃഗ സംഘർഷവും മറ്റു കാരണങ്ങളാലും കൃഷി സാധ്യമല്ലാത്ത സ്ഥലങ്ങളിൽ കർഷകർക്ക് വരുമാനം ഉറപ്പു വരുത്തുന്നതിനായി UNDP-IHRML പദ്ധതിയുടെ ഭാഗമായി തെരുവപ്പുൽ കൃഷി നടപ്പിലാക്കിയിരുന്നു. CIMAP (Central Institute of Medicinal and Aromatic Plants) ന്റെ സാങ്കേതിക സഹായത്തോടെ കൂടുതൽ ഉൽപ്പാദന ശേഷിയുള്ള 'കൃഷ്ണ' ഇനത്തിലുള്ള തെരുവപ്പുൽ കൃഷിയാണ് പ്രോത്സാഹിപ്പിച്ചത്. പ്രദേശത്തെ വിവിധ ട്രൈബൽ സെറ്റിൽമെന്റുകളിലായി 20 ഏക്കറിൽ അത്യുല്പാദനശേഷിയുള്ള ഈ തെരുവപ്പുൽ നട്ടുപിടിപ്പിച്ചിരുന്നു. തെരുവപ്പുൽ വാറ്റി എടുക്കുന്നതിനായി ആധുനിക രീതിയിലുള്ള 3 ഡിസ്റ്റിലേഷൻ യൂണിറ്റുകൾ മറയൂർ, അടിമാലി ഗ്രാമപഞ്ചായത്തുകളിലായി സ്ഥാപിച്ചിരുന്നു. യൂണിറ്റുകളിൽ നിന്ന് ഉത്പാദിപ്പിക്കുന്ന പുൽത്തൈലത്തിനായി വിപണി ബന്ധങ്ങളും വികസിപ്പിച്ചെടുത്തു.

ഇതിൽ മറയൂർ ഗ്രാമപഞ്ചായത്തിലെ പുതുക്കുടിയിലെ പുൽതൈലം ഡിസ്റ്റിലേഷൻ യൂണിറ്റ് ഒരു പൊതു സംവിധാനം ആയിട്ടാണ് പ്രവർത്തിക്കുന്നത്. യുവാക്കളുടെ പ്രത്യേക സംഘമാണ് ഇതിനു മേൽനോട്ടം വഹിക്കുന്നത്. 2025 വരെ 300 ലിറ്ററിൽ അധികം പുൽതൈലം ഉല്പാദിപ്പിച്ചുകൊണ്ട് വിജയകരമായി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ മറ്റു 2 യൂണിറ്റുകളും അത്രകണ്ട് കാര്യക്ഷമമായില്ല. ഈ 2 യൂണിറ്റുകളും കൃഷിയിടങ്ങളിൽ നിന്നും ദൂരെ സ്ഥിതി ചെയ്യുന്നവയാണ്. അതുകൊണ്ടുതന്നെ ചരക്ക് നീക്കം, കൂലി എന്നീ ഇനങ്ങളിൽ വന്ന അധിക ചെലവുകൾ ഈ യൂണിറ്റുകൾക്ക് സാമ്പത്തികമായി നഷ്ടമുണ്ടാക്കി. ഇതിൽ അടിമാലി ഗ്രാമപഞ്ചായത്തിലെ ഡിസ്റ്റിലേഷൻ യൂണിറ്റ് പ്രാവർത്തികമാക്കുന്നതിനായി നടത്തിയ ശ്രമങ്ങളുടെയും പരിശീലനങ്ങളുടെയും ഫലമായി ഉൽപാദനശേഷിയുള്ള കൃഷ്ണ, CIM

ശിക്കാർ ഇനങ്ങളിൽ പെട്ട 100000 തെരുവപ്പുൽ തൈകൾ ലഭ്യമാക്കുകയും 8 കർഷകർ പുതുതായി കൃഷി ആരംഭിക്കുകയും ചെയ്തിരുന്നു. എന്നാൽ 2 തവണ ട്രയൽ റൺ നടത്തിയിട്ടും യൂണിറ്റ് ലാഭകരമാക്കാൻ സാധിച്ചില്ല.

## ഫാഷൻ ഫ്രൂട്ട് മൂല്യ ശൃംഖല

മലയോര കർഷകരുടെ ഉപജീവന സാധ്യതകൾ വർദ്ധിപ്പിക്കുന്നതിന് ഫാഷൻഫ്രൂട്ട് കൃഷിക്ക് മൂല്യ ശൃംഖല വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ UNDP-IHRML പദ്ധതിയിലൂടെ ആരംഭിച്ചിരുന്നു. ഉയർന്ന ഉൽപാദനശേഷിയുള്ള പാഷൻ ഫ്രൂട്ട് ഇനങ്ങളുടെ കൃഷി വിപുലീകരിക്കുന്നതിന്റെ ഭാഗമായി 800 ഫാഷൻ ഫ്രൂട്ട് തൈകൾ വിതരണം ചെയ്തിരുന്നു. മാങ്കുളം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന മാങ്കുളം അഗ്രികൾച്ചറൽ മൾട്ടിപർപ്പസ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് (മാംപ്കോ) എന്ന കർഷക സംഘത്തിന്റെ പിന്തുണയോടെ പാഷൻഫ്രൂട്ട് സംസ്കരണ യൂണിറ്റ് സ്ഥാപിക്കുകയും മൂല്യ വർധിത ഉൽപ്പന്നങ്ങളുടെ വിപണനം സാധ്യമാക്കുകയും ചെയ്തു. ഇതിലൂടെ 60ലധികം കർഷകരുടെ ലാഭം 20 ശതമാനം വർദ്ധിപ്പിക്കാൻ സാധിച്ചു.

## ജൈവവൈവിധ്യ സംരക്ഷണവും പ്രചരണവും

ഹരിതകേരളം മിഷന്റെ ജൈവവൈവിധ്യ സംരക്ഷണ-പ്രചാരണ പ്രവർത്തനങ്ങളുടെ ഭാഗമായി 2023-ൽ മൂന്നാറിലെ അടിമാലിയിൽ സ്ഥാപിതമായ സംരംഭമാണ് 'നീലക്കുറിഞ്ഞി ജൈവവൈവിധ്യ വിജ്ഞാന കേന്ദ്രം'. പശ്ചിമഘട്ടത്തിന്റെ സവിശേഷമായ പാരിസ്ഥിതിക പ്രാധാന്യത്തെക്കുറിച്ച് വിനോദസഞ്ചാരികൾക്കും വിദ്യാർത്ഥികൾക്കും ശാസ്ത്രീയമായ അറിവ് പകർന്നുനൽകുക എന്ന ലക്ഷ്യത്തോടെയാണ് ഇത് രൂപീകരിച്ചത്. കേവലം ഒരു വിനോദസഞ്ചാര കേന്ദ്രം എന്നതിലുപരി, ജൈവവൈവിധ്യ വിജ്ഞാന വ്യാപനത്തിൽ വലിയൊരു നേട്ടം കൈവരിക്കാൻ ഈ കേന്ദ്രത്തിന് സാധിച്ചിട്ടുണ്ട്. പ്രവർത്തനം ആരംഭിച്ച് ചുരുങ്ങിയ കാലയളവിനുള്ളിൽ 19,000-ത്തിലധികം സന്ദർശകർ ഈ കേന്ദ്രം സന്ദർശിച്ചു കഴിഞ്ഞു.

ജൈവവൈവിധ്യ വിജ്ഞാന വ്യാപനത്തിന്റെ ഭാഗമായി ഹരിതകേരളം മിഷൻ കഴിഞ്ഞ രണ്ട് വർഷങ്ങളിലായി സംസ്ഥാനതലത്തിൽ സംഘടിപ്പിച്ചു വരുന്ന സുപ്രധാന പരിപാടിയാണ് 'നീലക്കുറിഞ്ഞി ജൈവവൈവിധ്യ പഠനോത്സവം'. ഇരു വർഷങ്ങളിലും അയ്യായിരത്തിലധികം വിദ്യാർത്ഥികൾ പങ്കെടുത്ത ഈ മത്സരങ്ങളിൽ നിന്ന് മികവ് തെളിയിച്ചവർക്കായി നീലക്കുറിഞ്ഞി ജൈവ വൈവിധ്യ വിജ്ഞാന കേന്ദ്രത്തിൽ വെച്ച് പ്രത്യേക ത്രിദിന പഠന ക്യാമ്പുകളും സംഘടിപ്പിച്ചു. ഈ ക്യാമ്പുകളിലൂടെ തിരഞ്ഞെടുക്കപ്പെട്ട 120 വിദ്യാർത്ഥികളെ 'ഗ്രീൻ അംബാസഡർമാരായി' പ്രഖ്യാപിക്കുകയും, അവരുടെ നേതൃത്വത്തിൽ കൂടുതൽ വിപുലമായ പരിസ്ഥിതി വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നിലവിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരികയും ചെയ്യുന്നു. വരുംതലമുറയെ പരിസ്ഥിതി അവബോധമുള്ളവരാക്കി മാറ്റുന്നതിനും ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ യുവജന പങ്കാളിത്തം ഉറപ്പാക്കുന്നതിനും ഈ പദ്ധതി വലിയൊരു നേട്ടമായി മാറിയിരിക്കുന്നു.

## നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ

'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' ക്യാമ്പയിന്റെ ഭാഗമായി ഇടുക്കി ജില്ലയിൽ മരിയാപുരം, കാമാക്ഷി, സേനാപതി, ഉടുമ്പന്നൂർ, ഇരട്ടയാർ എന്നീ അഞ്ച് ഗ്രാമപഞ്ചായത്തുകളെ തിരഞ്ഞെടുത്ത് മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയത്. സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ഊർജ്ജ ഓഡിറ്റിംഗും സൗരോർജ്ജ സാധ്യത പഠനവും നടത്തി. ഇതിന്റെ അടിസ്ഥാനത്തിൽ സേനാപതിയിൽ ബി.എൽ.ഡി.സി (BLDC) ഫാനുകളും മരിയാപുരം കുടുംബാരോഗ്യ കേന്ദ്രത്തിൽ ഊർജ്ജക്ഷമതയുള്ള ലൈറ്റുകളും ഫാനുകളും സ്ഥാപിച്ചു. സോളാർ പാനലുകളുടെ സ്ഥാപനത്തിനും അറ്റകുറ്റപ്പണികൾക്കുമായി 42 ലക്ഷം രൂപ വകയിരുത്തി. എനർജി മാനേജ്മെന്റ് സെന്ററുമായി (EMC) സഹകരിച്ച് നടപ്പിലാക്കിയ 'അംഗൻജ്യോതി' പദ്ധതി വഴി 103 അംഗൻവാടികളിൽ ഇൻഡക്ഷൻ കുക്കറുകൾ ഉൾപ്പെടെയുള്ള ഊർജ്ജക്ഷമതയുള്ള പാചക ഉപകരണങ്ങൾ വിതരണം



ചെയ്തു. കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനായി ഗതാഗത മേഖലയിലും ഇടപെടലുകൾ നടത്തി. ഇതിന്റെ ഭാഗമായി ഡ്രൈവർമാർക്ക് ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ശാസ്ത്രീയ പരിശീലനം നൽകുകയും, കാമാക്ഷി, സേനാപതി പഞ്ചായത്തുകളിലായി 12 ഇലക്ട്രിക് ഓട്ടോകൾ പൊതുഗതാഗതത്തിന്റെ ഭാഗമാക്കുകയും ചെയ്തു.

മാലിന്യ സംസ്കരണത്തിലൂടെ കാർബൺ ബഹിർഗമനം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ജില്ലയിലെ 13 സ്കൂളുകളിൽ ഡബിൾ ചേംബർ ഇൻസിനറേറ്ററുകൾ സ്ഥാപിച്ചു. സാനിറ്ററി മാലിന്യങ്ങൾ കത്തിക്കുമ്പോഴുണ്ടാകുന്ന വിഷപ്പുക ഒഴിവാക്കി പ്രകൃതി സൗഹൃദപരമായ സംസ്കരണം ഇതിലൂടെ ഉറപ്പാക്കുന്നു. സാനിറ്ററി മാലിന്യത്തിന്റെ അളവ് ഉറവിടത്തിൽ തന്നെ കുറയ്ക്കുന്നതിനായി നെറ്റ് സീറോ പഞ്ചായത്തുകളിലെ സ്കൂളുകൾ, കോളേജുകൾ, കുടുംബശ്രീ എന്നിവ വഴി മൂവായിരത്തിലധികം മെൻസ്ട്രൽ കപ്പുകൾ വിതരണം ചെയ്തത് ഈ ക്യാമ്പയിന്റെ മറ്റൊരു നേട്ടമാണ്. കൂടാതെ, കലാലയങ്ങളെ നെറ്റ് സീറോ പദവിയിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി കുട്ടിക്കാനം മരിയൻ കോളേജ്, നാടുകാണി ട്രൈബൽ ആർട്സ് ആൻഡ് സയൻസ് കോളേജ്, തൊടുപുഴ ന്യൂമാൻ കോളേജ് എന്നിവയെ മാതൃകാ സ്ഥാപനങ്ങളായി തിരഞ്ഞെടുത്തു. സാങ്കേതിക സർവകലാശാലയുടെ മൊബൈൽ ആപ്ലിക്കേഷൻ വഴി ഇവിടെ കാർബൺ സർവ്വേകൾ നടത്തുകയും, ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ കാർബൺ സന്തുലനാവസ്ഥ കൈവരിക്കുന്നതിനായുള്ള തുടർനടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

ഇടുക്കി ജില്ലയിലെ കാർഷിക-പരിസ്ഥിതി മേഖലകളിൽ കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ ഹരിതകേരളം മിഷൻ നടത്തിയ പ്രവർത്തനങ്ങൾ കേവലം പദ്ധതികളുടെ നിർവ്വഹണം മാത്രമല്ല, മറിച്ച് ഒരു ജനതയുടെ അതിജീവനത്തിന്റെ അടയാളപ്പെടുത്തലുകൾ കൂടിയാണ്. പ്രളയവും പ്രകൃതിക്ഷോഭങ്ങളും തളർത്തിയ ഒരു പ്രദേശത്തെ, ജനകീയ പങ്കാളിത്തത്തോടെ എങ്ങനെ കൈപിടിച്ചുയർത്താം എന്നതിന്റെ ഉത്തമ മാതൃകയാണ് ഈ പ്രവർത്തനങ്ങൾ. പച്ചത്തുരുത്തുകളിലൂടെയും, നെൽകൃഷി വ്യാപനത്തിലൂടെയും, തണ്ണീർത്തട സംരക്ഷണത്തിലൂടെയും ഇടുക്കി വീണ്ടെടുക്കുന്നത് അതിന്റെ നഷ്ടപ്പെട്ടുപോയ പച്ചപ്പും കാർഷിക സംസ്കാരവുമാണ്. വരും കാലങ്ങളിലും ഈ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലതയോടെ മുന്നോട്ട് കൊണ്ടുപോകാൻ ഹരിതകേരളം മിഷന്റെ ഈ അടിത്തറ സഹായകമാകും എന്ന് നിസ്സംശയം പറയാം.

# ജില്ലയിലെ മാതൃകാ പ്രവർത്തനങ്ങൾ

ശുചിത്വ മാലിന്യ സംസ്കരണം, ജല സംരക്ഷണം, പരിസ്ഥിതി പുനഃസ്ഥാപനം തുടങ്ങിയ മേഖലകളിൽ ഒരു പതിറ്റാണ്ട് ആയി ഹരിതകേരളം മിഷന്റെ ഇടപെടലുകളുടെ ഫലമായി ഇടുക്കി ജില്ലയിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. ദേശിയ തലത്തിലും സംസ്ഥാന തലത്തിലും ഇത്തരത്തിൽ മികച്ച മാതൃകയായി മാറിയ പ്രവർത്തനങ്ങളെ പരിചയപ്പെടുത്തുകയാണ് ഈ അദ്ധ്യായത്തിൽ.

വലിയ വെല്ലുവിളികൾ നേരിട്ടിരുന്ന ഇടുക്കിയുടെ മാലിന്യ സംസ്കരണ മേഖലയിൽ കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ ശ്രദ്ധേയമായ മാറ്റം ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. ദേശീയതലത്തിൽ തന്നെ മാതൃകയായ മികച്ച പ്രവർത്തനങ്ങൾ ജില്ലയിൽ നടന്നു. അവയിൽ ഏതാനും ചില മാതൃകകൾ ഇവിടെ പരിചയപ്പെടാം .

ഇടുക്കി ജില്ലയിലെ കട്ടപ്പന ബ്ലോക്കിൽ ഉൾപ്പെടുന്ന ഇരട്ടയാർ ഗ്രാമപഞ്ചായത്ത്, ശാസ്ത്രീയ മാലിന്യ സംസ്കരണത്തിലൂടെ ദേശീയതലത്തിൽ ശ്രദ്ധേയമായ മുന്നേറ്റമാണ് കാഴ്ചവെച്ചത്. 2025-ലെ ലോക്സഭാ ബജറ്റ്



സമ്മേളനത്തിൽ ധനമന്ത്രി നിർമ്മല സീതാരാമൻ അവതരിപ്പിച്ച സാമ്പത്തിക സർവേ റിപ്പോർട്ടിൽ, മാലിന്യ സംസ്കരണത്തിലും സ്ത്രീ ശാക്തീകരണത്തിലും രാജ്യത്തിന് മാതൃകയായ ഗ്രാമപഞ്ചായത്തായി ഇരട്ടയാറിനെ പ്രത്യേകം പരാമർശിച്ചിരുന്നു. പഞ്ചായത്തിലെ 14 വാർഡുകളിലായി 26 ഹരിതകർമ്മ സേനാംഗങ്ങളാണ് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. 100 ശതമാനം വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി ഏർപ്പെടുത്തിയ 'ഹരിതമിത്രം' സ്മാർട്ട് ഗാർബേജ് ആപ്പ് സേവനങ്ങൾ ഇവിടെ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നു. ഹരിതകർമസേനാംഗങ്ങൾ ഓരോ മാസവും ആദ്യ 10 ദിവസം കൊണ്ട് തന്നെ വാതിൽപടി ശേഖരണവും, തുടർന്നുള്ള 10 ദിവസം കൊണ്ട് ശേഖരിച്ചവയുടെ തരംതിരിക്കലും ബെയിലിംഗും പൂർത്തിയാക്കുന്നു. ഇത്തരത്തിൽ പ്രതിമാസം എട്ട് ടൺ വരെ അജൈവ പാഴ് വസ്തുക്കൾ ഇവിടെ തരംതിരിച്ച് അംഗീകൃത മാലിന്യസംസ്കരണ ഏജൻസികൾക്ക് കൈമാറുന്നു.

മാലിന്യ സംസ്കരണത്തിനായി അത്യാധുനിക സജ്ജീകരണങ്ങളോടു കൂടിയ 3000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF) പഞ്ചായത്ത് ഇവിടെ ഒരുക്കിയിട്ടുണ്ട്. ഇൻഡസ്ട്രിയലൈസ്ഡ് ഓട്ടോമാറ്റിക് ഫയർ അലാറം സിസ്റ്റം, രണ്ട് ബെയിലിംഗ് മെഷീനുകൾ, നാല് വെയ്യിംഗ് മെഷീനുകൾ, ലിഫ്റ്റ് സൗകര്യം എന്നിവ ഈ കേന്ദ്രത്തിന്റെ പ്രത്യേകതയാണ്. ശേഖരിക്കുന്ന വസ്തുക്കൾ സൂക്ഷിക്കാൻ എല്ലാ വാർഡുകളിലും മിനി MCF കളും, അവ പ്രധാന MCF ൽ എത്തിക്കാൻ പിക്ക് അപ്പ് വാഹനവും ഇലക്ട്രിക് ഓട്ടോയും ഹരിതകർമ്മ സേനയ്ക്കായി പഞ്ചായത്ത് വാങ്ങി നൽകിയിട്ടുണ്ട്. കൂടാതെ, ജൈവമാലിന്യ സംസ്കരണത്തിനായി തുമ്പൂർമുഴി യൂണിറ്റും വിൻഡ്രോ കമ്പോസ്റ്റിംഗ് യൂണിറ്റും കാര്യക്ഷമമായി പ്രവർത്തിക്കുന്നു. മാലിന്യങ്ങളെ വെറും പാഴ് വസ്തുക്കളായല്ല, മറിച്ച് സാമ്പത്തിക മൂല്യമുള്ള വിഭവങ്ങളായാണ് ഇരട്ടയാർ കാണുന്നത്. 2021-2024 കാലയളവിൽ 275 ടൺ പാഴ് വസ്തുക്കൾ വിറ്റതിലൂടെ 2.15 ലക്ഷം രൂപയും, യൂസർ ഫീ ഇനത്തിൽ 2024 ഡിസംബർ വരെ 1.11 കോടി രൂപയും സമാഹരിക്കാൻ പഞ്ചായത്തിന് സാധിച്ചു.

സ്ത്രീ ശാക്തീകരണത്തിന്റെ മികച്ച മാതൃകയായ ഹരിതകർമ്മ സേനാംഗങ്ങൾക്ക് പ്രതിമാസം 10,000 മുതൽ 25,000 രൂപ വരെ വേതനമായി ലഭിക്കുന്നുണ്ട്. പിരിച്ചെടുക്കുന്ന യൂസർ ഫീയുടെ 90 ശതമാനം തുകയും കൃത്യമായി അഞ്ചാം തീയതി റിവ്യൂ മീറ്റിംഗിന് ശേഷം വേതനമായി വിതരണം ചെയ്യുന്നു. ബാക്കി 10 ശതമാനം തുക കോർപ്പസ് ഫണ്ടായി സൂക്ഷിക്കുകയും അത് അംഗങ്ങൾക്ക് ബോണസ് നൽകുന്നതിനും ചികിത്സാ ആവശ്യങ്ങൾക്കും വിനിയോഗിക്കുകയും ചെയ്യുന്നു. ഹരിതകർമ്മ സേനാംഗങ്ങളുടെ സുരക്ഷ കണക്കിലെടുത്ത് രണ്ട് ലക്ഷം രൂപയുടെ അപകട ഇൻഷുറൻസ് പോളിസിയും പഞ്ചായത്ത് ഉറപ്പാക്കിയിട്ടുണ്ട്. മൂന്ന് വർഷം മുൻപ് വരെ ഗ്രാമപഞ്ചായത്തിലെ ജലാശയങ്ങളിലും പൊതുസ്ഥലങ്ങളിലും വലിച്ചെറിയപ്പെട്ടിരുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ഇന്ന് ഒരു വലിയ സമ്പത്തായി മാറിയിരിക്കുന്നു. ഹരിതകേരളം മിഷന്റെ സാങ്കേതിക പിന്തുണയോടെ നടപ്പിലാക്കിയ ഈ 'ഇരട്ടയാർ മോഡൽ' പഠിക്കുന്നതിനായി വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും വിദ്യാലയങ്ങളിൽ നിന്നും നിരവധി ആളുകളാണ് ഇവിടേക്ക് എത്തിക്കൊണ്ടിരിക്കുന്നത്.

### അപ്സൈക്കിൾ പാർക്ക്: മാലിന്യത്തിൽ നിന്ന് വിരിഞ്ഞ മൂന്നാർ വിസ്മയം

മാലിന്യങ്ങൾ പുനരുപയോഗിച്ച് പഴയ മൂന്നാറിൽ നിർമ്മിച്ച 'അപ്പ്സൈക്കിൾ പാർക്ക്' (Upcycle Park) കേരളത്തിലെ തന്നെ ഇത്തരത്തിലുള്ള ആദ്യത്തെ ഉദ്യാനമാണ്. മൂന്നാറിലെത്തുന്ന സഞ്ചാരികൾക്ക് മാലിന്യ സംസ്കരണത്തെക്കുറിച്ചും പാഴ് വസ്തുക്കളുടെ പുനരുപയോഗ സാധ്യതകളെക്കുറിച്ചും അവബോധം നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഈ പാർക്ക് രൂപകൽപ്പന ചെയ്തിരിക്കുന്നത്. പഴയ മൂന്നാർ ബൈപാസ് പാലത്തിന് സമീപം, സഞ്ചാരികൾക്ക് വിശ്രമിക്കാനും പ്രകൃതി ഭംഗി ആസ്വദിക്കാനുമായി സജ്ജീകരിച്ചിട്ടുള്ള ഈ ഉദ്യാനം പരിസ്ഥിതി സൗഹൃദ നിർമ്മാണത്തിന്റെ ഉത്തമ ഉദാഹരണമാണ്.

പഴയ പ്ലാസ്റ്റിക്, ടയറുകൾ, സ്ക്രാപ്പ് ഓട്ടോമൊബൈൽ അവശിഷ്ടങ്ങൾ, ഇലക്ട്രോണിക് മാലിന്യങ്ങൾ എന്നിവ ഉപയോഗിച്ചാണ് പാർക്കിന്റെ നിർമ്മാണം. പഴയ ടയറുകൾ പുനഃചംക്രമണം ചെയ്ത് നിർമ്മിച്ച




ടൈലുകൾ പാകിയ നടപ്പാതകൾ, 70 കിലോ വീതം പ്ലാസ്റ്റിക് പുനഃചംക്രമണം ചെയ്ത് നിർമ്മിച്ച ഇരിപ്പിടങ്ങൾ, പ്ലാസ്റ്റിക് കുപ്പികൾ നിറച്ച് നിർമ്മിച്ച ആനയുടെ കൂറ്റൻ പ്രതിമ എന്നിവ ഉദ്യാനത്തിലെ പ്രധാന ആകർഷണങ്ങളാണ്. കൂടാതെ, വാട്ടർ ഫൗണ്ടൻ, പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിച്ച പൂക്കൾ എന്നിവയും ഇവിടെ ഒരുക്കിയിട്ടുണ്ട്.

ഹരിത കേരളം മിഷൻ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നടാപ്പിലാക്കിയ യു.എൻ. ഡി.പി-ഐ.എച്ച്.ആർ.എം.എൽ (UNDP-IHRML) പദ്ധതിയിലൂടെ ഹിൽധാരി, മൂന്നാർ ഗ്രാമപഞ്ചായത്ത്, മൂന്നാർ ബയോഡൈവേഴ്സിറ്റി റിസർച്ച് ആൻഡ് കൺസർവേഷൻ സൊസൈറ്റി എന്നിവയുടെ സഹകരണത്തോടെയാണ് ഈ പാർക്ക് യാഥാർത്ഥ്യമാക്കിയത്. 2022 നവംബറിൽ പ്രവർത്തനമാരംഭിച്ച് ചുരുങ്ങിയ കാലം കൊണ്ട് തന്നെ സഞ്ചാരികളുടെ പ്രിയപ്പെട്ട ഇടമായി മാറിയ അപ്പ്സൈക്കിൾ പാർക്കിലേക്ക് ദിനംപ്രതി നിരവധി ആളുകളാണ് എത്തുന്നത്.

### ശരംകുത്തി റെസിഡൻഷ്യൽ അസോസിയേഷൻ: ജില്ലയിലെ ആദ്യ സമ്പൂർണ്ണ ഹരിത കൂട്ടായ്മ

ഇടുക്കി ജില്ലയിലെ കുടയത്തൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ശരംകുത്തി റെസിഡൻഷ്യൽ അസോസിയേഷൻ, ശുചിത്വ-മാലിന്യ പരിപാലന രംഗത്ത് ജില്ലയിലെ തന്നെ ശ്രദ്ധേയമായ ഒരു മാതൃകയാണ്. ഹരിത പെരുമാറ്റച്ചട്ടം കർശനമായി നടപ്പിലാക്കി ജില്ലയിലെ ആദ്യത്തെ 'സമ്പൂർണ്ണ ഹരിത റെസിഡൻഷ്യൽ അസോസിയേഷൻ' എന്ന പദവി ഈ കൂട്ടായ്മ സ്വന്തമാക്കി. അസോസിയേഷനിലെ 82 വീടുകളിലും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ മാലിന്യ പരിപാലന വിവരശേഖരണം വിജയകരമായി പൂർത്തിയാക്കി വ്യക്തമായ ആക്ഷൻ പ്ലാൻ തയ്യാറാക്കി. ദ്രവമാലിന്യ സംസ്കരണത്തിനായി ഓരോ വീട്ടിലും ശാസ്ത്രീയമായ സംവിധാനങ്ങൾ ഉറപ്പാക്കിയിട്ടുണ്ട്. ഭക്ഷണാവശിഷ്ടങ്ങൾ വലിച്ചെറിയാതെ വളർത്തുമൃഗങ്ങൾക്ക് തീറ്റയായോ ചെടികൾക്ക് വളമായോ ഉപയോഗിക്കുന്ന രീതിയാണ് ഇവിടെ പിന്തുടരുന്നത്. ഇവിടത്തെ എല്ലാ വീടുകളും അജൈവ പാഴ് വസ്തുക്കൾ ഹരിതകർമ്മ സേനയ്ക്ക് കൈമാറുകയും കൃത്യമായി യൂസർ ഫീ നൽകുകയും ചെയ്യുന്നു.

ജലസംരക്ഷണ പ്രവർത്തനങ്ങളിലും പച്ചക്കറി കൃഷിയിലും അസോസിയേഷൻ മാതൃകാപരമായ ഇടപെടലുകൾ നടത്തുന്നു. എല്ലാ വീടുകളിലും മാലിന്യങ്ങൾ ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിനാൽ പ്രദേശത്ത് നിന്നും മാലിന്യക്കൂനകൾ അപ്രത്യക്ഷമായി. പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം പൂർണ്ണമായും കുറയ്ക്കുന്നതിനായി എല്ലാ വീടുകളിലും തുണിസഞ്ചികൾ



വിതരണം ചെയ്തു. കൂടാതെ, പച്ചക്കറി തൈകൾ നൽകി എല്ലാ വീടുകളിലും മികച്ച രീതിയിലുള്ള കൃഷി ഉറപ്പാക്കാനും അസോസിയേഷന് സാധിച്ചു. സമീപത്തെ തോട്ടിൽ മാലിന്യം അടിഞ്ഞുകൂടുന്നത് ശ്രദ്ധയിൽപ്പെട്ടപ്പോൾ, അംഗങ്ങൾ ഒത്തുചേർന്ന് അത് നീക്കം ചെയ്യുകയും നീർച്ചാലിന്റെ ഒഴുക്ക് സുഗമമാക്കുകയും ചെയ്തു. നിലവിൽ എല്ലാ വീടുകളിലും ബയോ ബിന്നുകൾ ലഭ്യമാക്കി ജൈവമാലിന്യ സംസ്കരണം കൂടുതൽ ശാസ്ത്രീയമാക്കാനുള്ള ശ്രമത്തിലാണ് അസോസിയേഷൻ.

### പരുന്തുംപാറ: ഹരിത ടൂറിസത്തിന്റെ പുത്തൻ മാതൃക

പീരുമേട് ഗ്രാമപഞ്ചായത്തിലെ പരുന്തുംപാറ, ഹരിതകേരളം മിഷന്റെ സമയോചിതമായ ഇടപെടലിലൂടെ ജില്ലയിലെ മികച്ച ഹരിത ടൂറിസം കേന്ദ്രമായി മാറിയിരിക്കുന്നു. പീരുമേടിനും തേക്കടിക്കും ഇടയിൽ നിബിഡ വനങ്ങളുടെ മനോഹാരിതയാൽ അനുഗ്രഹീതമായ ഈ പ്രദേശം, മുൻകാലങ്ങളിൽ സാമൂഹ്യവിരുദ്ധരുടെ താവളമായും മാലിന്യക്കൂനയായും അവഗണിക്കപ്പെട്ടു



കിടക്കുകയായിരുന്നു. എന്നാൽ 2023 സെപ്റ്റംബറിൽ ആരംഭിച്ച ഹരിത ടൂറിസം പദ്ധതിയിലൂടെ ഈ കേന്ദ്രത്തിന്റെ മുഖച്ഛായ തന്നെ മാറി.

### അടിസ്ഥാന സൗകര്യ വികസനവും മാലിന്യ പരിപാലനവും

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഇവിടെ ആധുനികമായ 'ടേക്ക് എ ബ്രേക്ക്' (Take a Break) കേന്ദ്രം പ്രവർത്തനമാരംഭിച്ചു. മാലിന്യങ്ങൾ ശാസ്ത്രീയമായി ശേഖരിക്കാൻ പ്രദേശത്ത് മാത്രം നാല് മിനി എം.സി.എഫുകളും (MCF) ഏഴ് ബോട്ടിൽ ബൂത്തുകളും സ്ഥാപിച്ചു.




ഇവിടുത്തെ ഭക്ഷ്യശാലകളിൽ ഡിസ്പോസിബിൾ പ്ലേറ്റുകൾക്ക് പകരം പുനരുപയോഗിക്കാവുന്ന പാത്രങ്ങൾ പ്രോത്സാഹിപ്പിച്ചത് വഴി മാലിന്യം ഗണ്യമായി കുറയ്ക്കാൻ സാധിച്ചു. വാഹനങ്ങൾക്കായി പ്രത്യേക പാർക്കിംഗ് സൗകര്യവും സുരക്ഷക്കും മാലിന്യനിക്ഷേപം നിയന്ത്രിക്കുന്നതിനുമായി സൂയിസൈഡ് പോയിന്റിൽ വേലികളും നിർമ്മിച്ചത് പരുന്തുംപാറയെ കൂടുതൽ ജനകീയമാക്കി.

### ഹരിത ചെക്ക് പോസ്റ്റ്: ഒരു വിപ്ലവകരമായ മാറ്റം

ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കളുടെ നിയന്ത്രണം കേന്ദ്രത്തിൽ കർശനമാക്കുന്നതിനായി രണ്ട് ഹരിത ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ചു. പീരുമേട് ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മ സേനയുടെ



നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഈ ചെക്ക് പോസ്റ്റുകളിൽ ചെറിയ വാഹനങ്ങൾക്ക് 20 രൂപയും ബസ്സുകൾക്ക് 30 രൂപയും ഈടാക്കി മാലിന്യ നിയന്ത്രണവും പരിപാലനവും ഉറപ്പാക്കുന്നു. പ്ലാസ്റ്റിക് കുപ്പികൾ വലിച്ചെറിയുന്നത് നിയന്ത്രിക്കുന്നതിന് ക്യു.ആർ (QR) കോഡ് അധിഷ്ഠിത സംവിധാനവും ആവിഷ്കരിച്ചിട്ടുണ്ട്.

വൈദ്യുതിയുടെയും ജലത്തിന്റെയും അഭാവം ഈ കേന്ദ്രം നേരിട്ട പ്രധാന വെല്ലുവിളികളായിരുന്നു. അനർട്ടുമായി (ANERT) സഹകരിച്ച് 12 സോളാർ ലൈറ്റുകൾ സ്ഥാപിച്ചത് വഴി വെളിച്ചമില്ലായ്മ പരിഹരിച്ചു. ജലക്ഷാമം നേരിടാൻ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി സമീപത്തെ ജലസ്രോതസ്സുകളിൽ പുതിയ തടയണകൾ നിർമ്മിക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

ടൂറിസം കേന്ദ്രത്തിലുടനീളം സ്ഥാപിച്ചിട്ടുള്ള ബോധവൽക്കരണ ബോർഡുകൾ സഞ്ചാരികളിൽ പരിസ്ഥിതി അവബോധം വളർത്തുന്നു. സാധാരണ ദിവസങ്ങളിൽ 500 ഓളം പേരും അവധി ദിവസങ്ങളിൽ ആയിരത്തിലധികം സഞ്ചാരികളും എത്തുന്ന പരുന്തുംപാറ, വികസനവും പ്രകൃതി സംരക്ഷണവും എങ്ങനെ ഒത്തുപോകാം എന്നതിന് ജില്ലയിലെ മികച്ച മാതൃകയായി നിലകൊള്ളുന്നു.

### ഹിൽ വ്യൂ പാർക്ക് ചെറുതോണി: പച്ചപ്പിന്റെയും ശുചിത്വത്തിന്റെയും കേന്ദ്രം

ഇടുക്കി ജില്ലയിൽ വിനോദസഞ്ചാരികൾ ഏറ്റവുമധികം ഇഷ്ടപ്പെടുന്ന കേന്ദ്രങ്ങളിൽ ഒന്നാണ് ചെറുതോണിയിലെ ഹിൽ വ്യൂ പാർക്ക്. ഇടുക്കി, ചെറുതോണി അണക്കെട്ടുകൾക്ക് സമീപം സ്ഥിതി ചെയ്യുന്ന ഈ പാർക്ക്, മലയോര സൗന്ദര്യവും ശാന്തമായ അന്തരീക്ഷവും കൊണ്ട് പ്രശസ്തമാണ്.



ഹരിതകേരളം മിഷന്റെ നിരന്തരമായ ഇടപെടലുകളിലൂടെ ഈ വിനോദസഞ്ചാര കേന്ദ്രത്തെ മാതൃകാപരമായ ഒരു ഹരിത ടൂറിസം കേന്ദ്രമാക്കി മാറ്റാൻ സാധിച്ചു.

മുൻകാലങ്ങളിൽ പിന്തുടർന്നിരുന്ന അശാസ്ത്രീയമായ മാലിന്യ സംസ്കരണ രീതികൾ പരിഷ്കരിച്ച് ഇപ്പോൾ പൂർണ്ണമായും ഹരിതചട്ടം പാലിച്ചാണ് പാർക്ക് പ്രവർത്തിക്കുന്നത്. അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി ബോട്ടിൽ ബൂത്തുകളും പ്രത്യേക വേസ്റ്റ് ബിന്നുകളും സ്ഥാപിച്ചു. പാതയോരങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നതും വലിച്ചെറിയുന്നതും കർശനമായി നിരോധിച്ചത് പാർക്കിന്റെ സ്വാഭാവിക ഭംഗി നിലനിർത്താൻ സഹായിക്കുന്നു.

### രാമക്കൽമേട്: ഹരിത ടൂറിസത്തിന്റെ നെറുകയിൽ

ഇന്ത്യയിലെ പ്രശസ്തമായ വിനോദസഞ്ചാര കേന്ദ്രങ്ങളിലൊന്നാണ് ഇടുക്കി ജില്ലയിലെ കരുണാപുരം ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന രാമക്കൽമേട്. സമുദ്രനിരപ്പിൽ നിന്ന് 3,500 അടി ഉയരത്തിൽ



പശ്ചിമഘട്ട മലനിരകളിൽ സ്ഥിതി ചെയ്യുന്ന ഈ പ്രദേശം, വർഷം മുഴുവൻ അനുഭവപ്പെടുന്ന അതിശക്തമായ കാറ്റിലൂടെയാണ് (മണിക്കൂറിൽ 35 കി.മീ വേഗതയിൽ) വിനോദസഞ്ചാര ഭൂപടത്തിൽ ശ്രദ്ധിക്കപ്പെടുന്നത്. ഡി.ടി.പി.സി.യുടെ (DTPC) നിയന്ത്രണത്തിലുള്ള ഈ കേന്ദ്രം ഹരിതകേരളം മിഷന്റെ കൃത്യമായ ഇടപെടലുകളിലൂടെ ഇന്ന് ജില്ലയിലെ മാതൃകാപരമായ ഒരു ഹരിത ടൂറിസം കേന്ദ്രമായി മാറിയിരിക്കുന്നു.

മുൻകാലങ്ങളിൽ അലക്ഷ്യമായി കിടന്നിരുന്ന മാലിന്യങ്ങൾ മൂലം ദുർഗന്ധം വമിച്ചിരുന്ന സാഹചര്യം കൃത്യമായ ഇടപെടലുകളിലൂടെ പരിഹരിച്ചു. സോക് പിറ്റ് നിർമ്മാണത്തിലൂടെ മലിനജലം ശാസ്ത്രീയമായി കൈകാര്യം ചെയ്യുകയും പ്രദേശത്തെ ദുർഗന്ധം വമിക്കുന്ന സാഹചര്യം പൂർണ്ണമായും ഒഴിവാക്കുകയും ചെയ്തു.

മുൻപ് കൃത്യമായ ഇടവേളകളില്ലാതെ നീക്കം ചെയ്തിരുന്ന അജൈവ മാലിന്യങ്ങൾ ഇപ്പോൾ ആഴ്ചയിലൊരിക്കൽ ഹരിതകർമ്മസേന കൃത്യമായി ശേഖരിച്ച് നീക്കം ചെയ്യുന്നു. കൂടാതെ, ടൂറിസം കേന്ദ്രത്തിന് പുറത്തുള്ള ഒന്നര കിലോമീറ്റർ റോഡിന്റെ ഇരുവശവും വൃത്തിയാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് പ്രത്യേകം തൊഴിലാളിയെ നിയമിച്ചിട്ടുണ്ട്. വഴിയോര കച്ചവടക്കാർ മുൻപ് ഉപയോഗിച്ചിരുന്ന പേപ്പർ ഗ്ലാസുകളും പ്ലേറ്റുകളും ഒഴിവാക്കി, പകരം സ്റ്റീൽ ഗ്ലാസുകളും ഇലകളും ഉപയോഗിക്കാൻ തുടങ്ങി. ഇത് പ്ലാസ്റ്റിക് മാലിന്യം ഗണ്യമായി കുറയ്ക്കാൻ സഹായിച്ചു.

സന്ദർശകർക്കായി ഇരിപ്പിടങ്ങൾ കൂടുതലായി നവീകരിക്കുകയും ചെയ്തു. അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കാൻ ബിന്നുകളും വഴിയോരങ്ങളിൽ ബോട്ടിൽ ബൂത്തുകളും സ്ഥാപിച്ചു. മാലിന്യ സംസ്കരണത്തിലും പരിസ്ഥിതി സൗഹൃദ പ്രവർത്തനരീതികളിലും കൈവരിച്ച മികച്ച നേട്ടം പരിഗണിച്ച്, ഹരിതകേരളം മിഷൻ രാമക്കൽമേടിനെ ഔദ്യോഗികമായി ഒരു ഹരിത ടൂറിസം കേന്ദ്രമായി പ്രഖ്യാപിച്ചു.

### ന്യൂമാൻ കോളേജ് തൊടുപുഴ: അറിവും പ്രകൃതിയും ഇണങ്ങുന്ന ഹരിത കലാലയം

പശ്ചിമഘട്ട മലനിരകളുടെ മടിത്തട്ടിൽ, തൊടുപുഴയാറിന്റെ തീരത്ത് 1964-ൽ സ്ഥാപിതമായ ന്യൂമാൻ കോളേജ്, അറിവിനൊപ്പം പ്രകൃതി സംരക്ഷണത്തിനും തുല്യപ്രാധാന്യം നൽകുന്ന വിദ്യാലയമാണ്.




വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങളിലെ അറിവിനൊപ്പം പരിസ്ഥിതി പാഠങ്ങളും മാതൃകകളും പകർന്നുനൽകുന്ന ഈ കലാലയം മികച്ചൊരു ഹരിത ക്യാമ്പസായി നിലകൊള്ളുന്നു.

ജൈവവൈവിധ്യ സംരക്ഷണത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് 2021-ൽ കോളേജ് വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ കോളേജിൽ പച്ചത്തുരുത്ത് സ്ഥാപിച്ചു. ഉപയോഗശൂന്യമായി കിടന്നിരുന്ന 10 സെന്റ് വരണ്ട ഭൂമിയിൽ ആരംഭിച്ച ഈ പച്ചത്തുരുത്ത് അതിജീവനത്തിന്റെ വലിയൊരു പാഠമാണ് നൽകുന്നത്. ഇതിൽ പ്രചോദനം ഉൾക്കൊണ്ട് 23 ഏക്കർ വിസ്തൃതിയുള്ള ക്യാമ്പസിൽ ഏകദേശം 9 ഏക്കറോളം സ്ഥലം ഇന്ന് ജൈവവൈവിധ്യ സംരക്ഷണത്തിനായി നീക്കിവെച്ചിരിക്കുന്നു.

ക്യാമ്പസിനുള്ളിൽ ഒരുക്കിയിട്ടുള്ള ശലഭോദ്യാനം, ഔഷധസസ്യത്തോട്ടം എന്നിവ ജൈവവൈവിധ്യത്തിന്റെ നേർക്കാഴ്ചകളാണ്. ഇതിനു പുറമെ, വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ വിപുലമായ ജൈവ പച്ചക്കറി കൃഷിയും മറ്റ് ഇതര കൃഷികളും ഇവിടെ നടത്തിവരുന്നു.

ക്യാമ്പസിലെ മാലിന്യങ്ങൾ ശാസ്ത്രീയമായ രീതിയിൽ സംസ്കരിക്കുന്നതിനായുള്ള പ്രത്യേക സംവിധാനങ്ങൾ കോളേജിൽ സജ്ജീകരിച്ചിട്ടുണ്ട്. അജൈവ മാലിന്യങ്ങൾ കൃത്യമായി വേർതിരിച്ച് കൈമാറുന്നതിനൊപ്പം ജൈവമാലിന്യങ്ങൾ വളമാക്കി മാറ്റുകയും ചെയ്യുന്നു.

ജലസംരക്ഷണ മേഖലയിൽ മാതൃകാപരമായ പ്രവർത്തനങ്ങളാണ് ഇവിടെ നടക്കുന്നത്. മഴവെള്ള സംഭരണികൾ, കിണർ റീചാർജിംഗ് സംവിധാനങ്ങൾ, ഭൂഗർഭജല സ്രോതസ്സുകൾ പോഷിപ്പിക്കാനുള്ള സംവിധാനങ്ങൾ എന്നിവ ക്യാമ്പസിലുണ്ട്. കൂടാതെ, മലിനജലം ശുദ്ധീകരിക്കുന്നതിനായി പ്രത്യേക പ്ലാന്റും സജ്ജീകരിച്ചിരിക്കുന്നു. ഇത്തരം മികച്ച പരിസ്ഥിതി സൗഹൃദ ഇടപെടലുകളിലൂടെ ക്യാംപസ് ജില്ലയിലെ മറ്റു കലാലയങ്ങൾക്കും വലിയ മാതൃകയാകുകയാണ്

## ജലസംരക്ഷണ പ്രവർത്തനങ്ങൾ

ഇടുക്കി ജില്ലയുടെ ജല സുരക്ഷ ഉറപ്പാക്കുന്നതിൽ നിരവധി പ്രവർത്തനങ്ങൾ കഴിഞ്ഞ പതിറ്റാണ്ടിനിടെ നടപ്പിലാക്കി വിജയിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. അവയിൽ ഏതാനും ചില മികച്ച മാതൃകകൾ ആണ് ചുവടെ നൽകുന്നത്.

## ജലസംരക്ഷണത്തിലെ വിസ്മയക്കാഴ്ച: മരിയൻ കോളേജ് കുട്ടിക്കാനം

ഇടുക്കി ജില്ലയിലെ അഴുത ബ്ലോക്കിൽ പീരുമേട് ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന മരിയൻ കോളേജ് കുട്ടിക്കാനം, ജലസംരക്ഷണത്തിലും അതിന്റെ ശാസ്ത്രീയമായ പുനരുപയോഗത്തിലും ജില്ലയിലെ തന്നെ ഏറ്റവും മികച്ച മാതൃകകളിൽ ഒന്നാണ്. സമുദ്രനിരപ്പിൽ നിന്നും 3500 അടി ഉയരത്തിൽ 27 ഏക്കറിലായി വ്യാപിച്ചു കിടക്കുന്ന ഈ കലാലയത്തിൽ വിദ്യാർത്ഥികളും ജീവനക്കാരുമടക്കം മൂവായിരത്തോളം പേർക്ക് ആവശ്യമായ ജലം പൂർണ്ണമായും സുസ്ഥിരമായ രീതിയിലാണ് ഉറപ്പാക്കുന്നത്.



### മഴവെള്ള സംഭരണവും ശുദ്ധീകരണവും:

ഉയർന്ന പ്രദേശമായതിനാൽ വേനൽക്കാലത്ത് കടുത്ത ജലക്ഷാമം അനുഭവപ്പെടുന്ന കുട്ടിക്കാനത്ത്, മഴവെള്ളം സംഭരിച്ചാണ് കോളേജ് ഈ പ്രതിസന്ധിയെ മറികടന്നത്. കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ നിന്നുള്ള മഴവെള്ളം പ്രത്യേക പൈപ്പുകൾ വഴി ശേഖരിച്ച് രണ്ട് കൂറ്റൻ റിസർവോയറുകളിൽ സംഭരിക്കുന്നു. ഈ ജലം ആധുനികമായ ശുദ്ധീകരണ സംവിധാനങ്ങളിലൂടെ ശുദ്ധീകരിച്ചാണ് കുടിവെള്ളത്തിനും മറ്റ് ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നത്.



### മലിനജല ശുദ്ധീകരണവും പുനരുപയോഗവും (STP):

മലിനജലം ഒഴുക്കിക്കളയാതെ അത് ശുദ്ധീകരിച്ച് ഉപയോഗിക്കുന്നതിനായി ആധുനികമായ എസ്.ടി.പി (Sewage Treatment Plant) സംവിധാനം കോളേജിലുണ്ട്. ഹോസ്റ്റലുകൾ, അടുക്കള, വാഷ് റൂമുകൾ എന്നിവിടങ്ങളിൽ നിന്നുള്ള മലിനജലം ശേഖരിച്ച് ശുദ്ധീകരണത്തിന് ശേഷം ജലസേചനത്തിനും ശുചിമുറി ആവശ്യങ്ങൾക്കുമായി വീണ്ടും ഉപയോഗിക്കുന്നു. ജലം പാഴാക്കുന്നത് തടയാനും ജലത്തിന്റെ അമിത ഉപഭോഗം കുറയ്ക്കാനും പ്രകൃതിദത്തമായ ജലസ്രോതസ്സുകളുടെ മേലുള്ള സമ്മർദ്ദം ലഘൂകരിക്കാനും ഇതുവഴി സാധിക്കുന്നു.



### സാമൂഹികവും പാരിസ്ഥിതികവുമായ സ്വാധീനം:

മരിയൻ കോളേജ് നടപ്പിലാക്കിയ ഈ പദ്ധതികൾ കലാലയത്തിനുള്ളിലെ ജലക്ഷാമം പരിഹരിക്കുക മാത്രമല്ല, സമീപപ്രദേശങ്ങളിലെ ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനും സഹായിച്ചിട്ടുണ്ട്. പ്രദേശവാസികൾക്കിടയിൽ ജലസംരക്ഷണത്തെക്കുറിച്ച് വലിയ രീതിയിലുള്ള അവബോധം സൃഷ്ടിക്കാൻ ഈ മാതൃകയ്ക്ക് കഴിഞ്ഞു. പാരിസ്ഥിതിക സന്തുലനത്തിന് കോട്ടം തട്ടാത്ത രീതിയിലുള്ള ഈ പ്രവർത്തനങ്ങൾ കാലാവസ്ഥാ വ്യതിയാനത്തിനെതിരെയുള്ള വലിയൊരു പോരാട്ടം കൂടിയാണ്. സമ്പൂർണ്ണ ഹരിതചട്ടം (Green Protocol) പാലിക്കുന്ന ഈ കലാലയം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ജലമാനേജ്മെന്റിൽ പിന്തുടരാവുന്ന മികച്ച ഉദാഹരണമാണ്.

## ഗ്രീൻ കംഫർട്ട് സ്റ്റേഷൻ: സുസ്ഥിര ശുചിത്വ മാതൃക

മൂന്നാർ നല്ലതണ്ണിതോട് ശുചീകരണ പ്രവർത്തനങ്ങൾക്കിടെ ടൗണിലെ മിക്ക സ്ഥാപനങ്ങളിൽ നിന്നും ടോയ്ലറ്റ് മാലിന്യങ്ങൾ ഉൾപ്പെടെ പുഴയിലേക്ക് നേരിട്ട് ഒഴുക്കി വിടുന്നതായി കണ്ടെത്തിയിരുന്നു. ഇതിന് പരിഹാരമെന്നോണം ഇത്തരം സ്ഥാപനങ്ങൾക്ക് സ്വീകരിക്കാവുന്ന നൂതനമായ ദ്രവമാലിന്യ സംസ്കരണ സംവിധാനത്തിന്റെ മാതൃക സൃഷ്ടിക്കണമെന്ന് ആവശ്യമുയർന്നു. ഈ സാഹചര്യത്തിലാണ് ഹരിത കേരളം മിഷൻ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നടപ്പിലാക്കിയ യു.എൻ.ഡി.പി-ഐ.എച്ച്.ആർ.എം.എൽ (UNDP-IHRML) പദ്ധതിയിലൂടെ മൂന്നാറിലെ ഗ്രീൻ കംഫർട്ട് സ്റ്റേഷൻ ആധുനിക നിലവാരത്തിലുള്ള സംസ്കരണ സൗകര്യങ്ങളോടെ പൂർണ്ണമായും നവീകരിച്ചത്. കംഫർട്ട് സ്റ്റേഷനിലെ നിലവിലുള്ള




സെപ്റ്റിക് ടാങ്ക്, DEWATS (Decentralized Wastewater Treatment System) അടിസ്ഥാനമാക്കിയുള്ള പ്രകൃതി അധിഷ്ഠിത മലിനജല ശുദ്ധീകരണ സംവിധാനമായിട്ടാണ് (Nature-based Wastewater Treatment System) പുതുക്കിപ്പണിതത്. ടോയ്ലറ്റുകളിൽ നിന്നുള്ള മലിനജലം ശാസ്ത്രീയമായി ശുദ്ധീകരിച്ച് സുരക്ഷിതമായി നദിയിലേക്ക് വിടാനുള്ള ഈ സംവിധാനത്തിൽ Planted Gravel Filter (PGF) സാങ്കേതികവിദ്യയാണ് പ്രയോജനപ്പെടുത്തിയിരിക്കുന്നത്.

പരിസ്ഥിതി സൗഹൃദവും സുസ്ഥിരവുമായ ഈ ടോയ്ലറ്റ് മാലിന്യ സംസ്കരണ മാതൃക കക്കൂസ് മാലിന്യവും മലിനജലവും കൈകാര്യം ചെയ്യുന്നതിൽ വലിയ പ്രതിസന്ധി നേരിട്ടിരുന്ന മൂന്നാർ ടൗണിലെ മറ്റ് സ്ഥാപനങ്ങൾക്ക് മാതൃകയാക്കാവുന്നതായി മാറി. കേവലം ഒരു കംഫർട്ട് സ്റ്റേഷൻ എന്നതിലുപരി, ഇവിടെ സജ്ജീകരിച്ചിരിക്കുന്ന ലോൺട്രി സൗകര്യവും ലഘുഭക്ഷണ കിയോസ്കും സഞ്ചാരികൾക്ക് വലിയ ആശ്വാസമാണ്. നല്ലതണ്ണി നദിയുടെ ശാന്തമായ ഒഴുക്ക് ആസ്വദിക്കാനായി ഒരുക്കിയിട്ടുള്ള പ്രത്യേക ഡെക്ക് റെയിൽ സീറ്റിംഗ് സംവിധാനം നാട്ടുകാർക്കും വിനോദസഞ്ചാരികൾക്കും ഒരുപോലെ ഉപയോഗപ്രദമായ ഇടമായി മാറിയിരിക്കുന്നു.

### കൃഷി, പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ

കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ ഇടുക്കിയുടെ കൃഷി, പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ വലിയ നേട്ടം ഉണ്ടാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് മുൻ അദ്ധ്യായത്തിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. അവയിൽ മികച്ച ചില മാതൃകകൾ ഇവിടെ പരിചയപ്പെടുത്തുന്നു.

### പച്ചത്തുരുത്തുകൾ: ജൈവവൈവിധ്യത്തിന്റെ പച്ചപ്പുകൾ

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിയ ഏറ്റവും ബൃഹത്തായ പദ്ധതികളിൽ ഒന്നാണ് 'പച്ചത്തുരുത്ത്'.

പ്രകൃതിരമണീയമായ ഇടുക്കി ജില്ലയിൽ ഈ പദ്ധതിക്ക് സവിശേഷമായ പ്രാധാന്യമുണ്ട്. കുന്നുകളും മലകളും വനങ്ങളും നിറഞ്ഞ ജില്ലയെന്ന നിലയിൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ ഇടുക്കിയിൽ പ്രകടമാണ്. മണ്ണൊലിപ്പ് തടയുന്നതിനും, ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനും, ജില്ലയുടെ തനതായ പ്രകൃതിയെ നിലനിർത്തുന്നതിനും പച്ചത്തുരുത്തുകൾ അനിവാര്യമായി മാറുന്നു.

പൊതുസ്ഥലങ്ങൾ, തരിശുഭൂമികൾ, സ്ഥാപനങ്ങളുടെ പരിസരം എന്നിവിടങ്ങളിൽ സ്വാഭാവിക വനം സൃഷ്ടിച്ചെടുക്കുന്ന ഈ പദ്ധതി ഇടുക്കിയിൽ വലിയ വിജയമാണ്. ജില്ലയിലെ 44 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 113 പച്ചത്തുരുത്തുകൾ ഇതിനോടകം സ്ഥാപിച്ചുകഴിഞ്ഞു. ജില്ലയിലാകെ ഏകദേശം 45.30 ഏക്കർ ഭൂമിയിലാണ് ഈ ജൈവവൈവിധ്യ തുരുത്തുകൾ നിലകൊള്ളുന്നത്.

### കാഞ്ഞാർ പച്ചത്തുരുത്ത്: മാലിന്യക്കൂനയിൽ നിന്നും ഒരു ഹരിത വിസ്മയത്തിലേക്ക്

വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിലെ കാഞ്ഞാർ എന്ന പ്രദേശം ഒരുകാലത്ത് അറവുശാലാ മാലിന്യങ്ങളും ചവറുകളും കൊണ്ട് നിറഞ്ഞ ഒരു കുപ്പത്തൊട്ടിയായിരുന്നു. കൂടാതെ, അനധികൃത കയ്യേറ്റങ്ങളും നിർമ്മാണങ്ങളും മൂലം ഈ പ്രദേശം നാശത്തിന്റെ വക്കിലായിരുന്നു. എന്നാൽ വെള്ളിയാമറ്റം പഞ്ചായത്തും, ഹരിതകേരളം മിഷനും, തൊഴിലുറപ്പ് പദ്ധതിയും സംയുക്തമായി നടത്തിയ ഇടപെടലിലൂടെ ഈ പ്രദേശം ഇന്ന് വലിയൊരു മാറ്റത്തിന് സാക്ഷ്യം വഹിച്ചിരിക്കുന്നു.

മലങ്കരവാലി ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായ ഈ ഒരേക്കറോളം ഭൂമിയിൽ 2019 ജൂൺ 16-നാണ് പച്ചത്തുരുത്തിന് തുടക്കമിട്ടത്. 250 വൃക്ഷത്തൈകളിൽ തുടങ്ങിയ ഈ പച്ചത്തുരുത്തിൽ ഇന്ന് ആയിരത്തോളം മരങ്ങൾ തലയുയർത്തി നിൽക്കുന്നു.

പുളി, പ്ലാവ്, മാവ്, നെല്ലി, അത്തി, ആര്യവേപ്പ്, ഇത്തി, മരുത്, മഹാഗണി, പേര തുടങ്ങി വൈവിധ്യമാർന്ന വൃക്ഷങ്ങളാണ് ഈ കുട്ടിവനത്തിലുള്ളത്. ഇതിനു ചുറ്റും ചെമ്പരത്തിയും ഈറ്റയും കൊണ്ട് നിർമ്മിച്ച മനോഹരമായ ജൈവവേലിയുമുണ്ട്. മലങ്കര ജലാശയത്തിനോട് ചേർന്ന് സ്ഥിതി ചെയ്യുന്നതിനാൽ എല്ലാ കാലത്തും ഇവിടെ പച്ചപ്പ് നിലനിൽക്കുന്നു. ഇത് പക്ഷികൾക്കും, ചിത്രശലഭങ്ങൾക്കും, മറ്റ് ചെറുജീവികൾക്കും സുരക്ഷിതമായ ഒരു ആവാസകേന്ദ്രമൊരുക്കുന്നു.






## പപ്പിനിമേട് പച്ചത്തുരുത്ത് (സഹ്യദർശൻ ഹാപ്പിനസ് പാർക്ക്)

ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ബ്ലോക്കിൽ, നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ സ്ഥിതി ചെയ്യുന്ന ശ്രദ്ധേയമായ ഒരു ജൈവവൈവിധ്യ കേന്ദ്രമാണ് പപ്പിനിമേട് പച്ചത്തുരുത്ത്. ഒരുകാലത്ത് മുൾപടർപ്പുകൾ നിറഞ്ഞ കുന്നിൻപുറമായിരുന്ന ഈ പ്രദേശം ഇന്ന് നെടുങ്കണ്ടം പഞ്ചായത്ത് യു.പി. സ്കൂളിനോട് ചേർന്ന് ഒന്നര ഏക്കറിലധികം സ്ഥലത്ത് മനോഹരമായ ഒരു വനമായി വ്യാപിച്ചു കിടക്കുന്നു.

2008-ൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ ആരംഭിച്ച പ്രവർത്തനങ്ങളാണ് പപ്പിനിമേടിന്റെ മുഖച്ഛായ മാറ്റിയത്. തുടക്കത്തിൽ 'ഉന്ന' മരങ്ങൾ വച്ചുപിടിപ്പിക്കുകയും അവ ശാസ്ത്രീയമായി പരിപാലിക്കുകയും ചെയ്തു. തുടർന്ന് പഞ്ചായത്ത് ഭരണസമിതിയും വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളും (പ്രദേശത്തെ യു.പി. സ്കൂൾ, ഹൈസ്കൂൾ, ബി.എഡ് കോളേജ്) ഒത്തുചേർന്ന് ഇവിടം വൈവിധ്യമാർന്ന സസ്യങ്ങളുടെ പച്ചത്തുരുത്താക്കി മാറ്റാൻ തീരുമാനിച്ചു. 2019 ജൂൺ 5-ന് സോഷ്യൽ ഫോറസ്ട്രിയിൽ നിന്നുള്ള തൈകൾ നട്ടുകൊണ്ട് പച്ചത്തുരുത്തിന്റെ ഔദ്യോഗിക പ്രവർത്തനം ആരംഭിച്ചു. 2020-ൽ ആരംഭിച്ച 'ഓർമ്മത്തുരുത്ത്' പദ്ധതി ഈ കാടിന്റെ വ്യാപ്തി വർദ്ധിപ്പിച്ചു.

നിലവിൽ 1.80 ഏക്കർ സ്ഥലത്തായി ഇല്ലി, കുടംപുളി, ജാതി, ഞാവൽ തുടങ്ങി 1193 വൃക്ഷങ്ങൾ ഇവിടെയുണ്ട്. ആയിരത്തോളം ചെമ്പരത്തികളും 550 ശീമകൊന്നകളും ഉപയോഗിച്ച് നിർമ്മിച്ച ജൈവവേലി പച്ചത്തുരുത്തിന് സ്വാഭാവിക സംരക്ഷണം നൽകുന്നു.

'നെറ്റ് സീറോ കാർബൺ കേരളം' കാമ്പയിന്റെ ഭാഗമായി നടത്തിയ പഠനത്തിൽ, ഈ പച്ചത്തുരുത്തിലെ മരങ്ങൾക്ക് ഏകദേശം 18.96 ടൺ കാർബൺ സംഭരിക്കാനുള്ള ശേഷിയുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇപ്പോൾ തത്തകൾ, പച്ചിലക്കുടുക്ക, വിവിധയിനം കുരുവികൾ, മൈന തുടങ്ങിയ പക്ഷികളുടെയും നിരവധി ചിത്രശലഭങ്ങളുടെയും പ്രധാന ആവാസകേന്ദ്രമാണിവിടം.

### സഹ്യദർശൻ ഹാപ്പിനസ് പാർക്ക്:

ഇവിടെ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്തും ജില്ലാ ടൂറിസം വകുപ്പും ചേർന്ന് 50 ലക്ഷം രൂപ മുടക്കി വിവിധ സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സന്ദർശകർക്കും കുട്ടികൾക്കും ഉല്ലസിക്കാനാവശ്യമായ സൗകര്യങ്ങളോടു കൂടി വിപുലീകരിച്ച ഈ കേന്ദ്രം ഇപ്പോൾ 'സഹ്യദർശൻ ഹാപ്പിനസ് പാർക്ക്' എന്ന പേരിൽ അറിയപ്പെടുന്നു.



## അമൃതവാടി പച്ചത്തുരുത്ത്: പ്രകൃതിയുടെ സംഗമഭൂമി

ഇടുക്കി ജില്ലയിലെ അറക്കുളം ഗ്രാമപഞ്ചായത്തിൽ, പ്രകൃതിയും ജലസ്രോതസ്സുകളും ഒത്തുചേരുന്ന അതിമനോഹരമായ ഒരിടമാണ് അമൃതവാടി പച്ചത്തുരുത്ത്. നച്ചാർ, ഇല്ലിപ്പള്ളി നദികളും ഇടുക്കി ഡാമിന്റെ കനാൽ ജലവും ഒന്നിക്കുന്ന "ത്രിവേണി സംഗമ"ത്തിന്റെ തീരത്താണ് ഈ ഹരിത മാതൃക നിലകൊള്ളുന്നത്.

### പശ്ചാത്തലവും രൂപീകരണവും

മുൻപ് ചതുപ്പ് നിറഞ്ഞതും മാലിന്യങ്ങൾ തള്ളുന്നതുമായ ഉപയോഗശൂന്യമായ ഒരു പ്രദേശമായിരുന്നു ഇത്. മലങ്കര ഇറിഗേഷൻ പ്രോജക്ടിന്റെ (MVIP) കീഴിലുള്ള ഈ ഏഴ് ഏക്കറോളം സ്ഥലം പാഴായിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ട അറക്കുളം പഞ്ചായത്ത് ഭരണസമിതി, ഹരിതകേരളം മിഷനുമായി ചേർന്ന് ഭൂമിയിൽ പച്ചത്തുരുത്ത് പദ്ധതിക്ക് തുടക്കമിട്ടു. 2022-23 കാലയളവിൽ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ സാമ്പത്തിക സഹായത്തോടെ 4.5 ഏക്കറിലാണ് ആദ്യഘട്ടത്തിൽ പദ്ധതി നടപ്പിലാക്കിയത്.

### പ്രവർത്തനങ്ങളും ജൈവവൈവിധ്യവും

സോഷ്യൽ ഫോറസ്ട്രി, തൊഴിലുറപ്പ് നഴ്സറി എന്നിവയിൽ നിന്നും ലഭ്യമായ 1900-ൽ പരം വൃക്ഷത്തൈകളാണ് ഇവിടെ നട്ടുപിടിപ്പിച്ചത്. പ്ലാവ്, മാവ്, റമ്പൂട്ടാൻ, ആത്ത, പേര, നെല്ലി തുടങ്ങിയ ഫലവൃക്ഷങ്ങൾ ഇതിൽ ഉൾപ്പെടുന്നു. 2022 ഓഗസ്റ്റ് 9-ന് ആരംഭിച്ച ഈ പദ്ധതിയുടെ സംരക്ഷണത്തിനായി സെന്റ് ജോസഫ് കോളേജിലെ എൻ.എസ്.എസ് (NSS) വിദ്യാർത്ഥികൾ, ജനപ്രതിനിധികൾ, തൊഴിലുറപ്പ് തൊഴിലാളികൾ എന്നിവരടങ്ങിയ വിപുലമായ ഒരു പരിപാലന സമിതി പ്രവർത്തിക്കുന്നു.

### ഹാപ്പിനസ് പാർക്ക് എന്ന ലക്ഷ്യത്തിലേക്ക്:

പുഴയോരം സംരക്ഷിക്കുന്നതോടൊപ്പം അമൃതവാടിയെ ഒരു ഹാപ്പിനസ് പാർക്ക് ആയി മാറ്റാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ജൈവവേലികൾ, നടപ്പാതകൾ, സന്ദർശകർക്കായി വിശ്രമകേന്ദ്രങ്ങൾ, ഇരിപ്പിടങ്ങൾ എന്നിവ ഇതിന്റെ ഭാഗമായി നിർമ്മിച്ചുവരുന്നു. വിവിധയിനം പക്ഷികളുടെയും ചിത്രശലഭങ്ങളുടെയും പ്രധാന ആവാസകേന്ദ്രമായി ഈ പ്രദേശം മാറിക്കഴിഞ്ഞു. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ഇഴയടുപ്പത്തിന്റെ ഉദാത്ത മാതൃകയായി അമൃതവാടി പച്ചത്തുരുത്ത് ഇന്ന് തലയുയർത്തി നിൽക്കുന്നു



## ട്രൈബൽ ആർട്സ് & സയൻസ് കോളേജ് പച്ചത്തുരുത്ത്: ജൈവവൈവിധ്യത്തിന്റെ പാഠശാല

ഇടുക്കി ജില്ലയിലെ അറക്കുളം ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിൽ സ്ഥിതി ചെയ്യുന്ന ട്രൈബൽ ആർട്സ് ആൻഡ് സയൻസ് കോളേജ്, ജൈവവൈവിധ്യ സംരക്ഷണത്തിൽ തനതായ മാതൃകയാണ് കാഴ്ചവയ്ക്കുന്നത്. ഇടുക്കിയുടെ വനമേഖലയോട് ചേർന്ന് കിടക്കുന്ന ഈ കലാലയ പരിസരം മുൻപ് കാടുപിടിച്ച് വന്യജീവികളുടെയും ക്ഷുദ്രജീവികളുടെയും വിഹാര കേന്ദ്രമായി കിടക്കുകയായിരുന്നു.

### രൂപീകരണവും പരിപാലനവും:

2021-ൽ ആരംഭിച്ച ഈ പച്ചത്തുരുത്ത് അഞ്ച് ഏക്കറിലായി വ്യാപിച്ചു കിടക്കുന്നു. ഫലവൃക്ഷങ്ങൾ ഉൾപ്പെടെ 1500-ൽ പരം വൈവിധ്യമാർന്ന വൃക്ഷത്തൈകളാണ് ഇവിടെ നട്ടുപിടിപ്പിച്ചിരിക്കുന്നത്. കോളേജിലെ എൻ.എസ്.എസ് (NSS) വിദ്യാർത്ഥികൾ, അധ്യാപകർ, പി.ടി.എ (PTA) കമ്മിറ്റി പ്രതിനിധികൾ എന്നിവരടങ്ങിയ സംഘാടക സമിതിയാണ് ഈ പച്ചത്തുരുത്തിന്റെ സംരക്ഷണ ചുമതല വഹിക്കുന്നത്. പ്രകൃതിയെ അറിഞ്ഞുകൊണ്ടുള്ള ഒരു വിദ്യാഭ്യാസ സംസ്കാരം വളർത്തിയെടുക്കാൻ ഈ കൂട്ടായ പ്രവർത്തനം സഹായിക്കുന്നു.

### ഗവേഷണവും ജൈവവൈവിധ്യവും:

വെറുമൊരു വനവൽക്കരണ പദ്ധതി എന്നതിലുപരി, വിദ്യാർത്ഥികൾക്ക് പ്രായോഗിക പഠനത്തിനുള്ള ഒരു വേദി കൂടിയാണിത്. സുവോളജി ഡിപ്പാർട്ട്മെന്റിലെ കുട്ടികൾക്ക് ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ എല്ലാ സൗകര്യങ്ങളും ഈ പച്ചത്തുരുത്തിനുള്ളിൽ ഒരുക്കിയിട്ടുണ്ട്.

ഏകദേശം 30-ഓളം ഇനത്തിൽപ്പെട്ട ശലഭങ്ങളുടെ ആവാസകേന്ദ്രമാണിവിടം. ഇതിൽ നിശാശലഭം (Moth) വിഭാഗത്തിൽപ്പെട്ട അത്യപൂർവ്വമായ 'സ്നേക്ക് ബട്ടർഫ്ളൈ' (Atlas Moth) കാണപ്പെടുന്നു എന്നത് ഈ പച്ചത്തുരുത്തിന്റെ പ്രത്യേകതയാണ്. വനത്തോട് ചേർന്നുള്ള പ്രദേശമായതിനാൽ തന്നെ സ്വാഭാവികമായ ആവാസവ്യവസ്ഥയെ സംരക്ഷിച്ചുകൊണ്ടുള്ള ഈ പ്രവർത്തനങ്ങൾ ജില്ലയ്ക്ക് മൊത്തം മാതൃകയാണ്.

## തൊടുപുഴ ജില്ലാ കോടതി പച്ചത്തുരുത്ത്: നീതിന്യായ പീഠത്തിന്റെ ഹരിത മാതൃക

മുട്ടത്ത് സ്ഥിതി ചെയ്യുന്ന ഇടുക്കി ജില്ലാ കോടതി സമുച്ചയത്തോട് ചേർന്ന് ഹരിതകേരളം മിഷൻ, മുട്ടം ഗ്രാമപഞ്ചായത്ത്, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ സംയുക്ത



പങ്കാളിത്തത്തോടെ 2019-ലാണ് ഈ പച്ചത്തുരുത്ത് സ്ഥാപിതമായത്. മുൻപ് കേസുകളുമായി ബന്ധപ്പെട്ട് പിടിച്ചെടുക്കുന്ന വാഹനങ്ങളും മറ്റ് സാധനങ്ങളും സൂക്ഷിക്കാൻ ഉപയോഗിച്ചിരുന്ന അഞ്ച് സെന്റ് ഭൂമിയാണ് ഇന്ന് ജൈവവൈവിധ്യത്തിന്റെ തുരുത്തായി മാറിയിരിക്കുന്നത്.

**സവിശേഷതകളും പരിപാലനവും:**

ഇലഞ്ഞി, ആഞ്ഞിലി, പ്ലാവ്, മാവ്, നാരകം ഇനത്തിൽപ്പെട്ട തുടങ്ങി എഴുപതോളം മരങ്ങളാണ് ഈ ചെറിയ സ്ഥലത്ത് ഇടതൂർന്ന് വളരുന്നത്. സ്ഥാപനങ്ങൾക്ക് തങ്ങളുടെ പരിമിതമായ സ്ഥലസൗകര്യങ്ങൾക്കുള്ളിൽ എങ്ങനെ ജൈവവൈവിധ്യം സംരക്ഷിക്കാമെന്നതിന് മികച്ച ഉദാഹരണമാണ് ഈ കേന്ദ്രം. സോഷ്യൽ ഫോറസ്ട്രിയുടെ നേതൃത്വത്തിൽ പച്ചത്തുരുത്തിലെ ഓരോ മരത്തെയും പ്രത്യേകമായി ലേബൽ ചെയ്ത് തിരിച്ചറിയാനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്.

കാർബൺ സംഭരണവും പരിസ്ഥിതി പഠനവും:

ഹരിതകേരളം മിഷന്റെ 'നെറ്റ് സീറോ കാർബൺ കേരളം' ക്യാമ്പയിന്റെ ഭാഗമായി നടത്തിയ പഠനത്തിൽ, ഈ പച്ചത്തുരുത്തിന് ഏകദേശം 0.95 ടൺ കാർബൺ സംഭരണശേഷി ഉള്ളതായി കണക്കാക്കപ്പെട്ടു. ഇത് കാലാവസ്ഥാ വ്യതിയാനത്തിനെതിരെയുള്ള പോരാട്ടത്തിൽ ചെറുകിട വനവൽക്കരണ പദ്ധതികളുടെ പ്രാധാന്യം വിളിച്ചോതുന്നു.

**ജീവജാലങ്ങളുടെ ആവാസകേന്ദ്രം:**

കോടതി വളപ്പിലെ നീതിന്യായ വ്യവഹാരങ്ങൾക്കിടയിലും ഈ പച്ചത്തുരുത്ത് അനേകം ചിത്രശലഭങ്ങളുടെയും പക്ഷികളുടെയും സങ്കേതമാണ്. നീലക്കടുവ (Blue Tiger), നാരകക്കാളി(Common Mormon), നാരക ശലഭം (Lime Butterfly), അരളി ശലഭം (Common Crow) രാജശലഭം(Monarch butterfly) തുടങ്ങി ഒട്ടനവധി ശലഭങ്ങളെ ഇവിടെ സ്ഥിരമായി കാണാൻ സാധിക്കും. വിവിധയിനം കുരുവികളും ചെറുപക്ഷികളും ഈ കുട്ടിവനത്തിൽ സന്ദർശകരായി എത്താറുണ്ട്.



## ഹരിതകേരളം നീലക്കുറിഞ്ഞി ജൈവവൈവിധ്യ വിജ്ഞാന കേന്ദ്രം: പശ്ചിമഘട്ടത്തിന്റെ നേർക്കാഴ്ച

ജൈവവൈവിധ്യ സംരക്ഷണത്തിന് കൃത്യമായ ജൈവവൈവിധ്യ വിജ്ഞാനം അത്യാവശ്യമാണെന്ന ബോധ്യത്തിൽ നിന്നാണ് 2023-ൽ ഹരിതകേരളം മിഷൻ മൂന്നാറിൽ വിജ്ഞാന കേന്ദ്രം ആരംഭിച്ചത്. മൂന്നാറിന്റെ പ്രവേശന കവാടമായ അടിമാലിയിൽ പ്രവർത്തിക്കുന്ന ഈ കേന്ദ്രം, അത്യപൂർവ്വമായ സസ്യ-ജന്തുജാലങ്ങളുടെ കലവറയായ പശ്ചിമഘട്ടത്തെക്കുറിച്ച് വിനോദസഞ്ചാരികൾക്കും തദ്ദേശീയർക്കും വിദ്യാർത്ഥികൾക്കും ആഴത്തിലുള്ള അറിവ് പകർന്നുനൽകുന്നു. മൂന്നാർ സന്ദർശനം വെറും കാഴ്ചകൾക്കപ്പുറം അനുഭവാധിഷ്ഠിതമായ ഒരു പഠനമാക്കി മാറ്റുക എന്നതാണ് ഈ കേന്ദ്രത്തിന്റെ പ്രധാന ലക്ഷ്യം.

### സജ്ജീകരണങ്ങളും സവിശേഷതകളും:

ഏകദേശം 45 മിനിറ്റ് നീളുന്ന ഒരു വിജ്ഞാനയാത്രയാണ് സന്ദർശകർക്കായി ഇവിടെ ഒരുക്കിയിട്ടുള്ളത്. മൂന്നാറിലെ സവിശേഷമായ നിത്യഹരിത വനങ്ങൾ, ഷോല വനങ്ങൾ, പുൽമേടുകൾ എന്നിവയെ നേരിട്ട് കണ്ടറിയാൻ സഹായിക്കുന്ന ത്രിമാന (3D) മാതൃകകൾ ഇവിടെയുണ്ട്. കൂടാതെ പശ്ചിമഘട്ടത്തിലെ ജൈവവൈവിധ്യത്തെ വിശദീകരിക്കുന്ന 25 ഡിസ്പ്ലേ പാനലുകൾ, ഇന്ററാക്ടീവ് ടച്ച് സ്ക്രീൻ കിയോസ്കുകൾ, ഭീമൻ ചിതൽപുറ്റിന്റെ മാതൃക എന്നിവ സന്ദർശകർക്ക് വ്യത്യസ്തമായ അനുഭവം നൽകുന്നു. മൂന്നാറിലെ 15 പ്രധാന ജൈവവൈവിധ്യ ഹോട്ട്സ്പോട്ടുകൾ രേഖപ്പെടുത്തിയ ത്രിമാന ഭൂപടം സഞ്ചാരികൾക്ക് ഏറെ ഉപകാരപ്രദമാണ്. കേന്ദ്രത്തിന്റെ പുറംചുവരുകളിൽ വരച്ചുചേർത്തിട്ടുള്ള മൂന്നാർ മലനിരകളിലെ അപൂർവ്വയിനം പക്ഷികൾ, ഉരഗങ്ങൾ, സസ്തനികൾ, ചിത്രശലഭങ്ങൾ, ഓർക്കിഡുകൾ, തുടങ്ങിയവയുടെ ചിത്രങ്ങൾ കാഴ്ചക്കാരെ ആകർഷിക്കുന്നതിനൊപ്പം വിജ്ഞാനം പകരുകയും ചെയ്യുന്നു.




### പഠനോത്സവവും ഗ്രീൻ അംബാസഡർമാരും:

പ്രവർത്തനം ആരംഭിച്ച് ചുരുങ്ങിയ കാലയളവിനുള്ളിൽ 19,244-ലധികം സഞ്ചാരികൾ ഈ കേന്ദ്രം സന്ദർശിച്ചു കഴിഞ്ഞു. ജൈവവൈവിധ്യ വിജ്ഞാന വ്യാപനത്തിന്റെ ഭാഗമായി കഴിഞ്ഞ രണ്ടു വർഷങ്ങളിലായി സംസ്ഥാനതലത്തിൽ 'നീലക്കുറിഞ്ഞി ജൈവവൈവിധ്യ വിജ്ഞാന പഠനോത്സവം' സംഘടിപ്പിച്ചു വരുന്നു. അയ്യായിരത്തിലധികം കുട്ടികൾ പങ്കെടുത്ത ഈ മത്സരങ്ങളിൽ വിജയികളായവർക്കായി കേന്ദ്രത്തിൽ വച്ച് ത്രിദിന പഠന ക്യാമ്പുകൾ സംഘടിപ്പിച്ചു. ഈ ക്യാമ്പുകളിലൂടെ തിരഞ്ഞെടുക്കപ്പെട്ട 120 വിദ്യാർത്ഥികളെ 'ഗ്രീൻ അംബാസഡർമാരായി' പ്രഖ്യാപിച്ചു. ഇവരുടെ നേതൃത്വത്തിൽ കൂടുതൽ വിപുലമായ പരിസ്ഥിതി വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നിലവിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു.

### കുഞ്ചിപെട്ടിക്കുടി: പശ്ചിമഘട്ടത്തിലെ തണ്ണീർത്തട പുനരുജ്ജീവനത്തിന്റെ വിജയഗാഥ

അടിമാലി ഗ്രാമപഞ്ചായത്തിലെ കട്ടമുടി ട്രൈബൽ സെറ്റിൽമെന്റിൽ ഉൾപ്പെട്ട കുഞ്ചിപെട്ടിക്കുടി പാടശേഖരം, മുതുവാൻ ഗോത്രവിഭാഗത്തിന്റെ അതിജീവനത്തിന്റെയും കാർഷിക വീണ്ടെടുപ്പിന്റെയും



ഉത്തമ മാതൃകയാണ്. വന്യമൃഗശല്യം, കാലാവസ്ഥാ വ്യതിയാനം, നാണ്യവിളകളുടെ കടന്നുകയറ്റം എന്നിവയാൽ 40 വർഷത്തിലേറെയായി തരിശുകിടന്ന 20 ഏക്കർ പാടശേഖരമാണ് ഇന്ന് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ വീണ്ടും പച്ചപ്പണിഞ്ഞിരിക്കുന്നത്. 2021-ൽ ഹരിത കേരളം മിഷൻ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നടാപ്പിലാക്കിയ യു.എൻ.ഡി.പി-ഐ.എച്ച്.ആർ.എം.എൽ (UNDP-IHRML) പദ്ധതിയിലൂടെയാണ് കൃഷിയാരംഭിക്കുന്നത്. പദ്ധതി അവസാനിച്ചതോടെ കൃഷി വീണ്ടും പുറകോട്ട് പോയി. 2023 ൽ ഹരിതകേരളം മിഷൻ വീണ്ടും പാടശേഖരത്തിലെ കാർഷിക പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ സജീവമായ ഇടപെടൽ ആരംഭിച്ചു. 2023-ൽ വെറും അഞ്ച് ഏക്കറിൽ താഴെ മാത്രം കൃഷി നടന്നിരുന്ന സ്ഥാനത്ത്, സമഗ്രമായ സംയോജന പ്രവർത്തനങ്ങളിലൂടെ 2024-ൽ 14.4 ഏക്കറായും 2025-ൽ 16 ഏക്കറായും നെൽകൃഷി വ്യാപിപ്പിക്കാൻ സാധിച്ചു. 17 വ്യക്തിഗത കർഷകരും മൂന്ന് കുടുംബശ്രീ യൂണിറ്റുകളും ചേർന്നുള്ള ഈ കൂട്ടായ പരിശ്രമം, ഈ മലയോരമേഖലയിലെ തണ്ണീർത്തട ആവാസവ്യവസ്ഥയെ സംരക്ഷിക്കുന്നതിൽ നിർണ്ണായക പങ്കുവഹിക്കുന്നു.

#### പദ്ധതികളുടെ ഏകോപനവും ആധുനികവൽക്കരണവും:

വിവിധ സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും സഹകരണത്തോടെ ഒരു കോടിയിലേറെ രൂപയുടെ പദ്ധതികളാണ് ഈ പാടശേഖരത്തിലേക്ക് എത്തിച്ചത്. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, സലിം അലി ഫൗണ്ടേഷൻ, കൃഷി വിജ്ഞാന കേന്ദ്ര, കുടുംബശ്രീ എന്നിവയുടെ സഹായത്തിന് പുറമെ അടിമാലി തോടിന്റെ സംരക്ഷണഭിത്തി നിർമ്മിക്കുന്ന ബ്ലോക്ക് പഞ്ചായത്തിന്റെ 80 ലക്ഷം രൂപയുടെ വാട്ടർഷെഡ് പദ്ധതിയും പാടശേഖരത്തിൽ നടപ്പിലാക്കി. പട്ടികവർഗ്ഗ വികസന വകുപ്പ് നൽകിയ പവർ ടില്ലർ, മെതിയന്ത്രം തുടങ്ങിയ യന്ത്രങ്ങൾ കാർഷിക ചെലവ് ഏക്കറിന് 50,000 രൂപയിൽ നിന്നും 5,000 രൂപയ്ക്ക് താഴെയാക്കാൻ സഹായിച്ചു. കൂടാതെ, സൗരോർജ്ജ വേലികൾ, ചെക്ക് ഡാമുകൾ എന്നിവയ്ക്കായി 75 ലക്ഷത്തോളം രൂപയുടെ പദ്ധതികളും ഗ്രാമപഞ്ചായത്ത് തലത്തിൽ ആവിഷ്കരിച്ചിട്ടുണ്ട്.

#### വിപണനവും സാമൂഹിക നേട്ടങ്ങളും:

പാടശേഖരത്തിൽ ഉൽപ്പാദിപ്പിക്കുന്ന നെല്ല് "കുഞ്ചിപ്പെട്ടി അരി" എന്ന ബ്രാൻഡിൽ വിപണിയിലെത്തിച്ച് കർഷകർക്ക് മികച്ച വരുമാനം ഉറപ്പാക്കാനായി. ഒപ്പം, പ്രദേശത്തിന്റെ സംസ്കാരവും ഭൂപ്രകൃതിയും കോർത്തിണക്കി കമ്മ്യൂണിറ്റി ടൂറിസം മാതൃകയും ഇവിടെ വിഭാവനം ചെയ്തിട്ടുണ്ട്. മികച്ച പ്രവർത്തനങ്ങൾക്ക് കർഷകരെ തേടി നിരവധി പുരസ്കാരങ്ങളെത്തി. പാടശേഖരത്തെ കൃഷിയോഗ്യമാക്കാൻ നേതൃത്വം നൽകിയ നീലമ്മയെ മുഖ്യമന്ത്രി പ്രത്യേകം ആദരിച്ചത് ഈ മേഖലയിലെ വലിയ അംഗീകാരമായി.

#### മാതൃകയാകുന്ന മാറ്റം:

കുഞ്ചിപെട്ടിക്കുടിയിലെ വിജയം അയൽപ്രദേശങ്ങളിലേക്കും വ്യാപിച്ചു കൊണ്ടിരിക്കുകയാണ്. കട്ടമുടി ട്രൈബൽ സെറ്റിൽമെന്റിലെ തന്നെ പ്രദേശമായ കട്ടമുടിക്കുടിയിൽ 30 വർഷമായി തരിശിട്ടിരുന്ന 15 ഏക്കറിൽ 29 കർഷകർ കൃഷി പുനരാരംഭിച്ചു. ഇതിനു പുറമെ ഗ്രാമപഞ്ചായത്തിലെ മറ്റിടങ്ങളിലും നെൽക്കൃഷിയിലേക്കുള്ള വ്യാപകമായ തിരിച്ചുവരവുണ്ടായി. 2023-ൽ അടിമാലി ഗ്രാമപഞ്ചായത്തിൽ ആകെ 9 ഏക്കറിൽ മാത്രമുണ്ടായിരുന്ന നെൽകൃഷി ഇന്ന് 55 ഏക്കറിലേക്ക് വർദ്ധിച്ചിരിക്കുന്നു. തണ്ണീർത്തടങ്ങൾ സംരക്ഷിച്ചുകൊണ്ട് സുസ്ഥിരമായ കാർഷിക സംസ്കാരം കെട്ടിപ്പടുക്കുന്നതിൽ കുഞ്ചിപെട്ടിക്കുടി ഇന്ന് സംസ്ഥാനത്തിന് തന്നെ മാതൃകയാണ്.

### മറയൂരിലെ സുസ്ഥിര കരിമ്പ് കൃഷി (SSI): നൂതന സാങ്കേതിക വിദ്യയിലൂടെ കാർഷിക അഭിവൃദ്ധിയിലേക്ക്

ഇടുക്കി ജില്ലയിലെ മറയൂർ, കാന്തല്ലൂർ ഗ്രാമപഞ്ചായത്തുകളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ശർക്കര ലോകപ്രശസ്തമാണ്. ഇവിടുത്തെ സവിശേഷമായ ഭൂപ്രകൃതിയും കാലാവസ്ഥയും ഈ ശർക്കരയ്ക്ക് നൽകുന്ന സമാനതകളില്ലാത്ത ഗുണമേന്മ പരിഗണിച്ച് 2019-ൽ ഇതിന് ഭൗമസൂചിക (Geographical



Indication - GI) പദവി ലഭിക്കുകയുണ്ടായി. മറയൂർ ശർക്കരയുടെ തനിമ ആഗോളതലത്തിൽ ഉറപ്പിക്കാനും കർഷകർക്ക് മികച്ച വിപണി മൂല്യം ലഭ്യമാക്കാനും ഈ പദവി സഹായിച്ചു. ഇതിന്റെ സംരക്ഷണവും വിതരണവും കൈകാര്യം ചെയ്യുന്നതിൽ 'അഞ്ചുനാട് കരിമ്പ് ഉൽപ്പാദന വിതരണ സംഘം' നിർണ്ണായക പങ്ക് വഹിക്കുന്നു. എന്നിരുന്നാലും, കുറഞ്ഞ ഉൽപ്പാദനക്ഷമത, ഉയർന്ന ഉൽപ്പാദനച്ചെലവ്, വിപണിയിലെ വ്യാജ ശർക്കരയുടെ വ്യാപനം എന്നിവ കർഷകരെ കടുത്ത പ്രതിസന്ധിയിലാക്കി. ഒരുകാലത്ത് 2000 ഹെക്ടറിൽ ഉണ്ടായിരുന്ന കരിമ്പ് കൃഷി ഇപ്പോൾ വെറും 300 ഹെക്ടറിലേക്ക് ചുരുങ്ങുന്ന ദയനീയ അവസ്ഥയുണ്ടായി.

### വകുപ്പുകളുടെ ഏകോപനവും ഹരിത കേരളം മിഷന്റെ ഇടപെടലും

പരമ്പരാഗത കൃഷിരീതി നേരിടുന്ന ഈ വെല്ലുവിളികൾക്ക് ശാസ്ത്രീയമായ പരിഹാരമായാണ് സുസ്ഥിര കരിമ്പ് കൃഷി (Sustainable Sugarcane Initiative - SSI) അവതരിപ്പിക്കപ്പെട്ടത്. കരിമ്പിൻ തണ്ടുകൾക്ക് പകരം നേഴ്സറികളിൽ വളർത്തിയെടുത്ത തൈകൾ കൃത്യമായ ഇടയകലത്തിൽ നടുന്നതാണ് ഇതിന്റെ രീതി. UNDP - IHRML പദ്ധതിയുടെ ഭാഗമായി പരീക്ഷണാടിസ്ഥാനത്തിൽ തുടങ്ങിയ ഈ ഉദ്യമം, പദ്ധതി കാലാവധിക്ക് ശേഷം ഹരിത കേരളം മിഷൻ ഏറ്റെടുത്ത് സജീവമായ ഇടപെടലുകളിലൂടെ വ്യാപിപ്പിക്കുന്നതിനുള്ള ശ്രമമാരംഭിച്ചു. കൃഷി വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്ന് വിപുലമായ പ്രചാരണ പരിപാടികളാണ് ഇതിനായി സംഘടിപ്പിച്ചത്. മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ മണ്ണ് പരിശോധന ക്യാമ്പയിനുകളും, ജലവിഭവ വകുപ്പിന്റെ സഹകരണത്തോടെ സൂക്ഷ്മ ജലസേചന പദ്ധതികളും ആസൂത്രണം ചെയ്തു. ഈ വകുപ്പുകളുടെ ഏകോപിത പ്രവർത്തനം വഴി കർഷകർക്കായി പ്രത്യേക കർമ്മപദ്ധതികൾ തയ്യാറാക്കാൻ സാധിച്ചു.

### ഉൽപ്പാദനക്ഷമതയിലെ വിപ്ലവകരമായ മാറ്റങ്ങൾ

വിളവിലും ലാഭത്തിലും വലിയ മുന്നേറ്റമാണ് SSI രീതി കാഴ്ചവെക്കുന്നത്. പരമ്പരാഗത രീതിയിൽ ഒരേക്കറിൽ നിന്ന് 33 മുതൽ 40 ടൺ വരെ കരിമ്പ് ലഭിക്കുമ്പോൾ, SSI മാതൃകയിലൂടെ ഇത് 48 മുതൽ

60 ടൺ വരെയായി ഉയർന്നു. സൂക്ഷ്മ ജലസേചന സംവിധാനങ്ങൾ സജീവമാകുന്നതോടെ വിളവ് 90 ടണ്ണിലേക്ക് ഉയർത്താൻ സാധിക്കുമെന്ന് കർഷകർ വിലയിരുത്തുന്നു. ചെടികൾ തമ്മിലുള്ള 4 അടി അകലം യന്ത്രവൽക്കരണം എളുപ്പമാക്കുകയും വിളവെടുപ്പ് കൂലി ലാഭിക്കാൻ സഹായിക്കുകയും ചെയ്യും. ഉദാഹരണത്തിന്, പരമ്പരാഗത രീതിയിൽ 10,000 രൂപയ്ക്ക് 4 ടൺ കരിമ്പ് വിളവെടുത്ത സ്ഥാനത്ത്, ഇതേ തുകയ്ക്ക് 12 ടൺ കരിമ്പ് വിളവെടുക്കാൻ ഈ രീതിയിലൂടെ സാധിക്കുന്നു. തണ്ടുകളുടെ വലിപ്പത്തിലുള്ള ഏകീകൃത സ്വഭാവം (Uniformity) ജോലി വേഗത്തിലാക്കാൻ തൊഴിലാളികളെയും സഹായിക്കുന്നു.

### സാമ്പത്തിക ലാഭവും വിഭവ സംരക്ഷണവും

SSI രീതിയുടെ ഏറ്റവും വലിയ സവിശേഷത കുറഞ്ഞ വിത്ത് ഉപയോഗമാണ്. പരമ്പരാഗത കൃഷിക്ക് 35,000 കരിമ്പിൻ തണ്ടുകൾ ആവശ്യമുള്ള സ്ഥാനത്ത്, SSI രീതിയിൽ വെറും 6,000 തൈകൾ മതിയാകും. ഇത് നടീൽ വസ്തുക്കളുടെ ചെലവ് ഗണ്യമായി കുറയ്ക്കുന്നു. കൂടാതെ മനുഷ്യാധ്വാനം, വളം, വെള്ളം എന്നിവയുടെ ഉപയോഗത്തിലും വലിയ ലാഭമുണ്ടാകുന്നു. ശർക്കര ഉൽപ്പാദനത്തിൽ ഒരേക്കറിൽ നിന്നും 80 മൂടിന് പകരം 110 മൂട് (ഏകദേശം 5040 കിലോ) ശർക്കര ലഭിക്കുന്നത് കർഷകർക്ക് വലിയ സാമ്പത്തിക ആശ്വാസമാണ് നൽകുന്നത്.

### കാലാവസ്ഥാ അതിജീവനവും പരിസ്ഥിതി സൗഹൃദവും

കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കാൻ കെൽപ്പുള്ള ഒരു 'കാർബൺ റസീലിയന്റ്' (Carbon Resilient) കൃഷി രീതിയാണിത്. ഇടവിളകൾ പ്രോത്സാഹിപ്പിക്കുന്നതും കരിമ്പിന്റെ ഉണങ്ങിയ ഇലകൾ ഡീട്രാഷിംഗ് ചെയ്ത് പുതയായി ഇടുന്നതും റിട്ടൂണിങ് (Ratooning) എഫിഷ്യൻസി (കാർഷിക വിളകൾ ആദ്യത്തെ തവണ വിളവെടുത്ത ശേഷം, അവയുടെ കുറ്റികളിൽ നിന്നോ വേരുകളിൽ നിന്നോ പുതിയ നാമ്പുകൾ വളർത്തി വീണ്ടും വിളവെടുക്കുന്ന സമ്പ്രദായത്തെയാണ് റിട്ടൂണിങ് അഥവാ കുറ്റികൃഷി എന്ന് പറയുന്നത്.) വർദ്ധിക്കുന്നതും മണ്ണിലെ ഇടപെടൽ ലഘൂകരിക്കുകയും മണ്ണിലെ കാർബണിന്റെ നഷ്ടം നിയന്ത്രിക്കുകയും ചെയ്യുന്നു. രാസവളങ്ങളുടെയും വെള്ളത്തിന്റെയും ഉപയോഗം കുറഞ്ഞതും മണ്ണിലെ കാർബണിന്റെ നഷ്ടം ലഘൂകരിക്കാൻ സഹായിക്കുന്നു. കാലാവസ്ഥാ വ്യതിയാനത്തിന്റെ കാലത്ത് മണ്ണിലെ ജൈവ കാർബൺ നിലനിർത്താൻ സഹായിക്കുന്ന 'കാർബൺ റസീലിയന്റ്' കൃഷി രീതിയാണിത്. മഴനിഴൽ പ്രദേശമായ മറയൂർ മേഖലയിൽ വേനൽക്കാലത്ത് ജലക്ഷാമം അതിരൂക്ഷമാണ്. കഴിഞ്ഞ അഞ്ചുവർഷമായി വരൾച്ച വലിയ കൃഷിനാശം ഉണ്ടാക്കുന്നു. ഈ സാഹചര്യത്തിൽ വെള്ളത്തിന്റെ ഉപയോഗം കുറച്ചുകൊണ്ടുള്ള കൃഷി രീതി വ്യാപിപ്പിക്കേണ്ടത് ഈ പ്രദേശത്തിന്റെ ആവശ്യകതയാണ്. നിലവിൽ 8 കർഷകർ 16 ഏക്കറിൽ ഈ രീതി വിജയകരമായി തുടരുന്നു. മറയൂർ കരിമ്പ് കർഷകരുടെ കൂട്ടായ്മയായ അഞ്ചുനാട് കരിമ്പ് ഉൽപ്പാദന വിതരണ സംഘം ഈ കൃഷി രീതി വ്യാപിപ്പിക്കാൻ സജീവമായി രംഗത്തുണ്ട്.

### വിപുലീകരണം: ഭാവിയിലേക്കുള്ള പാത

മറയൂർ ശർക്കരയുടെ ഉൽപ്പാദന പ്രതിസന്ധികൾക്ക് ശാശ്വത പരിഹാരമാണ് ഈ നൂതന കൃഷി രീതി. ഈ മാതൃക മുഴുവൻ കർഷകരിലേക്കും എത്തിക്കുന്നതിനായി അഞ്ചുനാട് കരിമ്പ് ഉൽപ്പാദന വിതരണ സംഘവുമായി ചേർന്ന് വിപുലമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. വിവിധ സർക്കാർ വകുപ്പുകളുടെ സജീവമായ ഇടപെടലുകളും പ്രത്യേക സാമ്പത്തിക സഹായ പദ്ധതികളും ഉണ്ടായാൽ മാത്രമേ ഈ കൃഷി രീതി പൂർണ്ണമായും വ്യാപിപ്പിക്കാനും കരിമ്പ് കർഷകരുടെ സമഗ്ര പുരോഗതി ഉറപ്പാക്കാനും സാധിക്കുകയുള്ളൂ

# മിഷൻ നേട്ടങ്ങളുടെ പ്രവർത്തന വഴികൾ

കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ ഇടുക്കിയുടെ പാരിസ്ഥിതിക മേഖലയിൽ ഹരിതകേരളം മിഷൻ കൈവരിച്ച നേട്ടങ്ങൾക്ക് നിദാനമായ വിവിധ ക്യാമ്പയിനുകളെയും അവയുടെ പ്രവർത്തന രീതികളെയുമാണ് ഈ അധ്യായത്തിൽ വിശദീകരിക്കുന്നത്. ജലസംരക്ഷണം, മാലിന്യ സംസ്കരണം, കൃഷി, പരിസ്ഥിതി പുനഃസ്ഥാപനം എന്നീ മേഖലകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കിയ വിവിധ കർമ്മപദ്ധതികളെ ഇവിടെ പരിചയപ്പെടുത്തുന്നു.

വിജയകരമായി പൂർത്തിയാക്കിയ പ്രവർത്തനങ്ങൾക്കൊപ്പം തന്നെ, വിഭാവനം ചെയ്ത ലക്ഷ്യത്തിൽ എത്തിച്ചേരാൻ കഴിയാത്ത ക്യാമ്പയിനുകളെയും അവ നേരിട്ട പ്രായോഗിക തടസ്സങ്ങളെയും ഈ അദ്ധ്യായം ഗൗരവമായി പ്രതിപാദിക്കുന്നുണ്ട്.

### മാലിന്യ സംസ്ക്കരണം

ജില്ലയിലെ മാലിന്യ സംസ്കരണ ശീലത്തെ പ്രോത്സാഹിപ്പിക്കുന്നതിനും മാലിന്യ പരിപാലന സംസ്കാരം പൊതു സമൂഹത്തിന് ബോധ്യപ്പെടുത്തുന്നതിനും വിവിധങ്ങളായ മാലിന്യ സംസ്കരണ ക്യാമ്പയിനുകളാണ് നാളിതുവരെ പ്രവർത്തിപ്പിച്ച് വിജയിപ്പിച്ചിട്ടുള്ളത്. മാലിന്യത്തിൽ നിന്നും സ്വാതന്ത്യം, ഹരിത ചട്ട പാലനം, ടൂറിസം കേന്ദ്രങ്ങളിൽ നടപ്പാലാക്കിയ ഹരിത ടൂറിസം , പൊതുയിട ശുചീകരണം ഉറപ്പാക്കുന്നതിന് മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിൻ, കുട്ടികളുടെ ഹരിതസഭ തുടങ്ങി മണ്ഡല കാലത്തെ അയ്യപ്പ ഭക്തരുടെ മാലിന്യ സംസ്കരണ ശീലം പ്രോത്സാഹിപ്പിക്കുന്നത് വരെ ഹരിത കേരളം മിഷൻ സർവ്വതല സ്പർശിയായ ക്യാമ്പയിനുകൾ സംഘടിപ്പിച്ച് വിജയിപ്പിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഓരോ ഘട്ടത്തിനും അനുസൃതമായ ക്യാമ്പയിനുകളും പ്രവർത്തനങ്ങളും ആസൂത്രണം ചെയ്തു നടപ്പിലാക്കി. ഓരോ പ്രവർത്തനങ്ങളും മുൻപത്തേതിന്റെ തുടർച്ചയായിട്ടാണ് നടപ്പിലാക്കിയത്. ഇത് പ്രവർത്തനങ്ങളിൽ ദിശാബോധവും സ്ഥിരതയും ഉറപ്പാക്കാൻ സഹായിച്ചു. ഇത്തരത്തിൽ മാലിന്യ സംസ്കരണ രംഗത്ത് ജില്ലയിൽ വന്ന മാറ്റങ്ങൾക്ക് കാരണമായ പ്രവർത്തനങ്ങളുടെ വലിയ നിര തന്നെ ഇവിടെ പരിചയപ്പെടാം.

## മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം (2017)

കേരളത്തിന്റെ മാലിന്യപ്രശ്നങ്ങൾക്ക് സുസ്ഥിര പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെ 2017 ഓഗസ്റ്റ് 15-ന് ആരംഭിച്ച 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' എന്ന ക്യാമ്പയിൻ ഇടുക്കി ജില്ലയിൽ വലിയ മാറ്റങ്ങൾക്കാണ് തുടക്കമിട്ടത്. ശാസ്ത്രീയമായ മാലിന്യ സംസ്കരണ രീതികൾ അവലംബിക്കുക, ജൈവ-അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിക്കുക, വീടുകളിലും സ്ഥാപനങ്ങളിലും കൃത്യമായ ശേഖരണ സംവിധാനങ്ങൾ ഉറപ്പാക്കുക എന്നിവയായിരുന്നു ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ്, ശുചിത്വ മിഷൻ, ജില്ലാ ഭരണകൂടം എന്നിവയുടെ സംയുക്ത നേതൃത്വത്തിലാണ് ഇതിനായുള്ള കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തത്. ഇതിന്റെ ഭാഗമായി നടത്തിയ ഗൃഹതല സർവേകൾ, ജില്ലാതല പരിശീലനങ്ങൾ, വകുപ്പ് മേധാവികൾക്കായുള്ള ശില്പശാലകൾ എന്നിവ വഴി താഴെത്തട്ടിൽ വരെ ശക്തമായ ബോധവൽക്കരണം ഉറപ്പാക്കാൻ സാധിച്ചു.

മാലിന്യ പരിപാലനത്തിനായുള്ള ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 20 മെറ്റീരിയൽ റിക്കവറി ഫെസിലിറ്റികൾ (MRF), രണ്ട് എയ്റോബിക് ബിൻ കമ്പോസ്റ്റിംഗ് യൂണിറ്റുകൾ, പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീനുകൾ എന്നിവ അതീവ പ്രാധാന്യത്തോടെ സ്ഥാപിക്കാൻ ക്യാമ്പയിൻ വഴി തീരുമാനമെടുത്തു. കൂടാതെ, സംസ്കരണ പ്ലാന്റുകൾക്കായി സ്ഥലം കണ്ടെത്തുന്നതിനും നടപടികൾ സ്വീകരിച്ചു. 2017-ൽ പുറത്തിറക്കിയ സർക്കാർ മാർഗ്ഗരേഖ പ്രകാരം ഹരിതകർമ്മസേന രൂപീകരിച്ചത് ജില്ലയിലെ ശുചിത്വ പ്രവർത്തനങ്ങളിൽ വിപ്ലവകരമായ മാറ്റമാണ് ഉണ്ടാക്കിയത്. തദ്ദേശ സ്വയംഭരണ തലത്തിൽ ക്ലസ്റ്ററുകൾ രൂപീകരിച്ച് വാർഡ് അടിസ്ഥാനത്തിൽ നടത്തിയ ഇടപെടലുകൾ, മാലിന്യങ്ങൾ കലർത്തി നിക്ഷേപിക്കുന്നതിലൂടെയുണ്ടാകുന്ന പാരിസ്ഥിതിക വിപത്തുകളെക്കുറിച്ച് പൊതുജനങ്ങളെ ബോധവാന്മാരാക്കി.

പീരുമേട്, ഏലപ്പാറ, ദേവികുളം, മൂന്നാർ, കുമളി തുടങ്ങി വിവിധ പ്രദേശങ്ങളിൽ സംഘടിപ്പിച്ച നൂറിലധികം ബോധവൽക്കരണ പരിപാടികളും മെഗാ ശുചീകരണ യജ്ഞങ്ങളും ഹരിതകർമ്മസേനയുടെ അടിത്തറ ശക്തിപ്പെടുത്തി. ജില്ലയിലെ 54 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 51 ഇടത്തും സേനകൾ നിലവിൽ വരികയും ജില്ലയിൽ ഒട്ടാകെ ആകെ 1,707 അംഗങ്ങളെ ഈ പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുക്കുകയും ചെയ്തു. ഇടമലക്കുടി ഒഴികെയുള്ള പഞ്ചായത്തുകളിൽ സൊസൈറ്റികളുടെ നേതൃത്വത്തിൽ മാലിന്യ ശേഖരണം ആരംഭിച്ചു. ആദ്യഘട്ടത്തിൽ പത്ത് തദ്ദേശ സ്ഥാപനങ്ങളിൽ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ പൂർണ്ണമായി സജ്ജമായി. സർക്കാർ മാനദണ്ഡപ്രകാരം ശാസ്ത്രീയ മാലിന്യസംസ്കരണ മേഖലയിൽ വൈദഗ്ധ്യമുള്ള ഹരിത സഹായ സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ നിയോഗിച്ചത് ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ കൂടുതൽ ശാസ്ത്രീയവും കാര്യക്ഷമവുമാക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ചു.

## ഗ്രീൻ പ്രോട്ടോക്കോൾ (2017 )

മാലിന്യമുക്തമായ ഒരു സംസ്കാരം വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി 2017-ലാണ് ജില്ലയിൽ ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടത്. 2018 ജൂൺ 5 മുതൽ ജില്ലയിലെ എല്ലാ സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ നിർബന്ധമാക്കിക്കൊണ്ട് ജില്ലാ കളക്ടർ ഉത്തരവിറക്കി. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുക, അജൈവ മാലിന്യങ്ങൾ തരംതിരിച്ച് പുനചംക്രമണത്തിനായി കൈമാറുക, ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾ പൂർണ്ണമായും ഒഴിവാക്കുക എന്നിവയായിരുന്നു ഇതിന്റെ പ്രധാന ലക്ഷ്യങ്ങൾ. പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനായി ഓരോ ഓഫീസിലും നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തുകയും പ്രത്യേക മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ചെയ്തു. ഇതിന്റെ മാതൃകാപരമായ തുടക്കമെന്ന നിലയിൽ ജില്ലാ ആസ്ഥാനത്തെ സർക്കാർ ഓഫീസുകൾ കേന്ദ്രീകരിച്ച് വിപുലമായ ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.




പൊതുസ്ഥാപനങ്ങൾക്ക് പുറമെ വിദ്യാലയങ്ങൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ, പൊതുവിടങ്ങൾ എന്നിവിടങ്ങളിലേക്കും ഗ്രീൻ പ്രോട്ടോക്കോൾ പാലനം വ്യാപിപ്പിച്ചു. തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ശുചിത്വ മിഷന്റെയും നേതൃത്വത്തിൽ നടന്ന ബോധവൽക്കരണ പരിപാടികൾ ജനങ്ങളിൽ പുതിയൊരു മാലിന്യസംസ്കരണ ശീലം വളർത്തിയെടുത്തു. ജില്ലയിലെ വിദ്യാലയങ്ങളും കലാലയങ്ങളും ഗ്രീൻ പ്രോട്ടോക്കോളിലേക്ക് മാറിയത് ഈ ക്യാമ്പയിന്റെ ശ്രദ്ധേയമായ നേട്ടമാണ്. പ്ലാസ്റ്റിക് കുപ്പികൾക്കും പാത്രങ്ങൾക്കും പകരം സ്റ്റീൽ ഫ്ലാസ്കുകളും പാത്രങ്ങളും ശീലമാക്കാൻ വിദ്യാർത്ഥികളെയും അധ്യാപകരെയും പ്രേരിപ്പിച്ചത് വിപ്ലവകരമായ മാറ്റത്തിന് വഴിവെച്ചു. സാമൂഹികാഘോഷങ്ങളിലും ചടങ്ങുകളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കിയത് വലിയ ജനകീയ ശ്രദ്ധ പിടിച്ചുപറ്റി. ആരാധനാലയങ്ങളിലെ ഉത്സവങ്ങൾ, പെരുന്നാളുകൾ എന്നിവ പരിസ്ഥിതി സൗഹൃദമായി സംഘടിപ്പിക്കപ്പെട്ടു. വിവാഹച്ചടങ്ങുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നത് പ്രോത്സാഹിപ്പിച്ചതിലൂടെ 'ഹരിത കല്യാണം' എന്ന ആശയത്തിന് ജില്ലയിൽ വലിയ സ്വീകാര്യത ലഭിച്ചു. ഇത് ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കളുടെ അളവ് ഗണ്യമായി കുറയ്ക്കാൻ സഹായിച്ചു. കുടുംബശ്രീ അയൽക്കൂട്ടങ്ങൾ തങ്ങളുടെ യോഗങ്ങളിലും ചടങ്ങുകളിലും പുനരുപയോഗിക്കാൻ കഴിയുന്ന വസ്തുക്കൾ മാത്രം ഉപയോഗിച്ചുകൊണ്ട് ഈ ക്യാമ്പയിന്റെ ഭാഗമായി. നൂറിലധികം പൊതുസ്ഥാപനങ്ങൾ പ്രാഥമിക ഘട്ടത്തിൽ തന്നെ ഗ്രീൻ പ്രോട്ടോക്കോളിലേക്ക് മാറിയത് ജില്ലയുടെ മാലിന്യ സംസ്കരണ ചരിത്രത്തിലെ പുതിയൊരു നാഴികക്കല്ലാണ്.

## ഹരിത തിരഞ്ഞെടുപ്പ് (2017)

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജില്ലയിൽ നടന്ന ലോക്സഭ, നിയമസഭാ, തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പുകൾ ഗ്രീൻ പ്രോട്ടോക്കോൾ പൂർണ്ണമായും പാലിച്ചുകൊണ്ട് 'ഹരിത തിരഞ്ഞെടുപ്പ്' എന്ന മാതൃകയിലാണ് സംഘടിപ്പിച്ചത്. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഭാഗമായി ഉണ്ടാകാൻ സാധ്യതയുള്ള പ്ലാസ്റ്റിക്, തെർമോക്കോൾ മാലിന്യങ്ങൾ നിയന്ത്രിക്കുക എന്നതായിരുന്നു ഈ ദൗത്യത്തിന്റെ പ്രധാന ലക്ഷ്യം. സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾക്കനുസൃതമായി പ്രചാരണ ബോർഡുകൾ, കൊടിതോരണങ്ങൾ




എന്നിവ നിർമ്മിക്കുന്നതിനും ഉപയോഗിക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. രാഷ്ട്രീയ കക്ഷികളുടെ ഭവന സന്ദർശന വേളകളിലും പര്യടനങ്ങളിലും പ്ലാസ്റ്റിക് കുപ്പികൾക്ക് പകരം സ്റ്റീൽ കുപ്പികൾ ഉപയോഗിക്കണമെന്ന് നിർദ്ദേശം നൽകി. തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും രാഷ്ട്രീയ പാർട്ടികൾക്കും കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനായി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പ്രത്യേക കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തു. തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പ് വേളയിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലനം സംബന്ധിച്ച കൈപ്പുസ്തകങ്ങൾ വിതരണം ചെയ്തത് പ്രവർത്തനങ്ങൾക്ക് കൂടുതൽ വ്യക്തത നൽകി. പോളിംഗ് സ്റ്റേഷനുകളിലും വിതരണ-സ്വീകരണ കേന്ദ്രങ്ങളിലും പ്ലാസ്റ്റിക്/ പേപ്പർ ഡിസ്പോസിബിൾ വസ്തുക്കൾക്ക് പകരം സ്റ്റീൽ പ്ലേറ്റുകൾ, ചില്ല് ഗ്ലാസുകൾ എന്നിവയുടെ ഉപയോഗം ഉറപ്പാക്കി.

ജില്ലാ സിവിൽ സ്റ്റേഷൻ പരിസരത്ത് പ്രകൃതിസൗഹൃദ വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിച്ച മാതൃകാ ഹരിത ബൂത്ത് ഏറെ ശ്രദ്ധേയമായിരുന്നു. എല്ലാ എ.ആർ.ഒമാരുടെ പരിധിയിലും തിരഞ്ഞെടുത്ത രണ്ട് മാതൃകാ പോളിംഗ് ബൂത്തുകളിലും, വിതരണ-സ്വീകരണ കേന്ദ്രങ്ങളിലും തുണി ബാനറുകളും ചണച്ചാക്ക് ബോർഡുകളും പ്രദർശിപ്പിച്ചു. കൂടാതെ, തൊഴിലുറപ്പ് പദ്ധതിയുടെ (MGNREGS) സഹായത്തോടെ മാതൃകാ ബൂത്തുകളിൽ സ്ഥാപിക്കാനുള്ള സൂചനാ ബോർഡുകളും ചവറ്റുകുട്ടകളും ഓല ഉപയോഗിച്ച് നിർമ്മിച്ചു. ഹരിത സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനായി സജ്ജീകരിച്ച 'ഹരിത രഥം', എൻ.എസ്. എസ് (NSS) യൂണിറ്റുകളുടെ സഹായത്തോടെ സംഘടിപ്പിച്ച ഫ്ലാഷ് മോബ്, തെരുവ് നാടകം എന്നിവ തിരഞ്ഞെടുപ്പ് പ്രക്രിയയിൽ ഗ്രീൻ പ്രോട്ടോക്കോളിന്റെ പ്രാധാന്യം ജനങ്ങളിലെത്തിക്കാൻ സഹായിച്ചു.

### ശുചിത്വ കേരളം- ജനകീയ ക്യാമ്പയിന് (2018 )

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കി വരുന്ന ശുചിത്വ-മാലിന്യ സംസ്കരണ സംവിധാനങ്ങൾ സമഗ്രവും സുസ്ഥിരവുമാക്കുന്നതിന് ഹരിതകേരളം മിഷൻ ജില്ലയിൽ നിരവധി പിന്തുണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി മറ്റ് തദ്ദേശസ്ഥാപനങ്ങൾക്ക്



വഴികാട്ടിയാകുന്ന നിലയിൽ മാലിന്യപരിപാലന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനായാണ് 'ബീക്കൺ പഞ്ചായത്തുകളെ' തിരഞ്ഞെടുത്തത്.

**ഒന്നാം ഘട്ടം**

ആദ്യഘട്ടമെന്ന നിലയിൽ ജില്ലയിലെ 9 തദ്ദേശഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തു (കുമളി, അടിമാലി, പുറപ്പുഴ, കോടിക്കുളം, കരിമണ്ണൂർ, ആലക്കോട്, വെള്ളിയാമറ്റം, മണക്കാട്, വെള്ളത്തൂവൽ). സമഗ്ര മാലിന്യസംസ്കരണ-പരിപാലന പ്രവർത്തനങ്ങൾ സമയബന്ധിതമായി സംഘടിപ്പിക്കുന്നതിനും പൂർത്തിയാക്കുന്നതിനുമായി തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ വിശദമായ പ്രവർത്തന കലണ്ടർ തയ്യാറാക്കി.

തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ വിശദമായ പ്രവർത്തന കലണ്ടർ തയ്യാറാക്കി ഹരിതകർമ്മ സേനയുടെ ചിട്ടയായ പ്രവർത്തനം, വീടുകളിൽ നിന്നുള്ള പാഴ്വസ്തു ശേഖരണം, എം.സി.എഫ് (MCF) - ആർ.ആർ.എഫ് (RRF) ലിങ്കേജ്, ഹരിത നിയമം നടപ്പാക്കൽ, ഗ്രീൻ പ്രോട്ടോകോൾ പാലനം എന്നീ പ്രവർത്തനങ്ങൾ ഏറ്റവും മികച്ച നിലയിൽ ഏകോപിപ്പിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 2020 ജനുവരി 31-ന് ഈ പഞ്ചായത്തുകളെ ബീക്കൺ പഞ്ചായത്തുകളായി പ്രഖ്യാപിച്ചു.

**രണ്ടാം ഘട്ടം**

തുടർപ്രവർത്തനമെന്ന നിലയിൽ ബീക്കൺ പഞ്ചായത്തുകളുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ ജില്ലയിൽ ആരംഭിച്ചു. ആദ്യഘട്ടത്തിൽ ബീക്കൺ പഞ്ചായത്തുകളായി തിരഞ്ഞെടുത്ത സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിക്കൊണ്ടാണ് രണ്ടാം ഘട്ടം നടപ്പിലാക്കിയത്. ഇതിനായി ജില്ലയിലെ 14 തദ്ദേശസ്ഥാപനങ്ങളെ കൂടി തിരഞ്ഞെടുത്തു. (വണ്ണപ്പുറം, ഉടുമ്പന്നൂർ, കുടയത്തൂർ, കുമാരമംഗലം, മരിയാപുരം, ചക്കുപള്ളം, നെടുങ്കണ്ടം, രാജാക്കാട്, പമ്പാടുംപാറ, ശാന്തൻപാറ, കട്ടപ്പന, ഏലപ്പാറ, പെരുവന്താനം, അയ്യപ്പൻകോവിൽ). ആദ്യഘട്ടത്തിലെ പ്രവർത്തനാനുഭവങ്ങൾ വിലയിരുത്തിക്കൊണ്ട് നടത്തിയ ചിട്ടയായ പ്രവർത്തനങ്ങൾക്കൊടുവിൽ 2020 മാർച്ച് 31-ന് ഈ 14 സ്ഥാപനങ്ങളെയും ബീക്കൺ പഞ്ചായത്തുകളായി പ്രഖ്യാപിച്ചു..

## ഹരിതോത്സവം (2018)

കുട്ടികൾക്ക് പഠനത്തിന്റെ ഭാഗമായി ഒരുക്കുന്ന വൈവിധ്യമാർന്ന പഠനാനുഭവങ്ങളിലൂടെയും സാഹചര്യങ്ങളിലൂടെയും അവരിൽ പാരിസ്ഥിതിക അവബോധം വളർത്തുക എന്നതായിരുന്നു

2018-ൽ സംഘടിപ്പിച്ച 'ഹരിതോത്സവം' ക്യാമ്പയിന്റെ പ്രധാന ലക്ഷ്യം. പ്രകൃതിയെ അടുത്തറിയുവാനും അതിനെ സംരക്ഷിക്കുവാനുമുള്ള പോസിറ്റീവായ മനോഭാവം വിദ്യാർത്ഥികളിൽ വികസിപ്പിക്കുക എന്നതായിരുന്നു ഈ സമീപനത്തിലൂടെ ഉദ്ദേശിച്ചത്. 'ഹരിത വിദ്യാഭ്യാസം' എന്ന സങ്കൽപ്പത്തെക്കുറിച്ച് വ്യക്തമായ ധാരണ ഉണ്ടാക്കിയെടുക്കുന്നതിനും പാരിസ്ഥിതിക ബോധമുള്ള ഒരു തലമുറയെ സൃഷ്ടിക്കുന്നതിന്റെ പ്രാധാന്യം തിരിച്ചറിയുന്നതിനുമായി ജില്ലയിലെ മുഴുവൻ അധ്യാപകർക്കും പ്രത്യേക പരിശീലനം നൽകി.

പഠനനേട്ടങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട് ജില്ലയിലെ എല്ലാ സ്കൂളുകളിലും ഹരിതോത്സവ പ്രവർത്തനങ്ങൾ വിജയകരമായി നടപ്പിലാക്കി. ലോക പരിസ്ഥിതി ദിനമായ ജൂൺ 5-ന് വനംവകുപ്പിന്റെ സോഷ്യൽ ഫോറസ്റ്ററി വിഭാഗം ഉൽപ്പാദിപ്പിച്ച വൃക്ഷത്തൈകൾ ജില്ലയിലെ എല്ലാ സ്കൂളുകളിലും എത്തിച്ചു നൽകി. ഇതിനോടൊപ്പം തന്നെ ഹരിതോത്സവ പ്രവർത്തനങ്ങൾക്ക് വഴികാട്ടിയാകുന്ന പ്രത്യേക കൈപുസ്തകവും കൃഷിവകുപ്പ് സജ്ജമാക്കിയ വിത്തുകളും വിതരണം ചെയ്തു. ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഈ പ്രവർത്തനങ്ങളിൽ സജീവമായി പങ്കുചേരുകയും, സ്കൂൾ പരിസരം പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിനും മരങ്ങളും പച്ചക്കറിത്തോട്ടങ്ങളും വെച്ചുപിടിപ്പിക്കുന്നതിനും കുട്ടികൾക്ക് വലിയ രീതിയിലുള്ള പ്രോത്സാഹനം നൽകുകയും ചെയ്തു.

ജൈവ വൈവിധ്യത്തെക്കുറിച്ചും നിലവിലുള്ള മാലിന്യ സംസ്കരണ ഉപാധികളെക്കുറിച്ചും കുട്ടികൾക്ക് അറിവ് പകരുന്നതിനായി പ്രത്യേക പ്രദർശനങ്ങൾ സംഘടിപ്പിച്ചു. സെമിനാറുകൾ, ബോധവൽക്കരണ ക്ലാസുകൾ, പരിസ്ഥിതി ക്വിസ് എന്നിവ ജില്ലയിലെ പ്രധാന ആകർഷണങ്ങളായി മാറി. പഠനത്തോടൊപ്പം തന്നെ മാലിന്യ സംസ്കരണ ശീലങ്ങൾ കുട്ടികളിൽ വളർത്തുന്നതിനും പ്ലാസ്റ്റിക്കിന് പകരമുള്ള ബദൽ ഉൽപ്പന്നങ്ങളുടെ സാധ്യതകൾ പരിചയപ്പെടുത്തുന്നതിനും പ്രത്യേക ശ്രദ്ധ നൽകി. ഇതിന്റെ ഭാഗമായി പ്ലാസ്റ്റിക് ക്യാരി ബാഗുകൾ ഒഴിവാക്കി തുണിസഞ്ചികൾ നിർമ്മിക്കുന്ന രീതി കുട്ടികൾക്ക് പകർന്നു നൽകി. കുമളി ബഡ്സ് സ്കൂളിലെ കുട്ടികൾ നടത്തിയ പേപ്പർ പേന നിർമ്മാണവും, തൊടുപുഴയിലെ സ്കൂൾ കുട്ടികൾ നടത്തിയ തുണിസഞ്ചി നിർമ്മാണവും ഈ ക്യാമ്പയിന്റെ മാതൃകാപരമായ നേട്ടങ്ങളാണ്.

### സ്വാപ് ഷോപ്പ് (2019)

ഉപയോഗശൂന്യമെന്ന് കരുതി വലിച്ചെറിയുന്ന, എന്നാൽ പുനഃരുപയോഗിക്കാൻ സാധിക്കുന്ന വസ്തുക്കളുടെ കൈമാറ്റം ഉറപ്പാക്കുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയാണ് 'സ്വാപ് ഷോപ്പ്'. ഹരിതകർമ്മ സേനയുടെ പ്രവർത്തനം സുസ്ഥിരമാക്കുന്നതിന്റെ ഭാഗമായി ജില്ലയിൽ കുമളി



ഗ്രാമപഞ്ചായത്താണ് ഈ വേറിട്ട ആശയത്തിന് തുടക്കമിട്ടത്. 2019 ഓഗസ്റ്റിൽ കുമളി പഞ്ചായത്ത് ബസ് സ്റ്റാൻഡ് കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച ഈ ഷോപ്പിനായി ഫർണിച്ചറുകളും മറ്റും വാങ്ങുന്നതിന് 35,000 രൂപ ഗ്രാമപഞ്ചായത്ത് വകയിരുത്തി.

ഹരിതകർമ്മ സേനാംഗങ്ങളുടെ കൃത്യമായ ഏകോപനത്തിലൂടെയാണ് ഇതിന്റെ പ്രവർത്തനം നടക്കുന്നത്. 20 അംഗങ്ങളുള്ള സേനയെ അഞ്ചുപേർ വീതമുള്ള നാല് ഗ്രൂപ്പുകളായി തിരിച്ചാണ് ഷോപ്പിന്റെ നടത്തിപ്പ് ചുമതല നൽകിയിരിക്കുന്നത്. ഓരോ ഗ്രൂപ്പിനും ഒരു മാസം വീതം ഷോപ്പിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കാം. മാസാവസാനം കൃത്യമായ കണക്കുകൾ സഹിതം ഷോപ്പിന്റെ നടത്തിപ്പ് അടുത്ത ഗ്രൂപ്പിന് കൈമാറുന്ന രീതിയാണ് ഇവിടെ പിന്തുടരുന്നത്.

സെക്കൻഡ് ഹാൻഡ് ഉൽപ്പന്നങ്ങളുടെ ഒരു ഔട്ട്ലെറ്റ് എന്ന നിലയിലാണ് സ്വാപ് ഷോപ്പ് പ്രവർത്തിക്കുന്നത്. വീടുകളിൽ നിന്ന് ലഭിക്കുന്ന ഉപയോഗയോഗ്യമായ വസ്തുങ്ങൾ, മറ്റ് ഉപകരണങ്ങൾ എന്നിവ ശേഖരിച്ച് വിൽപനയ്ക്ക് വയ്ക്കുന്നു. ഇതിൽ നിന്നും ലഭിക്കുന്ന വരുമാനം പൊതുഫണ്ടിലേക്ക് നിക്ഷേപിക്കുകയും പിന്നീട് അംഗങ്ങൾക്കിടയിൽ വീതിച്ചെടുക്കുകയും ചെയ്യുന്നു. കുമളിയെ കൂടാതെ തൊടുപുഴ, നെടുങ്കണ്ടം തുടങ്ങിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സ്വാപ് ഷോപ്പ് എന്ന ആശയം വിജയകരമായി നടപ്പിലാക്കി. വസ്തുക്കളുടെ പുനരുപയോഗ സാധ്യതകളെക്കുറിച്ച് ജനങ്ങളിൽ വലിയ രീതിയിലുള്ള അവബോധം സൃഷ്ടിക്കാൻ ഈ പദ്ധതിയിലൂടെ സാധിച്ചു.

## പ്രളയാനന്തര തീവ്ര ശുചീകരണ പരിപാടി (2019)

2019-ലെ പ്രളയം ഇടുക്കി ജില്ലയുടെ ജനജീവിതത്തെ സാരമായി ബാധിക്കുകയും ഹൈറേഞ്ച് മേഖല പൂർണ്ണമായും ഒറ്റപ്പെട്ട അവസ്ഥയിലാവുകയും ചെയ്തു. പ്രളയക്കെടുതിയിൽ തളർന്നുപോയ ജനതയെ സാധാരണ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരാനുള്ള സർക്കാരിന്റെ മഹാപ്രയത്നത്തിൽ ജില്ലാ ഭരണകൂടത്തോടും സന്നദ്ധപ്രവർത്തകരോടുമൊപ്പം ചേർന്ന് സജീവമായ പങ്കുവഹിക്കാൻ ജില്ലാ ഹരിതകേരളം മിഷന് സാധിച്ചു.





പ്രളയാനന്തര ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ഹരിതകേരളം മിഷന്റെ നിർദ്ദേശാനുസരണം വണ്ടിപ്പെരിയാർ, ഉപ്പുതറ, വാഴത്തോപ്പ്, അയ്യപ്പൻകോവിൽ, മൂന്നാർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ താൽക്കാലികമായി റിസോഴ്സ് പേഴ്സൺമാരെ (RP) നിയോഗിച്ചു. വെള്ളം കയറി താമസയോഗ്യമല്ലാതായ വീടുകൾ ശുചിയാക്കുക, കിണറുകളും കുളങ്ങളും ശുദ്ധീകരിക്കുക തുടങ്ങിയ നിർണ്ണായക പ്രവർത്തനങ്ങൾ ഇവർ ഏറ്റെടുത്തു. ഇത്തരത്തിൽ നിയോഗിക്കപ്പെട്ടവർക്ക് ആവശ്യമായ യാത്രാച്ചെലവും മറ്റ് അനുബന്ധ ചെലവുകളും ഹരിതകേരളം മിഷനാണ് ലഭ്യമാക്കിയത്.

പ്രളയത്തിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിൽ തുടങ്ങി ജില്ലാ കളക്ടറേറ്റും പരിസരവും ശുചീകരിക്കുന്നത് വരെയുള്ള വൈവിധ്യമാർന്ന പ്രവർത്തനങ്ങളിൽ മിഷൻ പങ്കാളികളായി. പ്രളയത്തിൽ ചത്തുവീണ നാൽക്കാലികളെയും മറ്റും ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് ഹരിതകേരളം റിസോഴ്സ് പേഴ്സൺമാർ നേതൃത്വം നൽകി. നെടുങ്കണ്ടം, ഇടുക്കി ബ്ലോക്കുകളുടെ ശുചീകരണ ചുമതലയായിരുന്നു ഹരിതകേരളം മിഷന് പ്രധാനമായും ഉണ്ടായിരുന്നത്. ഈ മേഖലകളിൽ അവിശ്രമം പ്രവർത്തിച്ചുകൊണ്ട് ദുരിതബാധിത പ്രദേശങ്ങളും വീടുകളും പൊതുവഴികളും പൂർണ്ണമായി ശുചീകരിച്ചു.

ജില്ലാതല മെഗാ ക്ലീനിംഗ് പരിപാടിയുടെ ഭാഗമായി നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഏഴ് ഗ്രാമപഞ്ചായത്തുകളിലും വിപുലമായ പ്രവർത്തനങ്ങൾ നടന്നു. അതത് പഞ്ചായത്തുകളുടെ നേതൃത്വത്തിൽ സർക്കാർ-അർദ്ധസർക്കാർ ജീവനക്കാർ, സന്നദ്ധപ്രവർത്തകർ, പൊതുപ്രവർത്തകർ എന്നിവരെ ഏകോപിപ്പിച്ചാണ് ഈ യജ്ഞം സംഘടിപ്പിച്ചത്. പൊതുസ്ഥലങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, വഴിയോരങ്ങൾ, നീർച്ചാലുകൾ എന്നിവിടങ്ങളിൽ അടിഞ്ഞുകൂടിയ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ശേഖരിക്കുകയും കൃത്യമായി സംസ്കരിക്കുകയും ചെയ്തു.

### ദുരന്തമേഖലകളിൽ നൈപുണ്യകർമ്മസേന (2018)

ഉരുൾപൊട്ടലും പ്രളയവും വിതച്ച നാശനഷ്ടങ്ങളിൽ നിന്ന് ജില്ലയെ വീണ്ടെടുക്കുന്നതിനായുള്ള പുനരധിവാസ പ്രവർത്തനങ്ങളിൽ ഹരിതകേരളം മിഷനും തൊഴിൽ വകുപ്പിന് കീഴിലുള്ള വ്യാവസായിക പരിശീലന വിഭാഗവും കൈകോർത്ത് പ്രവർത്തിച്ചു. 2018-ലെ പ്രളയാനന്തര ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ ഐ.ടി.ഐ (ITI) കളിലെ അധ്യാപകരെയും

വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി വ്യാവസായിക പരിശീലന വകുപ്പ് രൂപീകരിച്ച സംവിധാനമാണ് 'നൈപുണ്യ കർമ്മസേന'. പ്രളയത്തിൽ തകരാറിലായ ഗൃഹോപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ തീർക്കുന്നതിലും വീടുകൾ പ്രവർത്തനസജ്ജമാക്കുന്നതിലും ഈ സേന നിർണ്ണായക പങ്ക് വഹിച്ചു.

വൈയർമാൻ, പ്ലംബിംഗ്, ഇലക്ട്രീഷ്യൻ, വെൽഡിംഗ്, കാർപ്പെന്ററി എന്നീ വിഭാഗങ്ങളിലെ ഇൻസ്ട്രക്ടർമാരും ട്രെയിനികളും ദുരന്തബാധിത മേഖലകളിലെ വീടുകൾ നേരിട്ട് സന്ദർശിച്ചാണ് സേവനം ലഭ്യമാക്കിയത്. കട്ടപ്പന ഐ.ടി.ഐ-യിലെ 35 പൂർവ്വ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി നടത്തിയ പ്രവർത്തനങ്ങൾ ഏറെ ശ്രദ്ധിക്കപ്പെട്ടു. പ്രളയത്തിൽ നശിച്ചുപോയ വൈദ്യുതി ലൈനുകൾ, ഗൃഹോപകരണങ്ങൾ എന്നിവയുടെ തകരാറുകൾ പരിഹരിക്കുന്നതിനും പ്ലംബിംഗ് സംബന്ധമായ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനും ഇവർ നേതൃത്വം നൽകി.

വീടുകളിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾ, തകരാറിലായ സ്വിച്ച് ബോർഡുകളും ഡിസ്ട്രിബ്യൂഷൻ ബോർഡുകളും മാറ്റി സ്ഥാപിക്കൽ, ചെളി കയറി പ്രവർത്തനരഹിതമായ പമ്പ് സെറ്റുകൾ ശുചീകരിച്ച് പ്രവർത്തനസജ്ജമാക്കൽ, അത്യാവശ്യമായ കാർപ്പെന്ററി ജോലികൾ എന്നിവയാണ് പ്രധാനമായും ഈ സന്നദ്ധ സേവനത്തിലൂടെ പൂർത്തിയാക്കിയത്. ദുരന്തമുഖത്ത് സാങ്കേതിക നൈപുണ്യം എങ്ങനെ ഫലപ്രദമായി വിനിയോഗിക്കാം എന്നതിന്റെ മികച്ച മാതൃകയായിരുന്നു നൈപുണ്യ കർമ്മസേനയുടെ ഈ ഇടപെടലുകൾ.

### ഹരിത നിയമ സാക്ഷരത ക്യാമ്പയിൻ (2019)

ഹരിതകേരളം മിഷൻ വിഭാവനം ചെയ്ത 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' എന്ന ബൃഹദ് പ്രചാരണ പരിപാടിയുടെ ഭാഗമായാണ് ജില്ലയിൽ ഹരിത നിയമ സാക്ഷരത ക്യാമ്പയിൻ സംഘടിപ്പിച്ചത്. 2019 ഫെബ്രുവരി 2-ന് തുടക്കം കുറിച്ച ഈ ക്യാമ്പയിനിലൂടെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമവശങ്ങളെക്കുറിച്ച് പൊതുസമൂഹത്തിലും ഔദ്യോഗിക തലത്തിലും വിപുലമായ അവബോധം സൃഷ്ടിക്കാൻ സാധിച്ചു.

പദ്ധതിയുടെ ഭാഗമായി 2019 ഫെബ്രുവരി 25-ന് ജില്ലയിലെ തദ്ദേശസ്ഥാപന മേധാവികൾക്കായി ഹരിതകേരളം മിഷനും കിലയും (KILA) സംയുക്തമായി പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിച്ചു. മാലിന്യസംസ്കരണം കർശനമായി നടപ്പിലാക്കുന്നതിനായുള്ള വിവിധ നിയമങ്ങളെക്കുറിച്ചും അവ



പ്രായോഗികമാക്കേണ്ട രീതികളെക്കുറിച്ചും ഈ പരിശീലനത്തിൽ വിശദമാക്കി. അശാസ്ത്രീയമായ മാലിന്യ സംസ്കരണം വഴി ഉണ്ടാകാവുന്ന ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങളെയും അതിലൂടെ നേരിടേണ്ടി വരുന്ന നിയമ നടപടികളെയും കുറിച്ച് തദ്ദേശസ്ഥാപനങ്ങളെയും പൊതുജനങ്ങളെയും ബോധവൽക്കരിക്കുക എന്നതായിരുന്നു ക്യാമ്പയിന്റെ പ്രധാന ലക്ഷ്യം.

മാലിന്യം വലിച്ചെറിയുന്നവർക്കെതിരെയും നിയമം ലംഘിക്കുന്നവർക്കെതിരെയും നിലവിലുള്ള പഞ്ചായത്തീരാജ് നിയമം, പരിസ്ഥിതി സംരക്ഷണ നിയമം, ഇന്ത്യൻ ശിക്ഷാ നിയമം (IPC) എന്നിവ പ്രകാരം സ്വീകരിക്കാവുന്ന കർശനമായ ശിക്ഷാ നടപടികളെക്കുറിച്ച് ക്യാമ്പയിനിലൂടെ പ്രചരണം നടത്തി. നിയമപരമായ അറിവിലൂടെ ശുചിത്വ പൂർണ്ണമായ ഒരു സംസ്കാരം വളർത്തിയെടുക്കാൻ ഈ പദ്ധതി വലിയ പങ്ക് വഹിച്ചു.

### പെൻസിൽ ക്യാമ്പ് (2019)

മാലിന്യങ്ങളെ ശാസ്ത്രീയമായി തരംതിരിക്കേണ്ടതിന്റെ ആവശ്യകത കുട്ടികൾക്ക് ഒരു അനുഭവമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഹരിതകേരളം മിഷൻ ആവിഷ്കരിച്ച വേറിട്ട ക്യാമ്പയിനാണ് 'പെൻസിൽ ക്യാമ്പ്'. പാഴ്വസ്തുക്കൾ എങ്ങനെയാണ് മാലിന്യമായി മാറുന്നതെന്ന ബോധ്യം കുട്ടികളിൽ സൃഷ്ടിക്കാനും, മാലിന്യത്തിന്റെ അളവ് കുറച്ച് പുനരുപയോഗ സാധ്യതകൾ പ്രയോജനപ്പെടുത്താനും ഈ പദ്ധതിയിലൂടെ സാധിച്ചു. മാലിന്യവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങളെക്കുറിച്ചും അവയ്ക്ക് ലഭിക്കാവുന്ന ശിക്ഷകളെക്കുറിച്ചും കുട്ടികളിൽ വ്യക്തമായ ധാരണ വളർത്തുന്നതിനൊപ്പം, ഇത്തരം ലംഘനങ്ങൾക്കെതിരെ പ്രതികരിക്കാനുള്ള ശേഷി അവരിൽ വികസിപ്പിക്കുക എന്നതും ഈ ക്യാമ്പയിന്റെ പ്രധാന ലക്ഷ്യമായിരുന്നു.

ജില്ലയിലുടനീളം കുട്ടികൾക്കായി സംഘടിപ്പിച്ച പ്രത്യേക ക്യാമ്പുകൾ ഈ പരിപാടിയുടെ വിജയത്തിൽ നിർണ്ണായക പങ്കുവഹിച്ചു. നാടൻ പാട്ടുകൾ, രസകരമായ ക്ലാസുകൾ, പാഴ്വസ്തുക്കൾ ഉപയോഗിച്ചുള്ള കരകൗശല വസ്തു നിർമ്മാണം എന്നിവയിലൂടെ മാലിന്യപരിപാലനത്തിന്റെ പാഠങ്ങൾ ആസ്വാദ്യകരമായ രീതിയിൽ കുട്ടികളിലേക്ക് എത്തിക്കാൻ ഈ ക്യാമ്പുകൾ സഹായിച്ചു. മധ്യവേനലവധിക്ക് ശേഷം സ്കൂളിൽ തിരിച്ചെത്തുന്ന കുട്ടികളെ മാലിന്യ പരിപാലന പ്രവർത്തനങ്ങളിൽ നേതൃപരമായ പങ്കുവഹിക്കാൻ പ്രാപ്തരാക്കുക എന്നതായിരുന്നു ഇതിന്റെ ഗുണഫലം.

ജില്ലയിലെ എല്ലാ സ്കൂളുകളിലും 6,7,8 ക്ലാസുകളിലെ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് മൂന്ന് ദിവസങ്ങളിലായാണ് 'പെൻസിൽ' ക്യാമ്പയിൻ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചത്. കുട്ടികളിലൂടെ വീടുകളിലേക്കും സമൂഹത്തിലേക്കും മാലിന്യ സംസ്കരണത്തിന്റെ സന്ദേശം എത്തിക്കാൻ ഈ ക്യാമ്പയിനിലൂടെ സാധിച്ചു.

### സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട് (2019)

മാലിന്യമുക്തമായ പൊതുവിടങ്ങൾ ലക്ഷ്യമിട്ട് 2019-ൽ നടപ്പിലാക്കിയ പ്രധാനപ്പെട്ട പ്രചാരണ പരിപാടിയായിരുന്നു 'സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട്'. ജില്ലയിൽ കട്ടപ്പന മുനിസിപ്പാലിറ്റിയിലെ തിരഞ്ഞെടുത്ത വാർഡുകൾ കേന്ദ്രീകരിച്ചാണ് ഈ പരിപാടിക്ക് തുടക്കം കുറിച്ചത്. കട്ടപ്പന, പള്ളിക്കവല, ഇരുപതേക്കർ, ഐ.ടി.ഐ, വലിയകണ്ടം, കല്ലുക്കുന്ന്, പേഴുംകവല, വെട്ടിക്കുഴിക്കവല, പാറക്കടവ്, പുളിയൻമല എന്നീ വാർഡുകളിലാണ് പരിപാടി വിജയകരമായി സംഘടിപ്പിച്ചത്.

ഹരിതകർമ്മ സേന, വ്യാപാരി വ്യവസായി അസോസിയേഷൻ, വിവിധ സന്നദ്ധ സംഘടനകൾ, സ്കൂളുകൾ എന്നിവരുടെ സജീവമായ സഹകരണത്തോടെയാണ് ഈ പരിപാടി പ്രാവർത്തികമാക്കിയത്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഒരു പ്രത്യേക നോഡൽ ഓഫീസറെയും ടെക്നിക്കൽ കമ്മിറ്റിയെയും ചുമതലപ്പെടുത്തിയിരുന്നു. ഓരോ വാർഡിലുമുള്ള പ്രധാന മാലിന്യ ഉൽപ്പാദന കേന്ദ്രങ്ങളെ (Vulnerable points) മുൻകൂട്ടി അടയാളപ്പെടുത്തുകയും, അവിടെ അടിഞ്ഞുകൂടിയിട്ടുള്ള മാലിന്യങ്ങൾ ജനകീയ പങ്കാളിത്തത്തോടെ പൂർണ്ണമായി നീക്കം ചെയ്യുകയുമാണ് ഈ പരിപാടിയിലൂടെ ചെയ്തത്. മാലിന്യങ്ങൾ നീക്കം ചെയ്ത ഇടങ്ങളിൽ വീണ്ടും മാലിന്യം നിക്ഷേപിക്കാതിരിക്കാൻ ആവശ്യമായ



സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി നടത്തി. പരിപാടിയുടെ വിജയത്തിനായി ഹരിത സഹായ സ്ഥാപനങ്ങളുടെ സേവനം ഉറപ്പുവരുത്തുകയും, പുനരുപയോഗ സാധനങ്ങളുടെ കൈമാറ്റത്തിനായി സ്വാപ്പ് ഷോപ്പുകൾ സംഘടിപ്പിക്കുകയും ചെയ്തു. പൊതുയിടങ്ങളെ മാലിന്യമുക്തമായി നിലനിർത്തുന്നതിൽ വലിയൊരു ജനകീയ മുന്നേറ്റം സൃഷ്ടിക്കാൻ ഈ പരിപാടിയിലൂടെ സാധിച്ചു.

### "അരുത്! വലിച്ചെറിയരുത്, കത്തിക്കരുത്" ക്യാമ്പയിൻ (2019)

മാലിന്യങ്ങൾ പൊതുവിടങ്ങളിൽ വലിച്ചെറിയുന്നതും അശാസ്ത്രീയമായി കത്തിക്കുന്നതും തടയുക എന്ന ലക്ഷ്യത്തോടെ 2019-ൽ ജില്ലയിൽ സംഘടിപ്പിച്ച വിപുലമായ പ്രചാരണ പരിപാടിയാണ് "അരുത്! വലിച്ചെറിയരുത്, കത്തിക്കരുത്". മാലിന്യങ്ങൾ അവയുടെ ഉറവിടത്തിൽ തന്നെ ശാസ്ത്രീയമായി സംസ്കരിക്കണമെന്ന സന്ദേശം പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിനാണ് ഈ ക്യാമ്പയിൻ പ്രാധാന്യം നൽകിയത്. ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ പദ്ധതികളെ ഏകോപിപ്പിച്ചുകൊണ്ടാണ് ഇത് നടപ്പിലാക്കിയത്.

ഹരിത നിയമങ്ങളെക്കുറിച്ച് ജനങ്ങളിൽ കൃത്യമായ അവബോധം സൃഷ്ടിക്കുന്നതിനും ശുചിത്വ സംസ്കാരത്തിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും ഈ ക്യാമ്പയിന് സാധിച്ചു. കില (KILA), ആരോഗ്യവകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയുടെ സാങ്കേതിക സഹായവും ഹരിതകർമ്മസേനയുടെ സജീവമായ പങ്കാളിത്തവും ഈ പ്രവർത്തനങ്ങൾക്ക് കരുത്തേകി. വീടുകളിലും സ്ഥാപനങ്ങളിലും ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ വേർതിരിച്ച് സൂക്ഷിക്കേണ്ടതിന്റെയും, ജൈവമാലിന്യങ്ങൾ കമ്പോസ്റ്റിംഗ്, ബയോഗ്യാസ് തുടങ്ങിയ സംവിധാനങ്ങളിലൂടെ ഉറവിടത്തിൽ തന്നെ സംസ്കരിക്കേണ്ടതിന്റെയും പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്താൻ ഇതിലൂടെ കഴിഞ്ഞു. മാലിന്യ സംസ്കരണത്തിനുള്ള ശരിയായ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവാന്മാരാക്കുന്നതിനൊപ്പം തന്നെ, ഹരിത നിയമങ്ങൾ കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താനും തദ്ദേശ സ്ഥാപനങ്ങൾക്ക് സാധിച്ചു. നിയമലംഘനം നടത്തുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്ന രീതി ജില്ലയിൽ ശക്തമായി നടപ്പിലാക്കാൻ ഈ ക്യാമ്പയിൻ വലിയ പ്രചോദനമായി മാറി.

### ജാഗ്രതോത്സവം (2020)

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ മധ്യവേനൽ അവധിക്കാലത്ത് കുട്ടികൾക്കായി സംഘടിപ്പിച്ച വിപുലമായ ആരോഗ്യ ബോധവൽക്കരണ പരിപാടിയാണ് 'ജാഗ്രതോത്സവം'. കുടുംബശ്രീ, കില (KILA), ആരോഗ്യവകുപ്പ് എന്നിവയുടെ സജീവ പങ്കാളിത്തത്തോടെയാണ് ഈ പദ്ധതി ജില്ലയിൽ നടപ്പിലാക്കിയത്. പേര് സൂചിപ്പിക്കുന്നത് പോലെ തന്നെ, ഓരോ വാർഡ് തലത്തിലും ഉത്സവ സമാനമായ അന്തരീക്ഷത്തിലാണ് പരിപാടികൾ അരങ്ങേറിയത്.

ജില്ലയിലെ കുടുംബശ്രീ സംവിധാനത്തിന് കീഴിലുള്ള 34 സി.ഡി.എസ്സുകൾ (CDS) ഈ ക്യാമ്പയിന്റെ സംഘാടനത്തിൽ മുഖ്യ പങ്കുവഹിച്ചു. ബാലസഭകളിലെ അംഗങ്ങളടക്കം 2,585 കുട്ടികൾക്ക് ജാഗ്രതോത്സവത്തിന്റെ ഭാഗമായി പ്രത്യേക പരിശീലനം നൽകി. മഴക്കാല രോഗങ്ങളെ പ്രതിരോധിക്കാനുള്ള മാർഗ്ഗങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നതിനായി വൈവിധ്യമാർന്ന രീതികളാണ് അവലംബിച്ചത്. കേവലം ക്ലാസുകൾക്ക് പകരം നാടൻ പാട്ടുകൾ, കഥകൾ, ലഘുവിവരണങ്ങൾ എന്നിവയിലൂടെ രസകരമായ രീതിയിൽ ആരോഗ്യ അവബോധം പകർന്നു നൽകാൻ ഈ കൂട്ടായ്മയ്ക്ക് സാധിച്ചു.

വാർഡ് തലങ്ങളിൽ ജാഗ്രതോത്സവം സംഘടിപ്പിക്കുന്നതിന് മുന്നോടിയായി ജില്ലാ-ബ്ലോക്ക് തലങ്ങളിലും പഞ്ചായത്ത് തലങ്ങളിലും കൃത്യമായ പരിശീലന പരിപാടികൾ പൂർത്തിയാക്കിയിരുന്നു. കുട്ടികളിലൂടെ വീടുകളിലേക്കും സമൂഹത്തിലേക്കും രോഗപ്രതിരോധ സന്ദേശങ്ങൾ എത്തിക്കാൻ ഈ ജനകീയ ക്യാമ്പയിനിലൂടെ വലിയ അളവിൽ സാധിച്ചു.

### കളക്ലേഴ്സ് @ സ്കൂൾ ക്യാമ്പയിൻ (2018)

മാലിന്യങ്ങൾ കൃത്യമായി തരംതിരിച്ച് സംസ്കരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് വിദ്യാർത്ഥികളിൽ പുതിയൊരു ശുചിത്വ അവബോധം രൂപപ്പെടുത്തുന്നതിനായി ജില്ലയിൽ സംഘടിപ്പിച്ച ശ്രദ്ധേയമായ പദ്ധതിയാണ് 'കളക്ലേഴ്സ് @ സ്കൂൾ'. വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിതകേരളം മിഷൻ, ഹരിതകർമ്മസേന, പാഴ്വസ്തുക്കൾ വ്യാപാരികൾ എന്നിവരുടെ സംയുക്ത സഹകരണത്തോടെയാണ് ഈ ക്യാമ്പയിൻ നടപ്പിലാക്കിയത്.

ജൈവ-അജൈവ മാലിന്യങ്ങൾ വേർതിരിക്കേണ്ടതിന്റെ അനിവാര്യതയെക്കുറിച്ച് കുട്ടികളിൽ ആഴത്തിലുള്ള ധാരണ ഉണ്ടാക്കാൻ ഈ പരിപാടിക്ക് സാധിച്ചു. മാലിന്യങ്ങൾ ഒന്നായി കലരുന്നത് സമൂഹത്തിലും പ്രകൃതിയിലും ഉണ്ടാക്കിയേക്കാവുന്ന ഗുരുതരമായ പ്രത്യാഘാതങ്ങളെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക എന്നതായിരുന്നു ക്യാമ്പയിന്റെ പ്രധാന ലക്ഷ്യം. കുടുംബശ്രീ, ശുചിത്വ മിഷൻ, ഹരിതകേരളം മിഷൻ, വിദ്യാഭ്യാസ വകുപ്പ് എന്നിവരുടെ പൂർണ്ണമായ പിന്തുണയോടെ സംഘടിപ്പിച്ച ഈ പരിപാടി, ജില്ലയിലെ സ്കൂളുകളിൽ ചിട്ടയായ മാലിന്യ പരിപാലന ശീലങ്ങൾ വളർത്തിയെടുക്കുന്നതിൽ വലിയൊരു ചാലകശക്തിയായി മാറി. സ്കൂൾ കാലഘട്ടത്തിൽ തന്നെ ഇത്തരം ശീലങ്ങൾ കുട്ടികൾക്ക് പകർന്നു നൽകുന്നതിലൂടെ വരുംതലമുറയെ ശുചിത്വ ബോധമുള്ളവരാക്കി മാറ്റാൻ ഈ ക്യാമ്പയിൻ വഴി സാധിച്ചു.

### ശുചിത്വ പദവി (2020)

മാലിന്യമുക്തമായ കേരളം എന്ന ലക്ഷ്യത്തിലേക്കുള്ള നിർണ്ണായകമായ ഒരു ചുവടുവെപ്പായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി ആവിഷ്കരിച്ച പ്രധാന പരിപാടിയാണ് 'ശുചിത്വ പദവി' നിർണയം. സർക്കാർ നിശ്ചയിച്ചിട്ടുള്ള കർശനമായ ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി അവയ്ക്ക് ഔദ്യോഗികമായി ശുചിത്വ പദവി നൽകുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിട്ടത്.

ഇതിന്റെ ഭാഗമായി ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഒരു പ്രത്യേക സമിതി രൂപീകരിച്ചു. ഈ സമിതി നിശ്ചിത ദിവസങ്ങളിലായി തിരഞ്ഞെടുക്കപ്പെട്ട 24 ഗ്രാമപഞ്ചായത്തുകളിലും, 2 നഗരസഭകളിലും, ഒരു ബ്ലോക്ക് പഞ്ചായത്തിലും




നേരിട്ട് സന്ദർശനം നടത്തി. വിവരശേഖരണം, തെളിവെടുപ്പ്, ഓഫീസുകളിലെ രേഖാപരിശോധന എന്നിവയ്ക്ക് പുറമെ വീടുകളും സ്ഥാപനങ്ങളും നേരിട്ട് സന്ദർശിച്ച് ഹരിതകർമ്മസേനയുടെ പ്രവർത്തനം എത്രത്തോളം കാര്യക്ഷമമാണെന്ന് സമിതി വിലയിരുത്തി. സ്ഥാപനങ്ങളിലെ മാലിന്യസംസ്കരണ സൗകര്യങ്ങൾ പരിശോധിച്ചും, അനുബന്ധപ്രദേശങ്ങളിലെ പുഴകളിലും റോഡുകളിലും മാലിന്യക്കൂമ്പാരങ്ങൾ ഇല്ലെന്ന് ഉറപ്പാക്കിയുമാണ് ശുചിത്വ പദവി നിർണയിച്ചത്.

ഹരിതകർമ്മസേന വഴി വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ കൃത്യമായി ശേഖരിക്കുന്നുണ്ടെന്നും ജനങ്ങളെ ബോധവൽക്കരണം നടത്തിയിട്ടുണ്ടെന്നും ഉറപ്പാക്കി. ശുചിത്വ മേഖലയിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ ഇതിലൂടെ സാധിച്ചു.

## ആരോഗ്യ ജാഗ്രത ക്യാമ്പയിൻ - ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യ മുക്ത പരിസരം (2020)

മഴക്കാലത്തോടനുബന്ധിച്ച് പടർന്നുപിടിക്കാൻ സാധ്യതയുള്ള പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച വിപുലമായ പരിപാടിയാണ് 'ആരോഗ്യ ജാഗ്രതാ ക്യാമ്പയിൻ'. "ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യ മുക്ത പരിസരം" എന്ന സന്ദേശമുയർത്തിപ്പിടിച്ച്, വിവിധ സർക്കാർ വകുപ്പുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സമ്പൂർണ്ണ സഹകരണത്തോടെയാണ് ഈ പരിപാടി നടപ്പിലാക്കിയത്. മാലിന്യ സംസ്കരണവും പകർച്ചവ്യാധി പ്രതിരോധവും തദ്ദേശ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണെന്ന ബോധ്യത്തോടെ ജനകീയ പങ്കാളിത്തം ഉറപ്പാക്കാൻ ഈ ക്യാമ്പയിനിലൂടെ സാധിച്ചു.

പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഗാർഹിക തലം, സ്ഥാപന തലം, പൊതു തലം എന്നിങ്ങനെ മൂന്നായി പ്രവർത്തന മേഖലകളെ തരംതിരിച്ചിരുന്നു. വാർഡ് തലത്തിലുള്ള ആരോഗ്യ-ശുചിത്വ-പോഷണ സമിതികളുടെ നേതൃത്വത്തിൽ കൃത്യമായ ആസൂത്രണവും ഏകോപനവും ഉറപ്പാക്കിയാണ് പദ്ധതി മുന്നോട്ട് കൊണ്ടുപോയത്. മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ജില്ലയിൽ ഊർജ്ജിതമാക്കുന്നതിന് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ പ്രത്യേക കോർകമ്മിറ്റി രൂപീകരിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തിയിരുന്നു.



കൊതുക് വളരാൻ സാധ്യതയുള്ള ഇടങ്ങൾ കണ്ടെത്തി നശിപ്പിക്കുക, ഓടകളും കാനകളും ശുചീകരിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്ക് പുറമെ പൊതുജനാരോഗ്യ സംരക്ഷണത്തിനായി കർശനമായ പരിശോധനകളും നടന്നു. വഴിയോര ഭക്ഷണശാലകളിൽ വിൽക്കുന്ന ശീതളപാനീയങ്ങളുടെയും ഭക്ഷണസാധനങ്ങളുടെയും ഗുണനിലവാരം ഉറപ്പുവരുത്താൻ ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിയ ഇടപെടലുകൾ ഈ ക്യാമ്പയിന്റെ ഭാഗമായി ഏറെ ശ്രദ്ധിക്കപ്പെട്ടു. ആരോഗ്യ സുരക്ഷയ്ക്കും പരിസ്ഥിതിക്കും വിരുദ്ധമായി മാലിന്യം വലിച്ചെറിയുന്നവർക്കും കത്തിക്കുന്നവർക്കും എതിരെ കർശനമായ നിയമനടപടികൾ സ്വീകരിച്ചത് ജില്ലയിൽ വലിയ ചർച്ചയാവുകയും ശുചിത്വ ബോധവൽക്കരണത്തിന് കരുത്തേകുകയും ചെയ്തു.

## ഹരിതഗ്രാമമായി നെടിയശാല (2019 )

പുറപ്പുഴ ഗ്രാമപ്പഞ്ചായത്തിലെ മൂന്നാം വാർഡായ നെടിയശാലയെ ഹരിതകേരളം മിഷൻ വിഭാവനം ചെയ്യുന്ന സമ്പൂർണ്ണ 'ഹരിതഗ്രാമം' പദവിയിലേക്ക് ഉയർത്തുന്നതിനായി വിപുലമായ പരിപാടികൾ സംഘടിപ്പിച്ചു. പദ്ധതിയുടെ ഭാഗമായുള്ള ഗൃഹസന്ദർശന-വിവരശേഖരണ പരിപാടിക്ക് ജനപ്രതിനിധികളുടെ സജീവ പങ്കാളിത്തത്തോടെയാണ് തുടക്കം കുറിച്ചത്. എം.എൽ.എ നേരിട്ട് വീടുകളിലെത്തി ഹരിതഗ്രാമം എന്ന ആശയത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങൾക്ക് ബോധ്യപ്പെടുത്തി നൽകിയത് ഈ ക്യാമ്പയിന്റെ പ്രത്യേകതയായിരുന്നു.

വാർഡിലെ മുഴുവൻ വീടുകളിലും ശാസ്ത്രീയമായ ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ അവലംബിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും, മാലിന്യങ്ങൾ തരംതിരിച്ച് സംസ്കരിക്കുന്ന ശീലം വളർത്തുന്നതിനെക്കുറിച്ചും വിപുലമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടന്നു. ഇതിന്റെ ഭാഗമായി ജൈവമാലിന്യ സംസ്കരണത്തിനായി വാർഡിലെ 285 വീടുകളിൽ 'കിച്ചൺ ബിൻ' വിതരണം ചെയ്യുകയും അവയുടെ തുടർച്ചയായ പരിപാലനം ഉറപ്പാക്കുകയും ചെയ്തു. ഇതിലൂടെ ഉല്പാദിപ്പിക്കുന്ന ജൈവവളം പ്രദേശത്തുതന്നെ കൃഷി ആവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിന് വഴിയൊരുക്കി. ഇത്തരത്തിൽ സമ്പൂർണ്ണ മാലിന്യ സംസ്കരണ ചക്രം ഒരു ഗ്രാമത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തി നടപ്പിലാക്കിയത് ജില്ലയിൽ തന്നെ ഏറെ മാതൃകാപരമായ പ്രവർത്തനമായി മാറി.



മാലിന്യ സംസ്കരണത്തോടൊപ്പം കാർഷിക മേഖലയ്ക്കും ഈ പരിപാടിയിൽ വലിയ പ്രാധാന്യം നൽകി. പാൽ, പഴം, പച്ചക്കറി എന്നിവ സ്വന്തം വീട്ടിൽ തന്നെ ഉൽപ്പാദിപ്പിച്ച് സുരക്ഷിത ഭക്ഷണം ഉറപ്പാക്കുന്നതിനോടൊപ്പം, സമ്മിശ്ര കൃഷിയിലൂടെ മികച്ച വരുമാനം കണ്ടെത്താൻ ഗ്രാമീണരെ പ്രാപ്തരാക്കുന്നതിനും ഈ ഹരിതഗ്രാമം പരിപാടിയിലൂടെ സാധിച്ചു.

## ഹരിത ഐ.ടി.ഐ (2019)

കേരളത്തിലെ കലാലയങ്ങളെ ഹരിത സ്ഥാപനങ്ങളാക്കി മാറ്റുന്നതിനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജില്ലയിൽ ആവിഷ്കരിച്ച മാതൃകാപരമായ പരിപാടിയാണ് 'ഹരിത ഐ.ടി.ഐ'. ജില്ലയിൽ കട്ടപ്പന ഗവൺമെന്റ് ഐ.ടി.ഐയിലാണ് ഈ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. ക്യാമ്പസിനെ പരിസ്ഥിതി സൗഹൃദമാക്കുന്നതിനായി ഹരിതകേരളം മിഷൻ ആർ.പി.മാർ, വൈ.പി. മാർ, എൻ.എസ്.എസ് വോളണ്ടിയർമാർ എന്നിവരെ ഉൾപ്പെടുത്തി 68 പേരടങ്ങുന്ന ഒരു 'ഹരിതസേന' രൂപീകരിച്ചു. വിദ്യാർത്ഥി പ്രതിനിധിയെ കൺവീനറായും ഇൻസ്ട്രക്ടറെ കോ-ഓർഡിനേറ്ററായും തിരഞ്ഞെടുത്തതിനൊപ്പം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ മൂന്ന് ഉപസമിതികളും സജ്ജമാക്കി.

പദ്ധതിയുടെ ഒന്നാം ഘട്ടമായി ഹരിതസേനാംഗങ്ങൾക്കായി പ്രത്യേക ശില്പശാല സംഘടിപ്പിച്ചു. ഇതിന്റെ തുടർച്ചയായി കട്ടപ്പന അഗ്രികൾച്ചർ അസിസ്റ്റന്റ് ഡയറക്ടറുടെ മേൽനോട്ടത്തിൽ ക്യാമ്പസിലെ 60 സെന്റ് സ്ഥലത്ത് ജൈവകൃഷി നടത്തുന്നതിനുള്ള കർമ്മപദ്ധതി തയ്യാറാക്കി. പച്ചക്കറി കൃഷി, രണ്ട് മഴമറകൾ, ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ എന്നിവയിലൂടെ ക്യാമ്പസിനെ ഹരിതാഭമാക്കി. ജലസംരക്ഷണത്തിന്റെ ഭാഗമായി നിലവിലുണ്ടായിരുന്ന കുളം നവീകരിക്കുകയും രണ്ട് മഴവെള്ള സംഭരണികൾ സ്ഥാപിക്കുകയും ചെയ്തു.

മാലിന്യ പരിപാലന രംഗത്തും മികച്ച പ്രവർത്തനങ്ങളാണ് നടന്നത്. ക്യാമ്പസ് പൂർണ്ണമായും ശുചീകരിക്കുകയും മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിച്ച് കട്ടപ്പന മുനിസിപ്പാലിറ്റിയുടെ എം.സി.എഫിന് (MCF) കൈമാറുകയും ചെയ്തു. പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയ ഇത്തരം വിജയകരമായ മാതൃകകളിൽ നിന്നുള്ള അനുഭവങ്ങളാണ് പിൽക്കാലത്ത് ഗ്രീൻ പ്രോട്ടോകോൾ പോലുള്ള വിപുലമായ ആശയങ്ങൾ നടപ്പിലാക്കാൻ മിഷന് കരുത്തുപകർന്നത്.



## ഹരിതായനം (2019)

ഹരിതകേരളം മിഷൻ വിഭാവനം ചെയ്യുന്ന മഹത്തായ ലക്ഷ്യങ്ങളും സന്ദേശങ്ങളും നടത്തിയ ഇടപെടലുകളും നേട്ടങ്ങളും പൊതുജനങ്ങളിലേക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളിലേക്കും എത്തിക്കുന്നതിനായി സംഘടിപ്പിച്ച സവിശേഷമായ ഒരു പ്രചാരണ പരിപാടിയാണ് 'ഹരിതായനം'. ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ ആശയവിനിമയം കൂടുതൽ ഫലപ്രദമാക്കാമെന്ന തിരിച്ചറിവിൽ നിന്നാണ് ഈ ക്യാമ്പയിൻ രൂപപ്പെട്ടത്. ഇതിന്റെ ഭാഗമായി സജ്ജീകരിച്ച പ്രചാരണ വാഹനം 2019 ജനുവരി 25 മുതൽ 28 വരെ ജില്ലയിൽ പര്യടനം നടത്തി.

പുതുമയും കൗതുകവും നിറഞ്ഞ അവതരണ ശൈലിയായിരുന്നു ഹരിതായനത്തിന്റെ പ്രത്യേകത. കേരളത്തിലെ 14 ജില്ലകളിലെയും ഹരിതകേരളം മിഷന്റെ മികച്ച പരിസ്ഥിതി പ്രവർത്തനങ്ങളും വിജയഗാഥകളും ഇതിൽ ഉൾപ്പെടുത്തിയിരുന്നു.

ഇടുക്കി ജില്ലയിൽ നിന്നുള്ള മരിയാപുരം പഞ്ചായത്തിന്റെ പെരിയാറിലൂടെയുള്ള പുഴ നടത്തം, അടിമാലിയിലെ ദേവിയാറിനെ വീണ്ടെടുത്ത ദൗത്യം, കോലാനിയിലെ ഹരിത വാർഡ് രൂപീകരണം എന്നിവ ഹരിതായനത്തിൽ പ്രദർശിപ്പിച്ചത് ജില്ലയ്ക്ക് അഭിമാനമായി. പത്തനംതിട്ടയിലെ വരട്ടാറിനെ വീണ്ടെടുത്ത ഐതിഹാസികമായ പ്രവർത്തനവും, ചക്കരക്കല്ല് പോലീസ് സബ് ഇൻസ്പെക്ടർ ബിജുവിന്റെ വേറിട്ട പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളും ജില്ലയിൽ വലിയ ചർച്ചകൾക്ക് വഴിതുറന്നു.

സ്കൂൾ വിദ്യാർത്ഥികളിലാണ് ഹരിതായനം ഏറ്റവും വലിയ സ്വാധീനം ചെലുത്തിയത്. സ്കൂളുകളിലെ പ്രദർശനത്തിന് ശേഷം കുട്ടികൾക്ക് തങ്ങളുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്താനും സംശയങ്ങൾ ദൂരീകരിക്കാനുമായി ജില്ലാ മിഷൻ പ്രത്യേക സംവാദങ്ങൾ സംഘടിപ്പിച്ചിരുന്നു.

പാഠപുസ്തകത്തിനപ്പുറം പ്രായോഗികമായ പാരിസ്ഥിതിക അറിവുകൾ കുട്ടികളിലേക്ക് എത്തിക്കാൻ ഈ ഡിജിറ്റൽ പ്രചാരണ പരിപാടിയിലൂടെ സാധിച്ചു.




## ഹരിതകർമ്മസേനയോടൊപ്പം (2019)

ജില്ലയിലെ ഹരിതകർമ്മസേനകളെ ശക്തിപ്പെടുത്തുന്നതിനും ശാസ്ത്രീയമായ മാലിന്യസംസ്കരണ ശീലങ്ങൾ പൊതുജനങ്ങളെ ഓർമ്മിപ്പിക്കുന്നതിനുമായി സംഘടിപ്പിച്ച ശ്രദ്ധേയമായ ഒരു ജനകീയ പരിപാടിയാണ് 'ഹരിതകർമ്മസേനയോടൊപ്പം ഒരു ദിനം'. ഹരിതകേരളം മിഷൻ വിഭാവനം ചെയ്ത ശാസ്ത്രീയ മാലിന്യപരിപാലന രീതികൾ സമൂഹത്തിന്റെ താഴെത്തട്ടിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ ക്യാമ്പയിൻ ആവിഷ്കരിച്ചത്. ജില്ലയിലെ 36 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ ബൃഹദ് യജ്ഞത്തിൽ പങ്കാളികളായി.

ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, അങ്കണവാടി പ്രവർത്തകർ, ആശാ പ്രവർത്തകർ എന്നിവർ ഹരിതകർമ്മസേനാംഗങ്ങൾക്കൊപ്പം ചേർന്ന് വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വേർതിരിച്ചുള്ള മാലിന്യശേഖരണത്തിൽ നേരിട്ട് പങ്കുചേർന്നു. മാലിന്യസംസ്കരണ പ്രവർത്തനങ്ങളിലും സഹകരണത്തിലും പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളെയും വ്യക്തികളെയും ഈ പ്രക്രിയയുടെ ഭാഗമാക്കുക എന്നതായിരുന്നു ക്യാമ്പയിന്റെ പ്രധാന ഊന്നൽ. ജനപ്രതിനിധികൾ നേരിട്ട് തെരുവിലിറങ്ങി സേനാംഗങ്ങൾക്കൊപ്പം പ്രവർത്തിച്ചത് ഹരിതകർമ്മസേനയുടെ പ്രാധാന്യം സമൂഹത്തിന് ബോധ്യപ്പെടുത്തുന്നതിനും അവരുടെ പ്രവർത്തനശേഷിയും ആത്മവിശ്വാസവും വർദ്ധിപ്പിക്കുന്നതിനും കാരണമായി.

മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്ന ശീലവും അശാസ്ത്രീയമായി കത്തിക്കുന്ന രീതിയും തടയുന്നതിലും മാലിന്യം തരംതിരിച്ച് ഹരിത കർമ്മ സേനയ്ക്ക് കൈമാറുന്നതിലും ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങളിൽ പ്രാദേശിക സഹകരണം ഉറപ്പാക്കുന്നതിലും ഈ ക്യാമ്പയിൻ വലിയ സ്വാധീനം ചെലുത്തി. സാധാരണക്കാരായ ജനങ്ങൾക്കും ഭരണസംവിധാനത്തിനും ഇടയിലുള്ള ഒരു സുപ്രധാന കണ്ണിയാണ് ഹരിതകർമ്മസേന എന്ന് ഉറപ്പിക്കാൻ ഈ വേറിട്ട ഇടപെടലിലൂടെ സാധിച്ചു.



## വഴികാട്ടിയാകാൻ വാഗമൺ: മെഗാ വൺ ടൈം ക്ലീനിംഗ് (2019)

സംസ്ഥാനത്തെ ഹരിത ടൂറിസം പദ്ധതികൾക്ക് ഒരു വഴികാട്ടിയാകുക എന്ന ലക്ഷ്യത്തോടെ വാഗമൺ ടൂറിസം കേന്ദ്രങ്ങളിൽ സംഘടിപ്പിച്ച വിപുലമായ ജനകീയ ശുചീകരണ യജ്ഞമാണ് 'മെഗാ വൺ ടൈം ക്ലീനിംഗ്'. വാഗമണ്ണിന്റെ പ്രകൃതിഭംഗി നിലനിർത്തുന്നതിനും വിനോദസഞ്ചാര മേഖലയെ മാലിന്യമുക്തമാക്കുന്നതിനുമായി സംഘടിപ്പിച്ച ഈ പരിപാടി ജനകീയ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി.

വാഗമൺ പോലീസ് ഗ്രൗണ്ടിൽ കേന്ദ്രീകരിച്ച് 14 ടീമുകളായി തിരിഞ്ഞാണ് വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ശുചീകരണം നടത്തിയത്. വിവിധ സർക്കാർ വകുപ്പുകൾ, സന്നദ്ധ സംഘടനകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് (SPC), എൻ.സി.സി, എൻ.എസ്.എസ്, കുടുംബശ്രീ, ജെ.ആർ.സി, സ്കൗട്ട് ആൻഡ് ഗൈഡ്, വാഗമൺ ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റി, മീനച്ചിൽ നദീതട സംരക്ഷണ സമിതി, വ്യാപാരികൾ, ഹരിത കർമ്മ സേന, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങി 1500-ഓളം പേർ ഈ മഹാശുചീകരണ യജ്ഞത്തിൽ അണിചേർന്നു. സന്നദ്ധപ്രവർത്തകർക്കായി കയ്യുറകൾ ഉൾപ്പെടെയുള്ള എല്ലാ സുരക്ഷാ ക്രമീകരണങ്ങളും സംഘാടകർ ഒരുക്കിയിരുന്നു.

പുള്ളിക്കാനം, ഇടുക്കുപാറ, ചോറ്റുപാറ, തങ്കക്കാനം വെയിറ്റിംഗ് ഷെഡ്, ഓൾഡ് മാർക്കറ്റ്, പാലൊഴുകുംപാറ, തങ്ങളുപാറ, വെടിക്കുഴി, ആത്മഹത്യാ മുനമ്പ്, മൊട്ടക്കുന്ന്, പൈൻകാട് തുടങ്ങിയ വാഗമണ്ണിലെ പ്രധാനപ്പെട്ട എല്ലാ ടൂറിസം കേന്ദ്രങ്ങളും പരിസരപ്രദേശങ്ങളും ശുചീകരണത്തിന് വിധേയമാക്കി. പൈൻവാലിയിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ പൂർണ്ണമായി നീക്കം ചെയ്യുന്നതിൽ പീരുമേട് മോഡൽ റസിഡൻഷ്യൽ സ്കൂൾ, ഏലപ്പാറ ഗവൺമെന്റ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ നിന്നുള്ള 240-ഓളം സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൾ നടത്തിയ സേവനം ക്യാമ്പയിന്റെ വിജയത്തിൽ നിർണ്ണായകമായി.



ഹരിത ടൂറിസം എന്ന ലക്ഷ്യത്തിലേക്കുള്ള വാഗമണ്ണിന്റെ സുപ്രധാനമായ ചുവടുവെപ്പായിരുന്നു ഈ ശുചീകരണ പരിപാടി.

## തെളിനീരൊഴുകും നവകേരളം (2022)

സംസ്ഥാനത്തെ മുഴുവൻ ജലാശയങ്ങളെയും മാലിന്യമുക്തമാക്കുന്നതിനും അവയുടെ സ്വാഭാവിക ഒഴുക്ക് വീണ്ടെടുക്കുന്നതിനുമായി വിഭാവനം ചെയ്ത ബൃഹദ് പദ്ധതിയാണ് 'തെളിനീരൊഴുകും നവകേരളം'. ഈ ക്യാമ്പയിന്റെ ഭാഗമായുള്ള സമ്പൂർണ്ണ ജല ശുചിത്വ യജ്ഞം ഇടുക്കി ജില്ലയിലെ 52 ഗ്രാമപഞ്ചായത്തുകളിലും രണ്ട് നഗരസഭകളിലും അതീവ ഗൗരവത്തോടെയാണ് സംഘടിപ്പിച്ചത്. ലോക ജലദിനത്തിൽ തൊടുപുഴയിൽ വെച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ക്യാമ്പയിൻ ലോഗോ പ്രകാശനം ചെയ്തതോടെയാണ് ഇതിന് ഔദ്യോഗിക തുടക്കമായത്.



പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി വിവിധ തലങ്ങളിൽ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്തു. ജില്ലാതല ഏകോപന സമിതി അംഗങ്ങൾക്ക് ഓൺലൈൻ പരിശീലനവും, കിലയുടെ (KILA) നേതൃത്വത്തിൽ പഞ്ചായത്ത് തല റിസോഴ്സ് പേഴ്സൺമാർക്കും ഹരിതകേരളം മിഷൻ പ്രതിനിധികൾക്കുമായി പ്രത്യേക പരിശീലനവും നൽകി. മലിനീകരിക്കപ്പെട്ട ജലസ്രോതസ്സുകളെയും അവയുടെ ഉറവിടങ്ങളെയും ജി.ഐ.എസ് (GIS) സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഭൂപടത്തിൽ അടയാളപ്പെടുത്തുന്നതിനും ജല ഗുണനിലവാര പരിശോധന ഉറപ്പാക്കുന്നതിനുമായി എഞ്ചിനീയർമാർക്കും ജനപ്രതിനിധികൾക്കുമായി ടി.ഒ.ടി സംഘടിപ്പിച്ചു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ വാർഡ് തലങ്ങളിൽ മലിനീകരിക്കപ്പെട്ട

തോടുകളെയും നീർച്ചാലുകളെയും തിരിച്ചറിഞ്ഞു. ഇതിൽ വലിയ തോതിലുള്ള ശുചീകരണ പ്രവർത്തനങ്ങൾ ആവശ്യമുള്ള ഇടങ്ങളിൽ യന്ത്രസാമഗ്രികൾ ഉപയോഗിച്ചും തദ്ദേശസ്ഥാപനങ്ങളുടെ തനത് ഫണ്ട് വിനിയോഗിച്ചും പ്രവർത്തനങ്ങൾ ഏറ്റെടുത്തു. ജലാശയങ്ങളുടെ പാർശ്വഭിത്തികൾ സംരക്ഷിക്കുന്നതിനായി ഇറിഗേഷൻ വകുപ്പിന്റെ സഹകരണത്തോടെ കല്ലു കയ്യാലകൾ നിർമ്മിക്കുന്ന പദ്ധതിയും ഇതിന്റെ ഭാഗമായി നടപ്പിലാക്കി. കൂടാതെ, കൈത്തോടുകളുടെ സംരക്ഷണത്തിനായി കയർ ഭൂവസ്ത്രം വിരിക്കുന്ന ജോലികൾ ഹരിതകേരളം മിഷന്റെ പ്രത്യേക ഇടപെടലിലൂടെ വിവിധ തദ്ദേശസ്ഥാപനങ്ങളിൽ വിജയകരമായി പൂർത്തിയാക്കി. ജില്ലയിലെ ജലസ്രോതസ്സുകളുടെ വീണ്ടെടുപ്പിൽ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരാൻ ഈ ക്യാമ്പയിനിലൂടെ സാധിച്ചു.

### ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് ആപ്പ് (2022)

അജൈവ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ നൂതനമായ ഡിജിറ്റൽ സാങ്കേതികവിദ്യ സംയോജിപ്പിച്ചുകൊണ്ട് ഹരിതകേരളം മിഷൻ നടപ്പിലാക്കിയ വിപ്ലവകരമായ പദ്ധതിയാണ് 'ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മാനേജ്മെന്റ് സിസ്റ്റം'. ശുചിത്വ മിഷൻ, ഹരിതകേരളം മിഷൻ, കെൽട്രോൺ എന്നിവയുടെ സാങ്കേതിക സഹകരണത്തോടെ തദ്ദേശ സ്വയംഭരണ വകുപ്പാണ് ഈ ആപ്പ് വികസിപ്പിച്ചെടുത്തത്. മാലിന്യ സംസ്കരണ പ്രക്രിയ പൂർണ്ണമായും സുതാര്യവും കാര്യക്ഷമവുമാക്കുക എന്നതായിരുന്നു ഈ ക്യാമ്പയിന്റെ പ്രധാന ലക്ഷ്യം.

ഹരിതകർമ്മസേനയുടെ വീടുവീടാന്തരമുള്ള അജൈവ മാലിന്യ ശേഖരണ പ്രവർത്തനങ്ങൾ തത്സമയം നിരീക്ഷിക്കാൻ ഈ ആപ്പിലൂടെ സാധിക്കുന്നു. ഇതിനായി ഓരോ വീടിനും സ്ഥാപനത്തിനും നൽകിയിട്ടുള്ള സവിശേഷമായ ക്യു.ആർ കോഡ് സ്കാൻ ചെയ്താണ് ശേഖരണ വിവരങ്ങൾ രേഖപ്പെടുത്തുന്നത്. ഓരോ വീട്ടിൽ നിന്നും ഏതൊക്കെ തരത്തിലുള്ള മാലിന്യങ്ങൾ, എപ്പോൾ ശേഖരിച്ചു എന്നതിനെക്കുറിച്ചുള്ള കൃത്യമായ വിവരങ്ങൾ ഇതിലൂടെ ഡിജിറ്റലായി ലഭ്യമാകും.

ശുചിത്വ കേരളം – സുസ്ഥിര കേരളം എന്ന വിശാലമായ കാഴ്ചപ്പാടിന്റെ ഭാഗമായി നടപ്പിലാക്കിയ ഈ ക്യാമ്പയിൻ, പൊതുസ്ഥലങ്ങളിലും സ്ഥാപനങ്ങളിലും മാലിന്യം വലിച്ചെറിയുന്നത് തടയാനും ഉറവിട സംസ്കരണ രീതികൾ പ്രോത്സാഹിപ്പിക്കാനും വലിയ സഹായമായി. പഞ്ചായത്ത്, നഗരസഭാ തലങ്ങളിൽ ശുചിത്വ പരിപാലനം ശാസ്ത്രീയമായി വിലയിരുത്തുന്നതിനും പോരായ്മകൾ പരിഹരിച്ച് മുന്നേറുന്നതിനും ഹരിതമിത്രം ആപ്പ് ഒരു മികച്ച ഡിജിറ്റൽ ചട്ടക്കൂടായി മാറി.

### വൃത്തിയുള്ള കേരളം - വലിച്ചെറിയൽ മുക്ത ക്യാമ്പയിൻ (2023)

മാലിന്യങ്ങൾ പൊതുവിടങ്ങളിൽ വലിച്ചെറിയുന്ന ശീലം പൂർണ്ണമായും ഇല്ലാതാക്കി ശുചിത്വമുള്ള ഒരു സാമൂഹിക അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി ഹരിതകേരളം മിഷന്റേയും തദ്ദേശസ്വയംഭരണ വകുപ്പിന്റേയും നേതൃത്വത്തിൽ ജില്ലയിൽ സംഘടിപ്പിച്ച വിപുലമായ പ്രവർത്തനമാണ് 'വൃത്തിയുള്ള കേരളം - വലിച്ചെറിയൽ മുക്ത ക്യാമ്പയിൻ'. ജനകീയ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായ ഈ ക്യാമ്പയിൻ ജില്ലയിലെ മാലിന്യ സംസ്കരണ ചരിത്രത്തിലെ നിർണ്ണായക അധ്യായമാണ്.

ജില്ലയിലെ 631 വാർഡുകളിലായി നടന്ന പൊതുയിട ശുചീകരണ പരിപാടികളിൽ 7,929 ആളുകൾ സജീവമായി പങ്കെടുത്തു. ക്യാമ്പയിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ 268 സ്ഥിര മാലിന്യ നിക്ഷേപ കേന്ദ്രങ്ങളും (Vulnerable Points) 378 ചെറുതും വലുതുമായ താൽക്കാലിക മാലിന്യ നിക്ഷേപ കേന്ദ്രങ്ങളും കണ്ടെത്തി. ഇവയിൽ ഭൂരിഭാഗവും ഘട്ടം ഘട്ടമായി പൂർണ്ണമായി നീക്കം ചെയ്തു. ഈ തീവ്ര ശുചീകരണ പ്രവർത്തനങ്ങളിലൂടെ 93,510 കിലോ മാലിന്യം പൊതുവിടങ്ങളിൽ നിന്ന് നീക്കം ചെയ്യാനായത് ജില്ലയുടെ വലിയ നേട്ടമാണ്. 54,455 സ്ക്വയർ മീറ്റർ പ്രദേശം മാലിന്യമുക്തമാക്കി വീണ്ടെടുക്കാൻ സാധിച്ചത് ജനകീയ കൂട്ടായ്മയുടെ കരുത്താണ് കാണിക്കുന്നത്.

പൊതുസ്ഥാപനങ്ങളെ കേന്ദ്രീകരിച്ചും ശക്തമായ ഇടപെടലുകൾ നടന്നു. തിരഞ്ഞെടുക്കപ്പെട്ട 370 പൊതു സ്ഥാപനങ്ങളിൽ മാലിന്യ നിക്ഷേപം കണ്ടെത്തുകയും നിരന്തരമായ ഇടപെടലുകളിലൂടെ 210 ഇടങ്ങളിൽ ശാസ്ത്രീയ മാലിന്യ സംസ്കരണം നടപ്പിലാക്കുകയും ചെയ്തു. ശുചീകരണ പ്രവർത്തനങ്ങൾ



നടന്ന 867 വാർഡുകളിൽ 234 വാർഡുകളെ സമ്പൂർണ്ണ മാലിന്യരഹിത വാർഡുകളായി പ്രഖ്യാപിക്കാൻ സാധിച്ചു. കട്ടപ്പന മുനിസിപ്പാലിറ്റി, മുട്ടം, വണ്ടിപ്പെരിയാർ, പുറപ്പുഴ തുടങ്ങി 14 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉയർന്ന അളവിൽ മാലിന്യം ഉൽപ്പാദിപ്പിക്കുന്നവരെ കണ്ടെത്തുകയും അവർക്ക് ഉറവിട മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം നൽകുകയും ചെയ്തു.

വ്യാപാര സമൂഹത്തെ ക്യാമ്പയിന്റെ ഭാഗമാക്കുന്നതിനായി 46 വ്യാപാര സംഘടനായോഗങ്ങൾ വിളിച്ചുചേർക്കുകയും മാലിന്യമുക്ത സന്ദേശം വ്യാപാരികളിലേക്ക് എത്തിക്കുകയും ചെയ്തു. ചിലയിടങ്ങളിൽ പ്രാദേശികമായ എതിർപ്പുകൾ കാരണം പൂർണ്ണമായ മാലിന്യനീക്കം സാധ്യമായില്ലെങ്കിലും, ജില്ലയിലെ ഭൂരിഭാഗം പ്രദേശങ്ങളിലും വലിയ മാറ്റം കൊണ്ടുവരാൻ ക്യാമ്പയിന് സാധിച്ചു. ഇതിന്റെ ഫലമായി, ഇടമലക്കുടി ഒഴികെയുള്ള ജില്ലയിലെ 53 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ 'വലിച്ചെറിയൽ മുക്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായി' പ്രഖ്യാപിച്ചു.

### മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ (2023)

കേരളത്തെ സമ്പൂർണ്ണ മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച സർവ്വതല സ്പർശിയായ ജനകീയ ക്യാമ്പയിനാണ് 'മാലിന്യമുക്തം നവകേരളം'. ഉറവിട മാലിന്യ സംസ്കരണം, അജൈവ മാലിന്യങ്ങളുടെ ശാസ്ത്രീയ ശേഖരണം, പൊതുസ്ഥലങ്ങളുടെ ശുചിത്വം, തീവ്രമായ ബോധവൽക്കരണം എന്നിവയിലൂന്നിയായിരുന്നു ഈ ക്യാമ്പയിൻ ജില്ലയിൽ സംഘടിപ്പിച്ചത്.

ഹരിതകർമ്മസേനയുടെ വിപുലീകരണത്തിലൂടെ 100% വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും യൂസർഫീയോടു കൂടി അജൈവ മാലിന്യം ശേഖരിക്കുക, നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുക, ക്യു.ആർ. കോഡ് അധിഷ്ഠിത ഡിജിറ്റൽ ട്രാക്കിംഗ് സംവിധാനം നടപ്പിലാക്കുക എന്നിവ ഇതിന്റെ പ്രധാന പ്രവർത്തനങ്ങളായിരുന്നു.

ജില്ലയിലെ പ്രധാന കേന്ദ്രങ്ങളിൽ ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും വിവിധ സാമൂഹിക വിഭാഗങ്ങളെയും അണിനിരത്തി ശുചിത്വ സന്ദേശ വിളംബര റാലികൾ സംഘടിപ്പിച്ചുകൊണ്ടാണ് ക്യാമ്പയിൻ പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടത്. വാർഡ് തലങ്ങളിൽ സന്നദ്ധപ്രവർത്തകരുടെ പങ്കാളിത്തത്തോടെ തീവ്ര ശുചീകരണ യജ്ഞങ്ങൾ ആവിഷ്കരിക്കുകയും പൊതുവിടങ്ങളിലെ മാലിന്യക്കൂനകളും അനധികൃത നിക്ഷേപ കേന്ദ്രങ്ങളും പൂർണ്ണമായി നീക്കം ചെയ്യുകയും ചെയ്തു. ഇത്തരത്തിൽ ശുചീകരിച്ച പ്രദേശങ്ങൾ പിന്നീട് ചെടികൾ നട്ടും മറ്റും സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങളിലൂടെ ജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ പുനഃസ്ഥാപിച്ചു. കൂടാതെ, പൊതുസ്ഥാപനങ്ങൾ കേന്ദ്രീകരിച്ച്



മാലിന്യ നിക്ഷേപങ്ങൾ കണ്ടെത്തുകയും അവ ശാസ്ത്രീയമായി ശുചീകരിച്ച് മാലിന്യമുക്തമാക്കാനുള്ള കർമ്മപദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഏകോപിപ്പിക്കുകയും ചെയ്തു. പൊതുജനങ്ങളും ഭരണകൂടവും ഒരേ മനസ്സോടെ പ്രവർത്തിച്ചാൽ 'മാലിന്യമുക്തം നവകേരളം' എന്ന ലക്ഷ്യം അപ്രാപ്യമല്ലെന്ന് ഈ ക്യാമ്പയിനിലൂടെ ഇടുക്കി ജില്ല തെളിയിച്ചു.

## ശുചിത്വ പദവിയിൽ വിദ്യാലയങ്ങൾ (2024)

മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ തുടർച്ചയായി ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ പരിസ്ഥിതി സൗഹൃദമാക്കുന്നതിനും അവയ്ക്ക് ഹരിത പദവി ലഭ്യമാക്കുന്നതിനുമായി വിപുലമായ പ്രവർത്തനങ്ങൾ നടപ്പിലാക്കി. വിദ്യാലയങ്ങളിലും കലാലയങ്ങളിലും കൃത്യമായ മാലിന്യ സംസ്കരണ ശീലങ്ങൾ വളർത്തിയെടുക്കുന്നതിലൂടെ ഒരു പുതിയ ശുചിത്വ സംസ്കാരം വരുംതലമുറയിലേക്ക് പകർന്നുനൽകാനാണ് ഈ പരിപാടി ലക്ഷ്യമിട്ടത്.

ഇതിന്റെ ഭാഗമായി ജില്ലയിലെ 4 കലാലയങ്ങളിൽ ഹരിത ഓഡിറ്റ് (Green Audit) വിജയകരമായി പൂർത്തിയാക്കി. ഓഡിറ്റിന് ശേഷം നിർദ്ദേശിക്കപ്പെട്ട പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങൾ





നടപ്പിലാക്കിയതിലൂടെ ഈ നാല് കലാലയങ്ങളെയും 'ഹരിത കലാലയങ്ങളായി' പ്രഖ്യാപിച്ചു. കൂടാതെ, സ്കൂൾ തലത്തിൽ നടത്തിയ ചിട്ടയായ പ്രവർത്തനങ്ങളുടെ ഫലമായി ജില്ലയിലെ 23 വിദ്യാലയങ്ങൾ 'ഹരിത വിദ്യാലയ' പദവി കൈവരിക്കുകയും ചെയ്തു.

മാലിന്യങ്ങളെ ഉറവിടത്തിൽ തന്നെ സംസ്കരിച്ചും അജൈവ മാലിന്യങ്ങൾ കൃത്യമായി ഹരിതകർമ്മസേനയ്ക്ക് കൈമാറിയും ഈ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സമൂഹത്തിന് ഉദാത്തമായ മാതൃകകളായി മാറി. വിദ്യാലയങ്ങൾ വെറും പഠനകേന്ദ്രങ്ങൾ എന്നതിലുപരി ശുചിത്വ പരിപാലനത്തിന്റെ പരിശീലന കേന്ദ്രങ്ങൾ കൂടിയാണെന്ന് ഈ നേട്ടത്തിലൂടെ ജില്ല തെളിയിച്ചു.

## മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ - ഇടുക്കി (2024-2025)

കേരളത്തെ സമ്പൂർണ്ണ മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച സർവ്വതല സ്പർശിയായ ജനകീയ ക്യാമ്പയിനാണ് 'മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ'. ഹരിത കേരളം മിഷൻ, ശുചിത്വ മിഷൻ, തദ്ദേശസ്വയംഭരണ വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ്, ക്ലീൻ കേരള കമ്പനി തുടങ്ങി വൈവിധ്യമാർന്ന വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും വ്യത്യസ്ത ജനവിഭാഗങ്ങളുടെയും ഏകോപിത സഹകരണത്തോടെ 2024 ഒക്ടോബർ 2-ന് ആരംഭിച്ച് 2025 മാർച്ച് 30 വരെ നീണ്ടുനിന്ന ഈ ക്യാമ്പയിൻ ജില്ലയിൽ വലിയ ജനകീയ മുന്നേറ്റമായി മാറി.

ക്യാമ്പയിന്റെ വിജയത്തിനായി ജില്ലാതലം മുതൽ വാർഡ് തലം വരെ വിപുലമായ നിർവ്വഹണ സമിതികൾ രൂപീകരിച്ചു. ഈ സാങ്കേതിക സമിതികൾ ഓരോ തദ്ദേശസ്ഥാപനത്തിനും അനുയോജ്യമായ പ്രത്യേക ആക്ഷൻ പ്ലാനുകൾ തയ്യാറാക്കി. മാലിന്യ പരിപാലന രംഗത്തെ വിടവുകൾ കണ്ടെത്തുകയും അവ പരിഹരിക്കുന്നതിനായി സമയബന്ധിതമായ കർമ്മപരിപാടികൾ ആവിഷ്കരിക്കുകയും ചെയ്തു. വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ താഴെത്തട്ടിൽ വരെ ക്യാമ്പയിൻ സന്ദേശം എത്തിക്കാനും വിദ്യാലയങ്ങൾ, ഓഫീസുകൾ, പൊതുയിടങ്ങൾ തുടങ്ങി ആവശ്യമായ എല്ലാ ഇടങ്ങളും കേന്ദ്രീകരിച്ച് പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്താനും ഈ ഘട്ടത്തിൽ സാധിച്ചു.

ജില്ലയിലെ പ്രധാന കേന്ദ്രങ്ങളിൽ ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും വിവിധ സാമൂഹിക വിഭാഗങ്ങളെയും അണിനിരത്തി ശുചിത്വ സന്ദേശ വിളംബര റാലികൾ സംഘടിപ്പിച്ചുകൊണ്ടാണ് ക്യാമ്പയിൻ

പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടത്. വാർഡ് തലങ്ങളിൽ സന്നദ്ധപ്രവർത്തകരുടെ പങ്കാളിത്തത്തോടെ തീവ്ര ശുചീകരണ യജ്ഞങ്ങൾ ആവിഷ്കരിക്കുകയും പൊതുവിടങ്ങളിലെ മാലിന്യക്കൂനകളും അനധികൃത നിക്ഷേപ കേന്ദ്രങ്ങളും പൂർണ്ണമായി നീക്കം ചെയ്യുകയും ചെയ്തു. ഇത്തരത്തിൽ ശുചീകരിച്ച പ്രദേശങ്ങൾ പിന്നീട് ചെടികൾ നട്ടും മറ്റും സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങളിലൂടെ ജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ പുനഃസ്ഥാപിച്ചു. കൂടാതെ, പൊതുസ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് മാലിന്യ നിക്ഷേപങ്ങൾ കണ്ടെത്തുകയും അവ ശാസ്ത്രീയമായി ശുചീകരിച്ച് മാലിന്യമുക്തമാക്കാനുള്ള കർമ്മപദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഏകോപിപ്പിക്കുകയും ചെയ്തു.

ക്യാമ്പയിന്റെ ഭാഗമായി ഹരിത ടൂറിസം, ഹരിത ഓഫീസ്, ഹരിത കലാലയം, ഹരിത വിദ്യാലയം, ഹരിത സുന്ദര ടൗൺ, ഹരിത സ്ഥാപനങ്ങൾ എന്നിവ നടപ്പിലാക്കുന്നതിനായി കൃത്യമായ മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും അവ സമയബന്ധിതമായി പൂർത്തിയാക്കുകയും ചെയ്തു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ശാസ്ത്രീയമായ ആക്ഷൻ പ്ലാനുകൾ തയ്യാറാക്കി വിവിധ തലങ്ങളിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. ഗ്രാമപഞ്ചായത്ത്, ബ്ലോക്ക്, ജില്ല തലങ്ങളിൽ സമ്പൂർണ്ണ ശുചിത്വ പദവി കൈവരിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും നിരീക്ഷണ സംവിധാനങ്ങളും ഒരുക്കിക്കൊണ്ടുള്ള വിപുലമായ പ്രവർത്തനങ്ങളാണ് ഈ ക്യാമ്പയിനിലൂടെ പൂർത്തീകരിച്ചത്.

### കുട്ടികളുടെ ഹരിതസഭ: യുവതലമുറയുടെ ഇടപെടൽ

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി, മാലിന്യ പരിപാലന പ്രക്രിയയിൽ വരുംതലമുറയുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി സംഘടിപ്പിച്ച സുപ്രധാനമായ ഒരു ജനകീയ ഇടപെടലായിരുന്നു 'കുട്ടികളുടെ ഹരിതസഭ'. കുട്ടികളിൽ ശുചിത്വബോധം വളർത്തുന്നതിനൊപ്പം തദ്ദേശഭരണ സംവിധാനങ്ങളിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ചോദിക്കാനും നിർദ്ദേശങ്ങൾ സമർപ്പിക്കാനും അവർക്ക് ഈ സഭ വേദിയൊരുക്കി.



പൂർണ്ണമായും ഹരിത ചട്ടങ്ങൾ പാലിച്ചു നടന്ന ഈ സഭകളിൽ ജില്ലയിലെ 404 സ്കൂളുകളിൽ (176 സർക്കാർ സ്കൂളുകൾ, 181 എയ്ഡഡ് സ്കൂളുകൾ, 48 അൺഎയ്ഡഡ് സ്കൂളുകൾ) നിന്നായി 6,840 വിദ്യാർത്ഥികൾ പങ്കെടുത്തു. വിദ്യാർത്ഥികൾക്ക് പുറമെ അധ്യാപകർ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, ആർ.ജി.എസ്.എ (RGSA), ശുചിത്വ മിഷൻ, കില (KILA) എന്നിവയുടെ പ്രതിനിധികൾ ഉൾപ്പെടെ 1,554 പേരും ഇതിന്റെ ഭാഗമായി. ജില്ലയിലാകെ മൊത്തം 10,052 പേർ ഹരിതസഭകളിൽ പങ്കാളികളായി.

തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾ അതത് തദ്ദേശസ്വയംഭരണ പ്രദേശത്തെ മാലിന്യ സംസ്കരണ സ്ഥിതി നേരിട്ട് വിലയിരുത്തി തയ്യാറാക്കിയ 521 റിപ്പോർട്ടുകൾ ഹരിതസഭകളിൽ അവതരിപ്പിച്ചു. സഭയിലെ പ്രധാന ചർച്ചാ വിഷയങ്ങൾ താഴെ പറയുന്നവയായിരുന്നു:

- സ്കൂളുകളിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളും മാലിന്യം കൈകാര്യം ചെയ്യുന്ന രീതികളും.
- പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നതും കത്തിക്കുന്നതും മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ.
- നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉപയോഗം.
- മാലിന്യ സംസ്കരണ രംഗത്ത് നിലവിൽ നേരിടുന്ന വെല്ലുവിളികൾ.

ഹരിതസഭയിൽ പങ്കെടുത്ത കുട്ടികൾ തങ്ങളുടെ പ്രദേശത്തെയും സ്കൂളുകളിലെയും പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും അടങ്ങിയ റിപ്പോർട്ട് തുടർനടപടികൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി. കുട്ടികൾക്ക് അവരുടെ വീട്ടിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ വിലയിരുത്താനും ഇതിലൂടെ അവസരം ലഭിച്ചു. മികച്ച അവതരണം നടത്തിയ സ്കൂളുകൾക്ക് അർഹമായ അംഗീകാരങ്ങളും നൽകി. തദ്ദേശസ്ഥാപനങ്ങൾ നടപ്പിലാക്കുന്ന ശുചിത്വ പദ്ധതികളെക്കുറിച്ച് അറിയാനും ജനപ്രതിനിധികളോട് നേരിട്ട് ചോദ്യങ്ങൾ ചോദിക്കാനും സംവദിക്കാനും ഈ വേദി കുട്ടികൾക്ക് വലിയ അവസരമാണ് നൽകിയത്.

### ഇടമലക്കുടിയിലെ ഹരിത ഇടപെടലുകൾ

ഭൂമിശാസ്ത്രപരമായ വെല്ലുവിളികൾ ഉള്ള ഇടമലക്കുടി ട്രൈബൽ പഞ്ചായത്തിൽ ഹരിത കേരളം സംസ്ഥാന മിഷൻ ടീം നേരിട്ടെത്തി ഹരിത ഓഫീസ് പ്രവർത്തനങ്ങൾ വിലയിരുത്തി. വെള്ളവരക്കുടി



മുതൽ കീഴളയാൻ പാറക്കുടി വരെയുള്ള വിവിധ കുടികൾ സന്ദർശിക്കുകയും അങ്കണവാടികൾ, സ്കൂളുകൾ, ആരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവ് കുറയ്ക്കൽ, വലിച്ചെറിയൽ രഹിത പ്രദേശമാക്കൽ എന്നിവയിൽ ബോധവൽക്കരണം നൽകുകയും ചെയ്തു.

ശില്പശാലകളും ശേഷി വികസനവും

ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ തദ്ദേശസ്ഥാപന അധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കും എഞ്ചിനീയർമാർക്കുമായി "വേസ്റ്റ് മാനേജ്മെന്റ്, ടൂറിസം & വെൽനസ്" എന്ന വിഷയത്തിൽ ഏകദിന ശില്പശാല സംഘടിപ്പിച്ചു. വിനോദസഞ്ചാര മേഖലയിലെ മാലിന്യ പരിപാലനം ശാസ്ത്രീയമാക്കാൻ ഇത് സഹായിച്ചു.

## ജില്ലാതല പ്രഖ്യാപനവും അംഗീകാരങ്ങളും

ക്യാമ്പയിന്റെ വിജയകരമായ പൂർത്തീകരണത്തിന് ശേഷം 2025 ഏപ്രിൽ 8-ന് ഇടുക്കി ജില്ലയെ സമ്പൂർണ്ണ മാലിന്യമുക്ത ജില്ലയായി പ്രഖ്യാപിച്ചു. മികച്ച പ്രവർത്തനം നടത്തിയവർക്കായി 40-ഓളം ഹരിത അവാർഡുകൾ വിതരണം ചെയ്തു.




- മികച്ച ഹരിത പഞ്ചായത്ത്: ഇരട്ടയാർ.
- പ്രത്യേക പുരസ്കാരം: രാജകുമാരി, ഉടുമ്പന്നൂർ പഞ്ചായത്തുകൾ.
- മികച്ച നഗരസഭ: കട്ടപ്പന.
- മികച്ച ബ്ലോക്ക് പഞ്ചായത്ത്: കട്ടപ്പന (നെടുങ്കണ്ടം ബ്ലോക്കിന് പ്രത്യേക പുരസ്കാരം).

2024-ലെ ജനകീയ ക്യാമ്പയിൻ ഇടുക്കി ജില്ലയിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ പുതിയൊരു സംസ്കാരം തന്നെ രൂപപ്പെടുത്തിയെടുത്തു. കുട്ടികൾ മുതൽ മുതിർന്നവർ വരെ പങ്കാളികളായ ഈ പ്രസ്ഥാനം ജില്ലയെ ശുചിത്വത്തിന്റെ പുതിയ തലങ്ങളിലേക്ക് നയിച്ചു.

## പരിസ്ഥിതി പുനസ്ഥാപനവും കൃഷിയും

കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ ഇടുക്കി ജില്ലയുടെ കാർഷിക-പരിസ്ഥിതി പുനഃസ്ഥാപന മേഖലയിൽ കൈവരിച്ച ശ്രദ്ധേയമായ നേട്ടങ്ങൾക്ക് അടിത്തറപാകിയ വിവിധ ക്യാമ്പയിനുകളെയും പ്രവർത്തനങ്ങളെയുമാണ് ചുവടെ പരാമർശിക്കുന്നത്.

## തരിശുരഹിത ഗ്രാമം (2018 മുതൽ)

ജില്ലയിൽ കാർഷിക മേഖലയുടെ വീണ്ടെടുപ്പിനായി ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ ഏറ്റവും പ്രധാനപ്പെട്ട പദ്ധതികളിലൊന്നാണ് 'തരിശുരഹിത ഗ്രാമം'. തരിശായി

കിടക്കുന്ന ഭൂമി കണ്ടെത്തി അവയെ കൃഷിക്ക് അനുയോജ്യമാക്കുക എന്ന ലക്ഷ്യത്തോടെ കൃഷി വകുപ്പിന്റെ സഹകരണത്തോടെ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ വിപുലമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

നെൽവയലുകൾ വീണ്ടെടുക്കുന്ന പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ നേട്ടമാണ് ജില്ല കൈവരിച്ചത്. 2018-19 കാലയളവിൽ ജില്ലയിലാകെ 33 ഹെക്ടർ തരിശുഭൂമിയിൽ നെൽകൃഷി പുനസ്ഥാപിച്ചു. ഇതിന്റെ തുടർച്ചയായി 2020-25 കാലഘട്ടത്തിൽ കൊരങ്ങാട്ടി, കട്ടമുടി, കുഞ്ചിപ്പെട്ടിക്കുടി പാടശേഖരങ്ങളിലായി 22.25 ഹെക്ടർ സ്ഥലത്ത് കൂടി കൃഷി വ്യാപിപ്പിച്ചു. ഇതോടെ ജില്ലയിലാകെ ആകെ 55.25 ഹെക്ടർ സ്ഥലത്ത് നെൽകൃഷി വീണ്ടെടുക്കാൻ ഹരിതകേരളം മിഷന്റെ ഇടപെടലുകളിലൂടെ സാധിച്ചു.

ഭക്ഷ്യ സ്വയംപര്യാപ്തത ലക്ഷ്യമിട്ട് പച്ചക്കറികൾക്കും മറ്റ് നാണ്യവിളകൾക്കുമായി 74.6 ഹെക്ടർ തരിശുഭൂമി കൃഷിയോഗ്യമാക്കി മാറ്റി. ഇത് ജില്ലയിലെ ഭൂവിനിയോഗ സാധ്യതകളെ ഫലപ്രദമായി വർദ്ധിപ്പിക്കുന്നതിന് കാരണമായി.

കൃഷി വകുപ്പിന്റെ കണക്കുകൾ പ്രകാരം, കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ ഹരിതകേരളം മിഷന്റെയും മറ്റ് വകുപ്പുകളുടെയും സംയുക്ത ശ്രമഫലമായി ആകെ 408 ഹെക്ടർ തരിശുഭൂമിയാണ് ജില്ലയിൽ കൃഷിയോഗ്യമായി മാറിയിട്ടുള്ളത്. തരിശുരഹിത ഗ്രാമം എന്ന ലക്ഷ്യത്തിലേക്കുള്ള ജില്ലയുടെ യാത്രയിൽ ഈ കണക്കുകൾ വലിയ പ്രതീക്ഷയാണ് നൽകുന്നത്.

### ഹരിത സമൃദ്ധി വാർഡ് (2018)

പ്രാദേശിക തലത്തിൽ ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ ഹരിതകേരളം മിഷൻ വിഭാവനം ചെയ്ത പദ്ധതിയാണ് 'ഹരിതസമൃദ്ധി വാർഡുകൾ'. ജനങ്ങൾക്ക് ആവശ്യമായ പച്ചക്കറികൾ അതത് വാർഡുകളിൽ തന്നെ ഉൽപ്പാദിപ്പിക്കുകയും, അതുവഴി പോഷകമൂല്യമുള്ള വിഷരഹിത പച്ചക്കറി ലഭ്യമാക്കുക എന്നതുമായിരുന്നു ഈ ക്യാമ്പയിന്റെ പ്രധാന ഉദ്യമം.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കൃഷിവകുപ്പ്, വിവിധ സന്നദ്ധ സംഘടനകൾ എന്നിവയുടെ ഏകോപനത്തോടെ പൂർണ്ണമായും ജനപങ്കാളിത്തത്തിലൂന്നിയാണ് ഈ പദ്ധതി വിഭാവനം ചെയ്തത്. ജില്ലയിലാകെ വിപുലമായ രീതിയിൽ ഇത് നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരുന്നെങ്കിലും, ഏതാനും വാർഡുകളിൽ മാത്രമാണ് പദ്ധതി വിജയകരമായി പൂർത്തിയാക്കാനും ഔദ്യോഗികമായി പ്രഖ്യാപിക്കാനും സാധിച്ചത്. ജില്ലയിൽ ഹരിതസമൃദ്ധി വാർഡുകൾ പ്രഖ്യാപിച്ച പഞ്ചായത്തുകളുടെ വിവരം താഴെ നൽകുന്നു:



- ഉടുമ്പന്നൂർ 16 വാർഡുകൾ
- ഇരട്ടയാർ 10 വാർഡുകൾ
- സേനാപതി 13 വാർഡുകൾ (ആകെ)
- പുറപ്പുഴ ( 13 വാർഡുകൾ)
- മണക്കാട് 3 വാർഡുകൾ
- കാഞ്ചിയാർ 3 വാർഡുകൾ
- മരിയാപുരം 2 വാർഡുകൾ
- കാമാക്ഷി 2 വാർഡുകൾ
- അടിമാലി, കുമളി, വാഴത്തോപ്പ് ഓരോ വാർഡ് വീതം
- ശാന്തൻപാറ, വാത്തിക്കുടി, വെള്ളിയാമറ്റം, നെടുങ്കണ്ടം ഓരോ വാർഡ് വീതം

കുടുംബശ്രീ യൂണിറ്റുകളുടെയും കർഷക കൂട്ടായ്മകളുടെയും സജീവ പങ്കാളിത്തത്തോടെ വാർഡുകളിൽ ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കാൻ സാധിച്ചു എന്നത് ഈ പദ്ധതിയുടെ ശ്രദ്ധേയമായ നേട്ടമാണ്. പരിമിതമായ വാർഡുകളിൽ മാത്രമാണ് നിലവിൽ ഔദ്യോഗിക പ്രഖ്യാപനം നടന്നതെങ്കിലും, വിഷരഹിതവും പോഷകസമൃദ്ധവുമായ പച്ചക്കറി ഉൽപ്പാദനത്തിന്റെ പ്രാധാന്യം ജനങ്ങളിലെത്തിക്കാൻ ഈ ക്യാമ്പയിന് സാധിച്ചു. കൃഷിവകുപ്പും പ്രാദേശിക സംഘടനകളും ഏകോപനത്തോടെ പ്രവർത്തിച്ച ഈ പദ്ധതിയിൽ ഉടുമ്പന്നൂർ (16 വാർഡുകൾ), സേനാപതി (13 വാർഡുകൾ), ഇരട്ടയാർ (10 വാർഡുകൾ) എന്നീ പഞ്ചായത്തുകൾ മികച്ച പ്രകടനം കാഴ്ചവെച്ച് ജില്ലയ്ക്ക് തന്നെ മാതൃകയായി.

### പച്ചത്തുരുത്തുകൾ (2019 മുതൽ)

പ്രാദേശിക ജൈവവൈവിധ്യ സംരക്ഷണവും പരിസ്ഥിതി പുനഃസ്ഥാപനവും ലക്ഷ്യമിട്ട് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജില്ലയിൽ നടപ്പിലാക്കി വരുന്ന ഹരിതാഭമായ പദ്ധതിയാണ് 'പച്ചത്തുരുത്തുകൾ'. മനുഷ്യനിർമ്മിതമായ ചെറുവനങ്ങളിലൂടെ സ്വാഭാവിക ആവാസവ്യവസ്ഥകൾ വീണ്ടെടുക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, വനം വന്യജീവി വകുപ്പ്, സോഷ്യൽ ഫോറസ്ട്രി, വിവിധ സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെയാണ് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ പദ്ധതി നടപ്പിലാക്കുന്നത്. പൊതുസ്ഥലങ്ങൾ, സ്കൂൾ-കോളേജ് ക്യാമ്പസുകൾ, ആരാധനാലയങ്ങൾ, ഒരുകാലത്ത് മാലിന്യം തള്ളിയിരുന്ന പ്രദേശങ്ങൾ എന്നിവിടങ്ങളെല്ലാം ഇന്ന് പച്ചത്തുരുത്തുകളായി രൂപാന്തരപ്പെട്ടിരിക്കുന്നു.

നിലവിൽ ജില്ലയിലാകെ 45.31 ഏക്കർ സ്ഥലത്തായി 113 പച്ചത്തുരുത്തുകൾ സ്ഥാപിച്ച് വിജയകരമായി പരിപാലിച്ചു വരുന്നു. 2018-ൽ കുമളി ഗ്രാമപഞ്ചായത്തിൽ 'ക്ലീൻ കുമളി ഗ്രീൻ കുമളി' സൊസൈറ്റിയുടെ സജീവ നേതൃത്വത്തിൽ ജില്ലയിലെ ആദ്യ പച്ചത്തുരുത്ത് സ്ഥാപിച്ചുകൊണ്ടാണ് ഈ ദൗത്യത്തിന് തുടക്കമിട്ടത്. പ്രാദേശികമായ ജൈവവൈവിധ്യം ഉറപ്പാക്കുന്നതിനായി തദ്ദേശീയമായ തൈകൾ പ്രയോജനപ്പെടുത്തുന്നതിനൊപ്പം, പ്രത്യേക സംഘാടന സമിതികൾ രൂപീകരിച്ച് ഇവയുടെ ശാസ്ത്രീയമായ പരിപാലനവും കൃത്യമായി ഉറപ്പാക്കുന്നുണ്ട്.

മാലിന്യത്താൽ ഉപയോഗശൂന്യമായി കിടന്ന പ്രദേശങ്ങളെ ഹരിതാഭമായ വനപ്രദേശങ്ങളാക്കി മാറ്റിയതിലൂടെ പരിസ്ഥിതി പുനഃസ്ഥാപനത്തിന്റെ ഉദാത്തമായ മാതൃകകൾ സൃഷ്ടിക്കാൻ ഇടുക്കി ജില്ലയ്ക്ക് സാധിച്ചു. തദ്ദേശീയമായ സസ്യവർഗ്ഗങ്ങളുടെ സംരക്ഷണത്തിനും കാർബൺ ആഗിരണം വർദ്ധിപ്പിക്കാനും ഈ പച്ചത്തുരുത്തുകൾ വലിയ പങ്കുവഹിക്കുന്നു.

## പച്ചപ്പ് മണ്ണിനും മനുഷ്യനും (2019)

ഇടുക്കി ജില്ലയുടെ സവിശേഷമായ ഭൂപ്രകൃതിയെ സംരക്ഷിക്കുന്നതിനും അതിജീവനത്തിന്റെ പുതിയ പാഠങ്ങൾ ആവിഷ്കരിക്കുന്നതിനുമായി 2019-ൽ ജില്ലാ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ മാതൃകാപരമായ പദ്ധതിയാണ് 'പച്ചപ്പ് മണ്ണിനും മനുഷ്യനും'. 2018-ലെ കനത്ത അതിവർഷവും പ്രളയവും ജില്ലയുടെ മണ്ണ് ഘടനയെ സാരമായി ബാധിച്ചിരുന്നു. മണ്ണൊലിപ്പ് വർദ്ധിച്ചതും വായുസഞ്ചാരം കുറഞ്ഞതിനെത്തുടർന്ന് മണ്ണിന്റെ അമ്ലത്വം (Acidity) കൂടിയതും കാർഷിക ഉൽപ്പാദനക്ഷമതയെ പ്രതികൂലമായി ബാധിച്ച പശ്ചാത്തലത്തിലാണ് ഈ ക്യാമ്പയിൻ ആവിഷ്കരിച്ചത്. മലയിടിച്ചിലും കനത്ത മണ്ണൊലിപ്പും തടയുന്നതിനായി പുഴയോരങ്ങളിലും ഉയർന്ന ചെരിവുള്ള പ്രദേശങ്ങളിലും മുളകളും തീറ്റപ്പുല്ലും നട്ടുപിടിപ്പിച്ച് പ്രകൃതിദത്തമായ ഹരിത കവചം തീർക്കുക എന്നതായിരുന്നു ഇതിന്റെ പ്രധാന ലക്ഷ്യം.



വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും കൃത്യമായ ഏകോപനത്തിലൂടെയാണ് പദ്ധതി യാഥാർത്ഥ്യമാക്കിയത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കൊപ്പം കേരള ലൈഫ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് (KLDB), കാർഷിക സർവകലാശാല, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവർ സംയുക്തമായി ഈ ഉദ്യമത്തിൽ പങ്കാളികളായി. കാർഷിക സർവകലാശാലയിൽ നിന്നും ലഭ്യമാക്കിയ ഗുണമേന്മയുള്ള തീറ്റപ്പുൽ വിത്തുകളാണ് ഇതിനായി ഉപയോഗിച്ചത്. അടിമാലി ഗ്രാമപഞ്ചായത്തിലൂടെ ഒഴുകുന്ന ദേവിയാർ പുഴയുടെ ഓരങ്ങളിൽ ഏകദേശം നാല് കിലോമീറ്ററോളം ദൂരത്തിൽ മുളകൾ നട്ടുപിടിപ്പിച്ചത് പദ്ധതിയുടെ ശ്രദ്ധേയമായ നേട്ടങ്ങളിലൊന്നാണ്. വിവിധ വകുപ്പുകളെ സമയബന്ധിതമായി ഏകോപിപ്പിച്ചുകൊണ്ട് തൈകളും വിത്തുകളും നട്ടുപിടിപ്പിക്കാൻ കഴിഞ്ഞത് ഇടുക്കിയുടെ പാരിസ്ഥിതിക സുരക്ഷ ഉറപ്പാക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ചു.

## സഹകരണ സ്ഥാപനങ്ങളിലെ കൃഷി (2019)

കാർഷിക മേഖലയിലെ സഹകരണ ബാങ്കുകളുടെ ഇടപെടൽ സാധ്യതകൾ കണ്ടെത്തി അവ പ്രയോഗത്തിൽ വരുത്തുന്നതിനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ 2019-ൽ ജില്ലയിൽ വിപുലമായ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി ജില്ലയിലെ പ്രാഥമിക സഹകരണ ബാങ്കുകളുടെ മേധാവികളെ പങ്കെടുപ്പിച്ചുകൊണ്ട് ഇടുക്കി വാഴത്തോപ്പിലെ സംസ്ഥാന സഹകരണ ബാങ്ക് ഹാളിൽ ഏകദിന ശിൽപ്പശാല നടന്നു. ജില്ലയുടെ അഞ്ച് സഹകരണ സർക്കിളുകളിൽ നിന്നുമായി നൂറോളം പേർ പങ്കെടുത്ത ചടങ്ങിൽ, കാർഷിക രംഗത്ത് ശ്രദ്ധേയമായ മുന്നേറ്റം നടത്തിയ തങ്കമണി സർവീസ് സഹകരണ ബാങ്ക്, പീരുമേട് മാർക്കറ്റിംഗ് സൊസൈറ്റി എന്നിവർ തങ്ങളുടെ

വിജയ മാതൃകകൾ അവതരിപ്പിച്ചു. ഇത്തരം പ്രവർത്തനങ്ങൾ മറ്റ് സഹകരണ സ്ഥാപനങ്ങൾക്കും മാതൃകയാക്കാവുന്ന രീതിയിലാണ് ശിൽപ്പശാല വിഭാവനം ചെയ്തത്.

കാർഷിക മേഖലയിലെ സഹകരണ ഇടപെടലുകൾ ശക്തിപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ജില്ലയിൽ പ്രത്യേക അവലോകന സമിതി രൂപീകരിച്ചു. ജില്ലാ കളക്ടർ ചെയർമാനായ ഈ സമിതിയിൽ ജില്ലാ പ്ലാനിംഗ് ഓഫീസ്, ഹരിതകേരളം മിഷൻ, രജിസ്ട്രേഷൻ, കൃഷി, ജലസേചനം, മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ തുടങ്ങിയ വകുപ്പുകളെ സംയോജിപ്പിച്ചാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്. ജില്ലയിലെ സഹകരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചുള്ള കാർഷിക വികസന പ്രവർത്തനങ്ങൾക്ക് ഈ സമിതി നേതൃത്വം നൽകി. സമിതിയുടെ കൃത്യമായ മേൽനോട്ടത്തിലൂടെ ജില്ലയിലുടനീളമുള്ള സഹകരണ സ്ഥാപനങ്ങളെ കൃഷിയിലേക്കും അനുബന്ധ പ്രവർത്തനങ്ങളിലേക്കും വിജയകരമായി നയിക്കാൻ സാധിച്ചു.

### ഓർമ്മത്തുരുത്ത് (2020)

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ഭരണകാലാവധി പൂർത്തിയാകുന്ന വേളയിൽ, അവരുടെ പ്രവർത്തനകാലയളവിന്റെ സ്മരണയ്ക്കായി വിഭാവനം ചെയ്ത സവിശേഷമായ പദ്ധതിയാണ് 'ഓർമ്മത്തുരുത്ത്'. ഭരണസമിതി അംഗങ്ങൾ ഓരോരുത്തരും പ്രാദേശികമായി കണ്ടെത്തിയ വൃക്ഷത്തൈകൾ അവരവരുടെ ഓർമ്മയ്ക്കായി പ്രത്യേക സ്ഥലത്ത് നട്ടുപിടിപ്പിക്കുന്ന പരിപാടിയാണിത്. കേവലം ഒരു തൈ നടീൽ എന്നതിലുപരി, പരിസ്ഥിതി പുനഃസ്ഥാപനത്തിന്റെ മഹത്തായ മാതൃക വരുംതലമുറയ്ക്കായി കരുതിവെക്കുക എന്ന ലക്ഷ്യം കൂടി ഇതിനു പിന്നിലുണ്ട്.

ജില്ലയിൽ പച്ചത്തുരുത്തുകളുടെ അതേ മാതൃക പിന്തുടർന്നാണ് ഓർമ്മത്തുരുത്തുകൾ സ്ഥാപിച്ചത്. ചുരുങ്ങിയത് ഒരു സെന്റ് ഭൂമിയിലെങ്കിലും പ്രസിഡന്റും മറ്റ് വാർഡ് അംഗങ്ങളും ചേർന്ന് തൈകൾ നടുന്നു. ഓരോ തുരുത്തിലും ഭരണസമിതി അംഗങ്ങളുടെ പേരും അവിടെ നട്ടുപിടിപ്പിച്ചിട്ടുള്ള വൃക്ഷത്തൈകളുടെ ശാസ്ത്രീയവും പ്രാദേശികവുമായ വിശദാംശങ്ങളും പ്രദർശിപ്പിക്കുന്ന ബോർഡുകളും സ്ഥാപിച്ചിട്ടുണ്ട്. പീരുമേട് പള്ളിക്കുന്ന് എൽ.പി. സ്കൂളിൽ പീരുമേട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ സ്ഥാപിച്ച ഓർമ്മത്തുരുത്ത് ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിൽ ജില്ലയ്ക്ക് തന്നെ മാതൃകയായി മാറിയിട്ടുണ്ട്. അധികാരമൊഴിയുമ്പോഴും നാടിന്റെ പച്ചപ്പിനായി ജനപ്രതിനിധികൾ നൽകുന്ന ഈ ഹരിത സമ്മാനം സാമൂഹിക ഉത്തരവാദിത്തത്തിന്റെ ഉദാത്തമായ അടയാളമാണ്.

### നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ (2022)

കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം കുറയ്ക്കുന്നതിനും കാർബൺ പുറന്തള്ളൽ തുലനാവസ്ഥയിൽ (Net Zero Carbon) എത്തിക്കുന്നതിനുമായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ നവകേരളം കർമ്മപദ്ധതി - ഹരിതകേരളം മിഷൻ ആവിഷ്കരിച്ച നൂതന ക്യാമ്പയിനാണ് 'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ'. ഇടുക്കി ജില്ലയിൽ ഇതിന്റെ ആദ്യഘട്ടമായി വിവിധ ബ്ലോക്കുകളിൽ നിന്നായി മരിയാപുരം, കാമാക്ഷി, സേനാപതി, ഉടുമ്പന്നൂർ, ഇരട്ടയാർ എന്നീ അഞ്ച് ഗ്രാമപഞ്ചായത്തുകളെയാണ് തിരഞ്ഞെടുത്തത്. ഈ പഞ്ചായത്തുകളിലെ സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ കാർബൺ ഉദ്വമനം കുറയ്ക്കുന്നതിനും ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി സൗരോർജ്ജ സാധ്യത പഠനങ്ങൾ നടത്തി. ഇതിന്റെ തുടർച്ചയായി സേനാപതി പഞ്ചായത്തിൽ 8 ബി.എൽ.ഡി.സി (BLDC) ഫാനുകളും, മരിയാപുരം പഞ്ചായത്തിലെ പുതിയ എഫ്.എച്ച്.സി (FHC) ബിൽഡിംഗിൽ ഊർജ്ജക്ഷമതയുള്ള എൽ.ഇ.ഡി ലൈറ്റുകളും ഫാനുകളും സ്ഥാപിച്ചു. ജില്ലയിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവയുടെ അറ്റകുറ്റപ്പണികൾക്കുമായി വിവിധ പ്രോജക്ടുകളിലായി 42 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ഊർജ്ജ സംരക്ഷണ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ ലക്ഷ്യമിട്ട് എനർജി മാനേജ്മെന്റ് സെന്ററിന്റെ (EMC) സഹായത്തോടെ 'അംഗൻജ്യോതി' എന്ന പദ്ധതി നടപ്പിലാക്കി. മാതൃകാ പഞ്ചായത്തുകളിലെ 103 അംഗനവാടികൾക്ക് ഇൻഡക്ഷൻ കുക്കറുകളും മറ്റ് ഊർജ്ജക്ഷമതയുള്ള പാചക ഉപകരണങ്ങളും

വിതരണം ചെയ്തു. ഇതിനുപുറമെ, ഊർജ്ജ സംരക്ഷണത്തിന്റെ പ്രാധാന്യം ജനങ്ങളിലെത്തിക്കാൻ 32 ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിച്ചു. ഗതാഗത മേഖലയിൽ നിന്നുള്ള കാർബൺ പുറന്തള്ളൽ കുറയ്ക്കുന്നതിനായി ഡ്രൈവർമാർക്ക് 17 എഫക്ടീവ് ഡ്രൈവിംഗ് ക്ലാസ്സുകൾ നൽകി. ഇന്ധന ഉപഭോഗം കുറയ്ക്കാനും അതുവഴി കാർബൺ ഉദ്വമനം ലഘൂകരിക്കാനും ഈ പരിശീലനം സഹായിച്ചു. കൂടാതെ, കാമാക്ഷി, സേനാപതി പഞ്ചായത്തുകളിലായി 12 ഇലക്ട്രിക് ഓട്ടോകൾ പൊതുഗതാഗത സംവിധാനത്തിന്റെ ഭാഗമായത് ഈ ക്യാമ്പയിന്റെ വലിയ നേട്ടമായി കണക്കാക്കപ്പെടുന്നു.

വിദ്യാഭ്യാസ മേഖലയിലും നെറ്റ് സീറോ പഠനങ്ങൾക്കായി മാതൃകാപരമായ പ്രവർത്തനങ്ങൾ നടന്നു. കുട്ടിക്കാനം മരിയൻ കോളേജ്, നാടുകാണി ട്രൈബൽ ആർട്സ് ആൻഡ് സയൻസ് കോളേജ്, തൊടുപുഴ ന്യൂമാൻ കോളേജ് എന്നീ സ്ഥാപനങ്ങളെ നെറ്റ് സീറോ പഠനത്തിനായി തിരഞ്ഞെടുക്കുകയും സാങ്കേതിക സർവ്വകലാശാലയുടെ സഹായത്തോടെ തയ്യാറാക്കിയ മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് കാർബൺ ഓഡിറ്റിംഗ് സർവേ നടത്തുകയും ചെയ്തു. സ്ഥാപനങ്ങളിലെ കാർബൺ പുറന്തള്ളലിന്റെയും സംഭരണത്തിന്റെയും കൃത്യമായ റിപ്പോർട്ടുകൾ തയ്യാറാക്കി, അവയെ നെറ്റ് സീറോ കാർബൺ പദവിയിലേക്ക് ഉയർത്തുന്നതിനുള്ള തുടർനടപടികൾ ഇപ്പോൾ ജില്ലയിൽ സജീവമായി നടന്നു വരുന്നു.

### തെങ്ങിന് തടം മണ്ണിന് ജലം (2024)

ഭൂഗർഭജലനിരപ്പ് ഉയർത്തുന്നതിനും തെങ്ങിൻ തൈകളുടെ മികച്ച പരിപാലനത്തിനുമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ 2024-ൽ നടപ്പിലാക്കിയ സവിശേഷമായ ഒരു മണ്ണ്-ജലസംരക്ഷണ ക്യാമ്പയിനാണ് 'തെങ്ങിന് തടം മണ്ണിന് ജലം'. തെങ്ങിൻ തടങ്ങളെ ശാസ്ത്രീയമായ രീതിയിൽ മഴവെള്ള സംഭരണികളാക്കി മാറ്റുക എന്നതായിരുന്നു ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഓരോ തെങ്ങിൻ തടത്തിലും മഴവെള്ളം ശേഖരിക്കപ്പെടുന്നതിലൂടെ മണ്ണിലേക്ക് ജലം ആഴ്ന്നിറങ്ങാനും വരൾച്ചാ കാലത്ത് തെങ്ങുകൾക്ക് ആവശ്യമായ ഈർപ്പം നിലനിർത്താനും ഈ ക്യാമ്പയിനിലൂടെ സാധിച്ചു.

ഇടുക്കി ജില്ലയിൽ ഈ ക്യാമ്പയിന്റെ ഭാഗമായി തൊടുപുഴ ബ്ലോക്കിലെ മണക്കാട് ഗ്രാമപഞ്ചായത്തിൽ മികച്ച പ്രവർത്തനങ്ങളാണ് നടന്നത്. മഴക്കാലത്തെ അവസാന മഴയുടെ പരമാവധി സംഭരണം ഉറപ്പാക്കുന്നതിലൂടെ തെങ്ങിൻ തൈകളുടെ വളർച്ചയ്ക്ക് ആവശ്യമായ ജലസേചനം തടസ്സമില്ലാതെ



ലഭ്യമാക്കാനും മികച്ചൊരു ജലസംരക്ഷണ മാതൃക സൃഷ്ടിക്കാനും ഈ ക്യാമ്പയിനിലൂടെ മണക്കാട് ഗ്രാമപഞ്ചായത്തിന് കഴിഞ്ഞു.

## ഒരു തൈ നടാം വൃക്ഷവൽക്കരണ ക്യാമ്പയിൻ (2025)

പച്ചത്തുരുത്തുകൾ വഴി ജില്ല കൈവരിച്ച പരിസ്ഥിതി നേട്ടങ്ങൾ പരിഗണിച്ച്, കാലാവസ്ഥാ വ്യതിയാനത്തെയും വർദ്ധിച്ചുവരുന്ന അന്തരീക്ഷ താപനിലയെയും പ്രതിരോധിക്കുന്നതിനായി ഹരിതകേരളം മിഷൻ ആവിഷ്കരിച്ച തീവ്ര വൃക്ഷവൽക്കരണ പരിപാടിയാണ് 'ഒരു തൈ നടാം'. പുതിയ പച്ചത്തുരുത്തുകൾ സ്ഥാപിക്കുന്നതിനൊപ്പം നിലവിലുള്ളവയിൽ നഷ്ടപ്പെട്ട തൈകൾ പുനഃസ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനുമായി ജനകീയ പങ്കാളിത്തത്തോടെയാണ് ഈ ക്യാമ്പയിൻ നടപ്പിലാക്കിയത്. ലോക പരിസ്ഥിതി ദിനമായ 2025 ജൂൺ 5 മുതൽ സെപ്റ്റംബർ 30 വരെ നീണ്ടുനിന്ന ഈ കാലയളവിൽ വിദ്യാർത്ഥികൾ, കുടുംബശ്രീ അംഗങ്ങൾ, സന്നദ്ധപ്രവർത്തകർ, ജനപ്രതിനിധികൾ തുടങ്ങി സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും ഒരുമിച്ച് അണിനിരത്താൻ ഇതിലൂടെ സാധിച്ചു.

സാമൂഹ്യ വനവൽക്കരണ വകുപ്പ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, മറ്റു വകുപ്പുകൾ എന്നിവയിൽ നിന്ന് ലഭ്യമായ തൈകൾക്ക് പുറമെ ജനകീയമായി ശേഖരിച്ച തൈകളും ഈ പദ്ധതിക്കായി ഉപയോഗപ്പെടുത്തി. ക്യാമ്പയിന്റെ ഭാഗമായി ജില്ലയിലെ 266 സ്കൂളുകളിലായി 35,446 തൈകൾ 'ചങ്ങാതിക്കൊരു തൈ' എന്ന പേരിൽ ലോക സൗഹൃദ ദിനത്തിൽ വിദ്യാർത്ഥികൾക്കിടയിൽ പരസ്പരം കൈമാറുന്ന പരിപാടിയും സംഘടിപ്പിച്ചു. പ്രാദേശികവും വംശനാശം നേരിടുന്നതുമായ വൃക്ഷത്തൈകൾ കണ്ടെത്തി സംരക്ഷിക്കുന്നതിന് ഈ ഘട്ടത്തിൽ പ്രത്യേക പ്രാധാന്യം നൽകി.

ഇടുക്കി ജില്ലയിൽ അതിശയിപ്പിക്കുന്ന വിജയമാണ് ഈ ക്യാമ്പയിൻ കൈവരിച്ചത്. ജില്ലയിലാകെ 3,40,843 തൈകൾ നടാനാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും, ലക്ഷ്യത്തെക്കാൾ ഏറെ മുന്നിലെത്തി 5,95,655 തൈകൾ നട്ടുപിടിപ്പിച്ചുകൊണ്ട് ജില്ല മാതൃകാപരമായ നേട്ടം കൈവരിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, റെസിഡന്റ്സ് അസോസിയേഷനുകൾ, പ്രാദേശിക നഴ്സറികൾ, സോഷ്യൽ ഫോറസ്ട്രി എന്നിവയുടെ കൃത്യമായ ഏകോപനവും സഹകരണവുമാണ് ഈ ക്യാമ്പയിനെ ജില്ലയിലെമ്പാടും ഇത്രത്തോളം ശക്തിപ്പെടുത്താനും ഹരിതാഭമായ ഒരു മാതൃക സൃഷ്ടിക്കാനും സഹായിച്ചത്.

## ജലസംരക്ഷണ പ്രവർത്തനങ്ങൾ

ഭൂമിശാസ്ത്രപരമായ സവിശേഷതകൾ കണക്കിലെടുത്ത് ഇടുക്കി ജില്ലയുടെ സുസ്ഥിര ജലസുരക്ഷ ഉറപ്പാക്കാൻ ഹരിതകേരളം മിഷൻ നടപ്പിലാക്കിയ ശ്രദ്ധേയമായ ക്യാമ്പയിനുകളെയാണ് ഇവിടെ പരാമർശിക്കുന്നത്. ജലസഭകൾ, നീർത്തട മാസ്റ്റർ പ്ലാനുകൾ, പുഴ നടത്തം, ജലബജറ്റ് തുടങ്ങിയ ജനകീയവും ശാസ്ത്രീയവുമായ ഇടപെടലുകളിലൂടെ ജലസ്രോതസ്സുകളുടെ വീണ്ടെടുപ്പും സംരക്ഷണവും ഈ കാലയളവിൽ സാധ്യമാക്കി. കഴിഞ്ഞ ഒരു ദശകത്തിനിടെ ജില്ലയിലെ പാരിസ്ഥിതിക മേഖലയിലുണ്ടായ വിപ്ലവകരമായ മാറ്റങ്ങൾക്ക് കരുത്തേകിയ പ്രവർത്തനങ്ങളാണിവ.

## ജലമാണ് ജീവൻ (2017 - 2019)

കേരളത്തിൽ മഴ സുലഭമാണെങ്കിലും വേനൽക്കാലത്ത് അനുഭവപ്പെടുന്ന കടുത്ത ജലക്ഷാമം പരിഹരിക്കുന്നതിനായി ഹരിതകേരളം മിഷൻ ആവിഷ്കരിച്ച സമഗ്ര ജലസംരക്ഷണ പദ്ധതിയാണ് 'ജലമാണ് ജീവൻ'. നദികളും തോടുകളും കുളങ്ങളും മലിനമാകുന്നതും വറ്റിവരളുന്നതും തടയാൻ ശാസ്ത്രീയമായ ഇടപെടലുകൾ നടത്തുക എന്നതായിരുന്നു ഈ ക്യാമ്പയിന്റെ ലക്ഷ്യം. കിണർ റീചാർജ്ജിംഗിലൂടെ ഭൂഗർഭജല നിരപ്പ് ഉയർത്തുക, പൊതു കുളങ്ങൾ വൃത്തിയാക്കി സംരക്ഷിക്കുക, നീർത്തട വികസനം ഉറപ്പാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ജനകീയ പങ്കാളിത്തത്തോടെ ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി.

ജില്ലാ ഹരിതകേരളം മിഷനും കുടുംബശ്രീയും സംയുക്തമായി തദ്ദേശസ്ഥാപനതലത്തിൽ




സംഘടിപ്പിച്ച 'ജലസഭ'കളാണ് ഈ ക്യാമ്പയിനെ ജനങ്ങളിലേക്ക് എത്തിച്ചത്. 2019 മാർച്ച് 22 മുതൽ 31 വരെയുള്ള തീയതികളിൽ പ്രത്യേക ജലസഭകൾ ചേർന്ന് ജലസംരക്ഷണത്തിന്റെ പ്രാധാന്യം ഓരോ കുടുംബത്തിലും എത്തിച്ചു. പൊതു കിണറുകൾ, അരുവികൾ, നീർച്ചാലുകൾ എന്നിവ മാലിന്യമുക്തമാക്കി ഉപയോഗക്ഷമമാക്കുന്നതിനൊപ്പം വേനൽമഴ പരമാവധി സംഭരിക്കാനായി റീചാർജ്ജിംഗ് സംവിധാനങ്ങൾ ഒരുക്കാനും ഈ ക്യാമ്പയിനിലൂടെ സാധിച്ചു. പ്രത്യേക ബ്രോഷറുകൾ തയ്യാറാക്കി താഴെത്തട്ടിൽ വരെ ശക്തമായ ബോധവൽക്കരണം ഇതിന്റെ ഭാഗമായി നടത്തി.

ഇടുക്കി ജില്ലയിൽ അതിവിപുലമായ ജനപങ്കാളിത്തമാണ് ഈ ക്യാമ്പയിന് ലഭിച്ചത്. ജില്ലയിലാകെ 11,095 അയൽക്കൂട്ടങ്ങളിൽ ജലസഭകൾ ചേരുകയും 1,31,344 അയൽക്കൂട്ടം അംഗങ്ങൾ ഇതിൽ സജീവമായി പങ്കെടുക്കുകയും ചെയ്തു. ഇത്രയധികം കുടുംബങ്ങളിലേക്ക് ജലസുരക്ഷയുടെ സന്ദേശം എത്തിക്കാൻ കഴിഞ്ഞത് ജില്ലയിലെ ജലസംരക്ഷണ പ്രവർത്തനങ്ങളിൽ വലിയൊരു നാഴികക്കല്ലായി മാറി.

### സാങ്കേതിക സമിതി (2017-2018)

ജലസുരക്ഷ ഉറപ്പാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന വൈവിധ്യമാർന്ന പ്രവർത്തനങ്ങളെ കൂടുതൽ ഫലപ്രാപ്തിയിൽ എത്തിക്കുന്നതിനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ 2017-18 കാലയളവിൽ വിപുലമായ സാങ്കേതിക സമിതികൾക്ക് രൂപം നൽകി. ജില്ലാതലം മുതൽ ഗ്രാമപഞ്ചായത്ത് തലം വരെ പ്രവർത്തിക്കുന്ന ഈ സമിതികൾ, ജലസംരക്ഷണ പദ്ധതികൾക്ക് ആവശ്യമായ ശാസ്ത്രീയവും സാങ്കേതികവുമായ സഹായങ്ങൾ ലഭ്യമാക്കുന്നതിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചത്. എൻജിനീയർമാർ, ഭൗമശാസ്ത്രജ്ഞർ, കൃഷി വിദഗ്ധർ തുടങ്ങിയവരെ ഉൾപ്പെടുത്തി രൂപീകരിച്ച ഈ സമിതികൾ തദ്ദേശസ്ഥാപനങ്ങളുടെ ആസൂത്രണ പ്രക്രിയയിൽ നിർണ്ണായക പങ്കുവഹിച്ചു.

പദ്ധതികളുടെ കൃത്യമായ നിർവ്വഹണത്തിനായി ഈ സമിതിയുടെ നേതൃത്വത്തിൽ പതിവായി അവലോകന യോഗങ്ങൾ ചേരുകയും നിർദ്ദിഷ്ട പദ്ധതി പ്രദേശങ്ങളിൽ നേരിട്ടുള്ള ഫീൽഡ് സന്ദർശനങ്ങൾ നടത്തുകയും ചെയ്തു. മണ്ണൊലിപ്പ് തടയൽ, ഭൂഗർഭജല പോഷണം, നീർത്തട വികസനം തുടങ്ങിയ പ്രവർത്തനങ്ങളിൽ ശാസ്ത്രീയമായ രീതികൾ അവലംബിക്കുന്നുവെന്ന് ഉറപ്പാക്കാൻ ഇത്തരം സന്ദർശനങ്ങൾ സഹായിച്ചു. വിവിധ വകുപ്പുകളുടെ ഏകോപനവും വിദഗ്ധമായ സാങ്കേതിക ഉപദേശങ്ങളും

ഉറപ്പാക്കിയതിലൂടെ, ജലസംരക്ഷണ രംഗത്ത് ഗുണമേന്മയുള്ളതും ദീർഘകാലാടിസ്ഥാനത്തിൽ പ്രയോജനപ്പെടുന്നതുമായ ഒട്ടനവധി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിച്ചു.

## കിണർവെള്ള പരിശോധനയും കിണർ റീചാർജ്ജിംഗും (2018)

മണക്കാട് ഗ്രാമപഞ്ചായത്തിൽ ശുദ്ധമായ കുടിവെള്ളം ഉറപ്പാക്കുന്നതിനും ഭൂഗർഭജല നിരപ്പ് നിലനിർത്തുന്നതിനുമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ 2018-ൽ ശ്രദ്ധേയമായ ഇടപെടലുകൾ നടത്തി. ഇതിന്റെ ഭാഗമായി 100 വീടുകളിലെ കിണർവെള്ള സാമ്പിളുകൾ ശേഖരിക്കുകയും അവ ശാസ്ത്രീയമായ പരിശോധനയ്ക്ക് വിധേയമാക്കി ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്തു. കൂടാതെ, പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സർവ്വേ നടത്തി കണ്ടെത്തിയ 147 കിണറുകൾ റീചാർജ് ചെയ്യുന്നതിനുള്ള ബൃഹത്തായ പദ്ധതിയും നടപ്പിലാക്കി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഈ കിണറുകളെല്ലാം റീചാർജ് ചെയ്തത്.

തട്ടക്കുഴ വി.എച്ച്.എസ്. സ്കൂളിലെ എൻ.എസ്.എസ് (NSS) യൂണിറ്റുമായി സഹകരിച്ചാണ് ഈ പദ്ധതിയുടെ പ്രാഥമിക ഘട്ടമായ ജലഗുണനിലവാര പരിശോധന സംഘടിപ്പിച്ചത്. രണ്ട് റെസിഡന്റ്സ് അസോസിയേഷൻ പരിധിയിലെ വീടുകൾ കേന്ദ്രീകരിച്ച് നടത്തിയ ഈ ഉദ്യമത്തിൽ, പ്രത്യേകിച്ച് പുഴയോരത്തുള്ളതും പ്രളയകാലത്ത് മലിനമാകാൻ സാധ്യതയുള്ളതുമായ കിണറുകൾക്ക് മുൻഗണന നൽകി. ജലവകുപ്പിന് കീഴിലുള്ള സി.സി.ഡി.യു (CCDU) ലഭ്യമാക്കിയ 100 പരിശോധനാ കിറ്റുകൾ ഉപയോഗിച്ചാണ് സാമ്പിളുകൾ ശേഖരിച്ചത്. തൊടുപുഴ ഗവൺമെന്റ് ബോയ്സ് ഹൈസ്കൂളിൽ പ്രത്യേകം സജ്ജമാക്കിയ ലാബിൽ വെച്ച് നടത്തിയ ഈ പരിശോധനകൾ വഴി പ്രദേശത്തെ കുടിവെള്ള സ്രോതസ്സുകളുടെ ശുദ്ധി ഉറപ്പാക്കാൻ സാധിച്ചു.



## എല്ലാവരും ജലാശയങ്ങളിലേക്ക് (2018)

ജലാശയങ്ങളുടെ സംരക്ഷണവും പുനരുജ്ജീവനവും ലക്ഷ്യമിട്ട് ഹരിതകേരളം മിഷൻ ആവിഷ്കരിച്ച വിപുലമായ ക്യാമ്പയിനാണ് 'എല്ലാവരും ജലാശയങ്ങളിലേക്ക്'. ഒരു ജലാശയത്തിന്റെ നിലവിലെ അവസ്ഥ നേരിട്ട് മനസ്സിലാക്കുന്നതിനും, അവിടെ നിലനിൽക്കുന്ന മലിനീകരണ പ്രശ്നങ്ങളും മറ്റ് പാരിസ്ഥിതിക വെല്ലുവിളികളും തിരിച്ചറിഞ്ഞ് ആവശ്യമായ ഇടപെടൽ സാധ്യതകൾ നിർണ്ണയിക്കുന്നതിനും വേണ്ടിയുള്ള ശാസ്ത്രീയമായ പ്രാരംഭ പ്രവർത്തനമാണ് 'പുഴ നടത്തം'. ഇടുക്കി ജില്ലയിൽ ഹരിതകേരളം മിഷന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് മരിയാപുരം ഗ്രാമപഞ്ചായത്തിലെ പെരിയാർ പുഴയിലാണ് ജില്ലയിലെ ഏറ്റവും ശ്രദ്ധേയമായ പുഴ നടത്തം സംഘടിപ്പിച്ചത്.

ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, കുടുംബശ്രീ മിഷൻ എന്നിവർക്കൊപ്പം വിവിധ സർക്കാർ വകുപ്പുകളും ഉദ്യോഗസ്ഥരും ഈ ഉദ്യമത്തിൽ കൈകോർത്തു. സംഘാടനത്തിന്റെ ഭാഗമായി പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ, സി.ഡി.എസ് - എ.ഡി.എസ് പ്രതിനിധികൾ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി നാല് ഘട്ടങ്ങളിലായി വിപുലമായ യോഗങ്ങൾ ചേർന്നു. സാധാരണ രീതിയിലുള്ള നോട്ടീസ് പ്രചാരണങ്ങൾ ഒഴിവാക്കി, സന്നദ്ധ-പൊതു പ്രവർത്തകർ നേരിട്ട് ജനങ്ങളിലേക്കിറങ്ങി പുഴയുടെ പ്രാധാന്യവും പാരിസ്ഥിതിക മുൻഗണനയും ബോധ്യപ്പെടുത്തുന്ന വേറിട്ട ക്യാമ്പയിൻ രീതിയാണ് ഇവിടെ അവലംബിച്ചത്.

അങ്കണവാടി പ്രവർത്തകർ, ആശാ വർക്കർമാർ, കുടുംബശ്രീ പ്രവർത്തകർ എന്നിവർ പുഴ സംരക്ഷണത്തിന്റെ സന്ദേശവാഹകരായി മാറി. കവി മുരുകൻ കാട്ടാക്കടയുടെ കവിതകൾ ഉൾപ്പെടുത്തിയുള്ള മൈക്ക് അനൗൺസ്മെന്റുകളും പത്ര-ദൃശ്യ മാധ്യമങ്ങളുടെ സജീവമായ പിന്തുണയും ഈ പ്രവർത്തനത്തെ ഒരു വലിയ ജനകീയ മുന്നേറ്റമാക്കി മാറ്റി. വിളംബര ജാഥകൾക്ക് പകരം രണ്ട് 'ട്രയൽ പുഴ നടത്തങ്ങൾ' സംഘടിപ്പിച്ചത് ജനപങ്കാളിത്തം ഉറപ്പാക്കുന്നതിൽ നിർണ്ണായകമായി.

മഠത്തിൽ കടവിൽ നിന്ന് ആരംഭിച്ച് ചപ്പാത്ത് പാലം വരെ മൂന്ന് കിലോമീറ്റർ ദൂരം നടന്ന പുഴ നടത്തത്തിൽ വിദ്യാർത്ഥികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, പൊതുപ്രവർത്തകർ, ഉദ്യോഗസ്ഥർ എന്നിവരുൾപ്പെടെ 1,500 ഓളം പേർ അണിനിരന്നു. ഹൈറേഞ്ചിന്റെ മണ്ണിൽ ആദ്യ അനുഭവമായി മാറിയ ഈ പുഴ നടത്തത്തിലൂടെ ജലാശയത്തിലെ തടസ്സങ്ങളും ഇടപെടൽ സാധ്യതകളും കൃത്യമായി അടയാളപ്പെടുത്തി. 'ഇഫക്ടീവ് ടീച്ചർ' എന്ന സന്നദ്ധ സംഘടനയുടെ സേവനവും ഈ പ്രവർത്തനങ്ങൾക്ക് കരുത്തേകി. മരിയാപുരത്ത് നടന്ന ഈ മാതൃകാപരമായ ജനകീയ ഇടപെടൽ ജില്ലയിലെ മറ്റ് പഞ്ചായത്തുകൾക്കും സ്വന്തം പ്രദേശത്തെ പുഴകളെ വീണ്ടെടുക്കാനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ വലിയ പ്രചോദനമായി മാറി. ഈ ക്യാമ്പയിന്റെ ഭാഗമായി ഇടുക്കി ജില്ലയിൽ നാല് നീർച്ചാലുകളിലായി 18 കിലോമീറ്റർ ശുചീകരിച്ചു. 4000 പേർ ഈ പ്രവർത്തനത്തിൽ പങ്കാളികളായി.

## നീർത്തട മാസ്റ്റർ പ്ലാൻ (2018-2020)

മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയെ പരിസ്ഥിതി സൗഹൃദമായി സംരക്ഷിക്കുകയും ശാസ്ത്രീയമായി വിനിയോഗിക്കുകയും ചെയ്യുക വഴി ഒരു പ്രദേശത്തിന്റെ സമ്പൂർണ്ണ വികസനം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഹരിതകേരളം മിഷൻ ആവിഷ്കരിച്ച ബൃഹദ് പരിപാടിയാണ് 'നീർത്തട മാസ്റ്റർ പ്ലാൻ'. ഭൂഗർഭജല നിരപ്പ് ആശങ്കാജനകമായി താഴ്ന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, പരമാവധി ജലസംരക്ഷണം സാധ്യമാക്കി ജലസ്രോതസ്സുകൾ സംരക്ഷിക്കുകയും ചെയ്യുക വഴി കാർഷിക പുരോഗതി കൈവരിക്കാനാണ് ഈ ക്യാമ്പയിൻ ലക്ഷ്യമിട്ടത്. ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലും നീർത്തട പ്ലാൻ തയ്യാറാക്കി നടപ്പിലാക്കാൻ സാധിച്ചു.

ജില്ലയിലാകെ എട്ടു ബ്ലോക്കുകളിലായി 54 നീർത്തട പ്ലാനുകളാണ് ശാസ്ത്രീയമായി തയ്യാറാക്കിയത്. തദ്ദേശസ്ഥാപനതലത്തിൽ രൂപീകരിച്ച സാങ്കേതിക സമിതികളുടെ നേതൃത്വത്തിൽ നടന്ന വിശദമായ ചർച്ചകളിലൂടെയും ക്രിയാത്മകമായ വിലയിരുത്തലുകളിലൂടെയുമാണ് പരിപാടിയുടെ വിശദാംശങ്ങൾ രൂപപ്പെടുത്തിയത്. നീർത്തടാടിസ്ഥാനത്തിൽ 'കുന്നിൻ മുകളിൽ നിന്നും താഴ് വാരത്തിലേയ്ക്ക്' (Ridge

to Valley) എന്ന ഭൂമിശാസ്ത്രപരമായ സമീപനമാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി സ്വീകരിച്ചത്. ഇത് ഓരോ പ്രദേശത്തെയും മണ്ണൊലിപ്പ് തടയാനും ജലസംഭരണം പരമാവധി ഉറപ്പാക്കാനും സഹായിച്ചു.

പൊതു കുളങ്ങൾ, ചിറകൾ, തോടുകൾ, പൊതുകിണറുകൾ എന്നിവയുടെ പുനരുജ്ജീവനത്തിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളെ മുൻഗണനാക്രമത്തിൽ പട്ടികപ്പെടുത്തിയാണ് മാസ്റ്റർ പ്ലാനുകൾക്ക് അന്തിമരൂപം നൽകിയത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണ സഹകരണത്തോടെ നടപ്പിലാക്കിയ ഈ പരിപാടി, വരുംകാലത്തെ ജലസുരക്ഷയ്ക്കും പ്രകൃതി സംരക്ഷണത്തിനും ഇടുക്കി ജില്ലയിൽ കൃത്യമായ ഒരു വഴികാട്ടിയായി മാറി.

### അയൽക്കൂട്ട ജലസഭകൾ (2019)

വരൾച്ച രൂക്ഷമായ 2019-ലെ വേനൽക്കാലത്ത് ജലസംരക്ഷണവും ജലമിതവ്യയവും എല്ലാ കുടുംബങ്ങളിലേക്കും എത്തിക്കുക എന്ന ലക്ഷ്യത്തോടെ ഹരിതകേരളം മിഷൻ കുടുംബശ്രീയുമായി ചേർന്ന് നടപ്പിലാക്കിയ വിപുലമായ ക്യാമ്പയിനാണ് 'അയൽക്കൂട്ട ജലസഭകൾ'. 2019 മാർച്ച് 22 ലോക ജലദിനം മുതൽ മൂന്ന് ദിവസങ്ങളിലായി ജില്ലയിലെ പതിനായിരത്തോളം അയൽക്കൂട്ടങ്ങളിൽ 'ജലമാണ് ജീവൻ' എന്ന സന്ദേശമുയർത്തി ജലസഭകൾ സംഘടിപ്പിച്ചു. ഓരോ വീട്ടിലും കുടിവെള്ളത്തിന്റെയും മറ്റ് ആവശ്യങ്ങൾക്കുള്ള ജലത്തിന്റെയും ഉപയോഗം കാര്യക്ഷമമാക്കുന്നതിനും ജല ഉപഭോഗം കുറയ്ക്കുന്നതിനുമുള്ള ശാസ്ത്രീയമായ രീതികൾ ഈ സഭകളിലൂടെ ജനങ്ങളിലേക്ക് എത്തിച്ചു.

ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലും കുടുംബശ്രീയുടെയും പൊതുജനങ്ങളുടെയും സജീവ പങ്കാളിത്തത്തോടെയും ജലക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുളങ്ങൾ, കിണറുകൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവ വൃത്തിയാക്കി ജലലഭ്യത ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ ഈ ക്യാമ്പയിന്റെ ഭാഗമായി ഏറ്റെടുത്തു. പൊതു കിണറുകൾ, കുളങ്ങൾ, അരുവികൾ, നീർച്ചാലുകൾ എന്നിവ മാലിന്യമുക്തമാക്കി ഉപയോഗക്ഷമമാക്കുന്നതിനൊപ്പം വേനൽമഴ പരമാവധി മണ്ണിലേക്ക് എത്തിക്കുന്നതിനായുള്ള റീചാർജിംഗ് സംവിധാനങ്ങൾ ഒരുക്കുന്നതിനും മുൻഗണന നൽകി. കുടുംബശ്രീ അംഗങ്ങളുടെ വീടുകളിൽ ജലമിതവ്യയം പ്രായോഗികമായി നടപ്പിലാക്കുന്നതിൽ ഈ സഭകൾ വലിയൊരു മാറ്റത്തിന് തുടക്കമിട്ടു.

കുടുംബശ്രീയുടെ ത്രിതല തലത്തിലുള്ള സ്വാധീനം ഉപയോഗപ്പെടുത്തി ഹരിതകേരളം മിഷന്റെ 'ജലമാണ് ജീവൻ' എന്ന ക്യാമ്പയിൻ ഓരോ കുടുംബത്തിലേക്കും എത്തിക്കാൻ അയൽക്കൂട്ട ജലസഭകളിലൂടെ സാധിച്ചു. ഈ പ്രവർത്തനങ്ങൾ സമൂഹത്തിൽ വലിയ രീതിയിലുള്ള ചർച്ചകൾക്ക് വഴിവെക്കുകയും ജലത്തിന്റെ സുരക്ഷിതമായ ഉപയോഗത്തെക്കുറിച്ച് പൊതുജനങ്ങളെ ബോധ്യപ്പെടുത്തുകയും ചെയ്തു. ജില്ലയിലെ ജലസംരക്ഷണ മേഖലയിൽ ഹരിതകേരളം മിഷൻ നടത്തിയ ഏറ്റവും സ്വാധീനമുള്ള ജനകീയ ഇടപെടലുകളിൽ ഒന്നായി ഇത് മാറി.

### ജില്ലാ ജലസംഗമം (2019)

ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങളിൽ ഏറെ ശ്രദ്ധേയമായ ഒന്നായിരുന്നു 2019-ൽ സംഘടിപ്പിക്കപ്പെട്ട 'ജില്ലാ ജലസംഗമം'. ജില്ലയിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ മികച്ച ജലസംരക്ഷണ മാതൃകകൾ പരസ്പരം പരിചയപ്പെടുത്തുന്നതിനും, ശാസ്ത്രീയമായ നീർത്തട പരിപാലനത്തിലൂടെ സുസ്ഥിരമായ ജലസുരക്ഷ ഉറപ്പാക്കുന്നതിനുമുള്ള വേദിയായാണ് ഇത് വിഭാവനം ചെയ്തത്. വേറിട്ടതും നൂതനവുമായ ജലസംരക്ഷണ മാതൃകകൾ പങ്കുവെക്കപ്പെട്ട ഈ സംഗമം ജില്ലയിലാകെ വലിയ ആവേശമാണ് സൃഷ്ടിച്ചത്.

**ജലസംഗമത്തിൽ അവതരിപ്പിക്കപ്പെട്ട ചില പ്രധാന മാതൃകകൾ താഴെ പറയുന്നവയാണ്:**

- ഉറവപ്പാറ ജല സംരക്ഷണ മാതൃക (മഴവെള്ള സംരക്ഷണം): മഴവെള്ള സംരക്ഷണവും കൃഷിയും എങ്ങനെ ഫലപ്രദമായി സംയോജിപ്പിക്കാം എന്നതിന്റെ മികച്ച മാതൃകയായിരുന്നു ഉറവപ്പാറയിലെ



പദ്ധതി. ജില്ലയിലാകെ ചർച്ച ചെയ്യപ്പെട്ട ഈ അവതരണം പൊതുജനങ്ങൾക്ക് ജലസംരക്ഷണത്തിന്റെ പുതിയ പാഠങ്ങൾ പകർന്നു നൽകി.

- രാജകുമാരി മാതൃക (ചണച്ചാക്ക് ടാങ്കുകൾ): ഹൈറേഞ്ചിലെ കൃഷിയിടങ്ങളിലെ ജല ആവശ്യകത പരിഗണിച്ച് ചണച്ചാക്കുകൾ ഉപയോഗിച്ച് കുറഞ്ഞ ചിലവിൽ നിർമ്മിക്കുന്ന ജലസംഭരണികളാണിവ. സിമന്റ് ഉപയോഗിച്ച് ചണച്ചാക്കുകളെ ടാങ്കുകളുടെ രൂപത്തിലാക്കി ഭൂവിസ്തൃതിക്കനുസരിച്ച് നിർമ്മിക്കുന്ന ഈ രീതി എളുപ്പത്തിൽ അറ്റകുറ്റപ്പണികൾ ചെയ്യാൻ സാധിക്കുമെന്ന പ്രത്യേകതയുള്ളതാണ്.

- വെള്ളിയാമറ്റം മാതൃക (വനിതാ പങ്കാളിത്തം): ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ സഹകരണത്തോടെ വനിതകളുടെ നേതൃത്വത്തിൽ 52 കിണറുകളും 8 തടയണകളും നിർമ്മിച്ചത് ജലസംഗമത്തിലെ വിസ്മയകരമായ കാഴ്ചയായിരുന്നു. ഇത് ജലസംരക്ഷണത്തിലെ സ്ത്രീശക്തിയുടെ അടയാളമായി മാറി.

ഇടുക്കി ജില്ലയിലെ 16 പഞ്ചായത്തുകളിൽ നിന്നും ദേവികുളം, ഇളംദേശം ബ്ലോക്കുകളിൽ നിന്നുമുള്ള പ്രസിഡന്റുമാർ, മറ്റ് ജനപ്രതിനിധികൾ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ ഈ സംഗമത്തിൽ സജീവമായി പങ്കെടുത്തു. ഓരോ പ്രദേശത്തിന്റെയും ഭൂപ്രകൃതിക്ക് അനുയോജ്യമായ ജലസംരക്ഷണ രീതികൾ ആസൂത്രണം ചെയ്യാനും അവ സമയബന്ധിതമായി നടപ്പിലാക്കാനും ജലസംഗമത്തിലെ ചർച്ചകൾ ഏറെ സഹായകരമായി.

## ഇനി ഞാനൊഴുകട്ടെ - നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പ് (2019)

മാലിന്യങ്ങൾ അടിഞ്ഞും കാടുപിടിച്ചും കൈയേറ്റങ്ങൾ മൂലവും ഒഴുക്ക് തടസ്സപ്പെട്ട നീർച്ചാലുകളെ ജനകീയ പങ്കാളിത്തത്തോടെ വീണ്ടെടുക്കുന്നതിനായി 2019 ഡിസംബർ 14-ന് സംസ്ഥാനവ്യാപകമായി ആരംഭിച്ച ബൃഹദ് പദ്ധതിയാണ് 'ഇനി ഞാനൊഴുകട്ടെ'. ഇടുക്കി ജില്ലയിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ അതിവിപുലമായ രീതിയിലാണ് ഈ ക്യാമ്പയിൻ സംഘടിപ്പിച്ചത്. പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം മൂന്നാറിൽ മുതിരപ്പുഴയാറിന്റെ ശുചീകരണത്തോടെയാണ് ആരംഭിച്ചത്. ദേവികുളം സബ് കളക്ടർ, ഡി.വൈ.എസ്.പി, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ നേരിട്ട് പുഴയിൽ ഇറങ്ങി മാലിന്യങ്ങൾ നീക്കം ചെയ്തുകൊണ്ട് ഈ ദൗത്യത്തിന് നേതൃത്വം നൽകി.




ഈ ക്യാമ്പയിന്റെ ഏറ്റവും വലിയ കരുത്ത് അതിന്റെ അതുല്യമായ ജനകീയ പങ്കാളിത്തമായിരുന്നു. ജില്ലയിലെ 38 തദ്ദേശഭരണ സ്ഥാപനങ്ങളിലായി നടന്ന ആദ്യഘട്ട പ്രവർത്തനങ്ങളിൽ മാത്രം 6,039 സന്നദ്ധ പ്രവർത്തകർ ഭാഗമായി. തൊഴിലുറപ്പ് തൊഴിലാളികൾ, കുടുംബശ്രീ അംഗങ്ങൾ, രാഷ്ട്രീയ-യുവജന സംഘടനകൾ, വ്യാപാരി വ്യവസായികൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവർക്കൊപ്പം സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ (SPC), സ്കൗട്ട്സ് ആൻഡ് ഗൈഡ്സ്, എൻ.സി.സി കേഡറ്റുകൾ എന്നിവരും ഈ ശുചീകരണ യജ്ഞത്തിൽ അണിനിരന്നു. മൂന്നാറിൽ മാത്രം 13.3 കിലോമീറ്റർ നീർച്ചാലുകൾ നവീകരിച്ചത് 11 വാർഡുകളിലെ ജനങ്ങൾക്ക് നേരിട്ട് പ്രയോജനകരമായി.

തുടർച്ചയായ പ്രവർത്തനങ്ങളിലൂടെ ജില്ലയിലാകെ 42 പ്രധാന നീർച്ചാലുകൾ പൂർണ്ണമായും വീണ്ടെടുക്കാൻ സാധിച്ചു. വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ വിവിധ ഘട്ടങ്ങളിലായി 5,088.15 കിലോമീറ്റർ നീർച്ചാലുകളാണ് ജില്ലയിൽ പുനരുദ്ധരിച്ചത്. ശുചീകരിച്ച ജലാശയങ്ങൾ വീണ്ടും മലിനമാകാതിരിക്കാൻ വാർഡ് മെമ്പർമാരുടെ മേൽനോട്ടത്തിൽ പ്രദേശവാസികളെ ഉൾപ്പെടുത്തി 'ജാഗ്രതാ സമിതികൾ' രൂപീകരിച്ചത് പദ്ധതിയുടെ സുസ്ഥിരത ഉറപ്പാക്കി. പ്രകൃതിയോടുള്ള സാമൂഹിക പ്രതിബദ്ധതയുടെ ഉദാത്തമായ മാതൃകയായി 'ഇനി ഞാനൊഴുകട്ടെ' ക്യാമ്പയിൻ ഇടുക്കിയിൽ ഇന്നും തുടരുന്നു.

### ജലപരിശോധന ലാബുകൾ (2020-2025)

ഹരിതകേരളം മിഷന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി സ്ഥാപിച്ചിട്ടുള്ള സംവിധാനമാണ് 'ജലപരിശോധന ലാബുകൾ'. ജില്ലയിലെ ഹയർ സെക്കണ്ടറി സ്കൂളുകൾ കേന്ദ്രീകരിച്ചാണ് ഈ ലാബുകൾ പ്രവർത്തിക്കുന്നത്. വിദ്യാഭ്യാസ വകുപ്പിന്റെയും ജലവിഭവ വകുപ്പിന്റെയും പൂർണ്ണമായ സഹകരണത്തോടെയാണ് ഈ ലബോറട്ടറി സംവിധാനം സജ്ജമാക്കിയിരിക്കുന്നത്. സ്കൂളുകളിലെ ലാബ് സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി പൊതുജനങ്ങൾക്ക് തങ്ങളുടെ കുടിവെള്ള സ്രോതസ്സുകൾ പരിശോധിക്കാനുള്ള അവസരം ഇതിലൂടെ ലഭിക്കുന്നു.



ജലത്തിന്റെ വിവിധ ഭൗതിക-രാസ-ജൈവ ഘടകങ്ങൾ ഈ ലാബുകളിൽ ശാസ്ത്രീയമായി പരിശോധിക്കുന്നു. വെള്ളത്തിന്റെ പി.എച്ച് (pH) മൂല്യം, വൈദ്യുത ചാലകത (Electric Conductivity), നിറം, മണം എന്നിവയ്ക്ക് പുറമെ ആരോഗ്യത്തിന് ഹാനികരമായേക്കാവുന്ന കോളിഫോം ബാക്ടീരിയകൾ, നൈട്രൈറ്റ്/നൈട്രേറ്റ്, അമോണിയ എന്നിവയുടെ സാന്നിധ്യവും ഇവിടെ പരിശോധനയ്ക്ക് വിധേയമാക്കുന്നു. വിദ്യാർത്ഥികളിൽ ശാസ്ത്രീയ അവബോധം വളർത്തുന്നതിനൊപ്പം സമൂഹത്തിന് വലിയൊരു സേവനം നൽകാനും ഈ ലാബുകളിലൂടെ സാധിക്കുന്നുണ്ട്.

പദ്ധതിയുടെ ആദ്യഘട്ടത്തിൽ ജില്ലയിലെ വിവിധ പഞ്ചായത്തുകളിലെ സർക്കാർ, എയ്ഡഡ് മേഖലകളിലുള്ള 35 ഹയർ സെക്കണ്ടറി സ്കൂളുകളിലാണ് ലാബുകൾ സ്ഥാപിച്ചത്. ഇതിന്റെ വിജയത്തെത്തുടർന്ന് രണ്ടാംഘട്ടത്തിൽ 14 സ്കൂളുകളിൽ കൂടി ഈ സൗകര്യം ഒരുക്കി. ഇതോടെ ജില്ലയിലെ വലിയൊരു വിഭാഗം ജനങ്ങൾക്ക് തങ്ങളുടെ വീടുകളിലെ കുടിവെള്ളത്തിന്റെ ശുദ്ധി ഉറപ്പാക്കാനുള്ള എളുപ്പവഴിയായി ഈ സ്കൂൾ ലാബുകൾ മാറി. 2020 മുതൽ 2025 വരെയുള്ള കാലയളവിൽ ജലജന്യ രോഗങ്ങളെ പ്രതിരോധിക്കുന്നതിലും ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിലും ഈ പദ്ധതി നിർണ്ണായക പങ്കുവഹിച്ചു.

### നീരുറവ് (2022)

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും ഹരിതകേരളം മിഷനും സംയുക്തമായി ആവിഷ്കരിച്ച സംയോജിത നീർത്തട വികസന പദ്ധതികളിലൊന്നാണ് 'നീരുറവ്'. പരിസ്ഥിതി പുനഃസ്ഥാപനം, മണ്ണ്-ജല സംരക്ഷണം, കാലാവസ്ഥാ വ്യതിയാന പ്രതിരോധം, ദുരന്ത ലഘൂകരണം എന്നിവയാണ് ഈ പദ്ധതി പ്രധാനമായും ലക്ഷ്യം വെക്കുന്നത്. ഇതിലൂടെ ശുദ്ധജല ലഭ്യത വർദ്ധിപ്പിക്കുവാനും ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുവാനും പുഴകളുടെ പുനരുജ്ജീവനം ഉറപ്പാക്കാനും സംയോജിത കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുവാനും ജില്ലയിൽ സാധിച്ചു.

ജില്ലയിലെ 8 ബ്ലോക്കുകളിലെയും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഹരിതകേരളം മിഷൻ, തദ്ദേശസ്വയംഭരണ വകുപ്പ്, തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ ഏകോപനത്തോടെ നീർത്തട വികസന മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി. നീർച്ചാലുകളുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനായി 'നീർത്തട നടത്തം' സംഘടിപ്പിക്കുകയും അതിന്റെ തുടർച്ചയായി നീർച്ചാലുകൾ വീണ്ടെടുക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരികയുമാണ്. ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി



ജി.പി.എസ് (GPS) മാപ്പിംഗ് സംവിധാനത്തിലൂടെ നീർച്ചാലുകളെയും പുഴകളെയും കണ്ടെത്തി മാപ്പുകൾ തയ്യാറാക്കിയത് പദ്ധതിയുടെ ശാസ്ത്രീയ അടിത്തറ ഉറപ്പിച്ചു.

തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ തയ്യാറാക്കിയ നീരുറവ് ഡി.പി.ആർ (DPR) പ്രകാരം ഓരോ നീർത്തടത്തിനും അനുയോജ്യമായ വികസന പദ്ധതികൾക്കാണ് രൂപം നൽകിയത്. പുഴ നടത്തം, ജനകീയ ക്ലസ്റ്റർ രൂപീകരണം, വിവിധ വകുപ്പുകളുടെ ശക്തമായ ഏകോപനം, സംയോജിത കൃഷി രീതികളുടെ അവലംബം എന്നിവ നീരുറവ് പദ്ധതിയുടെ ശ്രദ്ധേയമായ മേന്മകളാണ്. ജലാശയങ്ങളുടെ പുനരുജ്ജീവനത്തിനൊപ്പം ഉപജീവന മാർഗ്ഗങ്ങൾ കൂടി ഉറപ്പാക്കുന്ന ഈ പദ്ധതി ഇടുക്കിയുടെ പാരിസ്ഥിതിക സുരക്ഷയിൽ വലിയൊരു മാറ്റത്തിന് തുടക്കമിട്ടു.

## സുരക്ഷിതമാക്കാം പശ്ചിമഘട്ടം (2022)

കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ പശ്ചിമഘട്ടത്തിന്റെ പാരിസ്ഥിതിക സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും പ്രദേശത്തെ ജനജീവിതം സുഗമമാക്കുന്നതിനും ഹരിതകേരളം മിഷൻ വിഭാവനം ചെയ്ത ക്യാമ്പയിനാണ് 'സുരക്ഷിതമാക്കാം പശ്ചിമഘട്ടം'. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ പ്രകൃതിവിഭവങ്ങളെ ശാസ്ത്രീയമായി മാപ്പ് ചെയ്തും ജലലഭ്യത കൃത്യമായി കണക്കാക്കിയും ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന സുസ്ഥിര വികസന മാതൃകയാണിത്. ഈ ക്യാമ്പയിന്റെ ഭാഗമായി നടപ്പിലാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ താഴെ നൽകുന്നു

## മാപ്പത്തോൺ

കേരളത്തിലെ ജലസ്രോതസ്സുകളെ കൃത്യമായി തിരിച്ചറിയുന്നതിനും സംരക്ഷണം ഉറപ്പാക്കുന്നതിനുമായി അവയെ ഡിജിറ്റൽ മാപ്പിംഗിലൂടെ അടയാളപ്പെടുത്തുന്ന ശാസ്ത്രീയമായ ബൃഹദ് പദ്ധതിയാണ് 'മാപ്പത്തോൺ'. ജി.ഐ.എസ് (GIS), മൊബൈൽ ആപ്ലിക്കേഷനുകൾ തുടങ്ങിയ അത്യാധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി നീർച്ചാലുകളുടെ ശാസ്ത്രീയമായ നിർണ്ണയവും അവയുടെ വീണ്ടെടുപ്പുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വെക്കുന്നത്.

ഇടുക്കി ജില്ലയിലെ 39 ഗ്രാമപഞ്ചായത്തുകളിലായി 2150 നീർച്ചാലുകൾ ഇതിനോടകം ഡിജിറ്റൽ മാപ്പിൽ അടയാളപ്പെടുത്തിക്കഴിഞ്ഞു. ആകെ 3956.2 കിലോമീറ്റർ ദൂരമാണ് മാപ്പത്തോൺ പ്രവർത്തനങ്ങളുടെ ഭാഗമായി ശാസ്ത്രീയമായി മാപ്പിംഗിന് വിധേയമാക്കിയത്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടന്ന

ഈ ഉദ്യമത്തിൽ റിസോഴ്സ് പേഴ്സൺമാർ, ഇന്റേണുകൾ, യംഗ് പ്രൊഫഷണലുകൾ, വിവിധ കോളേജുകളിലെ വിദ്യാർത്ഥികൾ എന്നിവർ സന്നദ്ധപ്രവർത്തകരായി സജീവമായി പങ്കെടുത്തു.

പശ്ചിമഘട്ട മേഖലയിലെ മണ്ണിടിച്ചിലും ഉരുൾപൊട്ടലും പോലുള്ള പ്രകൃതിദുരന്തങ്ങൾ മുൻകൂട്ടി പ്രവചിക്കാനും അവയുടെ ആഘാതം കുറയ്ക്കാനും ഈ ഡിജിറ്റൽ മാപ്പുകൾ നിർണ്ണായകമാണ്. ജലസ്രോതസ്സുകളുടെ കൃത്യമായ ഗതി മനസ്സിലാക്കുന്നത് വഴി പ്രളയ നിയന്ത്രണത്തിനും ശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനങ്ങൾക്കും ഇത് സഹായകരമാകും. പശ്ചിമഘട്ട പ്രദേശങ്ങളിൽ വസിക്കുന്ന ജനങ്ങൾക്ക് പ്രകൃതിക്ഷോഭങ്ങളെക്കുറിച്ചുള്ള ഭീതിയില്ലാതെ ജീവിക്കുന്നതിനും പരിസ്ഥിതി സൗഹൃദമായ വികസനം സാധ്യമാക്കുന്നതിനും മാപ്പത്തോൺ പ്രവർത്തനങ്ങൾ ജില്ലയിൽ കരുത്തേകുന്നു.

## ജലബജറ്റ് (2023)

കേരളത്തിലെ ജലസ്രോതസ്സുകളുടെ ശാസ്ത്രീയമായ വിനിയോഗത്തിനും സുസ്ഥിരമായ ജലസുരക്ഷ ഉറപ്പാക്കുന്നതിനുമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന വിപ്ലവകരമായ പദ്ധതിയാണ് 'ജലബജറ്റ്'. ഒരു പ്രദേശത്ത് ലഭ്യമായ ജലത്തിന്റെ അളവും അവിടുത്തെ ആവശ്യങ്ങളും തമ്മിലുള്ള വ്യത്യാസം കൃത്യമായി കണക്കാക്കി, ജലദൗർലഭ്യം നേരിടുന്ന സമയങ്ങളിൽ ജലലഭ്യത ഉറപ്പാക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ഓരോ പ്രദേശത്തെയും മഴയുടെ ലഭ്യത, പ്രാദേശികമായ ഭൂപ്രകൃതി എന്നിവ പരിഗണിക്കുകയും സൂക്ഷ്മ നീർത്തടങ്ങളെ (Micro-watersheds) അടിസ്ഥാന യൂണിറ്റായി കണക്കാക്കുകയും ചെയ്താണ് ഈ ബജറ്റ് തയ്യാറാക്കുന്നത്. ഇതിലൂടെ ഏത് കാലയളവിലാണ് ജലദൗർലഭ്യം അനുഭവപ്പെടുക എന്നും എപ്പോഴാണ് അധിക ജലം ലഭ്യമാവുക എന്നും മുൻകൂട്ടി കണക്കാക്കാൻ സാധിക്കും.

സി.ഡബ്ല്യു.ആർ.ഡി.എം (CWRDM) സാങ്കേതിക സഹായത്തോടെ തയ്യാറാക്കിയ മാർഗ്ഗരേഖ പ്രകാരം ജില്ല, ബ്ലോക്ക്, തദ്ദേശസ്വയംഭരണ തലങ്ങളിൽ രൂപീകരിച്ച സാങ്കേതിക സമിതികളിലൂടെയാണ് വിവരശേഖരണം നടത്തിയത്. ഇടുക്കി ജില്ലയിൽ ഇതിനോടകം ഇടുക്കി, അടിമാലി, കട്ടപ്പന, നെടുങ്കണ്ടം, അഴുത എന്നീ അഞ്ച് ബ്ലോക്കുകളിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജലബജറ്റ് തയ്യാറാക്കി കഴിഞ്ഞു. ദേവികുളം, തൊടുപുഴ, ഇളംദേശം ബ്ലോക്കുകളിൽ ജലബജറ്റ് തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുകയാണ്. ജലബജറ്റ് പൂർത്തിയായ ബ്ലോക്കുകളിൽ അതിനെ ആസ്പദമാക്കിയുള്ള പ്രായോഗിക പദ്ധതികൾ നടപ്പിലാക്കി വരുന്നത് ജില്ലയുടെ ജലസംരക്ഷണ മേഖലയിൽ വലിയൊരു നാഴികക്കല്ലാണ്.

## ജലമാണ് ജീവൻ - അമീബിക് മസ്തിഷ്ക ജ്വര പ്രതിരോധം (2025)

കേരളത്തിൽ അമീബിക് മസ്തിഷ്ക ജ്വരം (Primary Amoebic Meningoencephalitis) വർദ്ധിക്കുന്ന ഗുരുതര സാഹചര്യം നേരിടുന്നതിനായി ഹരിതകേരളം മിഷൻ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച തീവ്ര ബോധവൽക്കരണ-പ്രതിരോധ ക്യാമ്പയിനാണ് 'ജലമാണ് ജീവൻ'. അശുദ്ധമായ കുളങ്ങളിലും തോടുകളിലും കുളിക്കുന്നവർക്കും കിണർ വെള്ളം ഉപയോഗിക്കുന്നവർക്കും രോഗബാധ റിപ്പോർട്ട് ചെയ്യപ്പെട്ട പശ്ചാത്തലത്തിലാണ് ഈ ക്യാമ്പയിൻ ഊർജിതമാക്കിയത്.

**ക്യാമ്പയിന്റെ ഭാഗമായി ജില്ലയിൽ താഴെ പറയുന്ന പ്രധാന പ്രവർത്തനങ്ങൾ നടപ്പിലാക്കി:**

- ബോധവൽക്കരണം: സ്കൂളുകൾ കേന്ദ്രീകരിച്ച് വിദ്യാർത്ഥികൾക്കിടയിലും, മുഴുവൻ വീടുകളിലും സ്ഥാപനങ്ങളിലും എത്തുന്ന തരത്തിൽ വിപുലമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി.
- ക്ലോറിനേഷൻ: ജലസ്രോതസ്സുകൾ ശുദ്ധീകരിക്കുന്നതിന്റെ ഭാഗമായി ജില്ലയിലാകെ 74,000-ൽ പരം ജലസ്രോതസ്സുകളും 22,000-ത്തോളം വാട്ടർ ടാങ്കുകളും ക്ലോറിനേഷൻ നടത്തി സുരക്ഷിതമാക്കി.



- ജനകീയ പങ്കാളിത്തം: വകുപ്പുകളുടെ ഏകോപനത്തിനൊപ്പം സന്നദ്ധ പ്രവർത്തകരെയും പൊതുജനങ്ങളെയും അണിനിരത്തിക്കൊണ്ടുള്ള പ്രതിരോധ പ്രവർത്തനങ്ങൾ രോഗവ്യാപനം തടയുന്നതിൽ നിർണ്ണായകമായി.

ജലസുരക്ഷ ഉറപ്പാക്കുന്നതിലൂടെ മാരകമായ പകർച്ചവ്യാധികളെ തടയാൻ കഴിയുമെന്ന് ഈ ക്യാമ്പയിൻ തെളിയിച്ചു.

## പൂർണമായി വിജയിക്കാതെ പോയ ക്യാമ്പയിൻ/ പ്രവർത്തനങ്ങൾ

ഹരിതകേരളം മിഷൻ ഇടുക്കി ജില്ലയിൽ കഴിഞ്ഞ വർഷങ്ങളിൽ നടപ്പിലാക്കിയ ക്യാമ്പയിനുകളും പ്രവർത്തനങ്ങളും വൻ ജനകീയ പങ്കാളിത്തത്തോടെ വിജയകരമായി പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ, എല്ലാ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളും വിഭാവനം ചെയ്ത പൂർണ്ണതയിൽ എത്തിച്ചേരുക എന്നത് അത്ര എളുപ്പമല്ല. ഭൗമശാസ്ത്രപരമായ പ്രത്യേകതകൾ, കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന അപ്രതീക്ഷിത തടസ്സങ്ങൾ, സാങ്കേതികമായ പരിമിതികൾ, തുടർച്ചയായ പരിപാലനത്തിന്റെ അഭാവം എന്നിവ ചില പദ്ധതികളുടെ വിജയത്തെ ഭാഗികമായി ബാധിച്ചിട്ടുണ്ട്. പൂർണ്ണമായി വിജയിച്ച ക്യാമ്പയിനുകളെ പോലെ തന്നെ പ്രധാനമാണ് ലക്ഷ്യസ്ഥാനത്ത് പ്രയാസപ്പെട്ടവയും. പരാജയങ്ങളേക്കാൾ ഉപരി, ഭാവിയിൽ കൂടുതൽ കരുത്തുറ്റ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുള്ള പാഠങ്ങളായാണ് മിഷൻ ഇതിനെ കാണുന്നത്. അത്തരത്തിൽ ജില്ലയിൽ പൂർണ്ണമായ ഫലം കാണാൻ സാധിക്കാത്തതോ അല്ലെങ്കിൽ തുടർച്ച ഉറപ്പാക്കുന്നതിൽ വെല്ലുവിളികൾ നേരിടുന്നതോ ആയ ചില ക്യാമ്പയിനുകളെയും അവയുടെ കാരണങ്ങളെയും നമുക്ക് താഴെ പരിശോധിക്കാം.

## തരിശ് രഹിത ഗ്രാമം

ഇടുക്കി ജില്ലയെ സമ്പൂർണ്ണ തരിശ് രഹിതമാക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്ത ഈ ക്യാമ്പയിൻ, പ്രായോഗിക തലത്തിൽ പൂർണ്ണമായി വിജയിപ്പിക്കാൻ കഴിയാതെ പോയ ഒന്നാണ്. ജില്ലയുടെ സങ്കീർണ്ണമായ ഭൂപ്രകൃതിയും സാമൂഹിക സാഹചര്യങ്ങളും ഈ പദ്ധതിക്ക് വലിയ വെല്ലുവിളികൾ ഉയർത്തി. ചരിവ് കൂടിയ പ്രദേശങ്ങളിൽ മണ്ണൊലിപ്പ് രൂക്ഷമാകുന്നതും മണ്ണിന്റെ ഘടനയിൽ വരുന്ന മാറ്റങ്ങളും കർഷകരെ കൃഷിയിൽ നിന്ന് അകറ്റി. ഇതിനു പുറമെ ആന, കാട്ടുപോത്ത്, പന്നി, കുരങ്ങ് തുടങ്ങിയ വന്യജീവികൾ കൃഷി വ്യാപകമായി നശിപ്പിക്കുന്നത് കൃഷി

ലാഭകരമല്ലെന്ന ചിന്താഗതി ജനങ്ങളിൽ ഉറപ്പിക്കാൻ കാരണമായി. പലയിടങ്ങളിലും ഭൂവുടമകൾ പ്രദേശത്ത് ഇല്ലാത്തതും, സ്ഥലമുള്ളവർ തന്നെ കൃഷി ചെയ്യാൻ താല്പര്യം കാണിക്കാത്തതും പദ്ധതിയുടെ പരാജയത്തിന് ആക്കം കൂട്ടി. ആവശ്യമായ ജലസേചന സൗകര്യങ്ങൾ ഒരുക്കുന്നതിലെ പോരായ്മകളും ആവർത്തിച്ചുണ്ടാകുന്ന പ്രളയവും വരൾച്ചയും കർഷകരെ കൃഷിയിൽ നിന്ന് പിന്തിരിപ്പിച്ചു. ഇത്തരം പ്രതിസന്ധികൾ നിലനിൽക്കുന്നതിനാൽ തരിശിടങ്ങൾ വീണ്ടെടുക്കുക എന്ന ലക്ഷ്യം ജില്ലയിൽ പൂർണ്ണമായി യാഥാർത്ഥ്യമാക്കാൻ സാധിച്ചില്ല.

## ഹരിത സമൃദ്ധി വാർഡ്

ഓരോ വാർഡിലും ഭക്ഷ്യസ്വയംപര്യാപ്തത ലക്ഷ്യമിട്ട് ആവിഷ്കരിച്ച 'ഹരിത സമൃദ്ധി വാർഡ്' എന്ന ആശയം ജില്ലയിൽ വിഭാവനം ചെയ്ത രീതിയിൽ വിജയിപ്പിക്കാൻ സാധിച്ചില്ല. പദ്ധതിയുടെ പ്രാധാന്യം ഉൾക്കൊള്ളുന്നതിൽ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാണിച്ച താല്പര്യക്കുറവും വിവിധ സർക്കാർ വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മയും ഇതിന് പ്രധാന തടസ്സമായി. ഇതിനുപുറമെ, ജനങ്ങളുടെ വ്യക്തിപരമായ താല്പര്യക്കുറവും കൃഷിപ്പണികളോട് പുതുതലമുറയ്ക്കുള്ള വിമുഖതയും പദ്ധതിയുടെ മുന്നോട്ടുള്ള പോക്കിനെ ബാധിച്ചു. ഇടുക്കിയുടെ പ്രത്യേക സാഹചര്യത്തിൽ കുരുമുളക്, ഏലം തുടങ്ങിയ നാണ്യവിളകൾ മികച്ച ആദായവും സ്ഥിരവരുമാനവും നൽകുന്നതിനാൽ, ഭക്ഷ്യവിളകളിലേക്ക് കൃഷി വ്യാപിപ്പിക്കാൻ കർഷകർ സന്നദ്ധരായില്ല. ലാഭകരമായ നാണ്യവിള കൃഷിയിൽ കേന്ദ്രീകരിക്കുന്ന കർഷകരെ ഭക്ഷ്യവിള കൃഷിയിലേക്ക് ആകർഷിക്കുന്നതിലുണ്ടായ പരാജയം ഹരിത സമൃദ്ധി വാർഡ് എന്ന ലക്ഷ്യം പൂർണ്ണതയിലെത്തിക്കുന്നതിൽ വലിയ വെല്ലുവിളിയായി മാറി.

## തെങ്ങിന് തടം മണ്ണിന് ജലം

ജലസംരക്ഷണത്തിന്റെയും മണ്ണിന്റെ സ്വാഭാവികത വീണ്ടെടുക്കുന്നതിന്റെയും മികച്ച മാതൃകയായി വിഭാവനം ചെയ്ത 'തെങ്ങിന് തടം മണ്ണിന് ജലം' എന്ന ക്യാമ്പയിൻ ഇടുക്കി ജില്ലയിൽ ലക്ഷ്യമിട്ട വിജയം കൈവരിച്ചില്ല. ജില്ലയിലെ ഭൂരിഭാഗം കർഷകരും തെങ്ങ് കൃഷിയെ കാര്യമായി ആശ്രയിക്കുന്നില്ല എന്നതും ഇടുക്കിയുടെ പാരിസ്ഥിതിക അവസ്ഥ തെങ്ങ് കൃഷിക്ക് പൊതുവെ അനുകൂലമല്ല എന്നതും ഈ പദ്ധതിക്ക് വലിയ തിരിച്ചടിയായി. ചെങ്കുത്തായ മലനിരകൾ നിറഞ്ഞ തോട്ടം മേഖലയിൽ തെങ്ങ് കൃഷി ചെയ്യുന്നതും തടമെടുക്കുന്നതും പ്രായോഗികമല്ല എന്ന തിരിച്ചറിവ് ഈ ക്യാമ്പയിന്റെ പ്രസക്തി ജില്ലയിൽ കുറച്ചു. കൂടാതെ, വിവിധ സർക്കാർ വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മയും പദ്ധതിയെ പ്രതികൂലമായി ബാധിച്ചു. ജലസംരക്ഷണത്തിന്റെ ഈ മാതൃകയിലൂടെ മണ്ണിന്റെ ഫലഭൂയിഷ്ഠത നിലനിർത്താം എന്ന ലക്ഷ്യം ജനങ്ങളിലേക്ക് കൃത്യമായി എത്തിക്കുന്നതിലും അവരെ ബോധ്യപ്പെടുത്തുന്നതിലും ഉണ്ടായ പോരായ്മകൾ ഈ ക്യാമ്പയിന്റെ വിജയത്തിന് തടസ്സമായി

## വഴികാട്ടാൻ വാഗമൺ

വാഗമണ്ണിന്റെ പ്രകൃതിഭംഗി സംരക്ഷിച്ചുകൊണ്ട് ഒരു ഹരിത ടൂറിസം സംസ്കാരം വളർത്തിയെടുക്കാൻ ലക്ഷ്യമിട്ട 'വഴികാട്ടാൻ വാഗമൺ' പദ്ധതി പല കാരണങ്ങളാൽ ലക്ഷ്യസ്ഥാനത്ത് എത്തിയില്ല. ഹരിത ചെക്ക്പോസ്റ്റുകളുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ച ഹരിത ഇടനാഴി എന്ന ആശയം നടപ്പിലാക്കുന്നതിൽ ഭരണപരമായ വീഴ്ചകളും സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കാൻ കഴിയാത്തതും വലിയ തടസ്സമായി. അടിസ്ഥാന സൗകര്യങ്ങളായ വിശ്രമമുറികൾ, ശുദ്ധജല ലഭ്യത, സഞ്ചാരികൾക്ക് ഒത്തുകൂടാനുള്ള സൗകര്യങ്ങൾ എന്നിവയുടെ കുറവ് ഹരിത ചെക്ക്പോസ്റ്റുകളോട് പൊതുജനങ്ങൾക്ക് വിമുഖതയുണ്ടാക്കാൻ കാരണമായി. ഇതിനുപുറമെ, പ്രാദേശികമായ രാഷ്ട്രീയ എതിർപ്പുകളും അനാവശ്യ ഇടപെടലുകളും ചെക്ക്പോസ്റ്റുകളുടെ സുഗമമായ പ്രവർത്തനത്തെ സാരമായി ബാധിച്ചു. മാലിന്യ പരിപാലനത്തിനായി നിയോഗിച്ച പ്രത്യേക ഹരിതകർമ്മസേന അംഗങ്ങൾ കൃത്യമായി ജോലി നിർവ്വഹിക്കാത്തത് കൂടി ആയപ്പോൾ പദ്ധതിയുടെ അന്തഃസത്ത തന്നെ നഷ്ടമാവുകയും അത് നിലയ്ക്കുന്ന സാഹചര്യമുണ്ടാവുകയും ചെയ്തു.

# ഹരിതകേരളം മിഷനിലൂടെ സാധ്യമായ തദ്ദേശ സ്വയംഭരണ സ്ഥാപന ശാക്തീകരണം

അധികാരവികേന്ദ്രീകരണത്തിലൂടെയും വികേന്ദ്രീകൃതാസൂത്രണത്തിലൂടെയും വലിയ വികസന മുന്നേറ്റം നടത്തിയവയാണ് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ. പ്രാദേശികമായ പ്രശ്നങ്ങളെ വലിയ ജനപങ്കാളിത്തത്തോടെ പ്രാദേശികമായി തന്നെ പരിഹരിച്ചു പോന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പരിസ്ഥിതി സംരക്ഷണ മേഖലയിൽ വലിയ വെല്ലുവിളികളാണ് നേരിടേണ്ടി വന്നിരുന്നത്. ഈ മേഖലയിലെ വികസന വിടവുകൾ പരിഹരിക്കാനായി 2016-ൽ സർക്കാർ രൂപീകരിച്ച ഹരിതകേരളം മിഷൻ ശ്രമമാരംഭിച്ചു. മാലിന്യ സംസ്കരണം, ജലസംരക്ഷണം, കൃഷി പരിസ്ഥിതി പുനസ്ഥാപനം എന്നീ മേഖലകളിൽ കഴിഞ്ഞ ഒരു പതിറ്റാണ്ടോളം കാലം തദ്ദേശസ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിനായി മിഷൻ ഒരുക്കിയ വിവിധ പിന്തുണാ സംവിധാനങ്ങളെക്കുറിച്ചും അവയുണ്ടാക്കിയ ചലനങ്ങളെക്കുറിച്ചുമാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്.

## ഇടുക്കിയുടെ ഹരിതവിപ്ലവം: മാലിന്യസംസ്കരണത്തിലെ സജ്ജീകരണങ്ങൾ മുതൽ സാങ്കേതിക പിന്തുണ വരെ

മാലിന്യസംസ്കരണത്തിൽ കൃത്യമായ അവബോധമോ സംവിധാനങ്ങളോ ഇല്ലാതിരുന്ന ഒരവസ്ഥയിൽ നിന്ന്, ശാസ്ത്രീയ സംസ്കരണത്തിന്റെ പാതയിലേക്ക് ജില്ലയെ നയിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിച്ചു. 2016-ൽ ഹരിതകേരളം മിഷന്റെ രൂപീകരണത്തോടെ ലഭിച്ച ദിശാബോധമാണ് തദ്ദേശ ഭരണകൂടങ്ങളുടെ ഈ മുന്നേറ്റത്തിന് അടിത്തറയിട്ടത്. മാലിന്യസംസ്കരണം എന്നത് കേവലമൊരു ശുചീകരണ പ്രക്രിയ എന്നതിലുപരി, അതൊരു സംസ്കാരമായും ജീവിതശൈലിയായും ജനങ്ങളിൽ വളർത്തിയെടുക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്കായി. വ്യക്തിതലം മുതൽ സ്ഥാപനതലം വരെയും, വിനോദസഞ്ചാര കേന്ദ്രങ്ങൾ മുതൽ പൊതുപരിപാടികൾ വരെയും പടർന്നുപന്തലിച്ച ഈ ഹരിതമാറ്റം ഇടുക്കിയുടെ മുഖച്ഛായ തന്നെ മാറ്റിമറിച്ചിരിക്കുന്നു.

2010 വരെയുള്ള കാലഘട്ടത്തിൽ ശാസ്ത്രീയമായ മാലിന്യസംസ്കരണ രീതികളുടെ അഭാവം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വലിയ വെല്ലുവിളിയായിരുന്നു. 'മാലിന്യം എവിടെയെങ്കിലും ഉപേക്ഷിക്കുക' എന്നതായിരുന്നു അന്നത്തെ പൊതുരീതി. എന്നാൽ 2015-ഓടെ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ വർദ്ധനവ് തദ്ദേശ സ്ഥാപനങ്ങളുടെ മുന്നിൽ വലിയൊരു



പാരിസ്ഥിതിക-സാമൂഹിക പ്രതിസന്ധി സൃഷ്ടിച്ചു. മാലിന്യക്കൂമ്പാരങ്ങളും മലിനമായ ജലാശയങ്ങളും തദ്ദേശ ഭരണകൂടങ്ങൾക്ക് തലവേദനയായി.

ഈ നിർണ്ണായക ഘട്ടത്തിലാണ് 2016-ൽ ഹരിതകേരളം മിഷന്റെ ഇടപെടൽ ഉണ്ടാകുന്നത്. ഇത് തദ്ദേശ സ്ഥാപനങ്ങൾക്ക് മാലിന്യപരിപാലനത്തിൽ പുതിയ ദിശാബോധം നൽകി. ഇടുക്കിയുടെ സവിശേഷമായ ഭൂപ്രകൃതി പരിഗണിച്ച്, കേന്ദ്രീകൃത സംവിധാനങ്ങൾക്ക് പകരം വികേന്ദ്രീകൃത മാലിന്യസംസ്കരണ രീതികൾ അവലംബിക്കാൻ തദ്ദേശ ഭരണകൂടങ്ങളെ മിഷൻ പ്രാപ്തമാക്കി. ശാസ്ത്രീയമായ ഈ സമീപനം മാലിന്യപ്രശ്നത്തെ ഫലപ്രദമായി നേരിടാൻ പഞ്ചായത്തുകൾക്ക് കരുത്തേകി.

## ശാസ്ത്രീയ സംവിധാനങ്ങളുടെ രൂപീകരണം

ഹരിതകേരളം മിഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി, ജില്ലയിൽ ശാസ്ത്രീയ മാലിന്യസംസ്കരണത്തിന് ആവശ്യമായ സുശക്തമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി.

- ഹരിതകർമ്മസേന: ജില്ലയിലെ ശാസ്ത്രീയ മാലിന്യ സംസ്കരണത്തിന്റെ നട്ടെല്ലായി ഹരിതകർമ്മസേന മാറി. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിക്കാൻ ഈ സേനയെ സജ്ജമാക്കി.
- ഉറവിട മാലിന്യ സംസ്കരണം: മാലിന്യം ഉറവിടത്തിൽ തന്നെ തരംതിരിച്ച് ശേഖരിക്കുന്ന രീതി നടപ്പിലാക്കി. ഇത് ജനങ്ങളിൽ മാലിന്യ സംസ്ക്കരണത്തിന്റെ ശീലം വളർത്തുന്നതിനും, കൃത്യമായ കലണ്ടർ തയ്യാറാക്കി ഹരിത കർമ്മസേന ഈ മാലിന്യങ്ങൾ ശേഖരിക്കുന്ന രീതിയും നിലവിൽ വന്നു. ഈ സേവനത്തിന് പ്രത്യേക യൂസർഫീ ഈടാക്കാനും തുടങ്ങി.
- മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ (MCF): വാർഡ് തലത്തിലും പഞ്ചായത്ത് തലത്തിലും ശേഖരിക്കുന്ന മാലിന്യങ്ങൾ തരംതിരിക്കാനുള്ള കേന്ദ്രങ്ങൾ സ്ഥാപിച്ചു.
- റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ (RRF): തരംതിരിച്ച മാലിന്യങ്ങൾ പുനരുപയോഗത്തിനായി അയക്കുന്നതിനോ സംസ്കരിക്കുന്നതിനോ മുന്നോടിയായുള്ള വലിയ കേന്ദ്രങ്ങൾ ബ്ലോക്ക് തലത്തിൽ പ്രവർത്തനക്ഷമമാക്കി.

ഹരിതകർമ്മസേനാംഗങ്ങൾക്ക് യൂണിഫോം, സുരക്ഷാ ഉപകരണങ്ങൾ, ശേഖരണത്തിനുള്ള വാഹനങ്ങൾ എന്നിവ നൽകിയതോടെ ഈ മേഖലയ്ക്ക് ശാസ്ത്രീയതയും സ്വീകാര്യതയും ലഭിച്ചു. ഇത് പൊതുജനങ്ങളിൽ വിശ്വാസ്യത വർദ്ധിപ്പിക്കാനും കൂടുതൽ പേരെ ഈ പ്രക്രിയയുടെ ഭാഗമാക്കാനും സഹായിച്ചു.

## 'വലിച്ചെറിയരുത് കത്തിക്കരുത്': ബോധവൽക്കരണവും ക്യാമ്പയിനുകളും

അശാസ്ത്രീയമായ മാലിന്യ നിർമ്മാർജ്ജന ശീലങ്ങളെ മാറ്റിയെടുക്കാൻ വിപുലമായ പ്രചാരണ പ്രവർത്തനങ്ങളാണ് ജില്ലയിൽ നടന്നത്. "വലിച്ചെറിയരുത് കത്തിക്കരുത്", "എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം", "മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം", "മാലിന്യമുക്തം നവകേരളം" തുടങ്ങിയ ക്യാമ്പയിനുകൾ ജനമനസ്സുകളിൽ വലിയ സ്വാധീനം ചെലുത്തി.

പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നതും കത്തിക്കുന്നതും വലിയ ദൂഷ്യഫലങ്ങൾ ഉണ്ടാക്കുമെന്ന തിരിച്ചറിവ് ഇതോടെ ജനങ്ങൾക്കുണ്ടായി. ഇതിന്റെ ഫലമായി റോഡരികുകളിലും പുഴയോരങ്ങളിലും മാലിന്യം നിക്ഷേപിക്കുന്ന പ്രവണത ഗണ്യമായി കുറഞ്ഞു. ഹരിത മിത്രം സ്മാർട്ട് ഗാർബേജ് ആപ്പ് പോലുള്ള സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുകൊണ്ട് മാലിന്യ ശേഖരണം ഡിജിറ്റലൈസ് ചെയ്തത് പ്രവർത്തനങ്ങളിൽ സുതാര്യതയും കൃത്യതയും ഉറപ്പാക്കി.

## ജൈവമാലിന്യ സംസ്കരണവും ഉറവിട ശുചിത്വവും

അജൈവ മാലിന്യങ്ങൾക്കൊപ്പം തന്നെ ജൈവമാലിന്യ സംസ്കരണത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാതൃകാപരമായ മുന്നേറ്റമാണ് നടത്തിയത്. മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുക എന്ന നയം പ്രാവർത്തികമാക്കാൻ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും സാധിച്ചു. ഇതിൻറെ ഭാഗമായി താഴെ പറയുന്ന സംവിധാനങ്ങൾ പ്രചരിപ്പിച്ചു:

1. വീടുകളിൽ: ബയോ ബിന്നുകൾ, കമ്പോസ്റ്റിംഗ് യൂണിറ്റുകൾ, ഹരിത കിറ്റുകൾ എന്നിവ വിതരണം ചെയ്തു. ഗാർഹിക ബയോഗ്യാസ് യൂണിറ്റുകൾ പ്രോത്സാഹിപ്പിച്ചു.

2. സ്ഥാപനങ്ങളിൽ: ഓഫീസുകളിലും മറ്റു വലിയ സ്ഥാപനങ്ങളിലും ക്രഡായ് മോഡൽ ബിന്നുകൾ, തുമ്പൂർമുഴി യൂണിറ്റുകൾ എന്നിവ സ്ഥാപിച്ചു.

3. കമ്മ്യൂണിറ്റി തലത്തിൽ: പൊതുവിടങ്ങളിൽ വിൻഡ്രോ കമ്പോസ്റ്റ് യൂണിറ്റുകളും വലിയ തുമ്പൂർമുഴി യൂണിറ്റുകളും സ്ഥാപിച്ച് ജൈവമാലിന്യങ്ങൾ വളമാക്കി മാറ്റുന്ന പ്രക്രിയ ഊർജ്ജിതമാക്കി.







## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ: ഭരണപരമായ സമീപനത്തിലെ മാറ്റം

മുൻകാലങ്ങളിൽ മാലിന്യസംസ്കരണം എന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അജണ്ടയിലെ ഒരു പ്രധാന വിഷയമായിരുന്നില്ല. എവിടെയെങ്കിലും കുന്നുകൂടുന്ന മാലിന്യങ്ങൾ വല്ലപ്പോഴും നീക്കം ചെയ്യുക എന്നതിനപ്പുറം ശാസ്ത്രീയമായ ഒരു സമീപനം പഞ്ചായത്തുകൾക്കോ നഗരസഭകൾക്കോ ഉണ്ടായിരുന്നില്ല. എന്നാൽ ഹരിതകേരളം മിഷന്റെ വരവോടെ ഈ രീതിക്ക് വലിയ മാറ്റമുണ്ടായി.

- പ്രത്യേക കർമ്മപദ്ധതികൾ: ഓരോ തദ്ദേശ സ്ഥാപനവും വാർഷിക ബജറ്റിൽ മാലിന്യസംസ്കരണത്തിന് കൃത്യമായ വിഹിതം മാറ്റിവെച്ചു തുടങ്ങി.
- ഹരിത സഹായ സ്ഥാപനങ്ങൾ: പ്രത്യേക വയബിലിറ്റി ഗ്യാപ് ഫണ്ട് ഉറപ്പാക്കി മാലിന്യസംസ്കരണത്തിന് സാങ്കേതിക സഹായം നൽകുന്ന ഏജൻസികളെ (ഹരിത സഹായസ്ഥാപനങ്ങൾ) ഉപയോഗപ്പെടുത്തി പ്രവർത്തനം കാര്യക്ഷമമാക്കി.
- ഏകോപനം: പഞ്ചായത്ത് ഭരണസമിതിയും ഉദ്യോഗസ്ഥരും ഹരിതകർമ്മസേനയും ഒരുമിച്ച് പ്രവർത്തിക്കുന്ന ഒരു സംവിധാനം ജില്ലയിലുടനീളം നിലവിൽ വന്നു. മാലിന്യം ശേഖരിക്കുക മാത്രമല്ല, അത് തരംതിരിച്ച് നീക്കം ചെയ്യുന്നത് വരെയുള്ള എല്ലാ ഘട്ടങ്ങളിലും ഭരണപരമായ മേൽനോട്ടം ഉറപ്പാക്കി.

## പൊതുബോധത്തിലെ മാറ്റവും ഹരിത നിയമബോധവൽക്കരണവും

മാലിന്യസംസ്കരണം എന്നത് വീടിനുള്ളിൽ മാത്രം ഒതുങ്ങേണ്ടതല്ല എന്ന വലിയ തിരിച്ചറിവ് ഇടുക്കിയിലെ ജനങ്ങളിൽ ഉണ്ടായതാണ് ഈ മാറ്റത്തിന് പിന്നിലെ പ്രധാന കാരണം.

1. വലിച്ചെറിയൽ ശീലത്തിൽ വന്ന മാറ്റം: കവലകളിലും തോടുകളിലും പ്ലാസ്റ്റിക് കവറുകൾ വലിച്ചെറിയുന്നത് ഒരു സാമൂഹിക വിരുദ്ധമായ പ്രവൃത്തിയാണെന്ന ചിന്താഗതി ജനങ്ങളിൽ വേരോടി.





2. തരംതിരിക്കൽ ശീലം: ജൈവ മാലിന്യവും അജൈവ മാലിന്യവും വെവ്വേറെ സൂക്ഷിക്കുകയും അജൈവ മാലിന്യം വൃത്തിയാക്കി ഹരിതകർമ്മസേനയ്ക്ക് കൈമാറുകയും ചെയ്യുന്ന ശീലം ജില്ലയിലെ ഭൂരിഭാഗം വീടുകളിലും ഇന്ന് നിലവിലുണ്ട്.
3. നിയമപരമായ ജാഗ്രത: മാലിന്യം കത്തിക്കുന്നതും വലിച്ചെറിയുന്നതും ശിക്ഷാർഹമാണെന്ന ഹരിത നിയമബോധവൽക്കരണം കാര്യക്ഷമമായി നടന്നു. വാട്സ്ആപ്പ് നമ്പറുകളിലൂടെയും മറ്റും ജനങ്ങൾ തന്നെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യാൻ തുടങ്ങിയത് ഈ രംഗത്തെ പൊതുജന പങ്കാളിത്തത്തിന് തെളിവാണ്.

## പൊതുസ്ഥലങ്ങളിലെ കാഴ്ചയിൽ വന്ന മാറ്റം

ഒരു പതിറ്റാണ്ട് മുമ്പ് ഇടുക്കിയിലെ ടൗണുകളിലും വിനോദസഞ്ചാര കേന്ദ്രങ്ങളിലും പതിവ് കാഴ്ചയായിരുന്ന മാലിന്യക്കൂമ്പാരങ്ങളെ (Black Spots) നീക്കം ചെയ്ത്, പൊതുയിടങ്ങളുടെ മുഖച്ഛായ മാറ്റാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിച്ചു.

- മാലിന്യത്തുരുത്തുകളിൽ നിന്നും പൂന്തോട്ടങ്ങളിലേക്ക്: മാലിന്യം കുന്നുകൂടിയിരുന്ന പല പൊതുസ്ഥലങ്ങളും ഇന്ന് വൃത്തിയാക്കി പൂന്തോട്ടങ്ങളായോ വിശ്രമ കേന്ദ്രങ്ങളായോ മാറ്റിയിരിക്കുന്നു.
- ബോട്ടിൽ ബൂത്തുകളും ബിന്നുകളും: ടൗണുകളിൽ അലക്ഷ്യമായി പ്ലാസ്റ്റിക് കുപ്പികൾ, കവറുകൾ കിടക്കുന്നത് ഒഴിവാക്കാൻ തദ്ദേശ സ്ഥാപനങ്ങൾ വ്യാപകമായി ബോട്ടിൽ ബൂത്തുകളും ബിന്നുകളും സ്ഥാപിച്ചു.
- വൃത്തിയുള്ള പാതയോരങ്ങൾ: 'മാലിന്യമുക്തം നവകേരളം' ക്യാമ്പയിന്റെ ഭാഗമായി നടന്ന ശുചീകരണ പ്രവർത്തനങ്ങളിലൂടെ ജില്ലയിലെ പ്രധാന റോഡുകളും നടപ്പാതകളും മാലിന്യമുക്തമാക്കി. ഇത് ഇടുക്കിയെത്തുന്ന സഞ്ചാരികൾക്ക് ജില്ലയെക്കുറിച്ച് മികച്ച മതിപ്പുണ്ടാക്കാൻ സഹായിച്ചു.

### ഹരിത പെരുമാറ്റച്ചട്ടവും (Green Protocol) പൊതുപരിപാടികളും

ഇടുക്കിയിലെ ഉത്സവങ്ങൾ, പെരുന്നാളുകൾ, വിവാഹങ്ങൾ തുടങ്ങിയ പൊതുപരിപാടികളിൽ ഹരിത പെരുമാറ്റച്ചട്ടം നിർബന്ധമാക്കിയത് വലിയൊരു മാറ്റമായിരുന്നു. ഡിസ്പോസിബിൾ പാത്രങ്ങൾക്കും പ്ലാസ്റ്റിക് അലങ്കാരങ്ങൾക്കും പകരം പുനരുപയോഗിക്കാൻ കഴിയുന്ന വസ്തുക്കൾ ഉപയോഗിക്കാൻ മിഷൻ പ്രോത്സാഹനം നൽകി.

ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്ന ആരാധനാലയങ്ങൾക്കും സ്ഥാപനങ്ങൾക്കും ജില്ലാ മിഷൻ പ്രത്യേക അംഗീകാരങ്ങൾ നൽകിയത് ഈ രംഗത്തെ മത്സരബുദ്ധിയോടെയുള്ള പ്രവർത്തനങ്ങൾക്ക് വഴിവെച്ചു. കലാലയങ്ങൾ, ഗ്രന്ഥശാലകൾ, വിദ്യാലയങ്ങൾ എന്നിവയിൽ ഹരിത ഓഡിറ്റിംഗ് നടത്തി അവയ്ക്ക് 'ഹരിത പദവി' നൽകുന്ന രീതിയും നിലവിൽ വന്നു.

### നിയമനടപടികളും കർശനമായ ഇടപെടലുകളും

ബോധവൽക്കരണത്തിനൊപ്പം തന്നെ നിയമപാലനവും കർശനമാക്കാൻ വിവിധ ഇടപെടലുകളിലൂടെ സാധിച്ചു. മുൻകാലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നടപടിയെടുക്കാൻ തദ്ദേശ സ്ഥാപനങ്ങൾ വിമുഖത കാട്ടിയിരുന്നു. എന്നാൽ പുതിയ സംവിധാനത്തിൽ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യാൻ പ്രത്യേക വാട്സ്ആപ്പ് നമ്പറുകൾ നിലവിൽ വന്നു. ഹരിത നിയമങ്ങൾ സംബന്ധിച്ച ലഘുപുസ്തകങ്ങൾ പുറത്തിറക്കി നിയമബോധവൽക്കരണം എല്ലാ തലങ്ങളിലും എത്തിച്ചു.

സ്ഥിരമായി മാലിന്യനിക്ഷേപം നടക്കുന്നയിടങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചു. ഗുരുതരമായ നിയമലംഘനങ്ങൾ കണ്ടെത്തുന്നതിന് ജില്ലാതലത്തിൽ പ്രത്യേക പരിശോധനാ സ്ക്വാഡുകൾ രൂപീകരിച്ചു. പൊതുസ്ഥലങ്ങളിൽ മാലിന്യം തള്ളുന്നവർക്കെതിരെ ഭീമമായ പിഴ ചുമത്തുന്നതടക്കമുള്ള കർശനമായ നടപടികൾ സ്വീകരിക്കുകയും ചെയ്തതോടെ "ശിക്ഷാഭയം" ജനങ്ങളെ നിയമവിധേയമായി മാലിന്യം കൈകാര്യം ചെയ്യാൻ പ്രേരിപ്പിച്ചു. കൂടാതെ, പഞ്ചായത്ത് സേവനങ്ങൾ ലഭിക്കുന്നതിന് ഹരിതകർമ്മസേനയുടെ 'ഗ്രീൻ കാർഡ്' (മാലിന്യം നൽകുന്നുണ്ടെന്ന രേഖ) നിർബന്ധമാക്കിയത് ഈ രംഗത്തെ വലിയൊരു വിപ്ലവമായിരുന്നു.



### ഇടുക്കിയുടെ ടൂറിസം മേഖലയിലെ മാറ്റം

ഇടുക്കിയുടെ സാമ്പത്തിക അടിത്തറയായ വിനോദസഞ്ചാര മേഖലയിൽ മാലിന്യപ്രശ്നം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം വലിയൊരു വെല്ലുവിളിയായിരുന്നു. മൂന്നാർ, തേക്കടി, വാഗമൺ തുടങ്ങിയ കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ കുമിഞ്ഞുകൂടിയിരുന്ന കാലമുണ്ടായിരുന്നു. സഞ്ചാരികൾ അലക്ഷ്യമായി വലിച്ചെറിയുന്ന മാലിന്യങ്ങൾ മനോഹരമായ ഈ മലനിരകളുടെ സ്വാഭാവിക ഭംഗി കെടുത്തിയിരുന്നു.

ഹരിതകേരളം മിഷന്റെ ഇടപെടലിലൂടെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ താഴെ പറയുന്ന മാറ്റങ്ങൾ ഉണ്ടായി:

- ഹരിത ടൂറിസം കേന്ദ്രങ്ങൾ: ടൂറിസം കേന്ദ്രങ്ങളെ പ്ലാസ്റ്റിക് വിമുക്ത മേഖലകളായി പ്രഖ്യാപിച്ചു.
- ബോട്ടിൽ ബൂത്തുകൾ: സഞ്ചാരികൾക്ക് പ്ലാസ്റ്റിക് കുപ്പികൾ നിക്ഷേപിക്കാൻ ശാസ്ത്രീയമായ ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചു.
- നിർദ്ദേശക ബോർഡുകൾ: മാലിന്യസംസ്കരണത്തെക്കുറിച്ച് സഞ്ചാരികളെ ബോധവൽക്കരിക്കുന്ന ബോർഡുകൾ എല്ലാ പ്രധാന കേന്ദ്രങ്ങളിലും സ്ഥാപിച്ചു.
- ലെഗസി വേസ്റ്റ് നിർമ്മാർജ്ജനം: മൂന്നാറിലടക്കം വർഷങ്ങളായി കെട്ടിക്കിടന്നിരുന്ന മാലിന്യമലകൾ (Legacy Waste) ശാസ്ത്രീയമായി ബയോ മൈനിങ്ങിലൂടെ നീക്കം ചെയ്തു.

മാലിന്യമെന്നത് ഒരു പ്രശ്നമല്ല, മറിച്ച് അത് കൃത്യമായി പരിപാലിക്കപ്പെടേണ്ട ഒരു വിഭവമാണെന്ന വലിയ സത്യം ഇടുക്കി ഇന്ന് തിരിച്ചറിഞ്ഞിരിക്കുന്നു. ഹരിതകേരളം മിഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് കഴിഞ്ഞ ഒരു പതിറ്റാണ്ടായി തദ്ദേശ ഭരണകൂടങ്ങൾ നടത്തിയ ഇടപെടലുകൾ ഇടുക്കിയുടെ ശുചിത്വബോധത്തിൽ വലിയ മാറ്റം വരുത്തി. വ്യക്തികൾ സ്വന്തം വീടിനുള്ളിലും, സ്ഥാപനങ്ങൾ അവയുടെ പരിസരത്തും, തദ്ദേശ സ്ഥാപനങ്ങൾ പൊതുവിടങ്ങളിലും പുലർത്തുന്ന ജാഗ്രത ഇടുക്കിയെ ലോകത്തിന് തന്നെ മാതൃകയാക്കുന്നു. എങ്കിലും, കൈവരിച്ച നേട്ടങ്ങൾ നിലനിർത്താനും സംസ്കരണ സംവിധാനങ്ങൾ കൂടുതൽ ശാസ്ത്രീയമാക്കാനും തദ്ദേശ സ്ഥാപനങ്ങളുടെയും പൊതുജനങ്ങളുടെയും കൂട്ടായ പ്രവർത്തനം ഇനിയും അനിവാര്യമാണ്. മാലിന്യമുക്തമായ നവകേരളം എന്ന ലക്ഷ്യത്തിലേക്ക് തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഇടുക്കി നടത്തുന്ന മുന്നേറ്റം മാതൃകാപരമാണ്.

### ജലം അമൂല്യമാണ്: ഇടുക്കിയുടെ ജലസുരക്ഷയും ഹരിതകേരളം മിഷന്റെ ഇടപെടലുകളും

ജലസമൃദ്ധമായ ഇടുക്കിയിൽ, ജലസുരക്ഷ ഉറപ്പാക്കുക എന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വലിയ വെല്ലുവിളിയായിരുന്നു. പശ്ചിമഘട്ടത്തിന്റെ ഭാഗമായതിനാൽ മഴ ധാരാളം ലഭിക്കുന്നുണ്ടെങ്കിലും, അത് ശാസ്ത്രീയമായി സംഭരിക്കാനോ വിനിയോഗിക്കാനോ ഉള്ള സംവിധാനങ്ങൾ പ്രാദേശിക തലത്തിൽ ഇല്ലാതിരുന്നത് വേനൽക്കാലത്ത് വരൾച്ച സൃഷ്ടിച്ചു. കൂടാതെ, നഗരവൽക്കരണവും ടൂറിസവും ജലസ്രോതസ്സുകളെ മലിനമാക്കിയത് തദ്ദേശ സ്ഥാപനങ്ങളുടെ ജലവിതരണ പദ്ധതികളെയും പ്രതികൂലമായി ബാധിച്ചിരുന്നു. എന്നാൽ, 2016-ൽ ഹരിതകേരളം മിഷന്റെ പ്രവർത്തനം ആരംഭിച്ചതോടെ തദ്ദേശ സ്ഥാപനങ്ങൾക്ക് ജലസംരക്ഷണത്തിൽ പുതിയ ദിശാബോധം ലഭിച്ചു. ജലം കേവലം ഒരു വിഭവമല്ല, വരുംതലമുറയ്ക്കായി കാത്തുസൂക്ഷിക്കേണ്ട അമൂല്യനിധിയാണെന്ന സന്ദേശം ജനങ്ങളിലെത്തിക്കാനും, തങ്ങളുടെ അധികാരപരിധിയിൽ ജലസുരക്ഷാ മാതൃകകൾ സൃഷ്ടിക്കാനും തദ്ദേശ ഭരണകൂടങ്ങൾക്ക് സാധിച്ചു.

### ജലസ്രോതസ്സുകളുടെ ഇന്നലെകൾ: അവഗണനയുടെയും മലിനീകരണത്തിന്റെയും കാലം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം, ജലസമൃദ്ധമായ ഇടുക്കിയിലെ ജലസ്രോതസ്സുകളുടെ സംരക്ഷണം മുൻകാലങ്ങളിൽ വലിയൊരു കീറാമുട്ടിയായിരുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളിലുൾപ്പെടെ പ്ലാസ്റ്റിക് മാലിന്യങ്ങളും ഗാർഹിക-സ്ഥാപന മാലിന്യങ്ങളും ജലസ്രോതസ്സുകളെ

ശ്വാസംമുട്ടിച്ചപ്പോൾ, ഇതിനെതിരെ ഫലപ്രദമായി ഇടപെടാൻ പ്രാദേശിക ഭരണകൂടങ്ങൾക്ക് പരിമിതികളുണ്ടായിരുന്നു. മൂന്നാറിലെയും കുമളിയിലെയും തൊടുപുഴയിലെയും പ്രധാന ജലസ്രോതസ്സുകൾ മലിനജല വാഹികളായി മാറിയത് ഇതിന് ഉദാഹരണമാണ്. അശാസ്ത്രീയമായ നിർമ്മാണങ്ങളും കയ്യേറ്റങ്ങളും മൂലം സ്വാഭാവിക നീർച്ചാലുകൾ നഷ്ടപ്പെട്ടതും, തോട്ടം മേഖലയിലെ അനിയന്ത്രിത ജലചൂഷണം ഭൂഗർഭജലനിരപ്പ് താഴ്ത്തിയതും തദ്ദേശ സ്ഥാപനങ്ങൾക്ക് വലിയ വെല്ലുവിളിയായി. ചുരുക്കത്തിൽ, ഇത്തരം പാരിസ്ഥിതിക പ്രശ്നങ്ങളെ നേരിടാൻ ആവശ്യമായ കൃത്യമായ മാസ്റ്റർ പ്ലാനുകളോ സാങ്കേതിക പരിജ്ഞാനമോ ലഭ്യമല്ലാതിരുന്നതാണ് ജലസംരക്ഷണ മേഖലയിൽ തദ്ദേശ സ്ഥാപനങ്ങളെ അക്കാലത്ത് പിന്നിലാക്കിയത്.

### പുനരുജ്ജീവനത്തിന്റെ പാതയിൽ: 'ഇനി ഞാൻ ഒഴുകട്ടെ'

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ജലസംരക്ഷണ പ്രവർത്തനങ്ങളുടെ മുഖ്യ പ്രചാരകരായി മാറ്റിക്കൊണ്ടാണ് ഹരിതകേരളം മിഷൻ 'ഇനി ഞാൻ ഒഴുകട്ടെ' എന്ന ബൃഹത്തായ ജനകീയ ക്യാമ്പയിൻ നടപ്പിലാക്കിയത്. തങ്ങളുടെ അധികാരപരിധിയിൽ മലിനമായിക്കിടന്നിരുന്ന ജലസ്രോതസ്സുകൾ വീണ്ടെടുക്കുന്നതിനും സംരക്ഷിക്കുന്നതിനും തദ്ദേശ സ്ഥാപനങ്ങളെ ഈ ക്യാമ്പയിൻ പ്രാപ്തമാക്കി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ സാധ്യതകളെ ജലസംരക്ഷണവുമായി ഫലപ്രദമായി സംയോജിപ്പിക്കാൻ തദ്ദേശ ഭരണകൂടങ്ങൾക്ക് സാധിച്ചു. മൂന്ന് ഘട്ടങ്ങളിലായി നടന്ന ഈ ക്യാമ്പയിനിലൂടെ നീർച്ചാലുകളുടെ ആഴം കൂട്ടാനും സംരക്ഷണഭിത്തികൾ നിർമ്മിക്കാനും തദ്ദേശ സ്ഥാപനങ്ങൾ മുൻകൈയെടുത്തു. ഇതിനുപുറമെ, കിണർ റീചാർജിംഗ്, മഴക്കുഴികൾ, കുളങ്ങളുടെ നവീകരണം, തടയണ നിർമ്മാണം തുടങ്ങിയ ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ ജലസുരക്ഷ ഉറപ്പാക്കാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞു.

### സാങ്കേതിക മുന്നേറ്റം: ജലബജറ്റും മാപ്പത്തോണും

ജലസംരക്ഷണ പ്രവർത്തനങ്ങളെ പരമ്പരാഗത രീതികളിൽ നിന്ന് ശാസ്ത്രീയ തലത്തിലേക്ക് ഉയർത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കിയത് 'ജലബജറ്റ്', 'മാപ്പത്തോൺ' എന്നീ നൂതന പദ്ധതികളാണ്. തങ്ങളുടെ പരിധിയിലുള്ള ജലലഭ്യതയും ആവശ്യകതയും താരതമ്യം ചെയ്ത്, ജലം മിച്ചമാണോ കമ്മിയാണോ എന്ന് ശാസ്ത്രീയമായി വിലയിരുത്താൻ തദ്ദേശ ഭരണകൂടങ്ങൾക്ക്





ഇതിലൂടെ സാധിച്ചു. കട്ടപ്പന, ഇടുക്കി, അടിമാലി, നെടുങ്കണ്ടം ബ്ലോക്കുകളിലെ തദ്ദേശ സ്ഥാപനങ്ങൾ ഈ സംവിധാനം വിജയകരമായി പൂർത്തിയാക്കി തങ്ങളുടെ ജലസുരക്ഷ ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

അതുപോലെ, ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ പശ്ചിമഘട്ട മലനിരകളിൽ മറഞ്ഞുകിടന്ന നീർച്ചാലുകളെപ്പോലും കണ്ടെത്തി രേഖപ്പെടുത്താൻ 39 തദ്ദേശ സ്ഥാപനങ്ങൾക്ക് 'മാപ്പത്തോൺ' പദ്ധതിയിലൂടെ കഴിഞ്ഞു. ജലസ്രോതസ്സുകളുടെ ഈ ഡിജിറ്റൽ രേഖപ്പെടുത്തൽ തദ്ദേശ സ്ഥാപനങ്ങളുടെ ഭാവി വികസന ആസൂത്രണത്തിന് കരുത്തുറ്റ അടിത്തറയാണ് നൽകുന്നത്.

### ജല ഗുണനിലവാര പരിശോധന

ജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ടിരുന്ന സാങ്കേതികവും സാമ്പത്തികവുമായ പരിമിതികൾക്ക് ഈ പദ്ധതി ഒരു ശാശ്വത പരിഹാരമായി. മിഷന്റെ ഇടപെടലിലൂടെ ഹയർസെക്കന്ററി സ്കൂളുകളിൽ സജ്ജമാക്കിയ ജലപരിശോധനാ ലാബുകളെ തദ്ദേശ സ്ഥാപനങ്ങൾ കാര്യക്ഷമമായി വിനിയോഗിച്ചു. സ്വന്തമായി ലാബുകൾ സ്ഥാപിക്കുന്നതിലെ ഭീമമായ ചെലവ് ഒഴിവാക്കി, സ്കൂളുകളിലെ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സേവനം പ്രയോജനപ്പെടുത്തി പൊതുജനങ്ങൾക്ക് സൗജന്യമായി ജലപരിശോധന ലഭ്യമാക്കാൻ പഞ്ചായത്തുകൾക്ക് ഇതിലൂടെ സാധിച്ചു. തദ്ദേശ സ്ഥാപനങ്ങളുടെ പൊതുജനാരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഈ വികേന്ദ്രീകൃത സംവിധാനം വലിയൊരു മുതൽക്കൂട്ടായി മാറി.

### വകുപ്പുകളുടെ ഏകോപനവും മാറ്റത്തിന്റെ ചാലകശക്തിയും

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സാധ്യമായ വകുപ്പുതല ഏകോപനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണ ശേഷി ഗണ്യമായി വർദ്ധിപ്പിച്ചു. തദ്ദേശസ്വയംഭരണ വകുപ്പിനൊപ്പം ജലസേചനം, ഭൂജലം, കൃഷി, വിദ്യാഭ്യാസം, ശുചിത്വ മിഷൻ തുടങ്ങിയ വിവിധ വകുപ്പുകളെ ഒരു കുടക്കീഴിൽ അണിനിരത്താൻ സാധിച്ചത് പഞ്ചായത്തുകൾക്ക് തങ്ങളുടെ വികസന ലക്ഷ്യങ്ങൾ വേഗത്തിൽ കൈവരിക്കാൻ സഹായകമായി. വകുപ്പുകൾ വെവ്വേറെ പ്രവർത്തിക്കുന്നതിന് പകരം തദ്ദേശ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് ഒത്തൊരുമിച്ച് നീങ്ങിയത് പ്രവർത്തനങ്ങൾക്ക് കരുത്തേകി.

ജലസംരക്ഷണ പദ്ധതികളുടെ നിർവ്വഹണ ഘട്ടത്തിൽ തദ്ദേശ സ്ഥാപനങ്ങൾ നേരിട്ടിരുന്ന വെല്ലുവിളികൾ പരിഹരിക്കുന്നതിൽ മിഷന്റെ ജില്ലാ-ബ്ലോക്ക് കോർഡിനേറ്റർമാരുടെ ഇടപെടൽ നിർണ്ണായകമായിരുന്നു. പച്ചത്തുരുത്തുകൾ സ്ഥാപിക്കുന്നതിലോ നീർച്ചാലുകൾ വീണ്ടെടുക്കുന്നതിലോ പ്രാദേശികമായി ഉയർന്നുവന്ന തടസ്സങ്ങളും തർക്കങ്ങളും ചർച്ചകളിലൂടെ പരിഹരിക്കാൻ ഈ സംവിധാനം തദ്ദേശ ഭരണകൂടങ്ങൾക്ക് തുണയായി. പ്രവർത്തനങ്ങളുടെ കൃത്യമായ മോണിറ്ററിംഗ് ഉറപ്പാക്കാനും സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കാനും ഇതിലൂടെ സാധിച്ചു.

നീർത്തട വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കിയതിലൂടെ തദ്ദേശ സ്ഥാപനങ്ങളുടെ ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് വ്യക്തമായ ശാസ്ത്രീയ അടിത്തറ ലഭിച്ചു. അതുവരെ അശാസ്ത്രീയമായി നടന്നിരുന്ന പ്രവർത്തനങ്ങളെ കൃത്യമായ രൂപരേഖയുടെ അടിസ്ഥാനത്തിലേക്ക് മാറ്റാൻ ഇത് സഹായിച്ചു. കൂടാതെ, പ്രത്യേക സാങ്കേതിക സമിതികളുടെ രൂപീകരണം പദ്ധതികളുടെ സാങ്കേതിക കുരുക്കുകൾ അഴിക്കുന്നതിനും നിർമ്മാണ വേഗത വർദ്ധിപ്പിക്കുന്നതിനും പഞ്ചായത്തുകളെ സഹായിച്ചു.

മാലിന്യമുക്തവും ജലസമൃദ്ധവും കൃഷിഭരിതവുമായ ഇടുക്കി എന്ന ലക്ഷ്യത്തിലേക്ക് തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജില്ല അതിവേഗം സഞ്ചരിക്കുകയാണ്. ജലം അമൂല്യമാണെന്നും അത് പാഴാക്കാനുള്ളതല്ലെന്നുമുള്ള തിരിച്ചറിവ് ഓരോ വാർഡിലും എത്തിക്കുന്നതിൽ തദ്ദേശ സ്ഥാപനങ്ങൾ വിജയിച്ചു. വകുപ്പുകളുടെ ഏകോപനവും ജനകീയ പങ്കാളിത്തവും കൈമുതലാക്കിക്കൊണ്ട്, വരുംതലമുറയ്ക്കായി ജലസുരക്ഷ ഉറപ്പാക്കാനും സുസ്ഥിരമായ ഒരു ഭാവി കെട്ടിപ്പടുക്കാനും തദ്ദേശ സ്ഥാപനങ്ങൾ നടത്തുന്ന മുന്നേറ്റം ചരിത്രപരമായ പ്രാധാന്യമുള്ളതാണ്.

## പച്ചപ്പണിഞ്ഞ് നവകേരളം:
## ഇടുക്കിയുടെ കാർഷിക പുനരുജ്ജീവനവും പരിസ്ഥിതി പുനസ്ഥാപനവും

പ്രകൃതിവിഭവങ്ങളാൽ സമ്പന്നമാണെങ്കിലും, സവിശേഷമായ ഭൂപ്രകൃതി സൃഷ്ടിക്കുന്ന വെല്ലുവിളികൾ ഇടുക്കിയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസന പ്രവർത്തനങ്ങളിൽ വലിയ തടസ്സമായിരുന്നു. കാർഷിക മേഖലയും പരിസ്ഥിതിയും പരസ്പരപൂരകങ്ങളായി നിലകൊള്ളുന്ന ജില്ലയിൽ, സമീപകാലത്തുണ്ടായ പ്രതിസന്ധികളെ മറികടക്കാൻ ഹരിതകേരളം മിഷന്റെ ശാസ്ത്രീയമായ ഇടപെടലുകൾ തദ്ദേശ സ്ഥാപനങ്ങൾക്ക് കരുത്തേകി. 'തരിശുരഹിത കൃഷി' മുതൽ ആഗോളതലത്തിൽ ചർച്ച ചെയ്യപ്പെടുന്ന 'നെറ്റ് സീറോ കാർബൺ' വരെയുള്ള നൂതന ആശയങ്ങൾ തദ്ദേശ തലത്തിൽ പ്രാവർത്തികമാക്കാൻ ഇന്ന് ജില്ലയ്ക്ക് കഴിയുന്നുണ്ട്. കേവലം വൃക്ഷത്തൈ നടീൽ എന്നതിനപ്പുറം, കൃഷിയെയും പരിസ്ഥിതിയെയും ജനങ്ങളുടെ ഉപജീവനത്തെയും പരസ്പരം കോർത്തിണക്കി, സുസ്ഥിര വികസനത്തിന്റെ ഒരു ലോകോത്തര മാതൃകയാണ് ഇടുക്കിയിലെ തദ്ദേശ സ്ഥാപനങ്ങൾ ഇന്ന് മുന്നോട്ട് വെക്കുന്നത്.

### പ്രതിസന്ധികളിലൂടെ കടന്നുപോയ ഭൂതകാലം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഇടുക്കിയിലെ കാർഷിക-പരിസ്ഥിതി മേഖലകളുടെ പരിപാലനം ഒരുകാലത്ത് അത്ര ശുഭകരമായിരുന്നില്ല. മുൻകാലങ്ങളിൽ ഈ മേഖല നേരിട്ട പ്രധാന വെല്ലുവിളികളും അവ തദ്ദേശ സ്ഥാപനങ്ങളിൽ സൃഷ്ടിച്ച പ്രതിസന്ധികളും താഴെ പറയുന്നവയാണ്:

#### ജലശോഷണവും കാർഷിക തകർച്ചയും

അനിയന്ത്രിതമായ ഭൂഗർഭ ജലശോഷണം തദ്ദേശ സ്ഥാപനങ്ങളുടെ പരിധിയിലെ കാർഷിക മേഖലയെ സാരമായി ബാധിച്ചിരുന്നു. രൂക്ഷമായ ജലക്ഷാമവും വന്യമൃഗശല്യവും കാരണം കർഷകർ കൃഷി ഉപേക്ഷിക്കാൻ നിർബന്ധിതരായതോടെ, തങ്ങളുടെ അധികാരപരിധിയിൽ ഏക്കറുകണക്കിന് ഭൂമി തരിശായിക്കിടക്കുന്നത് നോക്കിനിൽക്കാനേ തദ്ദേശ ഭരണകൂടങ്ങൾക്ക് കഴിഞ്ഞിരുന്നുള്ളൂ. ഇത് പ്രാദേശിക സാമ്പത്തിക ഭദ്രതയെയും കാര്യമായി ബാധിച്ചു.



### കാലാവസ്ഥാ ആഘാതങ്ങളും സാങ്കേതിക പരിമിതികളും

വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, മണ്ണൊലിപ്പ് തുടങ്ങിയ പ്രകൃതിദുരന്തങ്ങൾ ആവർത്തിച്ചപ്പോൾ, അതിനെ പ്രതിരോധിക്കാനും കർഷകർക്ക് സംരക്ഷണം നൽകാനും തദ്ദേശ സ്ഥാപനങ്ങൾക്ക് കഴിഞ്ഞില്ല. ദുരന്തനിവാരണത്തിനാവശ്യമായ ശാസ്ത്രീയ സംവിധാനങ്ങളുടെയും കാർഷിക യന്ത്രങ്ങളുടെയും അഭാവം പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളെ പിന്നോട്ടടിച്ചു.

### ജൈവവൈവിധ്യ നാശവും സാമൂഹിക പ്രശ്നങ്ങളും

വനത്തിനുള്ളിലെ പ്ലാന്റേഷനുകളും അധിനിവേശ സസ്യങ്ങളുടെ വ്യാപനവും തദ്ദേശീയ ജൈവവൈവിധ്യത്തെ നശിപ്പിച്ചത് പ്രാദേശിക പരിസ്ഥിതി സന്തുലനം തകർത്തു. ഇത് വന്യമൃഗശല്യം രൂക്ഷമാക്കാനും മലയോര മേഖലയിലെ ജനജീവിതം ദുസ്സഹമാക്കാനും കാരണമായി. ഈ സാമൂഹിക-പാരിസ്ഥിതിക പ്രശ്നം പരിഹരിക്കുക എന്നത് തദ്ദേശ സ്ഥാപനങ്ങൾക്ക് വലിയ വെല്ലുവിളിയായിരുന്നു.

### തുടർച്ചയില്ലാത്ത പരിസ്ഥിതി പ്രവർത്തനങ്ങൾ

പരിസ്ഥിതി സംരക്ഷണം എന്നത് ജൂൺ 5-ലെ പരിസ്ഥിതി ദിനാചരണത്തിൽ മാത്രമായി ഒതുങ്ങിപ്പോയതായിരുന്നു മറ്റൊരു പ്രധാന പോരായ്മ. സർക്കാർ നിർദ്ദേശപ്രകാരം തദ്ദേശ സ്ഥാപനങ്ങൾ തൈകൾ നട്ടുപിടിപ്പിച്ചിരുന്നെങ്കിലും, അവയുടെ തുടർപരിപാലനം ഉറപ്പാക്കാനോ സുസ്ഥിരത പരിശോധിക്കാനോ ഉള്ള സംവിധാനങ്ങൾ അന്ന് നിലവിലുണ്ടായിരുന്നില്ല. അതുകൊണ്ട് തന്നെ ഇത്തരം പദ്ധതികൾ പലപ്പോഴും ഫലപ്രാപ്തിയിലെത്തിയില്ല.

### ഹരിതകേരളം മിഷന്റെ ഇടപെടലുകൾ: മാറ്റത്തിന്റെ തുടക്കം

കാർഷിക-പരിസ്ഥിതി മേഖലകളിലെ നിശ്ചലാവസ്ഥ മാറ്റാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കരുത്തായത് ഹരിതകേരളം മിഷന്റെ ഇടപെടലുകളാണ്. ജനകീയ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് പരിസ്ഥിതി സംരക്ഷണം തങ്ങളുടെ മുഖ്യ അജണ്ടയായി മാറ്റാനും, അത് പ്രാദേശിക വികസനത്തിന്റെ ഭാഗമാക്കാനും തദ്ദേശ ഭരണകൂടങ്ങൾക്ക് ഇതിലൂടെ സാധിച്ചു.

### തരിശുരഹിത ഗ്രാമവും പ്രാദേശിക ഭക്ഷ്യസുരക്ഷയും

തങ്ങളുടെ അതിർത്തിക്കുള്ളിലെ കൃഷിയോഗ്യമായ തരിശുഭൂമികൾ മുഴുവൻ കണ്ടെത്തി അവിടെ കൃഷിയിറക്കാൻ 'തരിശുരഹിത ഗ്രാമം' പദ്ധതിയിലൂടെ പഞ്ചായത്തുകൾക്ക് സാധിച്ചു. കാർഷിക മേഖലയിലെ ഈ ഇടപെടലിനൊപ്പം തന്നെ, 'ഹരിതസമൃദ്ധി വാർഡ്' ക്യാമ്പയിനിലൂടെ ഓരോ വീടുകളിലും പച്ചക്കറി ഉൽപ്പാദനം പ്രോത്സാഹിപ്പിക്കാനും തദ്ദേശ സ്ഥാപനങ്ങൾ മുൻകൈയെടുത്തു. വാർഡ് തലത്തിൽ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിൽ ഈ നടപടി നിർണ്ണായകമായ മാറ്റമാണ് ജില്ലയിൽ സൃഷ്ടിച്ചത്.

### പച്ചത്തുരുത്തുകൾ: വനവൽക്കരണത്തിൽ തദ്ദേശീയ മാതൃക

പരിസ്ഥിതി ദിനങ്ങളിലെ കേവലമായ തൈ നടീലിനപ്പുറം, ശാസ്ത്രീയമായ വനവൽക്കരണത്തിലേക്ക് മാറാൻ തദ്ദേശ സ്ഥാപനങ്ങളെ സഹായിച്ചത് 'പച്ചത്തുരുത്ത്' പദ്ധതിയാണ്. തൈകൾ നടുന്നതിനും പരിപാലിക്കുന്നതിനും സാങ്കേതിക സമിതികളുടെ സഹായം തേടാനും, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ ഫലപ്രദമായി വിനിയോഗിക്കാനും പഞ്ചായത്തുകൾക്ക് കഴിഞ്ഞു. തദ്ദേശ സ്ഥാപനങ്ങളുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ നിർമ്മിക്കപ്പെട്ട ഈ പച്ചത്തുരുത്തുകൾ ഇന്ന് ജില്ലയിലുടനീളം ചെറുകാടുകളായി വളർന്നു പന്തലിച്ചു നിൽക്കുന്നു.

### തണ്ണീർത്തട സംരക്ഷണവും നെൽകൃഷി പുനസ്ഥാപനവും

ജില്ലയിലെ തണ്ണീർത്തടങ്ങൾ സംരക്ഷിക്കുന്നതിലും നെൽകൃഷി തിരികെ കൊണ്ടുവരുന്നതിലും ഹരിതകേരളം മിഷന്റെ സഹായത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തിയ ഇടപെടലുകൾ എടുത്തു പറയേണ്ടതാണ്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് തദ്ദേശ സ്ഥാപനങ്ങൾ നടത്തിയ ചിട്ടയായ പ്രവർത്തനത്തിലൂടെ കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ ജില്ലയിൽ 55 ഏക്കറോളം തണ്ണീർത്തടങ്ങൾ വീണ്ടെടുക്കാൻ സാധിച്ചു.

അടിമാലി ഗ്രാമപഞ്ചായത്തിലെ കൊരങ്ങാട്ടി പാടശേഖരത്തിൽ നെൽകൃഷി പുനസ്ഥാപിക്കുന്നതിനായി ജലസേചന വകുപ്പിലൂടെ രണ്ട് കോടി രൂപയുടെ പ്രത്യേക ജലസേചനപദ്ധതി നടപ്പിലാക്കിയത് ഇടുക്കിയിലെ കാർഷിക മേഖലയ്ക്ക് വലിയ ആത്മവിശ്വാസം നൽകി. അടിമാലിയുടെ മലയോര മേഖലയായ കട്ടമുടി ട്രൈബൽ സെറ്റിൽമെന്റിൽ മാത്രം വലിയ ജനകീയ പങ്കാളിത്തത്തോടെ 25 ഏക്കർ നെൽകൃഷി നാലു പതിറ്റാണ്ടിനിപ്പുറം തിരിച്ചുകൊണ്ടുവന്നത് സംസ്ഥാനതലത്തിൽ തന്നെ മികച്ച അംഗീകാരങ്ങൾ ലഭിക്കാനിടയായി.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കൃഷി, വ്യവസായം, ജലസേചനം, മണ്ണ് സംരക്ഷണം തുടങ്ങി വിവിധ വകുപ്പുകളെയും സന്നദ്ധ സംഘടനകളെയും ഏകോപിപ്പിച്ചുകൊണ്ടുള്ള ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങൾ ഇടുക്കിയുടെ പരിസ്ഥിതിക്ക് പുതിയ ജീവൻ നൽകിയിരിക്കുന്നു. കാലാവസ്ഥാ വ്യതിയാനത്തിന്റെ വെല്ലുവിളികൾക്കിടയിലും, മണ്ണറിഞ്ഞു കൃഷി ചെയ്യാനും പ്രകൃതിയെ കരുതി ജീവിക്കാനും ഇടുക്കിയിലെ ജനത പഠിച്ചു കഴിഞ്ഞു. തരിശുഭൂമികളിൽ പച്ചപ്പും, കാർബൺ കുറഞ്ഞ ജീവിതശൈലിയും ഇടുക്കിയെ നാളെയുടെ ഹരിത മാതൃകയാക്കി മാറ്റുന്നു.

## നെറ്റ് സീറോ കാർബൺ കേരളം: ഭാവിയിലേക്കുള്ള ചുവടുവെപ്പ്

ആഗോളതലത്തിൽ കാലാവസ്ഥാ വ്യതിയാനത്തിനെതിരെ നടക്കുന്ന പോരാട്ടങ്ങളിൽ പങ്കാളികളാകാൻ ഹരിതകേരളം മിഷന്റെ 'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' എന്ന ക്യാമ്പയിനിലൂടെ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിച്ചു. അന്തരീക്ഷത്തിലെ കാർബണിന്റെ അളവ് കുറച്ച് പാരിസ്ഥിതിക സന്തുലനം ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾക്ക് ഇന്ന് ജില്ലയിലെ വിവിധ തദ്ദേശ സ്ഥാപനങ്ങൾ നേതൃത്വം നൽകുന്നു. ഈ ലക്ഷ്യം മുൻനിർത്തി ജില്ലയിലെ അഞ്ച് ഗ്രാമപഞ്ചായത്തുകളെ തിരഞ്ഞെടുത്ത് മാതൃകാപരമായ പ്രവർത്തനങ്ങളാണ് തദ്ദേശ തലത്തിൽ ആസൂത്രണം ചെയ്തിരിക്കുന്നത്. ഊർജ്ജക്ഷമതയ്ക്ക് മുൻഗണന നൽകുന്ന വികസന സമീപനം



സ്വീകരിക്കാനും, കാർബൺ ബഹിർഗമനം കുറയ്ക്കുന്ന ജീവിതശൈലിയെക്കുറിച്ച് ജനങ്ങളിലും പൊതുസ്ഥാപനങ്ങളിലും കലാലയങ്ങളിലും അവബോധം സൃഷ്ടിക്കാനും ഈ പഞ്ചായത്തുകൾ ശ്രമം ആരംഭിച്ചു കഴിഞ്ഞു.

മാലിന്യ സംസ്കരണത്തെ കാർബൺ ലഘൂകരണവുമായി ബന്ധിപ്പിക്കുന്നതിലും തദ്ദേശ സ്ഥാപനങ്ങൾ ശ്രദ്ധ ചെലുത്തുന്നു. സാനിറ്ററി പാഡുകൾ അശാസ്ത്രീയമായി കത്തിക്കുമ്പോൾ ഉണ്ടാകുന്ന ഡയോക്സിൻ പോലുള്ള വിഷവാതകങ്ങൾ തടയാൻ സ്കൂളുകളിൽ ഇൻസിനറേറ്ററുകൾ സ്ഥാപിക്കുന്നതിനും, മെൻസ്ട്രുവൽ കപ്പുകൾ പ്രചരിപ്പിക്കുന്നതിനും പഞ്ചായത്തുകൾ മുൻകൈയെടുക്കുന്നു. പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിനൊപ്പം അന്തരീക്ഷ മലിനീകരണം കുറയ്ക്കാനും ഈ ഇടപെടലിലൂടെ തദ്ദേശ സ്ഥാപനങ്ങൾ ലക്ഷ്യമിടുന്നു.

## അന്താരാഷ്ട്ര സഹകരണവും സുസ്ഥിര വികസനവും

ഇടുക്കിയുടെ ഹൈറേഞ്ച് മേഖലയുടെ പാരിസ്ഥിതിക സന്തുലനം നിലനിർത്തുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അന്താരാഷ്ട്ര തലത്തിലുള്ള പിന്തുണ ലഭ്യമാക്കാൻ ഹരിതകേരളം മിഷൻ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നടപ്പിലാക്കിയ 'ഇന്ത്യ ഹൈറേഞ്ച് മൗണ്ടൻ ലാൻഡ്സ്കേപ്പ് പ്രൊജക്റ്റ്' (2018-2022) വഴി സാധിച്ചു. യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം (UNDP),

ഗ്ലോബൽ എൻവയോൺമെന്റ് ഫെസിലിറ്റി (GEF) എന്നിവയുമായി സഹകരിച്ച് നടപ്പിലാക്കിയ ഈ പദ്ധതിയിലൂടെ തദ്ദേശ സ്ഥാപനങ്ങൾക്ക് വികസനത്തിന് പുതിയ ദിശാബോധം ലഭിച്ചു.

പരമ്പരാഗത കൃഷിരീതികളുടെ വീണ്ടെടുപ്പ്, ശാസ്ത്രീയ മാലിന്യ സംസ്കരണം, ജലസംരക്ഷണം, ഉത്തരവാദിത്ത ടൂറിസം, പരിസ്ഥിതി പുനസ്ഥാപനം എന്നീ മേഖലകളിൽ തദ്ദേശ സ്ഥാപനങ്ങളെ ശാക്തീകരിക്കാനാണ് ഈ പദ്ധതി ലക്ഷ്യമിട്ടത്. പശ്ചിമഘട്ട മേഖലയ്ക്ക് ആകമാനം മാതൃകയാക്കാവുന്ന ഒട്ടേറെ സുസ്ഥിര വികസന മാതൃകകൾ സൃഷ്ടിക്കാൻ ഇതിലൂടെ കഴിഞ്ഞു.

2022-ൽ പദ്ധതി കാലയളവ് അവസാനിച്ചെങ്കിലും, തദ്ദേശ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ സുസ്ഥിരമായ തുടർച്ച ഉറപ്പാക്കാൻ ഹരിതകേരളം മിഷന്റെ കീഴിൽ പ്രത്യേക പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (PMU) രൂപീകരിച്ചു. ഇതുവഴി ഹൈറേഞ്ച് മേഖലയിലെ പഞ്ചായത്തുകളിൽ ഈ സുസ്ഥിര വികസന പ്രവർത്തനങ്ങളുടെ തുടർച്ച തടസ്സമില്ലാതെ മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുന്നു. മൂന്നാർ മേഖലയിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ, കട്ടമുടി നെൽവയൽ പുനരുജ്ജീവനം, സുസ്ഥിര കരിമ്പ് കൃഷി, നീലക്കുറിഞ്ഞി ജൈവവൈവിധ്യ കേന്ദ്രം, വനമേഖലയിലെ പുൽമേടുകളുടെയും സ്വാഭാവിക വനങ്ങളുടെയും പുനഃസ്ഥാപനം, തുടങ്ങിയവ പദ്ധതി വഴി നടപ്പിലാക്കിയ മാതൃകാ പ്രവർത്തനങ്ങളാണ്.

## മാറ്റത്തിന്റെ ചാലകശക്തി: ഹരിതകേരളം മിഷന്റെ പ്രവർത്തന ഏകോപനം

മാലിന്യ സംസ്കരണം, ജലസംരക്ഷണം, പരിസ്ഥിതി പുനസ്ഥാപനം, 'നെറ്റ് സീറോ കാർബൺ' തുടങ്ങിയ മേഖലകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വഴികാട്ടിയാകാൻ ഹരിതകേരളം മിഷന്റെ ചിട്ടയായ പ്രവർത്തനങ്ങൾക്ക് സാധിച്ചു. പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് ജില്ലാ-ബ്ലോക്ക് കോർഡിനേറ്റർമാരുടെ ഇടപെടൽ പഞ്ചായത്തുകൾക്ക് വലിയ പിന്തുണയാണ് നൽകിയത്. തദ്ദേശ സ്ഥാപനങ്ങൾക്ക് ആവശ്യമായ സാങ്കേതിക ഉപദേശങ്ങൾ നൽകുന്നതിലും, വിവിധ സർക്കാർ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിലും മിഷൻ നിർണ്ണായക പങ്കുവഹിച്ചു.

പദ്ധതി നിർവ്വഹണ ഘട്ടത്തിൽ, പ്രത്യേകിച്ച് പച്ചത്തുരുത്തുകൾ സ്ഥാപിക്കുന്നത് പോലുള്ള പ്രവർത്തനങ്ങളിൽ പ്രാദേശികമായി ഉയർന്നുവന്ന തടസ്സങ്ങൾ പരിഹരിക്കാൻ ജനപ്രതിനിധികളെയും ജനങ്ങളെയും കൂട്ടിയിണക്കാൻ കോർഡിനേറ്റർമാർക്ക് കഴിഞ്ഞു. 'നെറ്റ് സീറോ കാർബൺ' പദ്ധതിയുടെ ഭാഗമായി പച്ചത്തുരുത്തുകളിലെ കാർബൺ ആഗിരണ ശേഷി കണക്കാക്കുന്നതിലും സർവ്വേകൾ നടത്തുന്നതിലും തദ്ദേശ സ്ഥാപനങ്ങൾക്ക് ആവശ്യമായ സാങ്കേതിക സഹായം ബ്ലോക്ക് കോർഡിനേറ്റർമാർ ഉറപ്പാക്കി.

സർക്കാർ വകുപ്പുകൾക്കൊപ്പം സന്നദ്ധ പ്രവർത്തകരെയും പൊതുജനങ്ങളെയും ഒരേ വേദിയിൽ കൊണ്ടുവന്ന് ക്യാമ്പയിനുകൾ വിജയിപ്പിക്കാൻ തദ്ദേശ സ്വയംഭരണം സ്ഥാപനങ്ങളെ മിഷൻ സഹായിച്ചു. ഈ കൂട്ടായ പരിശ്രമത്തിലൂടെ 'വൃത്തി, വെള്ളം, വിളവ്' എന്ന ലക്ഷ്യത്തിലേക്ക് ജില്ലയെ നയിക്കുന്നതിൽ തദ്ദേശ ഭരണകൂടങ്ങൾക്ക് കരുത്തുറ്റ പിന്തുണ നൽകാൻ ഹരിതകേരളം മിഷന്റെ ഏകോപന സംവിധാനത്തിന് സാധിക്കുന്നു.

# സുസ്ഥിര പരിസ്ഥിതിക്കായുള്ള ഭാവി പ്രവർത്തനങ്ങൾ

ഇടുക്കി ജില്ലയുടെ പാരിസ്ഥിതിക മേഖലയിലെ പ്രതിസന്ധികളിൽ ഫലപ്രദമായി ഇടപെടാനും ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാനും കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ ഹരിതകേരളം മിഷന് സാധിച്ചു എന്നത് മുൻ അധ്യായങ്ങളിൽനിന്ന് വ്യക്തമാണല്ലോ. എന്നിരുന്നാലും, ചില പ്രതിസന്ധികൾ ഇപ്പോഴും പൂർണ്ണമായി പരിഹരിക്കാൻ സാധിച്ചിട്ടില്ല. കഴിഞ്ഞ പത്ത് വർഷത്തെ പ്രവർത്തനാനുഭവങ്ങളുടെ വെളിച്ചത്തിൽ, ഇത്തരം വെല്ലുവിളികളെ എങ്ങനെ അതിജീവിക്കാം എന്നതിനെക്കുറിച്ചുള്ള നിർദ്ദേശങ്ങളാണ് ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നത്.

## മാലിന്യ സംസ്കരണം: വെല്ലുവിളികളും ഭാവി പ്രവർത്തനങ്ങളും

ശാസ്ത്രീയമായ ഉറവിട മാലിന്യ പരിപാലന സംസ്കാരം പൊതുജനങ്ങളിൽ പൂർണ്ണതോതിൽ എത്തിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ഗൗരവമായി കാണേണ്ടതുണ്ട്. ഇടുക്കി ജില്ലയുടെ സവിശേഷമായ ഭൂപ്രകൃതിയും കാലാവസ്ഥയും പലപ്പോഴും പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് തടസ്സമാകുന്നുണ്ട്.

അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്, നൂതന ആശയങ്ങളുടെ സ്വീകാര്യതയുടെ അഭാവം, പുനരുപയോഗിക്കാവുന്ന വസ്തുക്കളുടെ പ്രചാരണമില്ലായ്മ എന്നിവ മാലിന്യങ്ങൾ വലിച്ചെറിയുന്നതിനും കത്തിക്കുന്നതിനും കാരണമാകുന്നു. ഡിസ്പോസിബിൾ ഉൽപ്പന്നങ്ങളുടെ ഉപയോഗം ഇപ്പോഴും തുടരുന്നു. സർക്കാർ പുറപ്പെടുവിക്കുന്ന വിവിധ ഉത്തരവുകൾ പൂർണ്ണമായി നടപ്പിലാക്കാൻ കഴിയാത്തതും നിയമലംഘകർക്കെതിരെ കർശനമായ നടപടികൾ ഉണ്ടാകാത്തതും പരിസ്ഥിതി പുനഃസ്ഥാപനത്തിന് തിരിച്ചടിയാവുന്നുണ്ട്. ഹരിത നിയമങ്ങൾ ലംഘിക്കുന്നവർക്കെതിരെ പിഴയീടാക്കൽ പോലുള്ള നടപടികൾ നടക്കുന്നുണ്ടെങ്കിലും അതിൽ സുസ്ഥിരതയും കാര്യക്ഷമതയും ഉറപ്പാക്കേണ്ടത് അനിവാര്യമാണ്.

അപകടകരമായ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും ദ്രവമാലിന്യ സംസ്കരണത്തിനുമായി ഏകീകൃത സംവിധാനമില്ലാത്തത് ജില്ലയിലെ ജലസ്രോതസ്സുകളെ മലിനമാക്കുന്നു. കൂടാതെ വട്ടവട കാന്തലൂർ മൂന്നാർ തുടങ്ങിയ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ നിലനിൽക്കുന്ന

ദ്രവമാലിന്യ പ്രശ്നങ്ങൾ എസ് ടി പി കളുടെ അഭാവം എന്നിവയും പരിഹരിക്കപ്പെടേണ്ടതായിട്ടുണ്ട്. ചിക്കൻ റെൻഡറിംഗ് പ്ലാന്റുകൾ, മൂന്നാർ, ചിന്നക്കനാൽ, തേക്കടി തുടങ്ങിയ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ ശാസ്ത്രീയമായ ഏകീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ സ്ഥാപിക്കേണ്ടതുണ്ട്.

ജില്ലയിലെ നഗരപ്രദേശങ്ങളിൽ ദ്രവമാലിന്യം നേരിട്ട് നീർച്ചാലുകളിലേക്കും ജലാശയങ്ങളിലേക്കും ഒഴുക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നു. ഹൈവേകളിലെയും പൊതുമരാമത്ത് റോഡുകളിലെയും ഓടകൾ കോൺക്രീറ്റ് സ്ലാബുകൾ ഉപയോഗിച്ച് മൂടിയിരിക്കുന്നതിനാൽ, മാലിന്യം തള്ളുന്ന ഉറവിടം കണ്ടെത്താൻ ആരോഗ്യവിഭാഗം ഉദ്യോഗസ്ഥർക്ക് ബുദ്ധിമുട്ട് നേരിടുന്നു. വിവിധ സർക്കാർ വകുപ്പുകളുടെ കൃത്യമായ ഏകോപനത്തിലൂടെ മാത്രമേ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ സാധിക്കൂ.

പരുന്തുംപാറയിലെ 'ഹരിത ചെക്ക് പോസ്റ്റ്' ജില്ലയ്ക്ക് മുൻപിൽ വെക്കാവുന്ന മികച്ച മാതൃകയാണ്. സഞ്ചാരികൾ സൃഷ്ടിക്കുന്ന മാലിന്യമാണ് ജില്ല നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. ഈ ഹരിത ചെക്ക് പോസ്റ്റ് മാതൃക ഇടുക്കിയിലെ ചെറുതും വലുതുമായ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും നടപ്പിലാക്കുകയാണെങ്കിൽ ടൂറിസം മേഖലയിലെ മാലിന്യപ്രശ്നം വലിയൊരു പരിധി വരെ കുറയ്ക്കാൻ സാധിക്കും.

## ടൂറിസം: സുസ്ഥിര വികസനവും ഹരിത കാഴ്ചപ്പാടും

ഇടുക്കി ജില്ലയുടെ സാമ്പത്തിക അടിത്തറയിൽ വിനോദസഞ്ചാര മേഖലയ്ക്കുള്ള പങ്ക് വളരെ വലുതാണ്. ഈ സാധ്യതകൾ പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നതിനൊപ്പം ഹരിത ടൂറിസവും ശാസ്ത്രീയ മാലിന്യ പരിപാലനവും നിയമപരമായ ഉത്തരവാദിത്തമായി നടപ്പിലാക്കേണ്ടതുണ്ട്. സഞ്ചാരികളിൽ ശരിയായ മാലിന്യ സംസ്കരണ സംസ്കാരം വളർത്തിയെടുക്കുന്നതിനുള്ള ബോധവൽക്കരണ പരിപാടികളും 'ഉത്തരവാദിത്ത ടൂറിസവും' ഉറപ്പാക്കണം.

പരിസ്ഥിതിക്ക് ദോഷകരമായ വൻകിട നിർമ്മാണങ്ങളുമായി വരുന്ന കോർപ്പറേറ്റുകളുടെ കടന്നുകയറ്റം നിയന്ത്രിക്കണം. പകരം, പ്രകൃതിയോട് ഇണങ്ങിനിൽക്കുന്ന തദ്ദേശീയരുടെ ചെറുകിട സംരംഭങ്ങൾക്ക് ഊന്നൽ നൽകണം. പരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിൽ ഫാം ടൂറിസം പ്രോത്സാഹിപ്പിക്കുന്നത് കർഷകർക്ക് അധിക വരുമാനം നൽകുന്നതിനൊപ്പം കാർഷിക ഉൽപ്പന്നങ്ങൾക്ക് മികച്ച വിപണി കണ്ടെത്താനും സഹായിക്കും. ഇത് മലയോര ജനതയുടെ സുസ്ഥിര വികസനത്തിന് വഴിയൊരുക്കും. ഒറ്റപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളെ സർക്കാരിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരികയും അവിടെ യാത്രാസൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും വേണം. ഇത്തരം ഇടങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ കർശനമാക്കുകയും ശാസ്ത്രീയമായ പ്രകൃതി സൗഹൃദ നിർമ്മാണങ്ങൾ മാത്രം അനുവദിക്കുകയും ചെയ്താൽ ഇടുക്കി ലോക ടൂറിസം ഭൂപടത്തിൽ മുൻനിരയിലെത്തും.

ജില്ലയുടെ പ്രത്യേക സാഹചര്യത്തിൽ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ പാരമ്യത്തിൽ എത്തിക്കേണ്ടതിന്റെ ആവശ്യകത മനസിലാക്കണം. ജില്ലയിലെ ടൂറിസം കേന്ദ്രങ്ങളിൽ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ അനിവാര്യത നിയമം മൂലം നടപ്പിലാക്കുകയും, പരിപാലനം ഉറപ്പാക്കുന്നതിന് ജില്ലാതലത്തിൽ സമിതികൾ രൂപീകരിച്ച് മോണിറ്ററിങ് സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും വേണം.

പ്രകൃതി ഒരുക്കിയ മഞ്ഞും തണുപ്പും സുസ്ഥിരമായി നിലനിർത്തി വരുംതലമുറയ്ക്കായി കൈമാറാൻ ഇത്തരം മാറ്റങ്ങൾ അനിവാര്യമാണ്. ഈ ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കിയാൽ ലോക ടൂറിസം ഭൂപടത്തിന്റെ നിറുകയിൽ ഇടുക്കിയുടെ സ്ഥാനം സുരക്ഷിതമാക്കുവാനും, പരിസ്ഥിതിയോടിണങ്ങിയുള്ള ജീവിത സംസ്കാരം ലോകത്തിനുമുന്നിൽ സമർപ്പിക്കുവാനും സാധിക്കും.

## ജലസംരക്ഷണം: സമഗ്രമായ ഏകോപനവും വിനിയോഗവും

ജലസേചന ആവശ്യകത കൂടുതലുള്ള ജില്ലയിലെ ഉയർന്ന പ്രദേശങ്ങളിൽ തോട്ടവിളകൾക്കും,നാണ്യവിളകൾക്കും ഉതകുന്ന രീതിയിൽ ജല സംരക്ഷണ പദ്ധതികൾ ആവിഷ്കരിക്കണം. ഇതിനായി വിവിധ

സർക്കാർവകുപ്പുകളുടെ ഏകോപനത്തിൽ സാഹചര്യങ്ങൾക്കനുസൃതമായി പദ്ധതികൾ നടപ്പിലാക്കണം. കൃഷിവകുപ്പ്, ജലവിഭവ വകുപ്പ്, സ്പൈസസ് ബോർഡ് എന്നിവരെ ഉൾപ്പെടുത്തി സമിതികൾ രൂപീകരിക്കണം. ഇത്തരത്തിൽ പദ്ധതികൾ ആവിഷ്കരിച്ചാൽ കാർഷിക വൃത്തിയിൽ കർഷകർക്ക് താല്പര്യവും, വരൾച്ച മൂലം കൃഷി ഉപേക്ഷിക്കുന്ന സാഹചര്യം ഒഴിവാക്കാം

വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കിയാൽ മാത്രമേ പ്രകൃതിദുരന്തങ്ങളെ പ്രതിരോധിക്കാനും ജലവിഭവങ്ങൾ സുസ്ഥിരമായി നിലനിർത്താനും സാധിക്കുകയുള്ളൂ.

### പരിസ്ഥിതി പുനഃസ്ഥാപനവും കൃഷിയും

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ സാങ്കേതിക സമിതികളുടെ (Technical Committees) നിർദ്ദേശങ്ങൾ കൂടി പരിഗണിക്കേണ്ടതുണ്ട്. ഇത് തൊഴിൽദിനങ്ങൾ വര്ദ്ധിപ്പിക്കുന്നതിനോടൊപ്പം നാടിന് ഗുണകരമാകുന്ന രീതിയിൽ പരിസ്ഥിതി പുനസ്ഥാപന പദ്ധതികള് ശാസ്ത്രീയമായി നടപ്പിലാക്കാൻ സഹായിക്കും.

അമിതമായ വളപ്രയോഗവും കീടനാശിനികളുടെ ഉപയോഗവും ജില്ലയിലെ അരുവികളെയും ജലാശയങ്ങളെയും വിഷമയമാക്കുന്നു. സുഗന്ധവ്യഞ്ജനങ്ങളുടെ നാടായ ഇടുക്കിയിൽ ശാസ്ത്രീയ കൃഷിരീതികളും ജൈവകൃഷി രീതികളും പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ഇതിനായി കൃഷി വകുപ്പ്, മണ്ണ് സംരക്ഷണ വിഭാഗം, ജലവിഭവ വകുപ്പ് എന്നിവർ ചേർന്ന് ഊർജ്ജിതമായ പ്രവർത്തനങ്ങൾ ആവിഷ്കരിക്കേണ്ടത് അനിവാര്യമാണ്.